# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പാലക്കാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: **mlpkd.ksad@kerala.gov.in**
ഫോൺ : **0491-2534024**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ് .എ .പി .കെ .എം.എ3-530/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 27/03/2026
ഇ-മെയിൽ: mlpkd.ksad@kerala.gov.in
ഫോൺ: 0491-2534024

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പാലക്കാട് മുനിസിപ്പാലിറ്റി

സർ,

വിഷയം : പാലക്കാട് മുൻസിപ്പാലിറ്റിയുടെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)
3) ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്(ഇ-മെയിൽ മുഖേന)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ് .എ .പി .കെ .എം.എ3-530/2025 തീയ്യതി: 27/03/2026

## പാലക്കാട് ജില്ലയിലെ പാലക്കാട് മുൻസിപ്പാലിറ്റിയുടെ **2024-2025** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പാലക്കാട് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2025 മുതൽ 31-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 93 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 93 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-03-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഡേവിഡ് കെ ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2025 | 31-07-2025 |
| ശ്രീ. അഗസ്റ്റിൻ. എം.എൽ | ഡെപ്യൂട്ടി ഡയറക്ടർ | 01-08-2025 | 28-02-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-04-2025 | 28-02-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമാദേവി.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.താരിഖ്.എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പ്രദീഷ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
(04.11.2025 മുതൽ 22.02.2026 വരെയുള്ള കാലയളവ് ഒഴികെ)
ശ്രീമതി.ഫസീല.കെ.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സുനിത.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രമീള ശശിധരൻ | ചെയർപേഴ്സൺ | 01-04-2024 | 31-03-2025 |
| ശ്രീ അൻസൽ ഐസക് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അരുൺ ജെ രഞ്ച് | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി സ്മിത കെ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 01-04-2024 | 23-09-2024 |
| ശ്രീ.ജ്യോതിസ്.വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(ഇൻചാർജ്) | 24-09-2024 | 31-03-2025 |
| ഡോ രോഹിണി | മെഡിക്കൽ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ലത യു കെ | പ്രിൻസിപ്പൽ | 01-04-2024 | 31-03-2025 |
| ശ്രീ കൃഷ്ണൻ പി | കൃഷി ഫീൽഡ് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സ്വാതി സി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി വനജ ടി കെ | വ്യവസായ വികസന ഓഫീസർ | 01-04-2024 | 05-09-2024 |
| ശ്രീമതി സബാന | വ്യവസായ വികസന ഓഫീസർ | 06-09-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ കതിരേശൻ | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2024 | 02-11-2024 |
| ഡോ രഞ്ജിത് മോഹൻ | സീനിയർ വെറ്ററിനറി സർജ്ജൻ | 02-11-2024 | 31-03-2025 |
| ശ്രീമതി ദിവ്യ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 12-08-2024 |
| ശ്രീമതി ശ്യാമിലി എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13-08-2024 | 31-03-2025 |
| ശ്രീ വിസ്മൽ ഇ പി | ക്ലീൻ സിറ്റി മാനേജർ | 01-04-2024 | 05-09-2024 |
| ശ്രീ റിയാസുൽ റഹ്മാൻ ഐ | ക്ലീൻ സിറ്റി മാനേജർ (ഇൻ ചാർജ്ജ്)) | 06-09-2024 | 09-02-2025 |
| ശ്രീ മണിപ്രസാദ് | ക്ലീൻ സിറ്റി മാനേജർ | 10-02-2025 | 31-03-2025 |
| ശ്രീമതി പ്രമീള എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.സിന്ധു | പ്രൊജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2024 | 06-11-2024 |
| ശ്രീമതി ലക്ഷ്മിക്കുട്ടി | പ്രൊജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 07-11-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | റീകൺസിലിയേഷൻ കൃത്യമല്ല | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ജീവനക്കാരുടെ തൊഴിൽ നികുതി - വാർഷിക ധനകാര്യ പത്രികയിലെ I-1, R-1 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | Tax Remission And Refund തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | അഡ്വാൻസ് ഇനത്തിലെ തുകകൾ വ്യക്തതയില്ല | 1-1-6 |
| 8 | Prior Period Items-വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-7 |
| 9 | സുഗമ പോർട്ടലിൽ ഓഡിറ്റിന് ലോഗിൻ ലഭ്യമല്ല | 1-1-8 |
| 10 | B-4 പ്രകാരമുള്ള ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | വാടക -ഡി സി ബി സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | കുടിശിക തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല | 1-1-11 |
| 13 | കാലഹരണപ്പെട്ട ചെക്കുകൾ (Stale Cheque)- അക്കൗണ്ടിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-12 |
| 14 | ദുരിതാശ്വാസ നിധി -വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ഇൻവെസ്റ്റ്മെന്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-14 |
| 16 | സ്ഥിരനിക്ഷേപരേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-15 |
| 17 | ജേണൽ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനക്കായി ലഭ്യമാക്കിയില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഫണ്ട് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പെൻഷനുകൾ | 1-7 |

| | | |
|---|---|---|
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 27 | കെ-സ്മാർട്ട് - അപാകങ്ങൾ/ ഓഡിറ്റിൽ നേരിടുന്ന പരിമിതികൾ | 1-11 |
| 28 | ക്യാഷ് ബുക്കിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകയിൽ 204654രൂപയുടെ വ്യത്യാസം | 1-12 |
| 29 | ഇ-പേയ്മെന്റ് മുഖേനയുള്ള വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല | 1-13 |
| 30 | ബാങ്കിൽ പണമാക്കാൻ നിക്ഷേപിക്കുന്ന ചെക്കുകളുടെ സ്റ്റാറ്റസ് പരിശോധിക്കുന്നില്ല | 1-14 |
| 31 | മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടിനായി സേവിംഗ്സ് അക്കൌണ്ട് തുടങ്ങുന്നതിനു പകരം പ്രൈവറ്റ് സെക്ടർ ബാങ്കിൽ കറന്റ് അക്കൌണ്ട് ആരംഭിച്ചു | 1-15 |
| 32 | തനത് വരവുകളുടെ പിരിവ് കാര്യക്ഷമമല്ലാത്തതിനാൽ വികസനഫണ്ട് കുറവ് ചെയ്തു | 1-16 |
| 33 | വസ്തുനികുതി ഡിമാന്റ് കൃത്യമല്ല | 1-17-1 |
| 34 | വേക്കൻസി റെമിഷൻ - വർഷങ്ങൾ കഴിഞ്ഞ് അനുവദിച്ചിരിക്കുന്നു | 1-17-2 |
| 35 | വസ്തുനികുതി - പൊതു അപാകങ്ങൾ | 1-17 |
| 36 | ഓഡിറ്റ് ഇംപാക്ട് - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് പരിഹരിച്ചു | 1-18 |
| 37 | കോസ്മോപോളിറ്റൻ ക്ലബിലെ കെട്ടിടങ്ങളുടെ വസ്തുനികുതി കൃത്യമായി നിർണ്ണയിച്ചിട്ടില്ല | 1-19 |
| 38 | വസ്തുനികുതി നിർണ്ണയം- സെൻട്രലൈസ്ഡ് എയർ കണ്ടീഷണിംഗിന്റെ അടിസ്ഥാനത്തിലുള്ള - വർദ്ധനവ് വരുത്തിയിട്ടില്ല | 1-20 |
| 39 | അസംബ്ലി വിഭാഗത്തിലുള്ള കെട്ടിടത്തിൽ വാണിജ്യ സ്ഥാപനം പ്രവർത്തിക്കുന്നു | 1-21 |
| 40 | IFTE&OSലൈസൻസ് - ഫീസ് ഈടാക്കാതെ ലൈസൻസ് അനുവദിച്ചു | 1-22 |
| 41 | ക്രമവൽക്കരണം നടത്തിയതിൽ കോമ്പൗണ്ടിംഗ് ഫീസ് കുറവായി ഈടാക്കി - 30,087 രൂപയുടെ നഷ്ടം | 1-23 |
| 42 | പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നടത്തിയ നിർമ്മാണം ക്രമവൽക്കരിക്കാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു - 1,26,018 രൂപയുടെ വരവുനഷ്ടം | 1-24 |
| 43 | വാടക കുടിശ്ശിക -പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-25 |
| 44 | വാടക കുടിശ്ശിക നിലനിൽക്കെ തൻവർഷത്തെ വാടക മാത്രം ഡിമാന്റ് ചെയ്തു | 1-26 |

| | | |
|---|---|---|
| | അടവാക്കി | |
| 45 | ലേലം ഏറ്റെടുത്ത വ്യക്തികൾ ലേലത്തുക പൂർണമായി അടവാക്കിയിട്ടില്ല | 1-27-1 |
| 46 | സ്റ്റേഡിയം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ്- മുൻ ലൈസൻസിയിൽ നിന്നും കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-27-2 |
| 47 | ബസ് സ്റ്റാന്റ് ഫീസ് പിരിവ്(KSRTC ഒഴികെ) ഡെപ്പോസിറ്റ് തുക തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-27-3 |
| 48 | ലേലം ഫയലിലെ തുകയും ഡിസിബി സ്റ്റേറ്റ്മെന്റിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-27-4 |
| 49 | DCB Statement, AFS എന്നിവ പൊരുത്തപ്പെടുന്നില്ല | 1-27-5 |
| 50 | കുത്തക ലേലം-പിരിവ് അപാകതകൾ | 1-27 |
| 51 | ചിൽഡ്രൻസ് പാർക്ക് നടത്തിപ്പ് കരാർ OISCA പാലക്കാട് ചാപ്റ്ററിൽ നിന്നും പ്രതിമാസം ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ് | 1-28 |
| 52 | തൊഴിൽ നികുതി | 1-29 |
| 53 | ജീവനക്കാർക്ക് താൽക്കാലിക അഡ്വാൻസ് നൽകുന്നത് യഥാസമയം ക്രമീകരിക്കുന്നില്ല | 1-30 |
| 54 | ഇൻക്രിമെന്റ് അരിയർ- അനുവദനീയമായതിൽ കൂടുതലായി (8%നു പകരം 9% നിരക്കിൽ) വീട്ടുവാടക ബത്ത അനുവദിച്ചു | 1-31 |
| 55 | നഗരസഭയിൽ നിന്നും വിരമിച്ച / സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാർക്ക്/ ആശ്രിതർക്ക് പെൻഷൻ അരിയർ അധികമായി അനുവദിച്ചു | 1-32 |
| 56 | നഗരസഭയിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത അനുവദിച്ചത്-കെ.എസ്.ആർ ഭാഗം 2 ,കേരള ട്രഷറി കോഡ് എന്നിവയിലെ ചട്ടങ്ങൾ പാലിച്ചില്ല | 1-33 |
| 57 | കണ്ടിജന്റ് ജീവനക്കാർക്ക് എസ്.എൽ.ഐ, ജി.ഐ.എസ് എന്നിവയിൽ അംഗത്വം ഇല്ലാതെ ഇൻക്രിമെന്റ് അനുവദിച്ചു | 1-34 |
| 58 | സസ്പെൻഷനിലുള്ള ജീവനക്കാരന് 6 മാസത്തിനു ശേഷമുള്ള ദീർഘിപ്പിച്ച കാലയളവിലും വീട്ടുവാടകബത്ത അനുവദിച്ചു | 1-35 |
| 59 | കണ്ടിജന്റ് ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റ് സമയബന്ധിതമായി അനുവദിക്കുന്നില്ല | 1-36 |
| 60 | ഇൻക്രിമെന്റ് അരിയർ കണക്കാക്കിയതിൽ അധികം തുക അനുവദിച്ചു | 1-37 |
| 61 | കണ്ടിജന്റ് ജീവനക്കാരന് പ്രതിമാസ ശമ്പളം അനുവദിച്ചതിലെ അപാകതകൾ | 1-38 |
| 62 | ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയ ജീവനക്കാരൻ ലീവ് എടുത്തതായി കണക്കാക്കി പകരം ജീവനക്കാരെ നിയോഗിച്ച് വേതനം അനുവദിച്ചു | 1-39 |

| | | |
|---|---|---|
| 63 | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗത്വമില്ലാതെ ജീവനക്കാർ സേവനത്തിൽ തുടരുന്നു | 1-40 |
| 64 | കണ്ടിജന്റ് ഫാമിലി പെൻഷൻ ഗുണഭോക്താക്കൾ അധികം തുക കൈപ്പറ്റുന്നു- വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-41 |
| 65 | മുനിസിപ്പൽ പെൻഷൻകാരുടെ മെഡിസെപ്പ് പദ്ധതി- പെൻഷൻകാരുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം അടവാക്കേണ്ടതാണ് | 1-42 |
| 66 | തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ- സർക്കാർ അക്രഡിറ്റേഷൻ ഇല്ലാത്ത ഏജൻസിക്ക് സിവിൽ വർക്ക് ചെയ്യാൻ അനുമതി നൽകി | 1-43 |
| 67 | മാലിന്യങ്ങൾ നിരത്തിൽ വലിച്ചെറിയുന്നത് തടയുന്നതിന് സിസിടിവി ക്യാമറകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ-നിർവഹണത്തിലെ അപാകതകൾ | 1-44 |
| 68 | സമഗ്ര അഴുക്കുചാൽ ശുചീകരണം- യന്ത്ര സാമഗ്രികൾ ഉപയോഗിച്ചതിൽ ക്വാട്ട് ചെയ്തതിനേക്കാൾ കൂടുതൽ തുക അനുവദിച്ചു | 1-45 |
| 69 | പ്രോജക്ടിനു വേണ്ടി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്തിട്ടില്ല | 1-46 |
| 70 | ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കൽ- ഓർഗാനിക് കമ്പോസ്റ്റർ ബിൻ വിതരണം ചെയ്തിട്ടില്ല | 1-47 |
| 71 | DLRവർക്കേഴ്സിനെ ഒരേ ദിവസം രണ്ടു പ്രവൃത്തികൾക്ക് നിയോഗിച്ച് ഇരട്ട വേതനം നൽകി-9450 രൂപ നിരാകരിക്കുന്നു | 1-48 |
| 72 | പാലിയേറ്റിവ് കെയർ - ഹോം കെയറിനായി വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ - രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-49 |
| 73 | മെഡിക്കൽ ഓഫീസർ ട്രഷറി ബില്ലുകൾ പണമാക്കിയത് കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | 1-50-1 |
| 74 | പാലിയേറ്റിവ് നഴ്സുമാർക്ക് ഹോണറേറിയം മുൻകൂറായി അനുവദിച്ചു | 1-50 |
| 75 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - യാത്രാ ബത്ത അധികം അനുവദിച്ചു | 1-51 |
| 76 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-52 |
| 77 | പി.എം.എ.വൈ ഭവനപദ്ധതി - സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-53-1 |
| 78 | DPR 2016-17 മുതൽ ഓഡിറ്റ് വർഷം വരെയുള്ള പി.എം.എ.വൈ. ലൈഫ് ഭവനപദ്ധതി-സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. | 1-53-2 |
| 79 | പി.എം.എ.വൈ ഭവനപദ്ധതി - ആദ്യ ഗഡു കൈപ്പറ്റി ഗുണഭോക്താക്കൾ | 1-53-3 |

| | | |
|---|---|---|
| | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | |
| 80 | പി എം എ വൈ ഭവന പദ്ധതി - അപാകതകൾ | 1-53 |
| 81 | കാലിത്തീറ്റ വാങ്ങൽ - അധിക ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ് | 1-54 |
| 82 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-55 |
| 83 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-56 |
| 84 | കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വാട്ടർ ബിൽ - പിഴ അടവാക്കിയത് അംഗീകരിക്കുന്നില്ല | 1-57 |
| 85 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് -Unmetered സ്ട്രീറ്റ് ലൈറ്റുകൾക്ക് ഉയർന്ന വൈദ്യുത ചാർജ് അടവാക്കിവരുന്നു | 1-58 |
| 86 | പൊതുടാപ്പുകളുടെ വെള്ളക്കരം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-59 |
| 87 | വാർ മെമ്മോറിയൽ നിർമാണം-നടപടിക്രമത്തിലെ അപാകതകൾ | 1-60 |
| 88 | ഫ്രണ്ട് ഓഫീസ് ടോക്കൺ സിസ്റ്റം കരാർ ചമച്ചതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല | 1-61 |
| 89 | വാർഷിക അറ്റകുറ്റപണി: പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-62 |
| 90 | ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-63 |
| 91 | വാർഡ് 19 ലെ എസ്.സി.കോളനി റോഡ്,ഡ്രൈനേജ്-പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി | 1-64-1 |
| 92 | കാടാംക്കോട് -പണ്ടാരക്കാവ് റോഡ് ഡ്രൈനേജ് -പിഴ ഇല്ലാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി | 1-64-2 |
| 93 | ശേഖരീപുരം കുളം അരികുഭിത്തി നിർമ്മാണം - പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി 9 മാസം നീട്ടി നൽകി | 1-64-3 |
| 94 | നിബന്ധനകൾ പാലിക്കാതെ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി | 1-64 |
| 95 | മിനിമാസ്റ്റ് ഹൈമാസ്റ്റ് എ.എം.സി. (മെയിന്റനൻസ്)പദ്ധതി - അപാകതകൾ | 1-65 |
| 96 | എഗ്രിമെന്റ് വെയ്ക്കുന്നതിൽ കാലതാമസം പിഴ ഈടാക്കിയിട്ടില്ല. | 1-66 |
| 97 | ആസ്തി ഡിജിറ്റലൈസിംഗ് പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-67 |
| 98 | പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നിർവഹണം- ചെലവ് തുക 232000രൂപ നിരാകരിക്കുന്നു | 1-68 |
| 99 | മരാമത്തു പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-69 |
| 100 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-70 |
| 101 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-71 |

| | | |
|---|---|---|
| 102 | മരാമത്തു പ്രവൃത്തികൾ- പൊതു അവലോകനം | 1-72 |
| 103 | ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി- അവലോകനം | 1-73 |
| 104 | പെൻഷൻ ഫണ്ട് - അവലോകനം | 1-74 |
| 105 | അമൃത് ഒന്നും രണ്ടും ഘട്ടങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം | 1-75 |
| | **ഭാഗം 2** | |
| 1 | ക്രമവൽക്കരണം നടത്തിയതിൽ കോമ്പൗണ്ടിംഗ് ഫീസ് കുറവായി ഈടാക്കി - 30,087 രൂപയുടെ നഷ്ടം | 2-1 |
| 2 | പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നടത്തിയ നിർമ്മാണം ക്രമവൽക്കരിക്കാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു - 1,26,018 രൂപയുടെ വരവുനഷ്ടം | 2-2 |
| | **ഭാഗം 3** | |
| 1 | സമഗ്ര അഴുക്കുചാൽ ശുചീകരണം- യന്ത്ര സാമഗ്രികൾ ഉപയോഗിച്ചതിൽ ക്വാട്ട് ചെയ്തതിനേക്കാൾ കൂടുതൽ തുക അനുവദിച്ചു 34071.30രൂപയുടെ നഷ്ടം | 3-1 |
| 2 | വാർ മെമ്മോറിയൽ നിർമാണം-നടപടിക്രമത്തിലെ അപാകതകൾ | 3-2 |
| 3 | DLRവർക്കേഴ്സിനെ ഒരേ ദിവസം രണ്ടു പ്രവൃത്തികൾക്ക് നിയോഗിച്ച് ഇരട്ട വേതനം നൽകി-9450 രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-3 |
| 4 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - യാത്രാ ബത്ത അധികം അനുവദിച്ചു | 3-4 |
| 5 | പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നിർവഹണം- ചെലവ് തുക 232000രൂപ നിരാകരിക്കുന്നു | 3-5 |
| 6 | കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വാട്ടർ ബിൽ - പിഴ അടവാക്കിയത് അംഗീകരിക്കുന്നില്ല | 3-6 |
| 7 | ഇൻക്രിമെന്റ് അരിയർ -അനുവദനീയമായതിൽ കൂടുതലായി (8% നു പകരം 9% നിരക്കിൽ) വീട്ടുവാടക ബത്ത അനുവദിച്ചു | 3-7 |
| 8 | ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയ ജീവനക്കാരൻ ലീവ് എടുത്തതായി കണക്കാക്കി പകരം ജീവനക്കാരെ നിയോഗിച്ച് വേതനം അനുവദിച്ചു | 3-8 |
| | **ഭാഗം 4** | |
| 1 | ജീവനക്കാരുടെ മെഡിസെപ്പ് വിഹിതം സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളുടെ സ്ഥിതി വിവരം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാടക കുടിശ്ശികയുള്ളവരുടെ വിവരങ്ങൾ | |
| 4 | വാർഷികക്കണക്കുകൾ | |

## ഭാഗം -1

## പൊതു അവലോകനം

**1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.**

പാലക്കാട് മുനിസിപ്പാലിറ്റിയുടെ, 2025 മാർച്ച് 31 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തിയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07.11.2025 തിയതിയിലെ 40-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 01.12.2025 തിയതിയിൽ 'എയിംസി'ലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരഭരണസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി&എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ, നഗരപാലികാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികയിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ, നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും,

അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാലക്കാട് മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടേയും 31-03-2025 ലെ സാമ്പത്തിക നിലയുടേയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പാലക്കാട് നഗരസഭാ ഓഡിറ്റ് കാര്യാലയം
തീയതി : 27.03.2026

**1-1-1 വാർഷിക കണക്കുകളിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം-58 പ്രകാരമുള്ള ചുവടെ ചേർത്ത പത്രികകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

എ) അടിസ്ഥാന അനുപാതങ്ങൾ

ബി) അക്കൗണ്ടിങ്ങ് തലങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ.

**1-1-2 റീകൺസിലിയേഷൻ കൃത്യമല്ല**

I-കെ സ്മാർട്ടിൽ ലഭ്യമായ, നഗരസഭയിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

എ) 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും റീകൺസിലിയേഷൻ തൊട്ടടുത്ത മാസം 7-ാം തിയതിക്ക് മുമ്പായി തയ്യാറാക്കേണ്ടതാണ്. എന്നാൽ, 2024-25 ൽ പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

ബി) ബാങ്ക് ബുക്കുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും പൊരുത്തപ്പെടുത്തുന്നതിനായാണ് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടത്. ബാങ്ക് ബുക്കിലെ നീക്കിയിരുപ്പിൽ നിന്നും Cheque Issued But Not Presented, Directly Credited By Bank എന്നീ തുകകൾ കൂട്ടുകയും അതിൽനിന്ന് Cheques Deposited But Not Collected, Directly Debited By Bank എന്നീ തുകകൾ കുറയ്ക്കുകയും ചെയ്താൽ ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ് ബുക്കിലെ ബാലൻസിലേയ്ക്ക് എത്തേണ്ടതാണെങ്കിലും 22.12.2025 ന കെ സ്മാർട്ടിൽ ലഭ്യമായ റീ കൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ അപ്രകാരമല്ല.

| Bank Account | Closing Balance As Per Bank Book | Add (Cheque Issued But Not Presented/ Directly Credited By Bank) | Less (Cheques Deposited But Not Collected/ Directly Debited By Bank) | Amount Arrived At After Necessary Adjustments | Closing Balance As Per Bank Statement |
|---|---|---|---|---|---|
| | 1 | 2 | 3 | 4 (1+2-3) | 5 |
| CANARA BANK OWN FUND | 76291184 | 63673251 | 51760123 | 88178174 | 71393134.71 |
| SBI OWN FUND E-Payment | 61127225 | 42768447.84 | 117929209.84 | -14033537 | 39069578.47 |
| CANARA HEALTH GRANT | 32976142 | 32976142 | 971415 | 46101008 | 32976142 |
| INDIAN BANK208 AMRUT | 0 | 0 | 619243 | -619243 | 0 |
| INDIAN BANK9437 AMRUT | 0 | 200097861 | 216110499 | -16012638 | 0 |
| HDFC474 | 2638 | 0 | 1374 | 1264 | 2638 |
| INDIAN BANK3585 AMRUT | 0 | 0 | 462350 | -462350 | 0 |
| INDIAN BANK0169 AMRUT ROAD RESTORATION | 8548777 | 152786799 | 261832706 | -100497130 | 9176959 |
| TSB 4587 | 52390 | 9 | 8000000 | -7947601 | 52390 |
| TSB 7538 | 0 | 0 | 3856294 | -3856294 | 0 |
| TSB 0837 | -858278 | 858278 | 54185093 | -54185093 | 0 |
| SBI 5619 | 125130 | 0 | 2745 | 122385 | 125130 |
| SBI 9889 | 7670944 | 1747749 | 6698065 | 2720628 | 9418693 |
| ICICI 0739 | 0 | 0 | 152746 | -152746 | 0 |
| ICICI 0044 | 1038964 | 30000 | 2011499 | -942535 | 1068964 |

കോളം 2,3 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ രേഖകൾ സഹിതം (ചെക്ക് നം./ വൌച്ചർ സഹിതം) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എന്നാൽ മേൽ പരാമർശിച്ച ബാങ്ക് അക്കൌണ്ടുകളുടെ റീ കൺസിലിയേഷൻ പത്രികകൾ കെ സ്മാർട്ടിൽ ലഭ്യമായവ 20.01.2026 ന പരിശോധിച്ചപ്പോൾ വ്യത്യാസം വന്നതായി കാണുന്നു, റീകൺസിലിയേഷൻ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തി (Cheque Issued But Not Presented/ Directly Credited By Bank, Cheques Deposited But Not Collected/ Directly Debited By Bank എന്നീ ഇനങ്ങളിൽ തുകകൾ ചേർത്തിട്ടുള്ളതിനാൽ) രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

നിലവിൽ കെ സ്മാർട്ടിൽ ലഭ്യമായ ബാങ്കുകളുടെ റീകൺസിലിയേഷൻ പത്രികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(As On 20.01.2026)

| Bank Account | Closing Balance As Per Bank Book | Add (Cheque Issued But Not Presented/ Directly Credited By Bank) | Less (Cheques Deposited But Not Collected/ Directly Debited By Bank) | Amount Arrived At After Necessary Adjustments | Closing Balance As Per Bank Statement |
|---|---|---|---|---|---|
| | 1 | 2 | 3 | 4 (1+2-3) | 5 |
| CANARA BANK OWN FUND | 76291184 | 44204079 | 49102129 | 71393134 | 71393134.71 |
| SBI OWN FUND E-Payment | 61127225 | 40210145.84 | 62267792.84 | 39069578 | 39069578.47 |
| INDIAN BANK0169 AMRUT ROAD RESTORATION | 8548777 | 628182 | - | 9176959 | 9176959 |
| TSB 0837 | -858278 | 858278 | - | 0 | 0 |
| SBI 9889 | 7670944 | 1747749 | - | 9418693 | 9418693 |
| ICICI 0044 | 1038964 | 30000 | - | 1068964 | 1068964 |

കെ സ്മാർട്ടിൽ ലഭ്യമാകുന്ന റീകൺസിലിയേഷൻ പത്രികകളിൽ തുടർന്ന് വരുന്ന വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയില്ല(68/27.01.2026).

II-ചുവടെ ചേർത്ത ബാങ്ക് അക്കൌണ്ടുകളുടെ റീ കൺസിലിയേഷൻ പത്രിക കെസ്മാർട്ടിൽ ലഭ്യമല്ല.

വാർഷിക ധനകാര്യ പത്രികയിലെ Receipt & Payment ഷെഡ്യൂളിലെ CB , ബാലൻസ് ഷീറ്റിലെ ബി-17 എന്നീ ഷെഡ്യൂളുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ബാങ്ക് അക്കൌണ്ടുകളിൽ താഴെപ്പറയും പ്രകാരം തുകകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ബാങ്ക്

സ്റ്റേറ്റ്മെന്റിൽ നീക്കിയിരിപ്പ് 0 എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ പത്രിക കെ-സ്മാർട്ടിൽ ലഭ്യമല്ലാത്തതുമാണ്.

| ബാങ്ക് | നീക്കിയിരിപ്പ് | |
|---|---|---|
| | ബാങ്ക് ബുക്ക് പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
| PNB 1747 | 1800000 | 0 |
| HDFC 603 | 25001 | സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല |

**1-1-3 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

B1 Schedule ലെ Excess Of Income Over Expenditure തൻവർഷത്തെ നീക്കിയിരിപ്പ് (₹220781542) തൻവർഷത്തെ ലെഡ്ജർ/ ട്രയൽ ബാലൻസ് നീക്കിയിരിപ്പ് (₹120334620) , Income And Expenditure Statement ലെ Gross Surplus/Deficit Of Income Over Expenditure After Prior Period Items (₹ 190615772) എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

**1-1-4 ജീവനക്കാരുടെ തൊഴിൽ നികുതി - വാർഷിക ധനകാര്യ പത്രികയിലെ I-1, R-1 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല**

മുൻകൂട്ടി ഡിമാന്റ് ചെയ്യാൻ കഴിയാത്ത (ക്യാഷ് അടിസ്ഥാനത്തിൽ വരവുള്ളവ) ഇനമായ ജീവനക്കാരുടെ തൊഴിൽ നികുതിയുടെ ഡിമാന്റും കളക്ഷനും തുല്യമായിരിക്കേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ I-1, R-1 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | കളക്ഷൻ | വ്യത്യാസം |
|---|---|---|
| 47021329 | 46012749 | 1008580 |

**1-1-5 Tax Remission And Refund തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല**

Tax Remission And Refund I-1(a) യിൽ Tax Remission And Refund Property Tax ഇനത്തിൽ -37111185 രൂപയും Tax Remission And Refund Service Cess ഇനത്തിൽ -4123006 രൂപയും നെഗറ്റീവ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഏത് വർഷത്തെ തുകകളാണെന്ന വിവരം ലഭ്യമാക്കിയില്ല.

**1-1-6 അഡ്വാൻസ് ഇനത്തിലെ തുകകൾ വ്യക്തതയില്ല**

2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിലെ ബി18 ഷെഡ്യൂൾ പ്രകാരം Festival Advance (4601001) ഇനത്തിൽ 1,18,000 രൂപയും Temporary Advance For Official Purposes(4605004) ഇനത്തിൽ 11,24,697 രൂപയും Other Loans And Advances ഇനത്തിൽ

1,19,303 രൂപയും ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പരാമർശിച്ച തുകകൾ ഏത് വർഷത്തെയാണെന്നുള്ളത് വ്യക്തമാക്കില്ല.

**1-1-7 Prior Period Items-**വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

I-19 ഷെഡ്യൂളിൽ Prior Period Items എന്ന ഹെഡിൽ (122963958) രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് ഏതെല്ലാം ഇനത്തിലുള്ള തുകയാണ് എന്നതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

**1-1-8** സുഗമ പോർട്ടലിൽ ഓഡിറ്റിന് ലോഗിൻ ലഭ്യമല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് കട്ട് ചെയ്യുന്നതിനുള്ള അപേക്ഷ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള "സുഗമ" പോർട്ടലിൽ ഓഡിറ്റിന് ലോഗിൻ ഇല്ലാത്തതിനാൽ റോഡ് കട്ടിംഗ് ചാർജ്ജിനത്തിൽ 2024-25 വാർഷിക ധനകാര്യ പത്രിക R4 ഷെഡ്യൂളിൽ ൽ കാണിച്ച ₹74,69,635 രൂപയുടെ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-9 B-4** പ്രകാരമുള്ള ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിലെ 31/3/25 ലെ നീക്കിയിരിപ്പ് B-17 ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം /ബാങ്ക് | ബി4 പ്രകാരം | ബി17 പ്രകാരം |
|---|---|---|
| AYYANKALI/ PNB | 27830 | 25192 |
| MPLADS/ FEDERAL BANK | 902910 | 818 |
| AMRUT/PNB | 371217754 | 1800000(PNB 1747)& 8548777(ROAD RESTORATION) |

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 ഷെഡ്യൂളിലെ ചെലവഴിക്കാൻ ബാക്കിയുള്ള Other Grants & Contribution For Specific Purposes ഇനത്തിലെ 53593313 രൂപ ഏതെല്ലാം ഇനങ്ങളുടേതാണെന്നും ആയത് ഏത് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത് എന്നതും വിശദീകരിക്കേണ്ടതാണ്.

**1-1-10 വാടക -ഡി സി ബി സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല**

2024-25 സാമ്പത്തിക വർഷത്തെ , നഗരസഭ കെട്ടിടങ്ങളുടെ വാടക ഇനത്തിൽ ഡിസിബി ,വാർഷിക ധനകാര്യ പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| DCB Statement പ്രകാരം | | | | | | AFS പ്രകാരം | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| Demand | | Collection | | Balance | | Demand | | Collection | | Balance | |
| Arrear | Current | Arrear | Current | Arrear | Current | Arrear | Current | Arrear | Current | Arrear | Current |
| 45923977 | 54414989 | 9131864 | 30764270 | 36792113 | 23650719 | 32306923 | 54414989 | 9131864 | 30764270 | 36792113 | 23650719 |

മുൻ വർഷത്തെ ബാലൻസ് ഷീറ്റ് ബി15 ഷെഡ്യൂൾ പ്രകാരമുള്ള Rent Receivable From Civic Amenities (Current And Arrear) എന്നിവയുടെ ആകെ തുകയാവണം അരിയർ ഡിമാന്റ് (32306923) തുകയായി 2024-25 സാമ്പത്തിക വർഷം കണക്കാക്കേണ്ടത് .എന്നാൽ DCB Statement പ്രകാരമുള്ള അരിയർ ഡിമാന്റ് തുകയായ 4,59,23,977 രൂപയിൽ നിന്നും അരിയർ ഇനത്തിലുള്ള 91,31,864രൂപ കളക്ഷൻ കുറവു ചെയ്ത് അരിയർ ബാലൻസ് 3,67,92,113 രൂപയാണ് AFS ൽ രേഖപ്പെടുത്തിയിട്ടുള്ളത്. DCB Statement ലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ തമ്മിൽ 1,36,17,054 രൂപയുടെ വ്യത്യാസം കാണുന്നു.

**1-1-11 കുടിശിക തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല**

നികുതി-നികുതിയേതര വരവുകളുടെ കുടിശിക ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയില്ല. ആയതിനാൽ B-14 ഷെഡ്യൂൾ പ്രകാരം കുടിശിക തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-12 കാലഹരണപ്പെട്ട ചെക്കുകൾ (Stale Cheque)- അക്കൗണ്ടിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

Balance Sheet B8 ലെ 3508001 കോഡ് പ്രകാരം സ്റ്റെയിൽ ചെക്ക് ഇനത്തിലെ ബാധ്യതയായി 9199005/- രൂപ കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കുന്നതിനായി Stale Cheque കളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം.82/09.02.2026).

**1-1-13 ദുരിതാശ്വാസ നിധി -വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

പാലക്കാട് നഗരസഭയിൽ ദുരിതാശ്വാസ നിധി 29-04-2017 ന SBI സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ (A/C No.36821921829) രൂപികരിച്ചിട്ടുണ്ട്. 31-03-2025 ന 63270/- രൂപ നീക്കിയിരുപ്പുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2003 -ലെ കേരള മുനിസിപ്പാലിറ്റി ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)

ചട്ടങ്ങളിലെ 5-ാം ചട്ടം ഒന്നാം ഉപചട്ടത്തിൽ നിധിയെ സംബന്ധിക്കുന്ന വരവ്-ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ബുക്കിൽ സൂക്ഷിച്ച് പോരേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ദുരിതാശ്വാസ നിധിക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും 22-11-2024 വരെയുള്ള വരവ് മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. ചെലവ് വിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തികാണുന്നില്ല. രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകളോടുകൂടി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

**1-1-14 ഇൻവെസ്റ്റ്മെന്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

ബാലൻസ് ഷീറ്റിലെ ബി12 ഷെഡ്യൂളിലെ 7000000 രൂപയുടെ ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

**1-1-15 സ്ഥിരനിക്ഷേപരേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

ബാലൻസ് ഷീറ്റിലെ ബി12 ഷെഡ്യൂളിലെ സ്ഥിരനിക്ഷേപമായി രേഖപ്പെടുത്തിയ 309999999 രൂപയിൽ 14 കോടി രൂപയുടെ അസ്സൽ രേഖകളും 8കോടി രൂപ പിൻവലിച്ചതിന്റെ പകർപ്പും മാത്രമാണ് ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. പിൻവലിച്ച ബാക്കിത്തുക 89999999 രൂപയുടെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. നിക്ഷേപ തുകയുടെ പലിശ ഏതു ഹെഡിൽ വരവു വെച്ചു എന്നു ഓഡിറ്റിന് ബോദ്ധ്യപ്പെടുത്തിയിട്ടില്ല. നഗരസഭയിൽ പരിപാലിച്ചു വരുന്ന സ്ഥിരനിക്ഷേപ രജിസ്റ്ററിൽ നിക്ഷേപത്തിന്റെ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല, നിക്ഷേപ രജിസ്റ്ററിൽ വിശദവിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്.

**1-1-16 ജേണൽ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനക്കായി ലഭ്യമാക്കിയില്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 7) എല്ലാ ജേണൽ എൻട്രികൾക്കും ആധാരമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

. വസ്തു നികുതി കുടിശ്ശിക ഇനത്തിൽ വേക്കൻസി റെമിഷൻ എന്നു ജേർണൽ രേഖപ്പെടുത്തി 31884750/- രൂപ ഡിമാൻഡ് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്, ആയതിന് വൗച്ചർ സൂക്ഷിച്ചിട്ടില്ല.

**1-2 ബജറ്റ്.**

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 28.02.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 27.03.2025 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് | റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം |
|---|---|---|---|
| ഭരണസമിതി തീരുമാനം നം./തിയതി | 28.02.2024 ലെ 1-ാം നമ്പർ | 27.03.2025 തിയതിയിലെ 1-ാം നമ്പർ | - |
| മുന്നിരിപ്പ് | 24,57,52,826 | 53,63,82,091 | 536382091 |
| വരവ് | 109,34,97,848 | 118,94,61,000 | 1108811767.10 |
| ആകെ | 133,92,50,674 | 172,58,43,091 | 1645193858.1 |
| ചെലവ് | 120,86,87,963 | 88,98,06,587 | 125,75,63,889 |
| നീക്കിയിരിപ്പ് | 13,05,62,711 | 83,60,36,504 | 38,76,29,969.1 |

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള ചെലവ്, നീക്കിയിരിപ്പ് തുകകളും റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ വലിയ വ്യത്യാസമുള്ളതായി കാണുന്നു.

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 536382091.00 |
| വരവ് | 1108811767.10 |
| ആകെ | 1645193858.1 |
| ചെലവ് | 1257563889 |
| നീക്കിയിരിപ്പ് | 387629969.1 |

## 1-4 ഫണ്ട് വിനിയോഗം

1.ഫണ്ട് വിനിയോഗം -ACR ൽ വരവിനേക്കാൾ അധികം ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു

നഗരസഭയിലെ വിവിധയിനം ഫണ്ടുകളുടെ വരവ്, ചെലവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ( ACR) പരിശോധിച്ചതിൽ വരവിനേക്കാൾ അധികം ചെലവു രേഖപ്പെടുത്തി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കൂടാതെ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്, ടൈഡ് എന്നീ ഇനങ്ങളിൽ അലോട്ട്മെന്റ് ലഭിച്ചതിന്റെ വിശദാംശങ്ങൾ കൂടി ACR ൽ രേഖപ്പെടുത്തിയിട്ടില്ല.

(കെ-സ്മാർട്ടിൽ ലഭ്യമായ അലോട്ട്മെന്റ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 55447892 | 55447892 | 54245006 | 1202886 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 50574667 | 50574667 | 50013928 | 560739 |
| വികസന ഫണ്ട് – ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 105708000 | 105708000 | 105708000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 26636000 | 26636000 | 25566759 | 1069241 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക് | 0 | 20625366 | 20625366 | 38508507 | -17883141 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | 0 | 61466535 | 61466535 | 82938686 | -21472151 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 62556918 | 62556918 | 62556918 | 0 |
| ബി ഫണ്ട് | 0 | 225990200 | 225990200 | 225990200 | 0 |

റീകൺസിലിയേഷൻ കൃത്യമായി നടത്താത്തതിനാൽ തനത് ഫണ്ട്, വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ വിവരങ്ങൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽപറഞ്ഞ അപാകതകൾക്ക് 79/05.02.2026 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന് 07.02.2026 ൽ ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2025 ജനുവരി മുതൽ പദ്ധതി ചെലവുകൾ നടപ്പിലാക്കുന്ന വെബ് സാംഖ്യ നിർത്തലാക്കി കെ-സ്മാർട്ടിലേക്ക് മാറിയതിനാൽ (2024-25 സാമ്പത്തിക വർഷം) സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് കൃത്യമായി ACRൽ വരവ് വന്നിട്ടില്ലെന്നും BDS മുഖേന നൽകുന്ന ബില്ലുകളുടെ ചെലവ് ACRൽ ഇരട്ടിപ്പ് വരുന്നുണ്ടെന്നും ACRലെ വ്യത്യാസം പരിഹരിക്കുന്നതിന് IKM ന് അറിയിപ്പ് നൽകിയെങ്കിലും ആയത് പരിഹരിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷം നഗരസഭയ്ക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു. (നഗരസഭയിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ)

| ഫണ്ടിനം | വരവ് | ഉത്തരവ് നം. | ചെലവ് |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 55447892 | G.O(Rt)3510/24/FIN ,19.04.2024, G.O(Rt)1625/24/FIN ,20.02.2025, G.O(Rt)9106/24/FIN ,07.12.2024 | 54245006 |

| | | | |
|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 50574667 | ,, | 50013928 |
| മെയിന്റനൻസ്, റോഡ് | 105708000 | G.O(Rt)3370/24/FIN , 15.04.2024, G.O(Rt)6203/24/FIN , 13.08.2024, G.O(Rt)8861/24/FIN ,30.11.2024 | 105708000 |
| മെയിന്റനൻസ്, നോൺ-റോഡ് | 26636000 | ,, | 25566759 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക് | 20625366 | G.O(Rt)6392/24/FIN ,21.08.2024, G.O(Rt)4802/24/FIN ,18.06.2024, G.O(Rt)2075/25/FIN ,04.03.2025 | 38508507 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | 61466535 | ,, | 82938686.00 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്, ടൈഡ് ഇനങ്ങളിൽ വരവിനേക്കാൾ അധികമായാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ചെലവു വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

2024-25 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വിവിധ ഫണ്ടിനങ്ങളിലെ ചെലവു വിവരങ്ങൾ നഗരസഭയിലെ എ.സി.ആർ, സുലേഖ ചെലവു പത്രികകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | എ.സി.ആർ പ്രകാരമുള്ള ചെലവ് | സുലേഖ ചെലവു പത്രിക പ്രകാരം |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 55447892 | 54245006 | 76431049 |
| വികസന ഫണ്ട്-എസ്.സി.പി | 50574667 | 50013928 | 47570003 |
| സെൻട്രൽ ഫിനാൻസ് | 127157514 | 121447193 | 117733546 |

| | | | |
|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് - ബേസിക് & ടൈഡ് | | | |

മേൽ അപാകതകൾക്കും ഖണ്ഡിക 1-1-1 മുതൽ 1-1-16 വരെ പരാമർശിച്ചിട്ടുള്ള അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 508 | 639160437 | 312 | 415032009 | 196 | 60.6 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ (ഐ.കെ.എം ചെലവു പത്രിക പ്രകാരമുള്ളത്) താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 25 | 96246799 | 81866540 | 85 |
| പ്രിൻസിപ്പാൾ | 4 | 3 | 15093350 | 15076910 | 99.89 |
| പട്ടികജാതി വികസന ഓഫീസർ | 12 | 12 | 26269570 | 24131925 | 91.8 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 370 | 224 | 375730065 | 230739343 | 61.4 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 3 | 8115642 | 904650 | 11.1 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5 | 3 | 7759480 | 4273186 | 55 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 5 | 23211680 | 11465876 | 49.3 |
| പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ | 9 | 5 | 26817260 | 14953153 | 55.7 |
| കൃഷി ഫീൽഡ് ഓഫീസർ | 4 | 4 | 4675550 | 4083980 | 87 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 800000 | 800000 | 100 |

| | | | | | |
|---|---|---|---|---|---|
| സീനിയർ വെറ്ററിനറി സർജൻ | 4 | 3 | 2368060 | 866250 | 36.5 |
| മുൻസിപ്പൽ എഞ്ചിനിയർ | 1 | 1 | 3000000 | 3000000 | 100 |
| ഹെൽത്ത് സൂപ്പർവൈസർ | 44 | 24 | 49072981 | 22870196 | 46.6 |
| ആകെ | **508** | **312** | **639160437** | **415032009** | **64.9** |

.ICDS സൂപ്പർവൈസർ നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി (പ്രോ.നം.68/25)യുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കി, ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | | | |
|---|---|---|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് നൽകുന്നത് | ഭരണ ചെലവുകൾ | ആകെ | നീക്കിയിരിപ്പ് |
| 38842 | 25301189 | 25340031 | 24416172 | 921116 | 25337288 | 2743 |

## 1-7 ക്ഷേമ പെൻഷനുകൾ

വാർഷിക ധനകാര്യ പത്രികയുടെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ക്ഷേമപദ്ധതികളുടെ ചെലവ് വിവരങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 2496800 | 149 |
| വിധവാപെൻഷൻ | 75018100 | 5705 |
| വാർദ്ധക്യകാല പെൻഷൻ | 127294800 | 10636 |
| വികലാംഗ പെൻഷൻ | 17162300 | 1186 |
| 50 വയസ്സുകഴിഞ്ഞ | 3268200 | 210 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |

**1-8 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നടത്തുകയും റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. അപാകത ഖണ്ഡിക 1-12 ആയി ചേർത്തിട്ടുണ്ട്.

**1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.06.2015 | 2013-14, 2014-15 | 18.03.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2023 | 2019-20 മുതൽ 2021-22 വരെ | 13.02.2023 |

**1-10 ആഭ്യന്തര നിയന്ത്രണം**

നഗരസഭയുടെ ഭരണകാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറച്ചു കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. നഗരസഭയിലെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വാർഡ് സഭ

നഗരസഭയിലെ വാർഡ് സഭകൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണെങ്കിലും 2024-25 സാമ്പത്തിക വർഷത്തിൽ ആകെ രണ്ട് തവണ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. പ്രാദേശിക ഭരണ സംവിധാനത്തിൽ പൊതുജനങ്ങൾക്ക് പങ്കാളികളാവാനുള്ള അവസരം ലഭിക്കുന്ന വേദികളാണ് വാർഡ് സഭകൾ എന്നതിനാൽ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

തനത് വരുമാനം

നികുതി-നികുതിയേതര വരവുകൾ പൂർണ്ണമായി ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ല.

നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം നടത്തി വസ്തുനികുതി പൂർണ്ണമായി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തു നികുതി ഉൾപ്പെടെയുള്ള ഇനങ്ങളിൽ വൻതുക പിരിച്ചെടുക്കാനുണ്ട് എന്നാണ് വാർഷികധനകാര്യപത്രികയിലെ കണക്കുകൾ സൂചിപ്പിക്കുന്നത്.

മുനിസിപ്പാലിറ്റിയിലെ ലൈസൻസിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
വാടക കുടിശ്ശിക, ലേല കുടിശ്ശിക എന്നിവ പിരിച്ചെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി/നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുടെ പാലനം

റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകങ്ങളും പെൻഷൻ രേഖകളും യഥാസമയം ഓഡിറ്റിന് ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നുണ്ട്. കണ്ടിജന്റ് ജീവനക്കാർക്ക് അർഹമായതിനേക്കാൾ കൂടിയ നിരക്കിൽ ഫാമിലി പെൻഷനും ക്ഷാമാശ്വാസവും നൽകിയിട്ടുണ്ട്. ആയത് സൂപ്പർവൈസറി ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. എൻ.പി.എസ്-ബാധകമായ ജീവനക്കാർക്ക് PRAN നമ്പർ അനുവദിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.

പദ്ധതിപ്രവർത്തനം

വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പ്രൊജക്ടുകളിൽ ആകെ 64.9 % ഫണ്ടുമാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.
മരാമത്ത് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റായി കൈമാറിയ തുകയുടെ വിനിയോഗം ശരിയാംവിധം നടക്കുന്നുണ്ടെന്ന് മോണിറ്റർ ചെയ്യേണ്ടതാണ്.

ജി.ഐ.എസ് മാപ്പിംഗ്

ജി.ഐ.എസ് മാപ്പിംഗ് വഴി ഡാറ്റാ കളക്ഷൻ നടത്തുന്നതിന് കരകുളം ഗ്രാമീണ പഠന

കേന്ദ്രത്തെ ചുമതലപ്പെടുത്തിയിരുന്നു. അസറ്റ് ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് ഡാറ്റയിൽ വ്യത്യാസങ്ങൾ ഉള്ളതായി ഗ്രാമീണ പഠനകേന്ദ്രത്തിന്റെ റിപ്പോർട്ടിൽ കാണുന്നു. നഗരസഭ അസസ്സ് ചെയ്തിട്ടുള്ളതിനേക്കാളും അധികം കെട്ടിടങ്ങൾ ഡിജിറ്റൈസ് ചെയ്തതായാണ് റിപ്പോർട്ടിൽ കാണുന്നത്. പൊരുത്തക്കേടുകൾ പരിഹരിച്ച് കുറ്റമറ്റ ഡാറ്റ തയ്യാറാക്കേണ്ടതും നികുതിച്ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

ഓഡിറ്റ്

ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി നൽകുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. 2024-25 ലെ ഓഡിറ്റിന്റെ ഭാഗമായി നൽകിയ 93 ഓഡിറ്റ് എൻക്വയറികളിൽ 25 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളുടെ ചട്ടം 14(3) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് മുനിസിപ്പാലിറ്റിക്ക് ലഭിച്ച് ഒരു മാസത്തിനുള്ളിൽ കൗൺസിലിന്റെ പ്രത്യേകം യോഗം ചേരേണ്ടതും റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിലെ പ്രസക്ത പരാമർശങ്ങളിന്മേൽ വ്യക്തമായ തീരുമാനമെടുക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം കൗൺസിൽയോഗ അജണ്ടയിൽ ഉൾപ്പെടുത്തുന്നതിലും സമയബന്ധിതമായി പ്രഥമ മറുപടി സമർപ്പിക്കുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്.

**1-11 കെ-സ്മാർട്ട് - അപാകങ്ങൾ/ ഓഡിറ്റിൽ നേരിടുന്ന പരിമിതികൾ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാവുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണ് കെ-സ്മാർട്ട് (Kerala Solution For Managing Administrative Reformation And Transformation). 01.01.2024 മുതലാണ് നഗരസഭകളിൽ കെ-സ്മാർട്ട് സംവിധാനം നടപ്പാക്കിയത്.

കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ സംബന്ധിച്ച അപാകങ്ങളും, ഓഡിറ്റിന് അനുവദിച്ച ലോഗിനിൽ ലഭ്യമായ വിവരങ്ങൾ പരിശോധിക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകളും ചുവടെ ചേർക്കുന്നു.

1) പ്രധാനപ്പെട്ട വരവിനങ്ങളുടെ മോഡ്യൂളുകൾ നിലവിൽ വന്നിട്ടില്ല

കുത്തക ലേലം, വാടക, തൊഴിൽ നികുതി എന്നിവയ്ക്ക് മൊഡ്യൂളുകൾ കെ-സ്മാർട്ടിൽ നിലവിൽ വന്നിട്ടില്ല. ഈയിനങ്ങളുടെ വരവ് അടവാക്കുന്നതിനായി അതാത് ഹെഡുകളിൽ ഡിമാന്റ് സെക്ഷൻ ക്ലർക്കുമാർ രേഖപ്പെടുത്തേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ഈയിനങ്ങളിൽ മുഴവൻ തുകയും പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയില്ല.

2) ഡിമാന്റ് എൻട്രി, വേരിഫൈ, അപ്രൂവ് എന്നിവ ചെയ്യുന്നതിന് സെക്ഷൻ ക്ലർക്കുമാർക്ക് അനുമതി നൽകിയിരിക്കുന്നു

ലേലം, വാടക എന്നിവയുടെ തുക അടവാക്കുന്നതിനായി കെസ്മാർട്ടിൽ ഡിമാന്റ് ജനറേറ്റ് ചെയ്യുന്നതും ആയത് വേരിഫൈ, അപ്രൂവ് എന്നിവ ചെയ്യുന്നതും നിലവിൽ സെക്ഷൻ ക്ലർക്കുമാർ തന്നെയാണ്. യഥാർത്ഥ തുക തന്നെയാണോ ഡിമാന്റ് ആയി

രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് ഉറപ്പാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കൂടാതെ ഇത് ക്രമക്കേടുകൾക്ക് കാരണമായേക്കാവുന്നതാണ്.

3) ഇ-പെയ്മെന്റ് വിവരങ്ങൾ പരിശോധിക്കാൻ കഴിയുന്നില്ല

നിലവിൽ ഓൺലൈൻ മുഖേന അടവാക്കുന്ന തുകകൾ പരിശോധിക്കുന്നതിനായി കെ-സ്മാർട്ടിൽ ലഭ്യമായ E-Pay Disbursement Report ൽ ഓരോ ദിവസവും നഗരസഭക്ക് കൈമാറിയ തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പല ദിവസങ്ങളിലെ തുകകൾ ഒരുമിച്ച് ചേർത്തുള്ള തുകയാണ് ഓരോ ദിവസവും കൈമാറുന്നത്. ഒരു ദിവസത്തെ ഡേ ബുക്ക് പ്രകാരമുള്ള മുഴുവൻ തുകകളും നഗരസഭയുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-13 ആയി ചേർത്തിട്ടുണ്ട്.

4) ചെക്ക് മുഖേന പണം ഒടുക്ക് - രസീത് ക്യാൻസൽ ചെയ്യുന്നത് റിപ്പോർട്ടിൽ ലഭ്യമല്ല

നഗരസഭയിലെ ഫ്രണ്ട് ഓഫീസിൽ കാഷ് ആയി ഒടുക്കു വരുത്തുമ്പോൾ നൽകുന്ന രസീതുകൾ ക്യാൻസൽ ചെയ്യുന്നതിന്റെ റിപ്പോർട്ട് Cancelled Receipt എന്ന ഓപ്ഷനിൽ നിന്നും ലഭ്യമാവുന്നുണ്ട്. എന്നാൽ ചെക്ക് മുഖേന ഒടുക്കുന്ന തുകകൾക്ക് നൽകുന്ന രസീത് ക്യാൻസൽ ചെയ്യുമ്പോൾ ആയത് Cancelled Receipt എന്ന ഓപ്ഷനിൽ ലഭ്യമല്ല. മാത്രമല്ല ക്യാൻസൽ ചെയ്തു എന്ന് ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന രസീതുകൾ Receipt Search Option ൽ ലഭ്യമാണ്. കൂടാതെ ഈ രസീതുകൾ റീപ്രിന്റ് ചെയ്യാനും കഴിയുന്നുണ്ട്.

5) മോഡ്യൂളുകൾ പരസ്പരം ബന്ധിപ്പിക്കാത്തതിനാൽ നടപടിക്രമങ്ങൾ സങ്കീർണ്ണമാകുന്നു

കെ-സ്മാർട്ടിലുള്ള പെർമിറ്റ് മോഡ്യൂളും വസ്തുനികുതി മോഡ്യൂളും പരസ്പര ബന്ധമില്ലാതെ പ്രവർത്തിക്കുന്ന രീതിയാണ് നിലവിലുള്ളത്. പെർമിറ്റ് നൽകി നിർമ്മാണം പൂർത്തിയാക്കി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതോടെ ഫയൽ അവസാനിക്കുന്നു. കെട്ടിടനികുതി നിർണ്ണയിക്കുന്നതിനായി കെട്ടിട ഉടമസ്ഥ് പുതിയ അപേക്ഷ നൽകേണ്ടി വരുന്ന രീതിയാണ് നിലവിലുള്ളത്. കെ-സ്മാർട്ടിൽ നിന്നും തന്നെ നൽകിയ അംഗീകരിച്ച പ്ലാൻ, ഒക്യുപെൻസി സർട്ടിഫിക്കറ്റ് എന്നിവ വീണ്ടും സ്കാൻ ചെയ്ത് നികുതി നിർണ്ണയിക്കുന്നതിനായി പുതിയ അപേക്ഷ നൽകേണ്ടിവരുന്നുണ്ട്. ഇത് നടപടിക്രമങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്നു എന്ന് മാത്രമല്ല കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ എല്ലാ കെട്ടിടങ്ങൾക്കും വസ്തുനികുതി നിർണ്ണയിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും കഴിയുന്നില്ല.

6) കെ-സ്മാർട്ട് നിലവിൽ വരുന്നതിന് മുമ്പുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല

കെ-സ്മാർട്ട് നിലവിൽ വരുന്നതിന് മുമ്പ് നികുതി നിർണ്ണയിച്ചിരുന്ന കെട്ടിടങ്ങളുടെ നമ്പർ, ഉടമസ്ഥന്റെ പേര്, ഉപയോഗക്രമം, നികുതി തുക എന്നിവ മാത്രമാണ് കെസ്മാർട്ടിൽ നിലവിൽ ലഭ്യമായിട്ടുള്ളത്. തറവിസ്തീർണ്ണം, മേഖല, റോഡിന്റെ തരം, മേൽക്കൂര, എയർ കണ്ടീഷണിംഗ്, തറ നിർമ്മിതി തുടങ്ങിയവ പരിശോധിക്കുന്നതിന് മുമ്പ് ഉപയോഗത്തിലിരുന്ന സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിക്കേണ്ട സ്ഥിതിയാണുള്ളത്. ഇത്തരം കെട്ടിടങ്ങളുമായ ബന്ധപ്പെട്ട മാറ്റങ്ങൾ വരുത്തുന്നതിന് LDMS സോഫ്റ്റ്‌വെയർ ആണ് ഉപയോഗപ്പെടുത്തുന്നത്. LDMS സോഫ്റ്റ്‌വെയറിൽ ഓഡിറ്റിന് ലോഗിൻ ലഭ്യമാക്കിയിട്ടില്ല.

7) Human Resources മോഡ്യൂൾ നിലവിൽ വന്നിട്ടില്ല ; GSPARK ഉപയോഗിക്കുന്നില്ല

കെ-സ്മാർട്ടിൽ Human Resources മോഡ്യൂൾ നിലവിലില്ല. ജിവനക്കാരുടെ ശമ്പളബില്ലുകൾ 2024 ജനുവരി മാസം മുതൽ ജി-സ്പാർക്ക് വഴി മാത്രം പ്രൊസസ് ചെയ്യേണ്ടതാണെന്ന് 21-12-2023 ലെ ഇ.ജി1/30/2023/ത.സ്വ.ഭ.വ സർക്കുലറിൽ നിർദേശിച്ചിട്ടുണ്ടെങ്കിലും നിലവിലും സ്ഥാപന ഉപയോഗിച്ചാണ് ശമ്പളബില്ലുകൾ തയ്യാറാക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കിയ ശമ്പളബില്ലിൽ നിന്നും ഓരോ തുകയ്ക്കും പേയ്മെന്റ് ഓർഡറുകൾ കെ-സ്മാർട്ടിൽ നേരിട്ട് ചേർക്കുന്നു.

ജീവനക്കാരുടെ പെൻഷൻ വിവരങ്ങൾ Excel Format-ൽ തയ്യാറാക്കി കെ-സ്മാർട്ടിൽ Document-ആയി Upload ചെയ്ത്, പേയ്മെന്റ് ഓർഡർ കെ-സ്മാർട്ടിൽ നേരിട്ട് ചേർക്കുന്ന രീതിയാണ് നിലവിൽ തുടർന്നു വരുന്നത് എന്നതിനാൽ പുതിയ പെൻഷണറുടെ/ഫാമിലി പെൻഷണറുടെ വിവരങ്ങളുടെ കൃത്യത, പെൻഷൻ തുകയിൽ മാറ്റങ്ങൾ വരുത്തുന്നുണ്ടോ എന്നിവ പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിക്കുന്നില്ല.

8) ഫയൽ പരിശോധന നടത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ

നിലവിൽ കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ഹെഡ്‌വൈസ് റിപ്പോർട്ട് എന്നിവയിൽ നിന്നും, പേയ്മെന്റ് സെർച്ച് ഓപ്ഷനിൽ നിന്നും നേരിട്ട് ഫയലിലേക്ക് പോകാവുന്ന രീതിയിൽ ലിങ്ക് നൽകിയിട്ടില്ലാത്തതിനാൽ ഓരോ ചെലവിന്റെയും ഫയൽ നമ്പറുകൾ പ്രത്യേകം എഴുതിവെച്ച് ഫയൽ സെർച്ച് ഓപ്ഷനിൽ നിന്നും സെർച്ച് ചെയ്യേണ്ട സ്ഥിതിയാണുള്ളത്. കണ്ടിജന്റ് ചെലവുകൾ, ഭരണപരമായ ചെലവുകൾ, ജീവനക്കാരുടെ പെൻഷൻ വിതരണം, എസ്റ്റാബ്ലിഷ്മെന്റ് തുടങ്ങിയ ഇനങ്ങൾ മേൽ രീതിയിൽ പരിശോധന നടത്തുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്.

Claim Entry നടത്താതെ പേയ്മെന്റ് ഓർഡർ ജനററ്റേറ്റ് ചെയ്യുന്ന സാഹചര്യങ്ങളിൽ (എസ്റ്റാബ്ലിഷ്മെന്റ്, റിക്കവറി മുതലായവ) Payment Search Option-ൽ പ്രസ്തുത ചെലവുകൾ കാണാൻ സാധിക്കുന്നില്ല.

9) പദ്ധതി ചെലവുകൾ, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവയ്ക്കുള്ള മോഡ്യൂളുകൾ നിലവിൽ വന്നിട്ടില്ല

നിർവഹണോദ്യോഗസ്ഥർ മുഖേന നടത്തുന്ന പദ്ധതി ചെലവുകൾ, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവയുടെ മോഡ്യൂളുകൾ 2024-25 ൽ കെ-സ്മാർട്ടിൽ നിലവിൽ വന്നിട്ടില്ല.

10) റികൺസിലിയേഷൻ പത്രികയിൽ വിശദാംശങ്ങൾ ലഭ്യമല്ല

കെ-സ്മാർട്ടിൽ ലഭ്യമായ റീകൺസിലിയേഷൻ പത്രികയിൽ Cheque Issued But Not Presented/ Directly Credited By Bank, Cheques Deposited But Not Collected/ Directly Debited By Bankഎന്നീ ഇനങ്ങളിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

11) ആസ്തി വിവരങ്ങൾ പരിശോധിക്കാൻ കഴിയുന്നില്ല

ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട ചെലവ് പരിശോധന-നിലവിൽ പരിശോധിച്ചിട്ടില്ല,

G-PRISM ലോഗിൻ ലഭ്യമാക്കിയിട്ടില്ല.

12) Manual Receipt ബുക്കുകളുടെ ഉപയോഗം

21-12-2023 ലെ ഇ.ജി1/30/2023/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം Manual Receipt സംവിധാനം നിർത്തലാക്കിയിട്ടുണ്ടെങ്കിലും നിലവിൽ കൈമാറി കിട്ടിയ സ്ഥാപനങ്ങൾ (കൃഷി ഫീൽഡ് ഓഫീസർ, സീനിയർ വെറ്ററിനറി സർജൻ), ക്രിമറ്റോറിയം എന്നിവിടങ്ങളിൽ Manual Receipt കൾ ഉപയോഗിച്ചാണ് തുക പിരിക്കുന്നത്.

**1-12 ക്യാഷ് ബുക്കിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകയിൽ 204654രൂപയുടെ വ്യത്യാസം**

17.11.2025 തീയതിയിൽ നഗരസഭ ഫ്രണ്ട് ഓഫീസിൽ 3.35 Pm- ന് നടത്തിയ ക്യാഷ് പരിശോധനയിൽ ക്യാഷ് ബുക്കിൽ മുന്നിരിപ്പായി ചേർത്തിരിക്കുന്നത് 4,61,491 രൂപയാണ്. ഡേ ബുക്ക് പ്രകാരം തലേ ദിവസത്തെ (15.11.2025) കളക്ഷൻ 2,56,837 രൂപയാണ്. 17-ാം തീയതിയിൽ പ്രസ്തുത സമയത്ത് 2,35,493 രൂപ മാത്രമാണ് ക്യാഷായി നീക്കിയിരിപ്പ് ഉള്ളത് എന്നിരിക്കെ 2,04,654 രൂപയുടെ വ്യത്യാസം ക്യാഷ് ബുക്കിൽ വന്നതിനു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 10.02.2026ൽ ലഭ്യമാക്കിയ മറുപടിയിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാറുമൂലമാണ് ആയതു സംഭവിച്ചിട്ടുള്ളതെന്നും, 2024-25 വാർഷിക കണക്ക് തയ്യാറാക്കുന്ന വേളയിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതിന് കെ-സ്മാർട്ട് സൂചികയിൽ പരാതി നൽകി തിരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.(57/18.11.2025)

ഓഡിറ്റ് നിർദ്ദേശം

ദിവസേനയുള്ള ഫ്രണ്ട് ഓഫീസ് കളക്ഷൻ ബാങ്കിൽ ഒടുക്കു വരുത്തുന്ന മുറയ്ക്ക് കാഷ് ബുക്കിൽ കോൺട്രാ എൻട്രി വരുത്തി നീക്കിയിരിപ്പ് കൃത്യമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

**1-13 ഇ-പേയ്മെന്റ് മുഖേനയുള്ള വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സാധിക്കുന്നില്ല**

നഗരസഭയിൽ E-PoS സംവിധാനം വഴി സ്വീകരിക്കുന്ന കാർഡ് പേയ്മെന്റിന്റെയും UPI പേയ്മെന്റിന്റെയും തുക IKM Payment Gateway വഴി Canara Bank- 3290 എന്ന അക്കൗണ്ടിലാണ് ക്രെഡിറ്റ് ആവുന്നത്. പ്രസ്തുത പേയ്മെന്റുകൾ കൂടാതെ ഓൺലൈനായി ചെയ്യപ്പെടുന്ന പേയ്മെന്റുകളും ഇതേ രീതിയിൽ IKM Payment Gateway വഴി SBI Bank-1165 എന്ന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ട്. ഇ-പേയ്മെന്റ് മുഖേനയുള്ള വരവിന്റെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഉദാഹരണ സഹിതം ചുവടെ ചേർക്കുന്നു.

1)കെ സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രകാരം 2025 സെപ്റ്റംബർ 3 ലെ ഡേ ബുക്കിൽ ഇ-പേയ്മെന്റ് മുഖേനയുള്ള വരവ് 1,21,672 രൂപയാണ്. കെ സ്മാർട്ടിൽ ലഭ്യമാക്കിയിട്ടുള്ള ഇ-പേ ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ട് പ്രകാരം ഇത് **1,01,054** രൂപയാണ്**(4** ബാങ്കുകളുടെ **Payment**

**Gateway** മുഖേന SBI Bank-1165 ൽ ക്രെഡിറ്റ് ആയത്). വിശദാംശങ്ങൾ താഴെ നൽകുന്നു.

| Receipt Date/ Amount | Settlement Date | Payment Gate Way Mentioned In K-SMART Report | Credited Amount (SBI Bank -1165) | Remarks |
|---|---|---|---|---|
| 03.09.2025/ 1,21,672/- | 04.09.2025 | SIB | 4013 | 03.09.2025 ലെ 2 ഇ-പേയ്മെന്റ് രസീതുകളുടെ തുക |
| | | FED | 30539 | ഇ-പേ ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ടിലെ തുകകൾ കൂട്ടുമ്പോൾ 30564 രൂപയാണ്. എന്നാൽ നഗരസഭയുടെ തനത് ബാങ്ക് അക്കൌണ്ടിൽ (SBI Bank - 1165) 04.09.2025 ന് ക്രെഡിറ്റ് ആയിട്ടുള്ളത് 30539 രൂപ മാത്രമാണ് (03.09.2025 ലെ ഇ-പേയ്മെന്റ് രസീതുകളുടെ തുക). |
| | | SBI | 41128 | ഇ-പേ ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ടിലെ തുകകൾ കൂട്ടുമ്പോൾ 41223 ആണ് ആകെ തുക. എന്നാൽ നഗരസഭയുടെ തനത് ബാങ്ക് അക്കൌണ്ടിൽ (SBI Bank - 1165) 05.09.2025 ന് ക്രെഡിറ്റ് ആയിട്ടുള്ളത് 41128 രൂപ മാത്രമാണ്. (ആയതിൽ 12314 രൂപ മാത്രമാണ് 03.09.2025ലെ രസീതുകൾ മുഖേനയുള്ള വരവ്). |
| | | UBI | 110 | ഏത് ദിവസത്തെ ഇ-പേയ്മെന്റ് രസീത് |

| | | | | |
|---|---|---|---|---|
| | | | | മുഖേനയുള്ള തുകയാണെന്ന് വ്യക്തമല്ല |
| | 06.09.2025 | SBI | 72228 | ഇ-പേ ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ടിലെ തുകകൾ കൂട്ടുമ്പോൾ 72268 ആണ് ആകെ തുക. 03.09.2025 ലെ ഇ-പേ രസീതുകളുടെ തുക 54188 രൂപ മാത്രമാണ്. ബാക്കിത്തുക 04.09.25ലെ 14814 രൂപയും, 05.09.25 ലെ 3266 രൂപയും ആണ്. എന്നാൽ നഗരസഭയുടെ തനത് ബാങ്ക് അക്കൗണ്ടിൽ (SBI Bank - 1165) 06.09.2025 ന് ക്രെഡിറ്റ് ആയിട്ടുള്ളത് 72228രൂപ മാത്രമാണ്. |
| 03.09.2025 ലെ ഇ-പേ രസീതുകൾ മുഖേനയുള്ള ആകെ വരവ് (As Per E-Pay Disbursement Report, (4013+30539+12314+54188)) | | | | 101054 |

03.09.2025 തിയതിയിലെ ഇ-പേയ്മെന്റ് മുഖേനയുള്ള യഥാർത്ഥ വരവ് തുകയായ 1,21,672 രൂപയിൽ 1,01,054 രൂപ മാത്രമാണ് മുകളിൽ സൂചിപ്പിച്ച ബാങ്കിൽ വ്യത്യസ്ത ദിവസങ്ങളിലായി ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ഓൺലൈൻ പേയ്മെന്റ് സംവിധാനം വഴി സ്വീകരിക്കുന്ന തുകകൾ IKM Payment Gateway വഴി തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്നതിന് എടുക്കുന്ന സമയം, ആയത് നഗരസഭ എപ്രകാരമാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2)ഇ-പേയ്മെന്റ് ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ടിൽ ഇ-പേ രസീതുകളുടെ തുകകൾ രേഖപ്പെടുത്തിയതിൽ വ്യത്യാസം കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം./തിയതി | ഡേ ബുക്ക് പ്രകാരമുള്ള തുക | ഇ-പേ ഡിസ്ബേഴ്സ്മെന്റ് റിപ്പോർട്ട് പ്രകാരം |
|---|---|---|

| | | |
|---|---|---|
| 25031343/03.09.2025 | 5/- | 10/- |
| 25031233/03.09.2025 | 5/- | 10/- |
| 25031310/03.09.2025 | 100/- | 110/- |
| 25031250/03.09.2025 | 10/- | 20/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (30/04.10.2025).

ഓൺലൈൻ വരവുകൾ പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഓരോ ദിവസത്തെയും ഡേബുക്ക് പരിശോധിച്ച്, ഓൺലൈൻ പേയ്മെന്റ് ആയി ഡേ ബുക്കിൽ രേഖപ്പെടുത്തുന്ന തുക കൃത്യമായ ഇടവേളകളിൽ IKM Payment Gateway വഴി നഗരസഭയുടെ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 ബാങ്കിൽ പണമാക്കാൻ നിക്ഷേപിക്കുന്ന ചെക്കുകളുടെ സ്റ്റാറ്റസ് പരിശോധിക്കുന്നില്ല

ബാങ്കിൽ പണമാക്കാൻ നിക്ഷേപിക്കുന്ന ചെക്കുകളുടെ സ്റ്റാറ്റസ് കൃത്യമായി പരിശോധിക്കുന്നില്ല, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഒരേ ചെക്ക് ബാങ്കിൽ പലതവണ ക്രെഡിറ്റ്/ ഡെബിറ്റ് ചെയ്തതായി രേഖപ്പെടുത്തിക്കാണുന്നു കൺകറന്റ് ഓഡിറ്റിന്റെ ഭാഗമായി നഗരസഭയിലെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 09.10.2025 ന് ലഭ്യമായ 55313 രൂപയുടെ 019978 നമ്പർ ചെക്ക് കാനറാ ബാങ്കിൽ ക്ലിയറൻസിനായി നൽകിയത് 10.10.2025നാണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പ്രസ്തുത ചെക്ക് പല ദിവസങ്ങളിലായി ക്രെഡിറ്റ് ചെയ്തതായും ഡെബിറ്റ് ചെയ്തതായും കാണുന്നു. Cheque Returned For Other Reasons എന്ന് ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടും യഥാസമയം ചെക്ക് നഗരസഭയ്ക്ക് കൈമാറാതെ ബാങ്ക് ട്രാൻസാക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sumbitted To Bank | Credited By Bank | Debited By Bank | Returned To Municipality |
|---|---|---|---|
| 10.10.2025 | 13.10.2025 | 13.10.2025 | 29.11.2025 |
| | 16.10.2025 | 16.10.2025 | |
| | 20.10.2025 | 20.10.2025 | |
| 01.12.2025 | 02.12.2025 | 02.12.2025 | 04.12.2025 |

സമാന രീതിയിൽ കളക്ഷനു നൽകിയ ചെക്ക് ഒന്നിൽക്കൂടുതൽ തവണ ട്രാൻസാക്ഷൻ നടത്തിയതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ചെക്ക് റിട്ടേൺ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| Cheque No./ | Sumbitted | Credited | Debited | Returned To |
|---|---|---|---|---|

| Amount | To Bank | By Bank | By Bank | Municipality |
|---|---|---|---|---|
| 048372/17,201 | 13.10.2025 | 14.10.2025 | 14.10.2025 | Not Returned |
| | | 18.10.2025 | 18.10.2025 | |

നഗരസഭയിൽ ലഭിക്കുന്ന ചെക്ക്, ഡ്രാഫ്റ്റ് എന്നിവ യഥാസമയം കളക്ഷനു അയക്കുന്നുണ്ടെങ്കിലും കളക്ഷൻ ആയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിക്കാണുന്നില്ല. മേൽ പരാമർശിത ചെക്ക് നഗരസഭാ അക്കൌണ്ടിൽ വരവ് വച്ചതിന്റെയും, അല്ലാത്ത പക്ഷം റിട്ടേൺ ആയ ചെക്കിന് നൽകിയ രസീത് ക്യാൻസൽ ചെയ്യുന്നതിന് സ്വീകരിച്ച നടപടികളും രേഖകൾ സഹിതം ലഭ്യമാക്കുന്നതിനു 64/17.12.2025 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിൽ, പ്രസ്തുത ചെക്ക് ബാങ്കിൽ നിന്നും 29.11.2025 ന് തിരികെ കൈപ്പറ്റുകയും അന്നേ ദിവസം തന്നെ വീണ്ടും ബാങ്കിൽ സമർപ്പിച്ചെങ്കിലും 04.12.2025 റിട്ടേൺ ചെയ്തെന്നും തുടർന്ന് ചെക്കിന് നൽകിയ രസീത് ക്യാൻസൽ ചെയ്തെന്ന് നഗരസഭ നൽകിയ മറുപടി അംഗീകരിക്കത്തക്കതല്ല.

ചെക്ക് സമർപ്പിച്ച് ഒരു മാസം കഴിഞ്ഞാണ് ബാങ്കിൽ സമർപ്പിച്ച ചെക്ക് റിട്ടേൺ ആയ വിവരം നഗരസഭ അറിയുന്നത്. യഥാസമയം ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ചെക്ക് മുഖേന ലഭ്യമാകുന്ന തുകകൾ ക്രഡിറ്റ് ആവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ലെന്ന് ബോദ്ധ്യപ്പെട്ടു.

ഓഡിറ്റ് നിർദ്ദേശം

1) നഗരസഭയിൽ ലഭിക്കുന്ന ചെക്ക്, ഡ്രാഫ്റ്റ് എന്നിവ യഥാസമയം കളക്ഷനു അയക്കുന്നുണ്ടെന്നും കളക്ഷൻ ആയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

2) റിട്ടേൺ ആവുന്ന ചെക്കുകളുടെ വിവരം കൃത്യമായി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ നിന്നും തിരികെ കൈപ്പറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടിനായി സേവിംഗ്സ് അക്കൌണ്ട് തുടങ്ങുന്നതിനു പകരം പ്രൈവറ്റ് സെക്ടർ ബാങ്കിൽ കറന്റ് അക്കൌണ്ട് ആരംഭിച്ചു

കൺകറന്റ് ഓഡിറ്റിന്റെ ഭാഗമായി ചെക്ക് മുഖേനയുള്ള പണം പിൻവലിക്കൽ പരിശോധിച്ചതിൽ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടിനായി ICICI ബാങ്കിൽ (അക്കൌണ്ട് നം. 023205005053) കറന്റ് അക്കൌണ്ട് തുടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. 1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് )ചട്ടങ്ങൾ ചട്ടം 7 പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി ഓരോ മുനിസിപ്പാലിറ്റിയും തൊട്ടടുത്തുള്ള സർക്കാർ ട്രഷറി സേവിംഗ്സ് ബാങ്കിൽ "മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് "എന്ന പേരിൽ ഒരു പെൻഷൻ ഫണ്ട് ആരംഭിച്ച് കൈകാര്യം ചെയ്യേണ്ടതാണെന്ന്

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചട്ടത്തിനു വിരുദ്ധമായി ICICI ബാങ്കിൽ കറന്റ് അക്കൌണ്ട് ആരംഭിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 49/30.10.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 12.01.2026 തിയതിയിൽ ലഭ്യമാക്കിയ മറുപടിയിൽ 1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് )ചട്ടങ്ങൾ ചട്ടം 7 പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ട്രഷറി സേവിംഗ്സ് ബാങ്കിൽ സേവിംഗ്സ് അക്കൌണ്ട് തുടങ്ങുന്നതിനായി ട്രഷറിയിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയതിനു ട്രഷറിയിൽ നിന്നും മറുപടി ലഭ്യമാകുന്നതു വരെ ICICI ബാങ്കിൽ ആരംഭിച്ച അക്കൌണ്ടിൽ തുക നിക്ഷേപിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച പ്രകാരം ട്രഷറിയിൽ നിന്നു മറുപടി ലഭ്യമാക്കി തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-16 തനത് വരവുകളുടെ പിരിവ് കാര്യക്ഷമമല്ലാത്തതിനാൽ വികസനഫണ്ട് കുറവ് ചെയ്തു.**

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം തനത് വരവുകളുടെ ഡിമാന്റിന്റെ 90 % പിരിച്ചെടുക്കാത്ത തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും 1% കുറവ് ചെയ്യാൻ ശുപാർശ ചെയ്യുകയും GO(Ms)No.179/2022/Fin Dated 18-10-2022 പ്രകാരം ആയത് നടപ്പാക്കി ഉത്തരവാകുകയും ചെയ്തിരുന്നു.

പാലക്കാട് നഗരസഭയുടെ 2023-24 വർഷത്തിൽ 90% കളക്ഷൻ നടത്താത്തതിനാൽ G.O.(Rt)No.1625/2025/Fin Dated 20-02-2025 പ്രകാരം 2024-25 വർഷത്തെ വികസന ഫണ്ടിൽ നിന്നും 8,09,540 രൂപ കുറവ് ചെയ്തിട്ടുണ്ട്.

2024-25 വാർഷികകണക്ക് പ്രകാരമുള്ള തനത് വരവുകളുടെ ഡിമാന്റ്, കളക്ഷൻ, പിരിവ് ശതമാനം എന്നിവ താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | പിരിവ് ശതമാനം |
|---|---|---|---|
| വസ്തുനികുതി - തൻവർഷം | 170098696 | 122791551 | 72.18 |
| തൊഴിൽ നികുതി – ട്രേഡേഴ്സ് - തൻവർഷം | 9725350 | 7737088 | 79.56 |
| വാടക | 54414989 | 30764270 | 56.54 |

2024-25 വർഷത്തിൽ കളക്ഷൻ 90 ശതമാനത്തിലും കുറവായതിനാൽ 2025-26 വർഷത്തെ വികസനഫണ്ടിൽ നിന്നും 1 ശതമാനം കുറവ് ചെയ്യപ്പെടും എന്നതിനാൽ തനത് വരവുകളുടെ പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-17-1 വസ്തുനികുതി ഡിമാന്റ് കൃത്യമല്ല**

എ) 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യപ്പെടുന്ന വരവുകളുടെ കാര്യത്തിൽ എല്ലാ മാസവും ഡിമാന്റ്, റീഫണ്ട്/റെമിഷൻ, റൈറ്റ് ഓഫ്, കളക്ഷൻ സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വസ്തുനികുതി (തൻവർഷം) ഡിമാന്റ് 01-04-2025 ന് മാത്രമാണ് തയ്യാറാക്കിയിരിക്കുന്നത്. 2024-25ൽ നിർമ്മാണം പൂർത്തിയാക്കിയ പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതിനാൽ ഡിമാന്റിൽ വർദ്ധനവ് വരുത്തേണ്ടതായിരുന്നു.

വസ്തുനികുതി ഇനത്തിൽ കഴിഞ്ഞ 3 വർഷങ്ങളിലെ ഡിമാന്റ് താഴെ ചേർക്കുന്നു (വാർഷികക്കണക്കുകൾ പ്രകാരമുള്ളത്).

| വർഷം | ഡിമാന്റ് തുക | വർദ്ധനവ്/കുറവ് |
|---|---|---|
| 2022-23 | 158997916 | - |
| 2023-24 | 179328959 | 20331043 |
| 2024-25 | 170098696 | (-) 9230263 |

2024-25ൽ മുൻവർഷത്തെ അപേക്ഷിച്ച് 92,30,263 രൂപ കുറവായിട്ടാണ് ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത്. പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തി നികുതി ഈടാക്കി തുടങ്ങുകയും, നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 5% വർദ്ധനവ് വരുത്തുകയും ചെയ്തിട്ടും ഡിമാന്റ് കുറവായിട്ടുള്ളത് വിശദീകരിക്കേണ്ടതാണ്.

ബി) വസ്തുനികുതി കുടിശ്ശികയിനത്തിലെ ഡിമാന്റ് തുകകളിൽ നിരവധി Adjustment എൻട്രികൾ നടത്തിയിട്ടുണ്ട്. 2024-25 ലെ വസ്തുനികുതി കുടിശ്ശിക ലെഡ്ജർ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 01-04-2024 | മുന്നിരിപ്പ് (2023-24 ലെ ബാലൻസ് ഷീറ്റിലെ Receivables For Property Tax – Current + Arrear) | 106828311.93 | - |
| 08-01-2025 | Suspense | 24124 | DISTRICT INDUSTRIAL OFFICER |
| 31-03-2025 | Tax Remission & Refund – Property Tax (General) | 31884750 | VACCANCY REMMISSION |
| 31-03-2025 | Prior Period Income | 105941538 | ARREAR DEMAND CORRECTION |

Adjustment എൻട്രികളിലൂടെ ക്രമീകരിച്ച നികുതി തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-17-2 വേക്കൻസി റെമിഷൻ - വർഷങ്ങൾ കഴിഞ്ഞ് അനുവദിച്ചിരിക്കുന്നു**

കേരള മുനിസിപ്പാലിറ്റി നിയമം 239-ാം വകുപ്പ് പ്രകാരം ഒഴിഞ്ഞുകിടക്കുന്നതോ, വാടകയ്ക്ക് കൊടുക്കാതെയോ കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് (Vaccancy Remission) അനുവദിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. വളരെ കാലപ്പഴക്കം ചെന്ന അപേക്ഷകളിൽ പോലും 2024-25 വർഷത്തിലാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

2024-25 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ ഇത്തരത്തിൽ നിരവധി കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതായി കാണുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം./തിയതി | ഫയൽ നം. | വേക്കൻസി റെമിഷൻ അനുവദിച്ചത് |
|---|---|---|
| 3, 20-12-24 | R2-1678033/2024 | 2018-19 മുതൽ |
| 2, 30-12-2024 | R1-1139195/2024 | 2012-13 മുതൽ |
| 3, 10-02-2025 | R4-1612746-202 | 2014-15 മുതൽ |
| 19, 10-02-2025 | 1860983-2024 | 2017-18 മുതൽ |
| 24, 10-02-2025 | R4-2215846-2024 | 2013-14 മുതൽ |
| 25, 10-02-2025 | R4-34268-2025 | 2013-14 മുതൽ |
| 4, 07-03-2025 | R4-47819 | 2013-14 മുതൽ |
| 28,07-03-2025 | R2-1678033-2024 | 2013-14 മുതൽ |
| 32, 07-03-2025 | R4-340640-2025 | 2009-10 മുതൽ |

വേക്കൻസി റമിഷന് വേണ്ടി പ്രസ്തുത അപേക്ഷകൻ നഗരസഭയിൽ അപേക്ഷ ഹാജരാക്കിയതിന്റെ കൈപ്പറ്റ് രശീതി കാണുന്നുണ്ടെന്നും, എന്നാൽ നഗരസഭയിൽ അപേക്ഷകളോ അതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളോ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും, അജണ്ടയിൽ കാണിച്ചിട്ടുള്ള കാലയളവിൽ അപേക്ഷ നൽകിയതിന്റെ നഗരസഭയുടെ കൈപ്പറ്റ് രശീതി കാണുന്നതുകൊണ്ട് അപേക്ഷകന്റെ ഭാഗത്ത് വീഴ്ച്ചയുള്ളതായി കാണുന്നില്ലെന്നും, മേൽ പറഞ്ഞ അപേക്ഷകൾ യഥാസമയം ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിൽ പ്രസ്തുത കാലയളവിലെ ഉദ്യോഗസ്ഥൻമാർക്ക് വീഴ്ച്ച വന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചിട്ടുണ്ട്. വിഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-90/23-02-2025)

**1-17 വസ്തുനികുതി - പൊതു അപാകങ്ങൾ**

വസ്തുനികുതിയുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ ഉപഖണ്ഡികളായി ചേർക്കുന്നു.

**1-18 ഓഡിറ്റ് ഇംപാക്ട് - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് പരിഹരിച്ചു**

2024-25 വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കണ്ടെത്തുകയും ആയത് ഓഡിറ്റ് എൻക്വയറി മുഖേന നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. നഗരസഭ ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയും വസ്തുനികുതി പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

എ) വാണിജ്യാവശ്യത്തിനുള്ള റസ്റ്റോറന്റിനെ പാർപ്പിടാവശ്യത്തിനുള്ള ഹോട്ടൽ/ലോഡ്ജ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി

നഗരസഭയിലെ 15-ാം വാർഡിലുള്ള 593/2, 593/3 എന്നീ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ ഉപയോഗക്രമം തെറ്റായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ശ്രീ.ബെന്നി ജോൺ എന്നവരുടെ ഉടമസ്ഥതയിലുള്ള ഈ കെട്ടിടത്തിന് വാണിജ്യാവശ്യത്തിനാണ് (Commercial) ബിൽഡിംഗ് പെർമിറ്റ്, ഒക്യുപെൻസി സർട്ടിഫിക്കറ്റ് എന്നിവ അനുവദിച്ചിട്ടുള്ളത് (BA-682/20-21/E5 Dt 06-02-2025). കൂടാതെ ഈ കെട്ടിടത്തിൽ T & T എന്ന പേരിൽ റെസ്റ്റോറന്റ് പ്രവർത്തിക്കുന്നതിന് നഗരസഭ ലൈസൻസ് നൽകിയിട്ടുണ്ട്.

എന്നാൽ ഈ കെട്ടിടത്തെ "ലോഡ്ജ്, ഹോട്ടൽ, മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള 300 ച.മീറ്ററിന് മുകളിലുള്ളവ" എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് (Rs.84/M$^2$) 2024-25 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. SRO നമ്പർ 480/2023 സഉ(അച്ചടി)നം. 26/2023/LSGD തിയതി 05-04-2023, നഗരസഭ കൗൺസിലിന്റെ 12-01-2024 ലെ തീരുമാനം നമ്പർ 8/1 എന്നിവ പ്രകാരം ഈ ഉപയോഗക്രമം 'പാർപ്പിട ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്ന' കെട്ടിടങ്ങൾക്ക് മാത്രമാണ് ബാധകമാകുന്നത്. വാണിജ്യാവശത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തെ “100 ചതുരശ്രമീറ്ററിന് മുകളിൽ 500 ചതുരശ്ര മീറ്റർ വരെ" എന്ന ഉപയോഗക്രത്തിൽ (Rs.105/M$^2$) ആണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. അടിസ്ഥാന വസ്തുനികുതിയിലുണ്ടായ കുറവ് താഴെ ചേർക്കുന്നു.

| കെട്ടിട നം | തറ വിസ്തീർണ്ണം (M2) | കണക്കാക്കിയ വസ്തുനികുതി | | കണക്കാക്കേണ്ട വസ്തുനികുതി | |
|---|---|---|---|---|---|
| | | നിരക്ക് | അടിസ്ഥാന നികുതി | നിരക്ക് | അടിസ്ഥാന നികുതി |
| 15/593/2 | 205.03 | 84 | 17223 | 105 | 21528 |
| 15/593/3 | 205.03 | 84 | 17223 | 105 | 21528 |

മേൽ അപാകം ഓഡിറ്റ് എൻക്വയറി നം.8/18-07-2025 പ്രകാരം നഗരസഭയെ അറിയിക്കുകയും 12-09-2025 ന് നൽകിയ മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബി) **409** ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടത്തെ **300** ചതുരശ്രമീറ്റർ വരെയുള്ള പാർപ്പിടം ആയി നികുതി നിർണ്ണയിച്ചു

ശ്രീ.രാജേഷ്.വി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 15/611/1 കെട്ടിടത്തിന് BA/68/22-23/E5 തിയതി 09/03/2024 പ്രകാരം ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയും 2023-24 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 409 ചതുരശ്രമീറ്റർ ആണ്. "സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ- 300 ചതുരശ്രമീറ്റർ വരെയുള്ളവ" എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. 300 ചതുരശ്രമീറ്ററിലധികം തറ വിസ്തീർണ്ണമുള്ള പാർപ്പിടം എന്ന ഉപയോഗ ക്രമത്തിലാണ് ഉൾപ്പെടുത്തേണ്ടത്.

SRO നമ്പർ 480/2023 സഉ(അച്ചടി)നം.26/2023/LSGD തിയതി 05-04-2023 ന്റെ അടിസ്ഥാനത്തിൽ നഗരസഭ കൗൺസിലിന്റെ 12-01-2024 ലെ തീരുമാനം നമ്പർ 8/1 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം 300 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിരക്ക് Rs.16/M2 ആണ്. 300 മീറ്ററിലധികം തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് Rs.19/M2 ആണ് നികുതി നിരക്ക്.

തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയതിനാൽ നികുതി കുറവായാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയ പ്ലാനിൽ 7 മീറ്റർ വീതിയുള്ള റോഡിന് അരികിലാണ് കെട്ടിടം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റോഡ് സൗകര്യത്തിൽ അടിസ്ഥാനത്തിൽ വരുത്തേണ്ട വർദ്ധനവ് (അടിസ്ഥാന നികുതിയുടെ 20%) വരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.22/22-09-2025) നൽകിയതിനെ തുടർന്ന് ഈ കെട്ടിടത്തിന്റ വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സി) അപാർട്ടമെന്റ് കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം - വസ്തുനികുതി കുറവായി കണക്കാക്കി

ശ്രീ.എം.സത്യദാസ്, മാനേജിംഗ് പാർട്ണർ, എസ്.എ ഹോംസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള അപാർട്ടമെന്റ് കെട്ടിടത്തിന്റെ വസ്തുനികുതി 2024-25 രണ്ടാം അർദ്ധവർഷം മുതൽ നിർണ്ണയിച്ചിട്ടുണ്ട്. നഗരസഭ അനുവദിച്ച ഒക്യുപെൻസി സർട്ടിഫിക്കറ്റ് പ്രകാരം (BA-179/19-20/E5 Dt 07-01-2025) പ്രകാരം 2387.5 ചതുരശ്ര മീറ്ററാണ് ഈ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണമുള്ളതും ഈ കെട്ടിടത്തിന് 7/296/1 മുതൽ 7/296/17

വരെയുള്ള നമ്പറുകൾ നൽകിയിട്ടുണ്ട്. 7/296/1 എന്ന കെട്ടിടം ഓഫീസ് ആവശ്യം എന്ന ഗണത്തിലും മറ്റ് കെട്ടിടങ്ങൾ പാർപ്പിടം എന്ന ഗണത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

നഗരസഭ പരിധിയിലുള്ള മറ്റ് അപാർട്ട്മെന്റുകൾ/ഫ്ലാറ്റുകൾ എന്നിവയുടെ വസ്തുനികുതി ഉപയോഗക്രമം കണക്കാക്കിയിരിക്കുന്നത് മൊത്തം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഈ കെട്ടിടത്തെ "സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ- 300 ചതുരശ്രമീറ്റർ വരെയുള്ളവ" എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. 300 ചതുരശ്രമീറ്ററിലധികം തറവിസ്തീർണ്ണമുള്ള പാർപ്പിടം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താത്തതിനാൽ വസ്തുനികുതി കുറവായാണ് കണക്കാക്കിയിരിക്കുന്നത്.

നഗരസഭ കൗൺസിലിന്റെ 12-01-2024 ലെ തീരുമാനം നമ്പർ 8/1 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം 01-04-2024 മുതൽ 300 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിരക്ക് Rs.16.8/M2 ആണ്. 300 മീറ്ററിലധികം തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് Rs.19.95/M2 ആണ് നികുതി നിരക്ക്.

ഉപയോഗക്രമം തെറ്റായി കണക്കാക്കിയതിനാൽ, 7/296/2 മുതൽ 7/296/17 വരെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി കണക്കാക്കിയിട്ടുള്ളത് ഓഡിറ്റ് എൻക്വയറി (നം.44/23-10-2015) മുഖേന നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് എല്ലാ കെട്ടിടങ്ങളുടേയും വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുള്ളതായി 31-12-2025 ന് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഡി) തറവിസ്തീർണ്ണത്തിന് ആനുപാതികമായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയില്ല

ശ്രീ.എൻ.കെ.പരമേശ്വരൻ, ശ്രീ.എൻ.കെ.സുബ്രഹ്മണ്യൻ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള **3633.93 $M^2$** തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് BA-246/20-21/E5 Dated 09-04-2024 പ്രകാരം ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിരുന്നു. ഈ കെട്ടിടത്തിന് 31 കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. 14 കെട്ടിട നമ്പറുകൾ "വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ളവ" എന്ന ഉപയോഗക്രമത്തിലും (Rs.84/$M^2$) ബാക്കി 17 കെട്ടിട നമ്പറുകൾ "വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്റർ മുതൽ 500 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ളവ" എന്ന ഉപയോഗക്രമത്തിലും (Rs.105/$M^2$) ആണ് ഉൾപ്പെടുത്തി 2024-25 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിശ്ചയിച്ചിരിക്കുന്നത്.

SRO നമ്പർ 480/2023 സഉ(അച്ചടി)നം.26/2023/LSGD തിയതി 05-04-2023, നഗരസഭ കൗൺസിലിന്റെ 12-01-2024 ലെ തീരുമാനം നമ്പർ 8/1 എന്നിവ പ്രകാരം, ആകെ **3633.93 $M^2$** തറവിസ്തീർണ്ണമുള്ള കെട്ടിടത്തെ "വാണിജ്യാവശ്യത്തിനുള്ള 500 ചതുരശ്രമീറ്ററിലധികം തറവിസ്തീർണ്ണമുള്ള" കെട്ടിടം എന്ന ഉപയോഗക്രമത്തിൽ (Rs.115.5/$M^2$) ഉൾപ്പെടുത്താതെ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ മാത്രം **56,533** രൂപ 2024-25 വർഷത്തിൽ നഗരസഭ ഫണ്ടിന് നഷ്ടം ഉണ്ടായി. കൂടാതെ സേവന ഉപനികുതി ഇനത്തിൽ **5,653** രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ **2,827**രൂപയും 2024-25 വർഷത്തിൽ വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (നം.12/29-07-2025) മുഖേന നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കെട്ടിടത്തിന്റെ തറവിസ്തീർണ്ണം കണക്കാക്കിയതിൽ പിശക് സംഭവിച്ചതായും ആകെ 3766.52 M2 തറവിസ്തീർണ്ണം കണക്കാക്കി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ചതായി 14-10-2025 ന് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കിയിട്ടുണ്ട്.

ഇ) ഒറ്റ പാർപ്പിടത്തിന് രണ്ട് നമ്പറുകൾ നൽകി നികുതി കുറവായി നിർണ്ണയിച്ചു.

ശ്രീ.സി.എച്ച്.മുഹമ്മദ് ഹുസൈൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള Residential Cum Commercial വിഭാഗത്തിലുള്ള 989.39 $M^2$ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. 183.64 ചതുരശ്ര മീറ്റർ വീതം തറവിസ്തീർണ്ണമുള്ള 15/528/4, 5 എന്നീ രണ്ട് നമ്പറുകൾ "സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ- 300 ചതുരശ്രമീറ്റർ വരെയുള്ളവ" എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ ഒക്യുപെൻസി സർട്ടിഫിക്കറ്റിനൊപ്പം നഗരസഭ അംഗീകരിച്ച് നൽകിയ പ്ലാൻ പരിശോധിച്ചതിൽ ഫസ്റ്റ്, സെക്കന്റ് ഫ്ലോറുകളിലായി ഒരു വീട് ആണ് നിർമ്മിച്ചിരിക്കുന്നത് (1-Living Room, 1-Kitchen, 4-Bedrooms, 1-Theater, 1-Upper Living Room). ഫസ്റ്റ് ഫ്ലോറിലെ ഡൈനിംഗ് റൂമിൽ നിന്നുമാണ് സെക്കന്റ് ഫ്ലോറിലേക്ക് സ്റ്റെയർ കേസ് നൽകിയിരിക്കുന്നത്. ഒറ്റ പാർപ്പിടമായി ഉപയോഗിക്കുന്ന 367.28 $M^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് രണ്ട് നമ്പറുകൾ നൽകി 300 $M^2$ വരെയുള്ളവ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയതിനാൽ നികുതി കുറവായി നിർണ്ണയിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.23/22-09-2025) നൽകിയതിനെ തുടർന്ന് തറവിസ്തീർണ്ണം 367.28 $M^2$ ആക്കി "സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ- 300 ചതുരശ്രമീറ്ററിന് മുകളിലുള്ളവ" എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

**1-19 കോസ്മോപോളിറ്റൻ ക്ലബ്ബിലെ കെട്ടിടങ്ങളുടെ വസ്തുനികുതി കൃത്യമായി നിർണ്ണയിച്ചിട്ടില്ല**

നഗരസഭ പരിധിയിലെ വാർഡ് 27 ൽ പ്രവർത്തിക്കുന്ന കോസ്മോപോളിറ്റൻ ക്ലബ് എന്ന സ്ഥാപനത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ/കെസ്മാർട്ടിൽ നിന്നും ലഭ്യമായത് താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (M2) | ഉപയോഗക്രമം |
|---|---|---|
| 895 | 179.78 | Residential |
| 895/2 | 179 | Assembly |
| 895/3 | 1102.8 | Assembly |

| | | |
|---|---|---|
| 895/4 | 713.37 | Assembly |
| 895/5 | 116.8 | Residential |

ഇത് സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.

എ) കെട്ടിട നമ്പർ 895, 895/5 എന്നീ കെട്ടിടങ്ങൾക്ക് സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിർണ്ണയിക്കാവുന്ന വസ്തുനികുതിനിരക്ക് നിശ്ചയിച്ച് നികുതി ഈടാക്കിവരുന്നുണ്ട്. കോസ്മോപോളിറ്റൻ ക്ലബിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ (Https://Palghatcosmopolitanclub.Com) ക്ലബിൽ Luxurious Accommodations ആയി സ്യൂട്ട് റൂം, കോട്ടേജ് റൂമുകൾ എന്നി സൗകര്യങ്ങൾ ലഭ്യമാണെന്നും, മെമ്പർമാർക്കും മെമ്പർമാർ അല്ലാത്തവർക്കും ബുക്ക് ചെയ്യാമെന്നും കാണുന്നു. ഇത്തരം കെട്ടിടങ്ങളെ "ലോഡ്ജ്, ഹോട്ടൽ, മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ" എന്ന ഗണത്തിൽ ഉൾപ്പെടുത്താതെ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന വീടുകൾക്ക് നിർണ്ണയിക്കാവുന്ന റെസിഡൻഷ്യൽ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയതിനാൽ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

ബി) ക്ലബിന്റെ വെബ്സൈറ്റിൽ സ്വിമ്മിംഗ് പൂൾ, ജിംനേഷ്യം, ചിൽഡ്രൻസ് പാർക്ക് എന്നിവ ഉണ്ടെന്ന് കാണുന്നു. എന്നാൽ നഗരസഭ ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

സി) ബാർ, റെസ്റ്റോറന്റുകൾ എന്നിവയും പ്രവർത്തിക്കുന്നുണ്ടെന്ന് വെബ്സൈറ്റിൽ കാണുന്നുണ്ടെങ്കിലും വാണിജ്യാവശ്യത്തിനുള്ള കെട്ടിടനമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

ഡി) ക്ലബ് കോമ്പൗണ്ടിൽ C-Cube എന്ന പേരിൽ ഓഡിറ്റോറിയം പ്രവർത്തിക്കുന്നുണ്ട്. നഗരസഭ അസംബ്ലി എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഒന്നിലും തന്നെ സെൻട്രലൈസ്ഡ് എ.സി ഇനത്തിൽ വരുത്താവുന്ന 10 % വർദ്ധനവ് വരുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.4/15-07-2025) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെസ്മാർട്ട് (ഫയൽ നം.3240740-2025) പരിശോധിച്ചതിൽ മേൽ ഓഡിറ്റ് എൻക്വയറിയിൻമേൽ പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാൻ റവന്യൂ ഇൻസ്പെക്ടറോട് റവന്യൂ സെക്ഷൻ സൂപ്രണ്ട് നിർദേശിച്ചിട്ടുണ്ട്. സ്ഥല പരിശോധനയിൽ ക്ലബ് മുറികൾ, ബാർ എന്നിവ ക്ലബ് അംഗങ്ങൾ ഉപയോഗിച്ച് വരുന്നു എന്നും, ആയത് Lodge ഇനത്തിൽ നികുതി നിർണയിക്കേണ്ടതാണ് എന്നും, ഓഡിറ്റോറിയം Full Ac ആണ് എന്നും, സ്വിമ്മിംഗ് പൂൾ, ജിംനേഷ്യം എന്നിവയുണ്ടെന്നും ആയതിന് നമ്പർ ഇല്ല എന്നും റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ കെട്ടിടങ്ങളുടെ വിശദമായ പരിശോധന നടത്തി ക്രമവൽക്കരണം/വസ്തുനികുതി പുനർനിർണ്ണയ നടപടികൾ സ്വീകരിക്കേണ്ടതും, വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 വസ്തുനികുതി നിർണ്ണയം- സെൻട്രലൈസ്ഡ് എയർ കണ്ടീഷണിംഗിന്റെ

അടിസ്ഥാനത്തിലുള്ള - വർദ്ധനവ് വരുത്തിയിട്ടില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 8 പ്രകാരം സെൻട്രലൈസ്സ് എയർ കണ്ടീഷണിംഗ് ഉള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ കണക്കാക്കിയ അടിസ്ഥാന വസ്തുനികുതിയുടെ 10 ശതമാനം വർദ്ധനവ് വരുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കെസ്സാർട്ട്, സഞ്ചയ തുടങ്ങിയവ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ സെൻട്രലൈസ്സ് എയർ കണ്ടീഷണിംഗ് പ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ലെന്ന് കാണുന്നു.

| എ) **2024-25** ൽ വസ്തുനികുതി നിർണ്ണയിച്ചവ | | | |
|---|---|---|---|
| ക്രമ നം | കെട്ടിട ഉടമ, പ്രവർത്തിക്കുന്ന സ്ഥാപനം | വാർഡ്, കെട്ടിട നം | തറവിസ്തീർണ്ണം **(M2)** |
| 1 | Riyasudheen N, Akbari L (MyG Digital Store) | 21/13/1 | Basement : 203.99<br>GF : 356.48<br>Total : 560.47 |
| | | 21/13/2 | Basement : 203.99<br>FF : 425.94<br>Total : 629.93 |
| 2 | Fatheen K S, Shakkeer A H, Shoukkath Ali C M, Prasool P (Oxygen Digital) | 41/1239/2 | Basement : 120.6<br>GF : 362.11<br>Total : 482.81 |
| | | 41/1239/3 | Basement : 120.6<br>FF : 362.11<br>Total : 482.81 |
| | | 41/1239/4 | Basement : 120.6<br>FF : 362.11<br>TF : 45.1<br>Total : 527.92 |
| 3 | Prakash.K (Mcdonalds) | 15/593/1 | 298.75 |
| ബി) **2024-25** ന് മുമ്പ് വസ്തുനികുതി നിർണ്ണയിച്ചവ | | | |
| 4 | Muhammed Ali (Ganesh | 41/2250/36 | 1779.85 |

| | | | |
|---|---|---|---|
| | Supermarket) | | |
| 5 | Jaya Vijayakumar (Fazyo Kalyan) | 23/602/3 | 194.7 |
| | | 23/602/4 | 226.11 |
| 6 | Thaslim Kaja, Saji S (Max) | 17/996/14 | 830.15 |
| | | 17/996/15 | 888.91 |
| 7 | THASLIM KAJA (Infinity Retail Croma) | 23/596/25 | BF: 305.77 GF: 520.3 |
| | | 23/596/28 | FF: 876.93 |
| 8 | THASLIM KAJA (Reliance Avantra) | 23/596/26 | 826.07 |
| | | 23/596/27 | 876.93 |
| 9 | G.Mohanan (Reliance Digital) | 23/1597/9 | 91.21 |
| | | 23/1597/10 | 178.65 |
| | | 23/1597/11 | 234.88 |
| | | 23/1597/12 | 178.65 |
| | | 23/1597/13A | 182.91 |

മേൽ കെട്ടിടങ്ങളിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷണിംഗ് സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 24/22-09-2025 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കെസ്മാർട്ടിലുള്ള ഫയൽ പരിശോധിച്ചതിൽ (4806851-2025) ഈ എൻക്വയറിയിന്മേൽ നടപടികൾക്കായി റവന്യൂ ഇൻസ്പെക്ടർക്ക് അയച്ചിട്ടുള്ളതായും ക്രമം നം. 2, 5, 7, 8, 9 എന്നീ കെട്ടിടങ്ങൾ നമ്പറുകൾ ലഭിച്ച ശേഷം സെൻട്രലൈസ്ഡ് എയർ കണ്ടീഷണിംഗ് ആക്കിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.
മേൽ കെട്ടിടങ്ങളിൽ പരിശോധന നടത്തി വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

**1-21 അസംബ്ലി വിഭാഗത്തിലുള്ള കെട്ടിടത്തിൽ വാണിജ്യ സ്ഥാപനം പ്രവർത്തിക്കുന്നു**

ഫയൽ നം: 423532-2025

മേൽ ഫയൽ പ്രകാരം പ്രീതി സിൽക്ക്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതിന് 03-03-2025 ന് ലൈസൻസ് നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന കെട്ടിടങ്ങളിൽ ആണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്നാണ് ലൈസൻസ് അപേക്ഷയിൽ വ്യക്തമാക്കിയിട്ടുള്ളത്.

| വാർഡ് / കെട്ടിട നം | തറ വിസ്തീർണ്ണം **($M^2$)** | ഉപയോഗക്രമം |
|---|---|---|
| 41/1996 | 650.31 | അസംബ്ലി കെട്ടിടം (ഒന്നാം നില) |
| 41/1999 | 45.2 | 100 M2 ന് മുകളിലുള്ള വാണിജ്യ കെട്ടിടം (താഴത്തെ നില) |

| | | |
|---|---|---|
| 41/2000 | 43.80 | 100 M2 ന് മുകളിലുള്ള വാണിജ്യ കെട്ടിടം (താഴത്തെ നില) |
| 41/2001 | 43.86 | 100 M2 ന് മുകളിലുള്ള വാണിജ്യ കെട്ടിടം (താഴത്തെ നില) |
| 41/2059 | 65.6 | 100 M2 വരെയുള്ള വാണിജ്യ കെട്ടിടം (താഴത്തെ നില) |
| 41/2060 | 245.14 | 100 M2 ന് മുകളിലുള്ള വാണിജ്യ കെട്ടിടം (താഴത്തെ നില -139.87ച മീ, ഒന്നാം നില-105.27ച മീ) |
| 41/2061 | 20.46 | 100 M2 വരെയുള്ള വാണിജ്യ കെട്ടിടം (താഴത്തെ നില) |

സഞ്ചയ, കെസ്മാർട്ട് എന്നിവ പരിശോധിച്ചതിൽ മേൽ കെട്ടിടങ്ങളെല്ലാം തന്നെ ARV അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണെന്ന് കാണുന്നു. സഞ്ചയ-ലൈസൻസ് സോഫ്റ്റ്‌വെയർ പ്രകാരം മേൽ കെട്ടിടങ്ങൾക്ക് മുൻ വർഷങ്ങളിൽ ലൈസൻസ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് /കെട്ടിട നം | വർഷം | ലൈസൻസ് ലഭിച്ച സ്ഥാപനം |
|---|---|---|
| 41/1996 | 2021-22 | NMR ഹാൾ |
| 41/1999 | 2023-24 | ചെന്നൈ മൊബൈൽസ് |
| 41/2001, 2059, 2060, 2061 | 2023-24 | അപ്സ്റ്റൈൽ |

ഇത് സംബന്ധിച്ച് താഴെചേർക്കുന്ന അപാകങ്ങൾ ഓഡിറ്റ് എൻക്വയറി നം (32/09-10-2025) പ്രകാരം നഗരസഭയെ അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

1) 2021-22 വരെയും ഓഡിറ്റോറിയം ആയി പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുള്ള അസംബ്ലി എന്ന ഉപയോഗഗണത്തിലുള്ള 41/1996 നമ്പർ കെട്ടിടത്തിൽ കമേഴ്സ്യൽ സ്ഥാപനം പ്രവർത്തിക്കാൻ ലൈസൻസ് നൽകിയിട്ടുണ്ട്.

2) 2023-24 വരെ പല സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്ന 7 കെട്ടിടങ്ങളിൽ ഘടനാപരമായി മാറ്റം വരുത്തുകയോ, പഴയ കെട്ടിടങ്ങളോടനുബന്ധിച്ച് പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടുണ്ടോ എന്നും ഘടനാപരമായി മാറ്റം/കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്ക് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

3) 41/1996 എന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റം വരുത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്നും, വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.

കെട്ടിടത്തിൽ ഘടനപരമായ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് നേരിൽ പരിശോധിക്കേണ്ടതും, KMBR, വസ്തുനികതി ചട്ടങ്ങൾ പ്രകാരം തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-22 IFTE&OSലൈസൻസ് - ഫീസ് ഈടാക്കാതെ ലൈസൻസ് അനുവദിച്ച** ം

കെ സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ലഭ്യമായിട്ടുള്ള ലൈസൻസ് മൊഡ്യൂൾ മുഖേന 2024-25 വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ 42 അപേക്ഷകർക്ക് ലൈസൻസ് ഫീ അടവാക്കുന്നതിന് ഡിമാൻഡ് ചെയ്തിട്ടുണ്ടെങ്കിലും ആയത് കെ സ്മാർട്ട് മൊഡ്യൂളിൽ പേയ്മെന്റ് പെൻഡിംഗ് ആയി കാണുന്നു, വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനം | | ഡിമാൻഡ് ചെയ്ത ഫീസ് |
|---|---|---|---|---|
| 1 | RAYEESUDHEEN T K | TOKYO JAPAN DUTY PAID SHOP | Fancy Store | 6135 |
| 2 | UMMAR FAROOQUE | FRIENDS VEGETABLES | Consumer Store | 1500 |
| 3 | N M MOHAMMAD AFSAIL | THE APPLE STORE | Sale Of Mobiles , Mobile Sim, Mobile Spare Parts And Other Mobile Accessories | 10260 |
| 4 | ABOOBACKER SIDDEEQ M | A M STORE | Provision Store | 5385 |
| 5 | JAYESH V | FRAME TO FRAME (EDITING STUDIO) | Freelance Photo Graphy/Video Graphy | 5635 |
| 6 | V S HRUTHYA | KAMAKSHI AGRO | Sale Of Plastic Products | 500 |
| 7 | ABOOBACKER SIDDEEQUE P H | NEW PALAT BAKERS | Sale Of Cake, Rotti, Biscuit And Other Baked Items | 1000 |
| 8 | SHAMLA MA | WASHUP | Dry Cleaning Centre | 2735 |
| 9 | SYED JALALUDHEEN S S | AL AMEEN BOOK STALL | Sale Of Text Book, Publications, Note Books Charts And Other Paper Stationery/ Education Materials | 2500 |
| 10 | MANIKANDAN | ADORN | Sale Of Other | 1000 |

| | | | | |
|---|---|---|---|---|
| | V | ADVERTISING | Fabricated Metal Products | |
| 11 | SHAMEER P U | A Q MEDICALS | Allopathy Clinic | 500 |
| 12 | S SAMEENA | JAMEELA FLOUR | Flour Mills | 5000 |
| 13 | SHAMSUDEEN B | ALUMINIUM WORLD | Sale Of Aluminium & Its Alloys | 5000 |
| 14 | FAZIL S | STEEL CRAFT | Sale Of Ferous Metals Other Than Iron & Steel | 5000 |
| 15 | PRAVEEN KUMAR P M | VIGNESH ELECTRICALS AND PLUMBING AND SANITARIES | Storing Of Electric Home Appliances | 2735 |
| 16 | NARENDRA SINGH | COMPUTER ACCESSORIES SALES&SERVICE | Sale Of Computers And Peripheral Equipment | 1500 |
| 17 | SUNILKUMAR | CITY MEDICALS | Sale Of Allopathic Medicine | 2000 |
| 18 | SUNIL K S | JANASEVA MEDICALS | Sale Of Allopathic Medicine | 500 |
| 19 | ARUMUGHAN C | BHAGAVATHY TEA STALL | Tea, Juice & Snack Shops | 500 |
| 20 | RAJESH .R | SREE LALITHAMBIKA | Automobile Painting Booth | 500 |
| 21 | R GOKUL | G R TRADERS | Stationery Shop | 2760 |
| 22 | SALIM A | ROOF CRAFT | Engineering Works | 1000 |
| 23 | RIFASH K | F R K DOORS | Sale Of Wooden Furnitures | 2735 |
| 24 | YASAR ARAFATH | PLANTAIN MERCHANT | Storage OfFruits & Vegitables | 1000 |
| 25 | RAHUL PANDIAN S | SHIVA FLOWER | Pooja Stores - Pooja Items,Flowers, Oils, Ghee, Agarbathy | 1000 |
| 26 | SHAIMA | M H S | Sale Of Baby | 500 |

| | | | | |
|---|---|---|---|---|
| | | ENTERPRISES | Care Products | |
| 27 | MUHAMMED ISMAIL .A | DESIGN TECH | Wood Laith Works | 1000 |
| 28 | SAJESH N G | TRUE CAD | Construction Consultancy | 1000 |
| 29 | AYOOB B | SELECTION FURNITURE | Storing Of Wooden Furnitures | 5000 |
| 30 | DR K K HARIKRISHNAN | AROGYODAYAM AYURVEDA HOSPITAL | Ayurvedic Hospital | 5000 |
| 31 | SHANAVAS K | ZOOM SIGN WORK | Making Of Banners, Boards | 2735 |
| 32 | K BEENA | SARALA | Sale Of Readymade Dresses | 2500 |
| 33 | SAJEESHKUMAR K M | ELANADU MILK PVT LTD | Sale Of Milk And Milk Products | 500 |
| 34 | SHYNIMOL K | CLEOPATRA | Sale Of Readymade Dresses | 500 |
| 35 | VIJAYALAKSHMI AMMA C | FOCUS ACADEMY | Coaching Centre | 3000 |
| 36 | RAHUL K MOHAMMED | STANDARD BUSINESS CORPORATION | Sale Electrical Equipment | 1000 |
| 37 | SHOBHA V B | ALLURE DRY CLEANERS | Sale Of Mobiles , Mobile Sim, Mobile Spare Parts And Other Mobile Accessories | 2500 |
| 38 | AJMAL K N | SAFE DOORS | Centre For Interior Designing | 1000 |
| 39 | SABEER HUSSAIN.M.S, ABUTHAHIR S | E MAIL GENTS READYMADE SHOP | Sale Of Readymade Dresses | 1000 |
| 40 | MOHAMMED RIYAZ S | LAPTECH SYSTEMS | Computer Hardware Installation And Maintanance | 2110 |
| 41 | K R MANOJ | RELIANCE | Sale Of | 20000 |

| | | | | |
|---|---|---|---|---|
| | | RETAIL LTD, Palakkad | Computers And Peripheral Equipment,Sale Of Mobiles , Mobile Sim, Mobile Spare Parts And Other Mobile Accessories,Sale Of Mobile Phones | |
| 42 | SAJEEV KUMAR K | PRINT WORLD | Printing | 10260 |
| ആകെ | | | | 127985 |

ലൈസൻസികളിൽ നിന്നും കൃത്യമായി ലൈസൻസ് ഫീസ് ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ(92/24.02.2026)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-23 ക്രമവൽക്കരണം നടത്തിയതിൽ കോമ്പൗണ്ടിംഗ് ഫീസ് കുറവായി ഈടാക്കി - 30,087 രൂപയുടെ നഷ്ടം**

ശ്രീ. പി.കെ.ചാക്കോയുടെ ഉടമസ്ഥതതയിലുള്ള 1831.3 $M^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിലെ 1530.42 $M^2$ തറവിസ്തീർണ്ണമുള്ള കെട്ടിടം നഗരസഭ സെക്രട്ടറിയുടെ RO/170/2025 Dt 07-01-2025 ഉത്തരവ് പ്രകാരം ക്രമവൽക്കരിച്ചതിൽ കോമ്പൗണ്ടിംഗ് ഫീസ് കുറവായി ഈടാക്കിയതിനാൽ 30,087/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട്.

**1-24 പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നടത്തിയ നിർമ്മാണം ക്രമവൽക്കരിക്കാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു - 1,26,018 രൂപയുടെ വരവുനഷ്ടം**

ഫയൽ നം: BA/682/20-21/E5 പ്രകാരം ശ്രീ.ബെന്നി ജോൺ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് ചട്ടം ലംഘിച്ചുകൊണ്ട് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുകയും, ക്രമവൽക്കരണം നടത്താത്തതിനാൽ 1,26,018 രൂപ നഗരസഭ ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുമുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-2 ആയി ചേർത്തിട്ടുണ്ട്.

**1-25 വാടക കുടിശ്ശിക -പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്**

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭ വക കെട്ടിടങ്ങളുടെ വാടക പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ അനുബന്ധം 3 ആയി ചേർത്തിട്ടുള്ള ലൈസൻസികൾ വാടക കൃത്യമായി അടവാക്കാതെ വൻ തുക കുടിശ്ശിക വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച ബൈലോയിലെ നിബന്ധന 20 പ്രകാരം മുറികളുടെ പ്രതിമാസ ലൈസൻസ് ഫീസ് എല്ലാ മാസവും 10-ാം തിയതിക്കു മുമ്പ് നഗരസഭയിൽ ഒടുക്കേണ്ടതാണെന്നും വീഴ്ച വരുത്തുന്നവർ 12% പിഴപ്പലിശയോടെ അടച്ചു തീർക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ലൈസൻസികളിൽ പലരും ഒരു വർഷത്തിലധികമായി വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. അത്തരത്തിൽ കുടിശ്ശിക വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 38/21.10.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ചുവടെ ചേർക്കുംപ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1.സുൽത്താൻപേട്ട കോംപ്ലക്സിലെ 17 കടമുറുകളിൽ പാലക്കാട് പബ്ലിക് ലൈബ്രറി കെട്ടിടം ഒഴികെയുള്ളവ അടച്ചിട്ടിരിക്കുകയാണെന്നും ആയത് പൊളിച്ചുനീക്കിയിട്ടുണ്ടെന്നും സ്റ്റാൾ നം.12 മാത്രമാണ് പ്രവർത്തിക്കുന്നുള്ളൂവെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ വാടക ഡിമാന്റ് രജിസ്റ്ററിൽ തൻവർഷ ഡിമാന്റിൽ നിന്നും ടി കടമുറികളുടെ വാടക കുറവു ചെയ്തിട്ടില്ല.

ഏത് കാലയളവു മുതൽ ആണ് കടമുറികൾ പൊളിച്ചു നീക്കിയത് എന്നത് മറുപടിയിൽ നിന്നും വ്യക്തമല്ല. ആയതിനാൽ പൊളിച്ചു നീക്കുന്നതിനു മുൻപു വരെയുള്ള കുടിശ്ശിക തുക ലൈസൻസികളിൽ നിന്നും ഈടാക്കിയത് സംബന്ധിച്ച് വ്യക്തതയില്ല.

2. ഒരു സെക്ഷനിൽ കൈകാര്യം ചെയ്യുന്ന കോംപ്ലക്സുകളുടെ വാടക ഈടാക്കുന്നത് സംബന്ധിച്ചുള്ള മറുപടി മാത്രമാണ് ലഭ്യമാക്കിയത്. ഓഡിറ്റ് അന്വേഷണത്തിൽ പരാമർശിച്ച വാടക കുടിശ്ശിക വരുത്തിയ 355 പേരിൽ 65 വാടക കുടിശ്ശികക്കാരിൽ നിന്നും മാത്രമാണ് പിഴപ്പലിശ സഹിതം വാടക ഈടാക്കിയിട്ടുള്ളത് അവശേഷിക്കുന്നവരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539 (1) പ്രകാരം യഥാസമയം ഡിമാന്റ് ചെയ്യപ്പെടാത്ത തുകകൾ കാലഹരണപ്പെടുമെന്നും 539(2) പ്രകാരം യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയതുമൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുക കാലഹരണപ്പെടുന്നപക്ഷം, അപ്രകാരം മുനിസിപ്പാലിറ്റിക്ക് നഷ്ടപ്പെട്ടതായ തുക അത് ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അത് ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാടക കുടിശ്ശികക്കാരുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

## **1-26 വാടക കുടിശ്ശിക നിലനിൽക്കെ തൻവർഷത്തെ വാടക മാത്രം ഡിമാന്റ് ചെയ്ത് അടവാക്കി**

2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭ വക കെട്ടിടങ്ങളുടെ വാടക പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റേഡിയം ബസ് സ്റ്റാന്റ് കോംപ്ലക്സിലെ കടമുറി നം.19/12 ലൈസൻസി ശ്രീ. മൻസൂർ.എൻ ന്റെ മുൻവർഷ വാടക കുടിശ്ശിക നിലനിൽക്കെ ആയത് പൂർണമായി ഈടാക്കാതെ തൻവർഷത്തെ വാടക മാത്രം ഡിമാന്റ് ചെയ്ത്

തുക അടവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാടക ഡിമാന്റ് രജിസ്റ്ററിൽ ശ്രീ.മൻസൂർ.എൻ 09/2024-12/2024 എന്നീ മാസങ്ങളിലെ വാടകയായ 87768 + ജി.എസ്.ടി + പിഴപ്പലിശ ഉൾപ്പെടെ ആകെ 104224 രൂപ R-M090400-24043957/19.10.2024 രസീതി പ്രകാരവും 09/2023 മുതൽ 11/2023 വരെയുള്ള വാടക കുടിശ്ശിക (62100+ ജി.എസ്.ടി+ പിഴപ്പലിശ ഉൾപ്പെടെ ആകെ 84456/-രൂപ) അടവാക്കിയത് 22.03.2025 ലെ R-M090400-24078567 നമ്പർ രസീതി പ്രകാരവുമാണ്. എന്നാൽ 12/2023 മുതൽ 08/2024 വരെയുള്ള വാടക കുടിശ്ശിക നാളിതുവരെ അടവാക്കിയിട്ടില്ല. മേൽപരാമർശിച്ച അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 36/15.10.2025 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. 12/2023 മുതൽ 08/2024 വരെയുള്ള കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| കുടിശ്ശിക മാസം | പ്രതിമാസ വാടക | ഈടാക്കേണ്ടത് |
|---|---|---|
| 12/2023-03/2024 | 20700 | 82800 |
| 04/2024-08/2024 | 21942 | 109710 |
| ആകെ | | 192510 |

ടിയാനിൽ നിന്നും 12/2023 മുതൽ 08/2024 വരെയുള്ള കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-27-1 ലേലം ഏറ്റെടുത്ത വ്യക്തികൾ ലേലത്തുക പൂർണമായി അടവാക്കിയിട്ടില്ല

നഗരസഭ വസ്തുവകകളുടെ ലേലം ഏറ്റെടുത്ത വ്യക്തികൾ ലേലത്തുക പൂർണമായും അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേലം ഇനം | ലേലം കൊണ്ട വ്യക്തി | ലേല ത്തുക | അടവാക്കിയത് | അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | അറവുശാല | ശ്രീ.കാജാ ഹുസൈൻ.എ | 17,00,101 | 1540716 | 159385+GST (അവസാന ഗഡു) |
| 2 | നഗരസഭയുടെ കെട്ടിടങ്ങളിൽ പരസ്യബോർഡുകളുടെ തറവാടക പിരിവ് | ശ്രീ.ഇസ്സാർ. പി.എം | 4,01,000 | 175438 (19.08.2024 നാണ് അവസാനമായി അടവാക്കിയത്) | 225562+GST (6 ഗഡു അടവാക്കാനുണ്ട്) |
| 3 | ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കൽ | ശ്രീ.ഷിഹാബുദീൻ.എം | 17500 | 9625 | 7875 (3 ഗഡു അടവാക്കാനുണ്ട്) |
| 4 | ടൌൺ ബസ് | ശ്രീ.ഹംസകോയ | 475000 | 341405 | 133595 |

| | | | | | |
|---|---|---|---|---|---|
| | സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ കം സ്കൂട്ടർ സ്റ്റാന്റ് ഫീസ് പിരിവ് | | | | (3 ഗഡു അടവാക്കാനുണ്ട്) |
| 5 | പട്ടിക്കര ബൈപ്പാസ് പാർക്കിംഗ് സ്റ്റാന്റ് ഫീസ് പിരിവ് | ശ്രീ.സജീദ്.എ | 1,00,000 | 25000 | 75000+GST (8 ഗഡു അടവാക്കാനുണ്ട്) |
| 6 | നഗരസഭ വക കുളങ്ങളിൽ മത്സ്യം വളർത്തി വിൽപ്പന | ശ്രീ.സജീദ്.എ | 13,000 | 3250 | 9750+GST (5 ഗഡു അടവാക്കാനുണ്ട്) |
| 7 | സ്റ്റേഡിയം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | ശ്രീ.സുരേഷ് കുമാർ. ആർ | 6,04,000 | 1,51,000 | 453000 |
| ആകെ | | | | | 10,64,167 |

ലേലം കൊണ്ട മേൽ പരാമർശിച്ച വ്യക്തികൾ ലേലത്തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും, ടിയാളുകളിൽ നിന്നും നാളിതുവരെ തുക ഈടാക്കാതിരുന്നതിന് വ്യക്തമായ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-27-2 സ്റ്റേഡിയം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ്- മുൻ ലൈസൻസിയിൽ നിന്നും കുടിശ്ശിക ഈടാക്കിയിട്ടില്ല

സ്റ്റേഡിയം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് 10,01,000 രൂപയ്ക്ക് ശ്രീ.ഉബൈദുള്ള എന്നവർക്ക് 30.03.2024 ലെ R8-41755/2023 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. ടിയാൻ ലേലത്തുകയുടെ നാലിലൊന്ന് തുകയായ 2,50,250 രൂപ 30.03.2024 ലെ R-M090400-23025289 പ്രകാരം അടവാക്കി കരാർ ഒപ്പുവെച്ചിട്ടുള്ളതാണെന്നും ബാക്കി തുകയായ 750750 രൂപ 2024 മെയ് മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ 8 തുല്യ ഗഡുക്കളായി അടവാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2024 മെയ് മുതൽ ആഗസ്റ്റ് മാസം വരെയുള്ള 4 ഗഡു അടവാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ടിയാന് നോട്ടീസ് നൽകിയിട്ടുമുണ്ട്. എന്നാൽ 13.08.2024 ന് ലൈസൻസ് അവകാശം ഒഴിയുന്നതായും താക്കോൽ നഗരസഭയിൽ ഏൽപ്പിച്ചതായും ടിയാൻ അറിയിച്ചതായി കാണുന്നു. ടിയാൻ കംഫർട്ട് സ്റ്റേഷന്റെ വാട്ടർചാർജ് അടവാക്കിയിട്ടില്ല. വാട്ടർ ചാർജ് കുടിശ്ശികയും ലൈസൻസ് ഫീസിനത്തിൽ നഗരസഭയ്ക്കുണ്ടായ നഷ്ടവും പിഴപ്പലിശയും ചേർത്ത് 3,36,596 രൂപ (ശ്രീ.ഉബൈദുള്ള ലേലം കൊണ്ട 1001000 രൂപയിൽ നിന്നും രണ്ടാം സ്ഥാനക്കാരനായ ശ്രീ.സുരേഷ് കുമാർ.ആർ ലേലം ഏറ്റെടുത്ത 6,04,000 രൂപ കുറവു ചെയ്ത് ബാക്കിത്തുകയായ

397000 രൂപയിൽ നിന്നും ശ്രീ.ഉബൈദുള്ള ലേലത്തുകയുടെ നാലിലൊന്നായി അടവാക്കിയ 250250 രൂപ കുറവു ചെയ്യുകയും വാട്ടർചാർജ് കുടിശ്ശികയിനത്തിലെ 184505 രൂപയും പിഴ ഇനത്തിൽ 5341 രൂപയും ചേർത്ത് ആകെ 336596രൂപ) നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം അടവാക്കാൻ ശ്രീ.ഉബൈദുള്ളയോട് നിർദേശിച്ചുകൊണ്ട് 06.09.2024 ന അറിയിപ്പ് നൽകിയിട്ടുണ്ട്. ആയത് അടവാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

19.08.2024 ന വീണ്ടും ഓഫർ ക്ഷണിച്ചതിൽ ഓഫർ സമർപ്പിച്ച രണ്ടാം സ്ഥാനക്കാരനായ ശ്രീ.സുരേഷ് കുമാർ.ആർ എന്നവർക്ക് 6,04,000 രൂപയ്ക്ക് 31.08.2024 ലെ ഉത്തരവു നടപടികൾ പ്രകാരം കുത്തകാവകാശം നൽകുകയും ചെയ്തിട്ടുണ്ട്. ടിയാൻ ലേലത്തുകയുടെ നാലിലൊന്ന് തുക (1,51,000) മാത്രമേ അടവാക്കിയിട്ടുള്ളൂ. ബാക്കിത്തുക 3 ഗഡുക്കളായി 2024 സെപ്റ്റംബർ-നവംബർ വരെയുള്ള മാസങ്ങളിൽ അടവാക്കാൻ നിർദേശിച്ചിട്ടുണ്ടെങ്കിലും, ആയത് അടവാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ, മുൻ ലൈസൻസി (ശ്രീ.ഉബൈദുള്ള)യുടെ കാലയളവിലുള്ള വാട്ടർചാർജ് കുടിശ്ശിക നിലവിലെ ലൈസൻസിയായ ശ്രീ.സുരേഷ് കുമാർ അടവാക്കിയതായും വാട്ടർ കണക്ഷൻ പുന:സ്ഥാപിക്കാൻ ചെലവായ തുക സഹിതം 2,10,755രൂപ ശ്രീ.സുരേഷ് കുമാർ നഗരസഭയിലേക്ക് അടവാക്കാൻ ബാക്കിയുള്ള ലേലത്തുകയിലേക്ക് വരവു വെക്കണമെന്നും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ അപേക്ഷ പ്രകാരം തുക അഡ്ജസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതും, അവശേഷിക്കുന്ന തുക അടവാക്കിയതിന്റെയും വിശദാംശങ്ങൾ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-27-3 ബസ് സ്റ്റാന്റ് ഫീസ് പിരിവ്(KSRTC ഒഴികെ) ഡെപ്പോസിറ്റ് തുക തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്**

ബസ് സ്റ്റാന്റ് ഫീസ് പിരിവ്(KSRTC ഒഴികെ) എന്ന ലേലയിനത്തിൽ പങ്കെടുത്ത ഒന്നാം സ്ഥാനക്കാരനായിരുന്ന ശ്രീ.ബാധുഷ.എം 3കോടി രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ളതും ആയതിൽ നാലിലൊന്ന് തുകയായ75,00,000 രൂപയും ബാധകമായ ജി.എസ്.ടി.യും, ഡെപ്പോസിറ്റ് ഇനത്തിൽ 64,300 രൂപയും അടവാക്കുന്നതിന് ടിയാന് 20.02.2024 ന് അറിയിപ്പ് നൽകിയിട്ടുണ്ട്. ഒന്നാം സ്ഥാനക്കാരൻ 01.03.2024 നകം തുക അടവാക്കാത്തപക്ഷം രണ്ടാം സ്ഥാനക്കാരനായ സയാൻ ട്രേഡേഴ്സ്, എം.ആർ ബിൽഡിംഗ് എന്ന സ്ഥാപനത്തിന് ലേലത്തുകയുടെ (56,01,000 രൂപ) നാലിലൊന്ന് തുകയും ജി.എസ്.ടിയും, ഡെപ്പോസിറ്റ് ഇനത്തിലെ ബാക്കി തുകയും 04.03.2024 നകം അടവാക്കുന്നതിന് നഗരസഭ അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ടി രണ്ടു കക്ഷികളും തുക അടവാക്കാതിരുന്നതിനാൽ മൂന്നാംസ്ഥാനക്കാരനായ ശ്രീ.നാസർ.കെ.എ യ്ക്ക് 50,01,000 രൂപയ്ക്ക് ലേലം ഉറപ്പിച്ചതായി ലേലഫയലിൽ കാണുന്നു.

ശ്രീ.ബാധുഷയും, M/S സയാൻ ട്രേഡേഴ്സും യഥാസമയം ലേലത്തുകയുടെ നാലിലൊന്ന് തുക അടവാക്കിയിട്ടില്ല. ലേലനിബന്ധന ഖ.14 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ ഡെപ്പോസിറ്റ് തുക കെട്ടിവെയ്ക്കുകയോ കരാർ ഉടമ്പടി സമർപ്പിക്കുകയോ ചെയ്യാത്തപക്ഷം നിരതദ്രവ്യമായി അടവാക്കിയ തുക യാതൊരു നോട്ടീസും കൂടാതെ നഗരസഭാ ഫണ്ടിലേക്ക്

മുതൽക്കൂട്ടുന്നതാണെന്നും ലൈസൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ബാധുഷ.എം (രസീത് നം. 23008759/19.02.2024), M/S സയാൻ ട്രേഡേഴ്സ് (രസീത് നം.23015102, 23015100/06.03.2024) എന്നിവർ നിരതദ്രവ്യമായി അടവാക്കിയ 97,000രൂപ വീതം ആകെ 1,94,000 രൂപ നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-27-4** <u>ലേലം ഫയലിലെ തുകയും ഡിസിബി സ്റ്റേറ്റ്മെന്റിലെ തുകയും പൊരുത്തപ്പെടുന്നില്ല</u>

കുത്തകലേലം ഫയൽ R8-41755/23 പരിശോധിച്ചതിൽ 7 ഇനങ്ങളുടെ ലേലത്തുക, ആകെ 1064167 രൂപ+GST അടവാക്കാൻ അവശേഷിച്ചിരുന്നു. നഗരസഭയിൽ നിന്നും ലഭ്യമാക്കിയ ഡിസിബി സ്റ്റേറ്റ്മെന്റ്, വാർഷികധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ 5 ഇനങ്ങളിൽ മാത്രം കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കുടിശ്ശിക (DCB Statement പ്രകാരം) | ഫയൽ പരിശോധിച്ചതു പ്രകാരം (Enq.No.15/21.08.2025) | വ്യത്യാസം |
|---|---|---|---|
| സ്റ്റേഡിയം ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | 750750 | 453000 /- (ശ്രീ.സുരേഷ് കുമാർ അടവാക്കാനുള്ളത്)<br>336596 (ശ്രീ.ഉബൈദുള്ള അടവാക്കാനുള്ളത്)<br>ആകെ-789596 | 38846 |
| ടൌൺ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | 89064 | 133595 | 44531 |
| ഫലവൃക്ഷങ്ങളിൽ നിന്നും ആദായം ഏറ്റെടുക്കൽ | 6875 | 7875 | 1000 |
| പട്ടിക്കര ബൈപ്പാസ് | 51250 | 75000+GST | 23750 |

| | | | |
|---|---|---|---|
| പാർക്കിംഗ് സ്റ്റാന്റ് ഫീസ് പിരിവ് | | | |
| നഗരസഭ വക കെട്ടിടങ്ങളിലെ പരസ്യ ബോർഡുകളുടെ തറവാടക പിരിക്കൽ | 224561 | 225562 +GST | 1001 |
| നഗരസഭ വക കുളങ്ങളിൽ മത്സ്യം വളർത്തി വിൽപ്പന | DCB സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 9750+GST | 9750 |
| അറവുശാല | 0 | 159385+GST | 159385 |

വസ്തുവകകളുടെ ലേലവുമായി ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയ പിരിച്ചെടുക്കാനുള്ള തുകയും ഡിസിബി പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനു വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ പരാമർശിച്ച തുകകൾ അടവാക്കിയിട്ടുണ്ടെങ്കിൽ രസീത് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**<u>1-27-5 DCB Statement, AFS എന്നിവ പൊരുത്തപ്പെടുന്നില്ല</u>**

DCB Statement പ്രകാരമുള്ള മുഴുവൻ കുടിശ്ശിക തുകകളും ബാലൻസ് ഷീറ്റിലെ ബി 14 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. കുടിശ്ശിക തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | DCB Stmt. പ്രകാരം | AFS പ്രകാരം | റിമാർക്സ് |
|---|---|---|---|
| സ്റ്റേഡിയം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | 750750 | 452332 | |
| ടൌൺ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | 89064 | - | |
| ഫലവൃക്ഷങ്ങളിൽ നിന്നും ആദായം ഏറ്റെടുക്കൽ | 6875 | - | ഉൾപ്പെടുത്തിയിട്ടില്ല |
| പട്ടിക്കര ബൈപ്പാസ് പാർക്കിംഗ് സ്റ്റാന്റ് ഫീസ് പിരിവ് | 51250 | - | |

| | | | |
|---|---|---|---|
| നഗരസഭ വക കെട്ടിടങ്ങളിലെ പരസ്യ ബോർഡുകളുടെ തറവാടക പിരിക്കൽ | 224561 | - | |

മേൽ പരാമർശിച്ച ഇനങ്ങളുടെ കുടിശ്ശിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടാതിരുന്നതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭ വസ്തുവകകളുടെ ലേലയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 15/21.08.2025, 78/05.02.2026)

ഓഡിറ്റ് നിർദ്ദേശം

നഗരസഭ വസ്തുവകകളുടെ ലേലം ഏറ്റെടുത്ത വ്യക്തികൾ ലേലത്തുക പൂർണമായും അടവാക്കാത്തതായി കാണുന്നു. വീഴ്ച വരുത്തിയ കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതിന് കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 538 ൽ അധികാരപ്പെടുത്തിയത് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും, പിഴ സഹിതം ലേലത്തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-27 കുത്തക ലേലം-പിരിവ് അപാകതകൾ

2024-25 സാമ്പത്തിക വർഷത്തെ നഗരസഭവക വസ്തുക്കളുടെ കുത്തകലേലം സംബന്ധിച്ച R8-41755/23 നമ്പർ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികൾ ആയി താഴെ ചേർക്കുന്നു.

## 1-28 ചിൽഡ്രൻസ് പാർക്ക് നടത്തിപ്പ് കരാർ OISCA പാലക്കാട് ചാപ്റ്ററിൽ നിന്നും പ്രതിമാസം ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്

ചിൽഡ്രൻസ് പാർക്ക് നടത്തിപ്പിന് OISCA പാലക്കാട് ചാപ്റ്ററുമായി 29.04.2004 ൽ ചമച്ച കരാറിലെ നിബന്ധന 9 പ്രകാരം പ്രവേശന ടിക്കറ്റിന്റെ 5% വരുന്ന തുക മാസംതോറും ലൈസൻസ് ഫീസ് ഇനത്തിൽ അടവാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് (2022-23 ഓഡിറ്റ് റിപ്പോർട്ട് ഖ.1-18). 2825638 നമ്പർ കെ-സ്മാർട്ട് ഫയൽ പരിശോധിച്ചതിൽ പ്രവേശന ടിക്കറ്റിന്റെ 5% വരുന്ന തുകയായ ലൈസൻസ് ഫീസ് 2024 നവംബർ മുതൽ മാത്രമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം./തിയതി | തുക |
|---|---|
| 24051984/20.12.2024 | 9703 |
| 24055017/15.01.2025 | 3195 |
| 24063325/18.02.2025 | 2385 |
| | |

| | |
|---|---|
| 24082116/27.03.2025 | 1920 |

1962ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം ഉടമസ്ഥൻ/അപേക്ഷകൻ തന്റെ അപേക്ഷയോടൊപ്പം എല്ലാ ടിക്കറ്റുകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും ആയതിൽ തദ്ദേശ സ്ഥാപനത്തിന്റെ മുദ്ര പതിപ്പിക്കേണ്ടതും ആയത് ഉടമസ്ഥന്/ അപേക്ഷകന് തിരികെ ഏൽപ്പിക്കേണ്ടതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം സീൽ ചെയ്തു നൽകിയിട്ടുള്ള ടിക്കറ്റുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ, ആകെ ടിക്കറ്റുകളുടെ മാസം തിരിച്ചുള്ള കണക്ക് എന്നിവ കൂടി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും മുൻ മാസങ്ങളിലെ പ്രവേശന ടിക്കറ്റിനു ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കുന്നതിനു പകരം 2024 നവംബർ മുതൽ മാത്രം ഈടാക്കിയതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശം

1) ചിൽഡ്രൻസ് പാർക്ക് നടത്തിപ്പിന് OISCA പാലക്കാട് ചാപ്റ്ററുമായി 29.04.2004 ൽ ചമച്ച കരാറിലെ നിബന്ധന 9 പ്രകാരം പ്രവേശന ടിക്കറ്റിന്റെ 5% വരുന്ന തുക മാസംതോറും ലൈസൻസ് ഫീസ് ഇനത്തിൽ അടവാക്കേണ്ടതാണെന്ന് സ്ഥാപനത്തിന് അറിയിക്കേണ്ടതും യഥാസമയം തുക ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

2) 1962ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം ഉടമസ്ഥൻ/അപേക്ഷകൻ തന്റെ അപേക്ഷയോടൊപ്പം എല്ലാ ടിക്കറ്റുകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും ആയതിൽ തദ്ദേശ സ്ഥാപനത്തിന്റെ മുദ്ര പതിപ്പിച്ച് ആയത് ഉടമസ്ഥന്/അപേക്ഷകന് തിരികെ ഏൽപ്പിക്കേണ്ടതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം സീൽ ചെയ്തു നൽകിയിട്ടുള്ള ടിക്കറ്റുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ, ആകെ ടിക്കറ്റുകളുടെ മാസം തിരിച്ചുള്ള കണക്ക് എന്നിവ കൂടി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-29** തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലും, രേഖകൾ സൂക്ഷിക്കുന്നതിലും കേരള മുനിസിപ്പാലിറ്റി നിയമം, കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നടപടികൾ പൂർണ്ണമായും സ്വീകരിക്കുന്നില്ല. തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

.2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് വിവരങ്ങൾ അതത് പേജുകളിൽ വരവ് വെയ്ക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി വിവരങ്ങൾ രേഖപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ ചട്ടത്തിലെ

നിർദ്ദേശത്തിനനുസരിച്ച് ഓരോ സ്ഥാപനത്തിനും ഓരോ പേജ് അനുവദിച്ചല്ല എഴുതി സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

- 2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി(Profession Tax - Institutions/Traders) ഇനത്തിൽ ₹1988261.9/-(Current), 875566/-(Arrear) ഇനിയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. അരിയർ ഡിമാൻഡ് രജിസ്റ്റർ ലഭ്യമാക്കിയില്ല.
- തൊഴിൽ നികുതി രജിസ്റ്ററിൽ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകളുടെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

**1-30** ജീവനക്കാർക്ക് താൽക്കാലിക അഡ്വാൻസ് നൽകുന്നത് യഥാസമയം ക്രമീകരിക്കുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 പ്രകാരം ഒരു പ്രത്യേക തരത്തിലുള്ള Contingent Expenditure-നായി ജീവനക്കാർക്ക് മുൻകൂറായി അനുവദിക്കുന്ന വായ്പകൾ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വിശദമായ ബില്ലുകളും വൗച്ചറുകളും ഉപയോഗിച്ച് മുൻകൂർ ക്രമീകരിക്കേണ്ടതാണ്.

1) അന്തിമ ബില്ല് 3 മാസത്തെ സമയപരിധിക്കകം സമർപ്പിക്കേണ്ടതാണ്.

2)താൽക്കാലിക മുൻകൂർ പൂർണ്ണമായി ഉപയോഗിക്കാതെ, അഡ്ജസ്റ്റ്മെന്റ് ബിൽ യഥാസമയം സമർപ്പിക്കുന്ന സന്ദർഭങ്ങളിൽ അഡ്വാൻസ് എടുത്ത തീയതി മുതൽ റീഫണ്ട് ചെയ്യുന്ന തീയതി വരെയുള്ള കാലയളവിൽ അഡ്വാൻസിന്റെ ഉപയോഗിക്കാത്ത ഭാഗത്തിന് പലിശ 18% Per Annum ഈടാക്കേണ്ടതാണ്.

3) നിശ്ചിത സമയത്തിനുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കാത്ത സന്ദർഭങ്ങളിൽ ആ സമയപരിധി കഴിഞ്ഞാൽ ഉടൻ തന്നെ മുഴുവൻ തുകയും ഒറ്റയടിക്ക് തിരിച്ചു പിടിക്കാവുന്നതാണ്. തുക പിൻവലിക്കുന്ന തീയതി മുതൽ തുക തിരിച്ചു പിടിക്കുന്ന തീയതി വരെയുള്ള മുഴുവൻ അഡ്വാൻസ് തുകയും 18% പലിശ സഹിതം ഈടാക്കേണ്ടതാണ്.

എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭാ ജീവനക്കാർക്ക് താൽക്കാലിക അഡ്വാൻസ് അനുവദിക്കുന്നതിലും തിരികെ ഈടാക്കുന്നതിലും മേൽ പറഞ്ഞ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അനുവദിച്ച മുൻകൂർ തുക | അഡ്വാൻസിന്റെ സ്വഭാവം | വൗച്ചർ നം/ തിയതി | ക്രമീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | സുനിൽ കുമാർ RI | 25000 | Mike Announcement For Property Collection | 06/ 04.04.2024 | ക്രമീകരിച്ചിട്ടില്ല |
| 2 | ശാലിനി വർഗീസ് | 17600 | Cremation Of Unclaimed Dead Bodies | 312 / 07.06.2024 | 06/30.11.2024 HSC |

| | | | | | |
|---|---|---|---|---|---|
| | PHI | | | | |
| 3 | സുരേഷ് കുമാർ കെ.കെ SPHI | 25000 | Dangerous Tree Cutting | 371 / 26.06.2024 | 14/30.11.2024 HSC |
| 4 | പ്രശാന്ത്. PHI | 20000 | Repair And Maintenance Of Sanitation Vehicle | 311/07.06.2024 | CR12/26.11.2024 |
| 5 | ശ്രീമതി.എ SPHI | 30000 | Dangerous Tree Cutting | 372/26.06.2024 | 19/30.11.2024 HSC |
| 6 | അനിൽ കുമാർ SPHI | 25000 | Dangerous Tree Cutting | 374/26.06.2024 | ക്രമീകരിച്ചിട്ടില്ല |
| 7 | സജേഷ് മോൻ SPHI | 25000 | Dangerous Tree Cutting | 375/26.06.2024 | 32/30.11.2024 HSC |
| 8 | ബിജു PHI | 5000 | Tree Branch Cutting | 425/06.07.2024 | - |
| 9 | ശ്രീജ PHI | 30000 | Tree Branch Cutting | 463/12.07.2024 | - |
| 10 | ശ്രീജ PHI | 5000 | Tree Branch Cutting | 569/12.08.2024 | - |
| 11 | പ്രകാശ് Driver | 6600 | Changing Battery For The Vehicle KL-9 AW 6237 | 761/30.09.2024 | - |
| 12 | രമേഷ്.എം AE | 25000 | Unauthorised Construction Demolition | 769/01.10.2024 | - |
| 13 | കിരൺ കുമാർ PHI | 30000 | Maintenance & Electric Work At Trenching Ground | 845/16.10.2024 | 03/29.04.2025HSC |
| 14 | മനു.ആർ PHI | 4500 | Tree Cutting | 897/23.10.2024 | - |
| 15 | സുരേഷ് കുമാർ കെ.കെ SPHI | 50000 | Kalpathy Ratholsavam | 953/06.11.2024 | - |
| 16 | പ്രകാശ് Driver | 5000 | Vehicle Repair | 1012/17.11.2024 | - |
| 17 | ബിജു Senior Clerk | 9000 | Printing Delimitation Draft Report | 1024/22.11.2024 | - |

| | | | | | |
|---|---|---|---|---|---|
| 18 | സുരേഷ് കുമാർ കെ.കെ<br>SPHI | 4500 | Tree Cutting | 1074/06.12.2024 | - |
| 19 | സുരേഷ് കുമാർ കെ.കെ<br>SPHI | 20000 | Tree Cutting | 1075/06.12.2024 | - |
| 20 | സതീഷ്<br>PHI | 10000 | Repair Charge For Sanitation Vehicle | 1161/21.12.2024 | CR12/31.07.2025 |
| 21 | ശ്രീമതി.എ<br>SPHI | 49000 | Tree Cutting | 1162/21.12.2024 | 12/03.11.2025<br>HSC |
| 22 | സുരേഷ് കുമാർ കെ.കെ<br>SPHI | 15000 | Tree Cutting | 1163/21.12.2024 | 26/30.11.2024 മുൻകൂർ നൽകിയ തിയതിക്ക് മുൻപ് ക്രമീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 23 | മനു.ആർ<br>PHI | 8500 | Tree Cutting | 1164/21.12.2024 | - |
| 24 | കിരൺ കുമാർ<br>PHI | 40000 | Republic Day Celebration | 1289/22.01.2025 | CR01/03.06.2025 |
| 25 | പ്രകാശ്<br>Driver | 9000 | Repair Of Vehicle | 1291/22.01.2025 | - |
| 26 | അനീഷ മോഹൻ<br>PHI | 30000 | Repair Of Sanitation Vehicle | 1304/27.01.2025 | CR 21/26.06.2025 |
| 27 | സുരേഷ്.എൻ<br>PHI | 50000 | Waste To Art About Swatch Sarvekshan Pre Assessment | 1305/27.01.2025 | - |
| 28 | കിരൺ കുമാർ<br>PHI | 50000 | Repair & Electric Work At Trenching Ground | 1442/20.02.2025 | CR 51/22.09.2025 |
| 29 | ശ്രീജ<br>PHI | 40000 | Construction Of Sneharamam At Div-2 | 1496/06.03.2025 | - |
| 30 | ബിജു<br>Senior Clerk | 10000 | Removal Of Plywood In Record Room | 1519/12.03.2025 | - |

| | | | | | |
|---|---|---|---|---|---|
| 31 | സുരേജ് PHI | 10000 | Repair Of Vehicle | 1573/17.03.2025 | - |
| 32 | സിദ്ദീഖ് PHI | 15000 | General Sdervice Of Vehicle | 1606/22.03.2025 | - |
| 33 | സജേഷ് മോൻ SPHI | 250000 | Declaration Of Malinya Mukta Keralam | 1634/27.03.2025 | CR13/22.09.2025 |

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി സ്വീകരിച്ച മുൻകൂർതുക യഥാസമയം ക്രമീകരിച്ചിട്ടില്ലാത്തതായി കാണുന്നു. മുൻകൂർ ക്രമീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ ബന്ധപ്പെട്ടവരിൽ നിന്ന് പലിശ സഹിതം തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല(65/06.01.2026).

ജീവനക്കാർക്ക് മുൻകൂറായി അനുവദിക്കുന്ന വായ്പകൾ, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി വിശദമായ ബില്ലുകളുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി സ്വീകരിച്ച മുൻകൂർതുക യഥാസമയം ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ടിയാളുകളിൽ നിന്നും പലിശ സഹിതം തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-31** ഇൻക്രിമെന്റ് അരിയർ- അനുവദനീയമായതിൽ കൂടുതലായി **(8%**നു പകരം **9%** നിരക്കിൽ) വീട്ടുവാടക ബത്ത അനുവദിച്ചു

2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 2113097/2024 നമ്പർ കെ-സ്മാർട്ട് ഫയൽ പരിശോധിച്ചതിൽ ശ്രീ.ദിനേഷ്.സി, ക്ലാർക്കിന് ഇൻക്രിമെന്റ് അരിയർ ഇനത്തിൽ 54,201 രൂപ (എൻ.പി.എസ് വിഹിതം കുറവ് ചെയ്തതിനു ശേഷം) 28.09.2024 ലെ 339745 നമ്പർ ചെക്ക് പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിൽ വീട്ടുവാടക ബത്ത ഇനത്തിൽ 3444/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-7 ആയി ചേർത്തിട്ടുണ്ട്.

**1-32** നഗരസഭയിൽ നിന്നും വിരമിച്ച / സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാർക്ക്/ ആശ്രിതർക്ക് പെൻഷൻ അരിയർ അധികമായി അനുവദിച്ചു .

2024-25 സാമ്പത്തിക വർഷത്തിൽ തനതുഫണ്ടിൽ നിന്നും നിർവഹിച്ചിട്ടുള്ള ചെലവുകളിൽ, നഗരസഭയിൽ നിന്നും വിരമിച്ച/സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാർക്ക്/ ആശ്രിതർക്ക് പെൻഷണറി ആനുകൂല്യങ്ങൾ അനുവദിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര്/ ആശ്രിതന്റെ പേര് | വിരമിക്കൽ തിയതി/ മരണമടഞ്ഞ തിയതി | ആനുകൂല്യം അനുവദിച്ചതിലെ അപാകതകൾ |
|---|---|---|---|
| 1 | കാളിയമ്മ/ ആറുമുഖൻ .പി<br>കെ-സ്മാർട്ട് ഫയൽ നം.712787 | 06.05.2021 | പെൻഷൻ രേഖകൾ പ്രകാരം കുടുംബ പെൻഷന്റെ ഉയർന്ന നിരക്ക് 21150 രൂപയാണ്. മരണപ്പെട്ട തിയതിക്ക് ശേഷമുള്ള 07.05.2021 മുതൽ 01/2023 വരെയുള്ള കുടുംബ പെൻഷൻ അരിയർ ആയ 471479രൂപ അനുവദിച്ചതിൽ 618 രൂപ അധികം നൽകിയിട്ടുണ്ട്.<br>(6/21-01/23 വരെ 20 മാസത്തെ അരിയർ തുക ചുവടെ ചേർക്കുന്നു.<br>21150*1.07*20= 452610, 07.05.2021-31.05.2021 വരെയുള്ള 25 ദിവസത്തെ അരിയർ തുക ചുവടെ ചേർക്കുന്നു.<br>((21150*1.07)/31)*25 ദിവസത്തെ 18251 ,<br>ആകെ 470861രൂപ, എന്നാൽ ചെക്ക് നം.632757/29.05.2024 പ്രകാരം 471479 രൂപ അനുവദിച്ചിട്ടുണ്ട്. |
| 2 | ചന്ദ്രൻ.വി<br>കെ-സ്മാർട്ട് ഫയൽ നം.388292 | 31.12.2022 | പെൻഷൻ രേഖകൾ പ്രകാരം, ടിയാന്റെ പെൻഷൻ 17366 രൂപയാണ്. 01/23മുതൽ 12/2024 വരെയുള്ള പെൻഷൻ അരിയർ ഇനത്തിൽ 451001 രൂപ MB1301663/15.03.2025 നമ്പർ ചെക്ക് പ്രകാരം അനുവദിച്ചിട്ടുണ്ട്, ആയതിൽ 868രൂപ അധികം നൽകിയതായി കാണുന്നു.<br>01/23 മുതൽ 03/24 വരെ 7% |

| | | | | |
|---|---|---|---|---|
| | | | ആയിരുന്ന അനുവദനീയമായ ക്ഷാമാശ്വാസ നിരക്ക്. G.O.(P)17/2024/FIN Dtd 12.03.2024പ്രകാരം 04/24 ൽ വിതരണം ചെയ്യുന്ന പെൻഷനിൽ ആണ് 9% ബാധകമാകുന്നത്. കൂടാതെ G.O.(P)91/2024/FIN Dtd 26.10.2024 പ്രകാരം 11/24 ൽ വിതരണം ചെയ്യുന്ന പെൻഷനിൽ ആണ് 12% ബാധകമാകുന്നത് എന്നിരിക്കെ 03/24ൽ 9% നിരക്കും 10/24 ൽ 12% നിരക്കിലും ക്ഷാമാശ്വാസം കണക്കിലെടുത്തതുമൂലം 868 (347+521) രൂപ അധികം അനുവദിച്ചിട്ടുണ്ട്. | |
| 3 | ധന്യ/ ആറുമുഖൻ കെ-സ്മാർട്ട് ഫയൽ നം. 246908 | 02.02.2024 | പെൻഷൻ രേഖകൾ പ്രകാരം, കുടുംബപെൻഷന്റെ ഉയർന്ന നിരക്ക് 19650 രൂപയാണ്. 03.02.2024 മുതൽ 01/2025 വരെയുള്ള കുടുംബ പെൻഷൻ അരിയർ 257533 രൂപ MB1301669/25.03.2025 നമ്പർ ചെക്ക് പ്രകാരം നൽകിയതിൽ 983 രൂപ അധികം അനുവദിച്ചതായി കാണുന്നു.<br>03/24ൽ 9% നിരക്കിലും 10/24 ൽ 12% നിരക്കിലും ക്ഷാമാശ്വാസം കണക്കിലെടുത്തതുമൂലം 983 (393+590) രൂപ അധികം അനുവദിച്ചിട്ടുണ്ട്. | |
| 4 | നാഗരാജൻ കെ-സ്മാർട്ട് ഫയൽ നം. 248111 | 31.05.2024 | പെൻഷൻ 11500 രൂപയായി അംഗീകരിച്ചിട്ടുണ്ട്. 06/24 മുതൽ 12/24 വരെയുള്ള അരിയർ 88780 രൂപ MB1301670/26.03.2025 | |

| | | | |
|---|---|---|---|
| | | | നമ്പർ ചെക്ക് മുഖേന അനുവദിച്ചതിൽ, 10/24 ന് 12% നിരക്കിൽ ക്ഷാമാശ്വാസം കണക്കിലെടുത്തതുമൂലം 345 രൂപ അധികം അനുവദിച്ചിട്ടുണ്ട്. |

മേൽപ്രകാരം പെൻഷൻ അരിയർ അനുവദിച്ചതിൽ അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 06/16.07.2025 നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച പെൻഷണർ/പെൻഷണറുടെ ആശ്രിതർക്ക് പെൻഷൻ അരിയർ ഇനത്തിൽ അധികം നൽകിയ തുക 2804/- രൂപ തിരികെ ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും, ഈടാക്കിയ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-33** <u>നഗരസഭയിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത അനുവദിച്ചത്-കെ.എസ്.ആർ _ ഭാഗം 2 ,കേരള ട്രഷറി കോഡ് എന്നിവയിലെ ചട്ടങ്ങൾ പാലിച്ചില്ല</u>

2797879/2024 നമ്പർ കെ-സ്മാർട്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാർക്ക് ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ ആകെ 11020രൂപ (FSC യുടെ 06.10.2024 ലെ 9-ാം നമ്പർ തീരുമാനം) 21.12.2024 ലെ 082168 നമ്പർ ചെക്ക് മുഖേന അനുവദിച്ചിട്ടുണ്ട്. ഔദ്യോഗിക യാത്രകൾക്കുള്ള യാത്രാബത്ത അനുവദിക്കേണ്ടത് കെ.എസ്.ആർ ഭാഗം 2 ലെ ചട്ടങ്ങൾക്കും, കേരള ട്രഷറി കോഡ് ചട്ടം 178, Form TR56 (Travelling Allowance Bill Of Non GazettedEstablishment)ലെ നിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന ജീവനക്കാർ തൃശ്ശൂർ കിലയിൽ ട്രെയിനിങിൽ പങ്കെടുത്തതിന് ദിനബത്തയായിട്ടാണ് (Daily Allowance) യാത്രാബത്ത നൽകിയിട്ടുള്ളത്.

| ക്രമ നം. | ജീവനക്കാരന്റെ പേര്/ തസ്തിക | യാത്ര ചെയ്ത തിയതി (ടി.എ.ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്) | | യാത്ര ചെയ്ത സമയം | | അനുവദിച്ച യാത്രാബത്ത/ ദിനബത്ത |
|---|---|---|---|---|---|---|
| 1 | ജിഷ.പി സീനിയർക്ലർക്ക്(38300) | 14.05.2024 | 15.05.2024 | 07.00am | 08.00pm | 613 രൂപ |
| 2 | രജിത.ആർ സീനിയർക്ലർക്ക്(36500) | 14.05.2024 | 15.05.2024 | 07.00am | 08.00pm | 613 രൂപ |
| 3 | സുരേഷ് കുമാർ സീനിയർക്ലർക്ക്(37400) | 23.03.2024 | 24.03.2024 | 07.00am | 08.00pm | 613 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| 4 | വിജീഷ്.സി<br>സീനിയർക്ലർക്ക്(39300) | 23.03.2024 | 24.03.2024 | 07.00am | 08.00pm | 875 രൂപ |

കെ.എസ്.ആർ ഭാഗം 2 ലെ ചട്ടം 37, 63 എന്നിവ പ്രകാരം ഹാൾട്ട് സംബന്ധിച്ച വിശദാംശങ്ങൾ ടി.എ.ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാർ യാത്രപ്പടിയ്ക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിച്ചതിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ മേൽ അപാകതയ്ക്ക് രേഖകൾ സഹിതം വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/29.07.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഔദ്യോഗിക യാത്രകൾക്കുള്ള യാത്രാബത്ത അനുവദിക്കേണ്ടത് കെ.എസ്.ആർ ഭാഗം 2 ലെ ചട്ടങ്ങൾക്കും, കേരള ട്രഷറി കോഡ് ചട്ടം 178, Form TR56 (Travelling Allowance Bill Of Non Gazetted Establishment)ലെ നിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 കണ്ടിജന്റ് ജീവനക്കാർക്ക് എസ്.എൽ.ഐ, ജി.ഐ.എസ് എന്നിവയിൽ അംഗത്വം ഇല്ലാതെ ഇൻക്രിമെന്റ് അനുവദിച്ചു

2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പാലക്കാട് നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള ബിൽ പരിശോധിച്ചതിൽ തഴെപ്പറയുന്ന ജീവനക്കാർ സംസ്ഥാന ലൈഫ് ഇൻഷുറൻസ് സ്കീം, ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം എന്നിവയിൽ അംഗത്വമെടുത്തിട്ടില്ലെന്ന് കാണുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര് | ഡിവിഷൻ | അംഗത്വം ഇല്ലാത്ത ഇൻഷുറൻസ് സ്കീം | സേവനത്തിൽ പ്രവേശിച്ച തിയതി |
|---|---|---|---|---|
| 1 | ഗിരിജ.ആർ | 1 | SLI | 03.04.2023 |
| 2 | ഗോപി.കെ.കെ | 1 | SLI | 03.04.2023 |
| 3 | കൃഷ്ണമൂർത്തി. കെ.സി | 1 | SLI | 03.04.2023 |
| 4 | സുചിത്ര.പി.വി | 1 | SLI, GIS | 03.04.2023 |
| 5 | മണികണ്ഠൻ/ ആറുമുഖൻ | 2 | GIS | 19.06.2023 |
| 6 | രാജാമണി | 2 | SLI | 03.04.2023 |
| 7 | രാധ.പി.എ | 2 | SLI | 03.04.2023 |
| 8 | ദേവയാനി.സി.വി | 2 | SLI | 03.04.2023 |

| | | | | |
|---|---|---|---|---|
| 9 | ബിന്ദു.കെ | 2 | SLI | 03.04.2023 |
| 10 | വിജയകുമാർ. എം | 3 | SLI | 03.04.2023 |
| 11 | ഹാരിസ്.വി | 3 | SLI | 03.04.2023 |
| 12 | സുമതി.വി.കെ | 3 | SLI | 03.04.2023 |
| 13 | രജനീദേവീ.എം | 3 | SLI | 03.04.2023 |
| 14 | ഗോമതി.കെ | 3 | SLI, GIS | 03.04.2023 |
| 15 | ലീല.പി.എം | 3 | SLI, GIS | 03.04.2023 |
| 16 | രുഗ്മിണി.പി | 3 | SLI, GIS | 03.04.2023 |
| 17 | വേലായുധൻ/ മലയൻ | 3 | SLI, GIS | 03.04.2023 |
| 18 | കണ്ണൻ.എൽ | 3 | SLI, GIS | 03.04.2023 |
| 19 | സുശീല.എം | 4 | SLI, GIS | 03.04.2023 |
| 20 | ആറുമുഖൻ/ കറുപ്പൻ | 4 | SLI, GIS | 03.04.2023 |
| 21 | ഗീത.എ | 4 | SLI, GIS | 03.04.2023 |
| 22 | മണികണ്ഠൻ തമ്പി | 4 | SLI, GIS | 03.04.2023 |
| 23 | മണികണ്ഠൻ. കെ | 5 | SLI, GIS | 15.09.2018 |
| 24 | ഗോപാലൻ/ വേലായുധൻ | 5 | SLI, GIS | 03.04.2023 |
| 25 | ശശിധരൻ. കെ. കെ | 5 | SLI, GIS | 03.04.2023 |
| 26 | ഷാജഹാൻ.എ | 5 | SLI, GIS | 03.04.2023 |
| 27 | ഗുരുവായൂരപ്പൻ/ രാമകൃഷ്ണൻ | 5 | SLI, GIS | 03.04.2023 |
| 28 | മണികണ്ഠൻ/ കുമാരൻ | 5 | SLI, GIS | 03.04.2023 |
| 29 | രവീന്ദ്രൻ/ വേലൻ | 5 | SLI, GIS | 03.04.2023 |
| 30 | സുരേഷ് കുട്ടികൃഷ്ണൻ | 5 | SLI | 28.04.2023 |
| 31 | കാർത്തിക് | 5 | GIS | 17.06.2023 |

| | | | | |
|---|---|---|---|---|
| | രവിചന്ദ്രൻ | | | |
| 32 | രാജി.ആർ | 6 | SLI, GIS | 15.03.2018 |
| 33 | കൃഷ്ണൻകുട്ടി വേലായുധൻ | 6 | SLI, GIS | 03.04.2023 |
| 34 | ഉഷ.സി.ടി | 6 | SLI, GIS | 03.04.2023 |
| 35 | കൃഷ്ണകുമാരി.വി | 6 | SLI | 03.04.2023 |
| 36 | ശോഭന.ആർ | 6 | SLI | 03.04.2023 |
| 37 | ശാന്ത.കെ | 6 | SLI | 03.04.2023 |
| 38 | സൗദാമിനി.ടി.ജി | 6 | SLI | 03.04.2023 |
| 39 | മുഹമ്മദ് റഫീഖ്.എം | 6 | SLI | 03.04.2023 |
| 40 | കണ്ണദാസ് ചെല്ലൻ | 6 | SLI, GIS | 03.04.2023 |
| 41 | ജയപ്രകാശൻ. എം. കെ | 6 | SLI, GIS | 03.04.2023 |
| 42 | ശശി ലക്ഷമണൻ | 6 | SLI | 03.04.2023 |

സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന 50 വയസ്സ് കഴിയാത്ത ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ SLI ലും ഒരു വർഷത്തിനുള്ളിൽ GIS ലും അംഗമാകേണ്ടതാണെന്നും അതുവരെ ജീവനക്കാർക്ക് ആദ്യ ഇൻക്രിമെന്റിന് അർഹത ഉണ്ടാവില്ല എന്നും ജി.ഒ.(പി) 556/2008/ധന തിയതി 16.12.2008 ലും കെ.എസ്.ആർ ചട്ടം 22എ, 22ബി, കുറിപ്പ് 3 ചട്ടം 31 KSR എന്നിവയിലും നിർദേശിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച ജീവനക്കാർ SLI, GIS പോളിസികളിൽ യഥാസമയം അംഗത്വം എടുക്കാതിരുന്നതിനും, ടി ജീവനക്കാർക്ക് SLI, GIS എന്നിവയിൽ അംഗത്വമെടുക്കാതെ ഇൻക്രിമെന്റ് അനുവദിച്ചതിനും വ്യക്തമായ വിശദീകരണം/ മറുപടി ലഭ്യമാക്കുവാൻ 21/11.09.2025 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദേശം

1) മേൽ പരാമർശിക്കപ്പെട്ട സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാധകമായ എല്ലാ ജീവനക്കാരും SLI , GIS പോളിസികൾ എടുത്തിട്ടുണ്ടെന്നും ആയത് ടി ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

2)SLI, GIS പോളിസികൾ എടുക്കാത്ത ജീവനക്കാർക്ക് ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് താത്കാലികമായി തടഞ്ഞുവെക്കേണ്ടതും SLI പോളിസി എടുത്ത് പോളിസി നമ്പർ

സഹിതം വിവരം ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന സെക്ഷനിൽ അറിയിക്കുന്ന മുറയ്ക്ക് തടഞ്ഞുവെച്ച ഇൻക്രിമെന്റ് അരിയർ സഹിതം അനുവദിക്കേണ്ടതുമാണ്.

**1-35 സസ്പെൻഷനിലുള്ള ജീവനക്കാരന് 6 മാസത്തിനു ശേഷമുള്ള ദീർഘിപ്പിച്ച കാലയളവിലും വീട്ടുവാടകബത്ത അനുവദിച്ചു**

2024-25 സാമ്പത്തിക വർഷത്തിൽ റഗുലർ ജീവനക്കാർക്ക് ശമ്പളം അനുവദിച്ചതിന്റെ ബില്ലുകൾ പരിശോധിച്ചതിൽ, നഗരസഭയിലെ രണ്ടാം ഗ്രേഡ് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.മുഹമ്മദ് ബൂസാരി സി.പി. യെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിന് 09.05.2024 ലെ ജി-10-1149849/2024 നമ്പർ നടപടിക്രമം പ്രകാരം ഉത്തരവു തിയതി മുതൽ ജോലിയിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. 6 മാസക്കാലാവധി അവസാനിക്കുന്ന 08.11.2024നു ശേഷം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 07.11.2024 ലെ LSGD/JD/PKD/2930/2024-A1 ഉത്തരവു പ്രകാരം വീണ്ടും 2 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുമുണ്ട്. ദീർഘിപ്പിച്ച കാലയളവിൽ അനുവദിച്ച ഉപജീവനബത്തയിൽ (ആകെ 47912 രൂപ ) വീട്ടുവാടകബത്ത (2560*2= 5120) കൂടി അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (699124/08.08.2025). കെ.എസ്.ആർ ഭാഗം 1 ചട്ടം 55 കുറിപ്പ് 3A പ്രകാരം നഷ്ടപരിഹാരബത്തകൾ അനുവദിക്കാവുന്ന പരമാവധി കാലയളവ് 180 ദിവസമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ചട്ടത്തിനു വിരുദ്ധമായി വീട്ടുവാടകബത്ത അനുവദിച്ചതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 26/23.09.2025 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണംതിന് മറുപടി ലഭ്യമാക്കിയില്ല.

ചട്ടത്തിനു വിരുദ്ധമായി വീട്ടുവാടകബത്ത അനുവദിച്ചതിനു കെ.എസ്.ആർ ഭാഗം 1 ചട്ടം 55 കുറിപ്പ് 3A പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും അധികമായി അനുവദിച്ച തുക കണക്കാക്കി തിരികെ ഈടാക്കിയ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-36 കണ്ടിജന്റ് ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റ് സമയബന്ധിതമായി അനുവദിക്കുന്നില്ല**

2024-25 സാമ്പത്തിക വർഷത്തിൽ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള ബില്ല്, സേവനപുസ്തകം എന്നിവ പരിശോധിച്ചതിൽ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് സമയബന്ധിതമായി അനുവദിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | ഇൻക്രിമെന്റ് അനുവദിച്ച തിയതി (സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയത്) | അടിസ്ഥാന ശമ്പളം | റിമാർക്സ് |
|---|---|---|---|
| ബാബുദാസ് | 01.03.2023 | 34700 | നിലവിൽ 34700 |

| | | | |
|---|---|---|---|
| കമലം | 09.09.2021 | 53900 | നിലവിൽ 53900 |
| അനിൽകുമാർ.ഇ | 04.03.2023 | 28700 | 05/25 ൽ 32000 |

മേൽ പരാമർശിച്ച ജീവനക്കാർക്ക് യഥാസമയം ഇൻക്രിമെന്റ് അനുവദിക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 27/24.09.2025 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

കേരള സർവീസ് ചട്ടങ്ങൾ ചട്ടം 31 പ്രകാരം ജീവനക്കാർക്ക് യഥാസമയം വാർഷിക ഇൻക്രിമെന്റ് അനുവദിക്കേണ്ടതാണ്. ഇൻക്രിമെന്റ് യഥാസമയം അനുവദിക്കാതിരുന്നതിന്റെ കാരണങ്ങൾ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-37 ഇൻക്രിമെന്റ് അരിയർ കണക്കാക്കിയതിൽ അധികം തുക അനുവദിച്ചു**

ഫയൽ നം.1009637

നഗരസഭയിൽ ജെ.പി.എച്ച്.എൻ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.ലക്ഷ്മികുട്ടി. പി.കെ എന്നവർക്ക് 22.10.2022 തിയതിയിലെ ഇ5-3103/2022 നമ്പർ ഉത്തരവ് പ്രകാരം 16.01.2016 പൂർവാഹ്നം മുതൽ നിരീക്ഷണകാലം പൂർത്തീകരിച്ചതിന്റെ ഭാഗമായി 16.01.2016 മുതൽ 2021 ഫെബ്രുവരി വരെയുള്ള ഇൻക്രിമെന്റ് അരിയർ നൽകുന്നതിനായി ബില്ല് തയ്യാറാക്കി 082191/09.01.2025 നമ്പർ ചെക്ക് പ്രകാരം 86874 രൂപ അനുവദിച്ചിട്ടുണ്ട്. സേവനപുസ്തകം പരിശോധിച്ചതിൽ 2021 ഫെബ്രുവരി മാസത്തിൽ ടിയാരിക്ക് 20 ദിവസം അർദ്ധവേതനാവധി അനുവദിച്ചിട്ടുണ്ട്. ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിൽ, അർദ്ധവേതനാവധി വേതനം ഉൾപ്പെടെ ടിയാരി കൈപ്പറ്റിയ ശമ്പളം (17220) ആയിരുന്നു Drawn Amount ആയി എടുക്കേണ്ടിയിരുന്നത്. അതിനു പകരം അടിസ്ഥാന ശമ്പളം ആയ 24600 എന്ന് കണക്കിലെടുക്കുകയും , Due Amount Actual Increment ആയ 27800 എന്നെടുത്തതുമൂലവും അധികം തുക അനുവദിച്ചിട്ടുണ്ട്.

| Due (B.P) | DA Due | Drawn (B.P) | DA Drawn | Bal Payable | Actual Due (Duty Pay) | DA Due | Actual Drawn (Duty Pay) | DA Drawn | Bal Payable | Excess Paid |
|---|---|---|---|---|---|---|---|---|---|---|
| 27800 | 5560 | 24600 | 4920 | **3840** | 17872 | 5560 | 17220 | 4920 | **1292** | **2548** |

ശ്രീമതി.ലക്ഷ്മിക്കുട്ടി.പി.കെ യ്ക്ക് അധികമായി അരിയർ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച 2548 രൂപ തിരികെ ഈടാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് (28/24.09.2025).

**1-38 കണ്ടിജന്റ് ജീവനക്കാരന് പ്രതിമാസ ശമ്പളം അനുവദിച്ചതിലെ അപാകതകൾ**

നഗരസഭയിലെ ഹെൽത്ത് ഡിവിഷൻ 3 ൽ കണ്ടിജന്റ് ജീവനക്കാരനായി ജോലി ചെയ്തു വരുന്ന ശ്രീ.ഉണ്ണികൃഷ്ണൻ.കെ എന്നവരെ സെക്രട്ടറിയുടെ 22.07.2024 ലെ H1-32473/23 നമ്പർ നടപടിക്രമം പ്രകാരം 22.07.2024 മുതൽ സസ്പെന്റ് ചെയ്തിരുന്നതും തുടർന്ന് 12.12.2024 ലെ ഇതേ നമ്പർ നടപടിക്രമം പ്രകാരം സസ്പെൻഷൻ പിൻവലിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചുകൊണ്ടും ഉത്തരവായിരുന്നു. ടിയാൻ 23.12.2024 നാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. 22.07.2024 മുതൽ 30.08.2024 വരെയുള്ള സസ്പെൻഷൻ കാലയളവ് HPL ആയും 31.08.2024 മുതൽ 22.12.2024 വരെ ശൂന്യവേതനാവധി അനുവദിച്ചിട്ടുമുണ്ട്. പ്രസ്തുത മാസങ്ങളിലെ ശമ്പളബില്ലുകൾ പരിശോധിച്ചതിൽ ടിയാന് ഉപജീവനബത്ത അനുവദിച്ചതായി കാണുന്നില്ല.

സേവനപുസ്തകം, ശമ്പളബില്ല് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊരുത്തക്കേടുകൾ ചുവടെ ചേർക്കുന്നു.

1) 01/25 ൽ 22.01.2025 ന് ഡയസ്നോൺ എന്ന് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശമ്പളബില്ലിൽ ഡയസ്നോൺ ദിവസത്തെ ശമ്പളം കുറവു ചെയ്യാതെ, ടിയാന് 11850 (Pay)+2559.60 (SLA)+2844 (DA) എന്നിങ്ങനെയാണ് അനുവദിച്ചിട്ടുള്ളത്. 01/2025 ൽ സേവനപുസ്തകത്തിൽ അർഹതപ്പെട്ട മറ്റു ലീവുകളൊന്നും അനുവദിച്ചതായി കാണുന്നില്ല.

2) 02/25 -14 ദിവസം LWA അനുവദിച്ചതായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്, അനുവദിച്ച ശമ്പളം 11850+2559.60 (SLA).

3) 03/25-18 ദിവസം LWA അനുവദിച്ചതായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് , അനുവദിച്ച ശമ്പളം 11850+2559.60 (SLA)

01/25, 02/25, 03/25 എന്നീ മാസങ്ങളിൽ ശൂന്യവേതനാവധി കണക്കിലെടുത്ത് യഥാർത്ഥത്തിൽ അനുവദിക്കേണ്ട ശമ്പളവും അലവൻസുകളും അനുവദിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 29/27.09.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ശ്രീ.ഉണ്ണികൃഷ്ണൻ.കെ എന്നവർക്ക് 01/25, 02/25, 03/25 എന്നീ മാസങ്ങളിലെ ശൂന്യവേതനാവധി കണക്കിലെടുത്ത് യഥാർത്ഥത്തിൽ അനുവദിക്കേണ്ട ശമ്പളവും അലവൻസുകളും അനുവദിക്കേണ്ടതും സസ്പെൻഷൻ കാലയളവിലെ ഉപജീവനബത്ത അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-39 ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയ ജീവനക്കാരൻ ലീവ് എടുത്തതായി കണക്കാക്കി പകരം ജീവനക്കാരെ നിയോഗിച്ച് വേതനം അനുവദിച്ചു .**

ഫയൽ നമ്പർ -എച്ച്2-23903/2023

2024-25 ഓഡിറ്റിന്റെ ഭാഗമായി പകരം തൊഴിലാളികൾക്ക് വേതനം അനുവദിക്കുന്നതുമായി

ബന്ധപ്പെട്ട ഫയൽ, കണ്ടിജന്റ് ജീവനക്കാരുടെ അറ്റൻഡന്റ്സ് രജിസ്റ്റർ, സേവനപുസ്തകം, ലീവ്/ Absentees Statement എന്നിവ പരിശോധിച്ചതിൽ കണ്ടിജന്റ് ജീവനക്കാർ ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ പ്രസ്തുത ജീവനക്കാർ അവധിയിൽ ആണെന്ന് രേഖപ്പെടുത്തി പകരം ജീവനക്കാരെ ടി ദിവസങ്ങളിൽ ജോലിയ്ക്ക് നിയോഗിച്ച് വേതനം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-8 ആയി ചേർത്തിട്ടുണ്ട്.

**1-40 പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗത്വമില്ലാതെ ജീവനക്കാർ സേവനത്തിൽ തുടരുന്നു**

01.04.2013 മുതലുള്ള നിയമനങ്ങൾക്ക് ദേശീയ പെൻഷൻ പദ്ധതിയാണ് ബാധകം (ജി.ഒ.(പി)നം.20/2013/ധന, തിയതി 07.01.2013). ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് അടിസ്ഥാന ശമ്പളവും ബത്തയുമുൾപ്പെടെയുള്ള തുകയുടെ 10% ഈടാക്കി തത്തുല്യ തുക സർക്കാരും (നഗരസഭ) സംഭാവന ചെയ്ത് ഓരോ ജീവനക്കാരന്റെയും പെൻഷൻ അക്കൗണ്ടിൽ അടവാക്കേണ്ടതാണ്. ഇതിനായി സേവനത്തിൽ ചേർന്ന് 7 ദിവസത്തിനകം PRAN നമ്പർ ലഭ്യമാക്കുവാൻ രജിസ്ട്രേഷൻ നടത്തേണ്ടതും 30 ദിവസത്തിനകം PRAN ലഭ്യമാക്കുന്നു എന്ന് ഓഫീസ് മേധാവി/നിയമനാധികാരി ഉറപ്പുവരുത്തേണ്ടതും സബ്സ്ക്രൈബർ/ അപ്പോയ്ന്റ്മെന്റ് അതോറിറ്റി/ ഡി.ഡി.ഒ മാർ PRAN ഫോമുകൾ സമർപ്പിക്കുന്നതിലും/ ഫോർവേഡ് ചെയ്യുന്നതിലും Directorate Of Treasuries And Accounts Ie; Director Of Panchayat Or Director Of Urban Affairs (ഡി.ടി.എ)/ ട്രസ്റ്റി ബാങ്കിലേക്ക് ഫണ്ട് കൈമാറുന്നതിലും അനാവശ്യമായ കാലതാമസം എന്നിവ ഗൗരവമായി കാണുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്നും (ജി.ഒ.(പി)നം.152/2014/ധന, തിയതി 29.04.2014) ഉത്തരവായിട്ടുള്ളതാണ്.

2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കണ്ടിജന്റ് ജീവനക്കാരുടെ ഫെബ്രുവരി 2025 & ഒക്ടോബർ 2025 മാസങ്ങളിലെ ശമ്പള ബിൽ പരിശോധിച്ചതിൽ തഴെപ്പറയുന്ന ജീവനക്കാർക്ക് നാളിതുവരെ PRAN ലഭ്യമാക്കി പങ്കാളിത്ത പെൻഷൻ ഇനത്തിൽ ശമ്പളത്തിൽ നിന്നും തുക കുറവ് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര് | ജോലിയിൽ പ്രവേശിച്ച തീയതി | ഡിവിഷൻ |
|---|---|---|---|
| 1 | ആഞ്ചല.ജി | 09.07.2021 | 1 |
| 2 | മാരിമുത്തു.കെ | 18.10.2022 | 1 |
| 3 | പ്രിയ.ഡി | 03.04.2023 | 1 |
| 4 | ഉഷ.പി.എസ് | 03.04.2023 | 1 |
| 5 | മണികണ്ഠൻ ശക്തിവേൽ | 03.04.2023 | 1 |
| 6 | അൻവർ.എച്ച് | 03.04.2023 | 2 |

| | | | |
|---|---|---|---|
| 7 | മണികണ്ഠൻ.എസ്(Jr) | 13.01.2021 | 3 |
| 8 | ഗോമതി.കെ | 03.04.2023 | 3 |
| 9 | സുമതി.വി.കെ | 03.04.2023 | 3 |
| 10 | രജനീദേവീ.എം | 03.04.2023 | 3 |
| 11 | ലീല.പി.എം | 03.04.2023 | 3 |
| 12 | രുഗ്മിണി.പി | 03.04.2023 | 3 |
| 13 | വേലായുധൻ മലയൻ | 03.04.2023 | 3 |
| 14 | കണ്ണൻ.എൽ | 03.04.2023 | 3 |
| 15 | വിജയകുമാർ.എം | 03.04.2023 | 3 |
| 16 | ഹാരിസ്.വി | 03.04.2023 | 3 |
| 17 | ഉണ്ണികൃഷ്ണൻ.കെ | 10.08.2022 | 3 |
| 18 | വനിത.കെ | 03.04.2023 | 4 |
| 19 | സുശീല.എം | 03.04.2023 | 4 |
| 20 | ശശിധരൻ.കെ.കെ | 03.04.2023 | 5 |
| 21 | മണികണ്ഠൻ കുമാരൻ | 03.04.2023 | 5 |
| 22 | കാർത്തിക് രവിചന്ദ്രൻ | 17.06.2023 | 5 |
| 23 | സുരേഷ് കുട്ടികൃഷ്ണൻ | 28.04.2023 | 5 |
| 24 | വീരമണി ആറുമുഖൻ | 03.04.2023 | 6 |
| 25 | കൃഷ്ണൻകുട്ടി വേലായുധൻ | 03.04.2023 | 6 |

01.04.2013 മുതലുള്ള നിയമനങ്ങൾ പങ്കാളിത്തപെൻഷൻ പദ്ധതിയിൽ തുടരുന്നതിനാൽ ജീവനക്കാരൻ PRAN നമ്പർ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട് എന്ന് ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണ്. രജിസ്ട്രേഷൻ നമ്പർ ലഭ്യമാക്കാതെ ജീവനക്കാരൻ വിരമിക്കുന്ന സാഹചര്യത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സം ഉണ്ടാകും. ആയത് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ജീവനക്കാർക്ക് PRAN രജിസ്ട്രേഷൻ നടത്താതിരുന്നതിനും പെൻഷൻ വിഹിതം ശമ്പളത്തിൽ നിന്നും കുറവു വരുത്താതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (67/12.01.2026).

<u>ഓഡിറ്റ് നിർദേശം</u>

01.04.2013 ന ശേഷം സേവനത്തിൽ പ്രവേശിച്ചിട്ടുള്ള/ ദേശീയ പെൻഷൻ പദ്ധതി ബാധകമായ എല്ലാ ജീവനക്കാർക്കും പദ്ധതി അംഗത്വം (PRAN നമ്പർ ) ലഭ്യമാക്കുന്നതിനും ടി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം കുറവു ചെയ്ത്

യഥാസമയം അടവാക്കുന്നതിനും, സ്ഥാപന ഓൺലൈൻ വെബ്ബിൽ വരവ് വെക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>1-41 കണ്ടിജന്റ് ഫാമിലി പെൻഷൻ ഗുണഭോക്താക്കൾ അധികം തുക കൈപ്പറ്റുന്നു- വിവരങ്ങൾ ലഭ്യമാക്കിയില്ല</u>**

കെസ്മാർട്ട് ഫയൽ നം.എ5-380636

പാലക്കാട് നഗരസഭയിൽ കണ്ടിജന്റ് ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളിൽ ചിലർ അധികം തുക കൈപ്പറ്റുന്നതായി ബന്ധപ്പെട്ട സെക്ഷൻ 01.11.2024 തിയതിയിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആയത് വിശദമായി പരിശോധിക്കുകയും അധിക തുക കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് അടിയന്തിരമായി തുക തിരികെ നഗരസഭയിൽ അടവാക്കാനുള്ള അറിയിപ്പ് നൽകുന്നതിനും കൂടുതൽ തുക അടവാക്കാനുള്ള ഗുണഭോക്താക്കൾക്ക് ഗഡുക്കളായി തുക തിരികെ അടവാക്കുന്നതിനുള്ള സാവകാശം നൽകുന്നതിനും ഐക്യകണ്ഠേന കമ്മിറ്റി തീരുമാനിച്ചു. പാലക്കാട് നഗരസഭയിൽ നിന്നും സർവ്വീസ് പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ആരെങ്കിലും കൂടുതൽ തുക കൈപ്പറ്റുന്നുണ്ടോ എന്ന് വിശദമായി പരിശോധിക്കുന്നതിനും തുക തിരികെ അടവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്താനും കമ്മിറ്റി തീരുമാനിച്ചു (FSC തീരുമാനം 07/20.12.2024).

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ തീരുമാനപ്രകാരം ഫാമിലി പെൻഷൻ അധികം തുക കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ, പെൻഷൻ തുക തിരികെ ഈടാക്കുന്നതിനു സ്വീകരിച്ച നടപടികൾ, നാളിതു വരെ ഈടാക്കിയ തുക എന്നിവയുടെ വിശദാംശങ്ങളും രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 50/30.10.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

നിലവിലും സർവ്വീസ്/കണ്ടിജന്റ് പെൻഷണർ/ ഫാമിലി പെൻഷണർക്ക് പെൻഷൻ അനുവദിക്കുന്നത് Excel ഫോർമാറ്റിലുള്ള സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ്. കണ്ടിജന്റ് ഫാമിലി പെൻഷണർക്ക് മാത്രമാണ് നിലവിൽ രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. കൃത്യമായ ഡാറ്റാ ബേസ് ഇല്ലാത്തതിനാൽ പെൻഷൻ അനുവദിക്കുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20.12.2024 ലെ 07-ാം നമ്പർ തീരുമാനപ്രകാരം അധികം പെൻഷൻ തുക കൈപ്പറ്റിയവരുടെ വിശദാംശങ്ങളും, നാളിതുവരെ അവരിൽ നിന്നും അധിക തുക ഈടാക്കിയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. കമ്മ്യൂട്ടേഷൻ പുനസ്ഥാപിക്കുന്നതിന്റെ വിവരങ്ങളും, മരണപ്പെട്ടവരുടെ വിവരങ്ങളും രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. കുടുംബ പെൻഷൻ അനുവദിക്കുന്നവർക്ക് അംഗീകരിക്കപ്പെട്ട

കാലയളവിന്റെ ശേഷവും ഉയർന്ന നിരക്ക് അനുവദിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**1-42 മുനിസിപ്പൽ പെൻഷൻകാരുടെ മെഡിസെപ്പ് പദ്ധതി- പെൻഷൻകാരുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം അടവാക്കേണ്ടതാണ്**

കെസ്മാർട്ട് ഫയൽ നം.-644039/24

സ.ഉ.(പി) 70/2022/ധന തിയതി 24.06.2022 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി 01.07.2022 മുതൽ മെഡിസെപ്പ് പദ്ധതി നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും, പെൻഷൻകാരുടെ പ്രതിമാസ അർഹതയിൽ നിന്നും പ്രീമിയം തുകയായ 500 രൂപ കിഴിവ് വരുത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 644039/2024 നമ്പർ കെസ്മാർട്ട് ഫയൽ, 2024-25 സാമ്പത്തിക വർഷത്തെ ചെലവുരേഖകൾ പരിശോധിച്ചതിൽ നഗരസഭയിൽ നിന്നും പെൻഷൻ സ്വീകരിക്കുന്ന റഗുലർ/കണ്ടിജന്റ് പെൻഷൻ/കുടുംബപെൻഷൻകാരും മുഴുവൻ എണ്ണത്തിന് ആനുപാതികമായി മെഡിസെപ്പ് പ്രീമിയം അടവാക്കുന്നില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1.പെൻഷൻകാരുടെ എണ്ണവും മെഡിസെപ്പ് പ്രീമിയം ഒടുക്കുന്നവരുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| മാസം/ വർഷം | ആകെ പെൻഷൻകാരുടെ എണ്ണം | മെഡിസെപ്പ് അടവാക്കിയവരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം തുക(ആകെ) |
|---|---|---|---|
| 05/24 | 439 | 219 | 109500 |
| 06/24 | 438 | 219 | 109500 |
| 07/24 | 438 | 217 | 108500 |
| 08/24 | 437 | 217 | 108500 |
| 09/24 | 439 | 217 | 108500 |
| 10/24 | 439 | 217 | 108500 |
| 11/24 | 443 | 217 | 108500 |

2.തനതു ഫണ്ടിൽ നിന്നുള്ള ചെലവുകൾ രേഖപ്പെടുത്തുന്ന മാനുവൽ ക്യാഷ് ബുക്ക്, കെസ്മാർട്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ 04/2024ലെ മെഡിസെപ്പ് വിഹിതം അടവാക്കിയതായി കാണുന്നില്ല.

3. 10/24, 11/24 എന്നീ മാസങ്ങളിലെ മെഡിസെപ്പ് വിഹിതം, 27.12.2024 (ചെക്ക് നമ്പർ 415589)നാണ് അടവാക്കിയിട്ടുള്ളത്. 12/24 മുതലുള്ള വിഹിതം നാളിതുവരെ അടവാക്കിയിട്ടില്ല.

മേൽ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും, പെൻഷൻകാരുടെ പ്രതിമാസ അർഹതയിൽ നിന്നും പ്രീമിയം തുകയായ 500 രൂപ കുറയ്ക്കുന്നതിന് ക്രമീകരണങ്ങൾ

ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷൻകാരുടെ എണ്ണവും മെഡിസെപ്പ് പ്രീമിയം ഒടുക്കുന്നവരുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 18/02.09.2025 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശം

1)മേൽ പരാമർശിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ നിന്നും പെൻഷൻ അനുവദിക്കുന്ന റഗുലർ/കണ്ടിജന്റ് പെൻഷൻ/കുടുംബപെൻഷൻകാരുടെ മുഴുവൻ എണ്ണത്തിന് ആനുപാതികമായി മെഡിസെപ്പ് പ്രീമിയം അടവാക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

2)04/2024ലെ മെഡിസെപ്പ് വിഹിതം, 12/24 മുതലുള്ള വിഹിതം എന്നിവ അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-43 തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ- സർക്കാർ അക്രഡിറ്റേഷൻ ഇല്ലാത്ത ഏജൻസിക്ക് സിവിൽ വർക്ക് ചെയ്യാൻ അനുമതി നൽകി**

ഫയൽ നം.H3-45744/2022

| | |
|---|---|
| പ്രോജക്ട് | 121/ 25 തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് |
| നിർവഹണ ഉദ്യോഗസ്ഥൻ | ക്ലീൻ സിറ്റി മാനേജർ |
| അടങ്കൽ | 6,40,000( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 2,56,000 |
| ബിൽ നം./ തിയതി | 27/24-25/25.03.2025 |

നഗരസഭാ പരിധിയിലെ ജൈവമാലിന്യം സംസ്കരിക്കുന്നതിന് രണ്ടു ബിൻ അടങ്ങുന്ന ഓരോ യൂണിറ്റ് വീതം, തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 21.02.2025 ലെ പൊതുതീരുമാന പ്രകാരം ഘടക സ്ഥാപനമായ ബിഗ് ബസാർ സ്കൂൾ, പി.എം.ജി സ്കൂൾ എന്നിവിടങ്ങളിൽ രണ്ടു ബിൻ അടങ്ങുന്ന ഓരോ യൂണിറ്റ് വീതം, തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ എന്ന സ്ഥാപനവുമായി 18.03.2025 ന കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിലെ നിബന്ധന 7 പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20%

തുകയായ 2,56,000 രൂപ 25.03.2025ന് ബിൽ നം.27/24-25 ആയി അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ.ഉ(സാധാ) 1983/2022/തസ്വഭവ, തിയതി 16.08.2022 പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിന് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ (SEUF) ഉൾപ്പെടെയുള്ള ഏജൻസികൾക്ക് ഉത്തരവ് തിയതി മുതൽ മൂന്നു വർഷത്തേക്ക് അക്രഡിറ്റേഷൻ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ SEUF ന് കുടിവെള്ള-ശുചിത്വ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഈ അക്രഡിറ്റേഷൻ സിവിൽ വർക്കുകൾ ഏറ്റെടുക്കുന്നതിന് ബാധകമല്ല എന്നും സിവിൽ വർക്കുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള അക്രഡിറ്റേഷന് വേണ്ടി ഏജൻസി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണത്തിൽ സിവിൽ വർക്കുകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ, മേൽ പ്രവൃത്തി ചെയ്യുന്നതിനു സർക്കാർ അനുമതി ലഭിച്ചതിന്റെ പകർപ്പ് ഫയലിൽ ഇല്ല.

2) SEUF-മായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതിൽ ബിഗ് ബസാർ സ്കൂൾ, പി.എം.ജി സ്കൂൾ എന്നിവിടങ്ങളിൽ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ്. SEUF ജില്ലാ കോർഡിനേറ്ററുടെ 13.10.2023 ലെ SEUFPKD/10/23 നമ്പർ കത്തിൽ SEUF എൻജിനീയർ, നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുമായി സംയുക്ത സ്ഥല പരിശോധന നടത്തിയതിൽ ബിഗ് ബസാർ സ്കൂളിനു പുറകുവശത്തുള്ള സ്ഥലം റവന്യൂ ഭൂമിയാണെന്നും ആയതിനു NOC ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. ഫയൽ പരിശോധിച്ചതിൽ റവന്യൂ വകുപ്പിൽ നിന്നും NOC ലഭിച്ചതിന്റെ രേഖകൾ ഉള്ളടക്കം ചെയ്തിട്ടില്ല.

തുമ്പൂർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണത്തിൽ സിവിൽ വർക്കുകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ (SEUF) എന്ന സ്ഥാപനത്തിന് മേൽ പ്രവൃത്തി ചെയ്യുന്നതിനു സർക്കാർ അനുമതി ലഭ്യമായതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതും നിലവിൽ മേൽ പരാമർശിച്ച സ്കൂളുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. ബിഗ് ബസാർ സ്കൂളിനു പുറകുവശത്തുള്ള സ്ഥലത്ത് എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും NOC ലഭ്യമായതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## **1-44** മാലിന്യങ്ങൾ നിരത്തിൽ വലിച്ചെറിയുന്നത് തടയുന്നതിന് സിസിടിവി ക്യാമറകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ-നിർവഹണത്തിലെ അപാകതകൾ

ഫയൽ നം. H3-33221/2022

| | |
|---|---|
| പ്രോജക്ട് | 129/ 25 മാലിന്യങ്ങൾ |

| | |
|---|---|
| | നിരത്തിൽ വലിച്ചെറിയുന്നത് തടയുന്നതിന് സിസിടിവി ക്യാമറകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ക്ലീൻ സിറ്റി മാനേജർ |
| അടങ്കൽ | 15,00,000 ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 14,13,843 |
| ബിൽ നം./ തിയതി | 8/24-25/31.08.2024, 21/24-25/21.03.2025 |

നഗരസഭാ പരിധിയിൽ അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് 5 സിസിടിവി ക്യാമറകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ (കൈ) 115/2022/ ത.സ്വ.ഭ.വ, 28.5.22 തീയതിയിലെ, സബ്സിഡി മാർഗ്ഗ രേഖ -ഖ. 6.8(ഡി) 14-പ്രകാരം ജലസ്രോതസ്സുകൾ, പൊതുസ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യസ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ, പാർക്കുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പൊതു നിരത്തുകൾ എന്നിവിടങ്ങളിലും പരിസരങ്ങളിലും അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി വ്യാപാരി-വ്യവസായികൾ, റസിഡന്റ്സ് അസോസിയേഷനുകൾ , പ്രദേശവാസികൾ, സ്കൂൾ പി.റ്റി.എ, എച്ച്.എം.സി എന്നിവരുടെ സഹായത്തോടെ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിന് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ അപ്രകാരമുള്ള സഹായസഹകരണങ്ങൾ ഒന്നും തന്നെ ലഭ്യമാക്കാതെ പൂർണ്ണമായും പദ്ധതി ഫണ്ട് മാത്രം ഉപയോഗിച്ചാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

2) ഈ പ്രൊജക്ട് പ്രകാരം സ്ഥാപിച്ച സി.സി.ടി.വി സംവിധാനത്തിലൂടെ കണ്ടെത്തിയ വിവരങ്ങൾ ഉപയോഗിച്ച് മാലിന്യനിക്ഷേപം നടത്തിയവർക്കെതിരെ നാളിതുവരെ നഗരസഭ നടപടി സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും, സി.സി.ടി.വി സംവിധാനത്തിന്റെ മോണിറ്ററിംഗ്, ആയതിന് ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവ് എന്നിവ ലഭ്യമാക്കുന്നതിനുമായി 16/21.08.2025 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പൂർണമായും പാലിച്ച് പ്രോജക്ടുകൾ രൂപീകരിച്ച്

നിർവഹണം നടത്തേണ്ടതാണ്. നിലവിൽ നടപ്പാക്കിയ പ്രോജക്ട് പ്രകാരം സ്ഥാപിച്ച സി.സി.ടി.വി സംവിധാനത്തിലൂടെ കണ്ടെത്തിയ വിവരങ്ങൾ ഉപയോഗിച്ച് മാലിന്യനിക്ഷേപം നടത്തിയവർക്കെതിരെ നാളിതുവരെ നഗരസഭ സ്വീകരിച്ച നടപടികളുടെയും പിഴ ഈടാക്കിയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-45 സമഗ്ര അഴുക്കുചാൽ ശുചീകരണം- യന്ത്ര സാമഗ്രികൾ ഉപയോഗിച്ചതിൽ കാട്ട് ചെയ്തതിനേക്കാൾ കൂടുതൽ തുക അനുവദിച്ചു.**

നഗരസഭയിലെ 52 വാർഡുകളിലും മനുഷ്യ വിഭവ ശേഷിയും യന്ത്ര സാമഗ്രികൾ ഉപയോഗിച്ചും അഴുക്കുചാലുകളിലെ മണ്ണും മാലിന്യവും നീക്കം ചെയ്ത് വൃത്തിയാക്കി ജലപ്രവാഹം സുഗമമാക്കുകയും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുമായി ക്ലീൻ സിറ്റി മാനേജർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സമഗ്ര അഴുക്കുചാൽ നവീകരണം എന്ന പദ്ധതി നിർവഹിച്ചതിൽ യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവൃത്തി ചെയ്തതിന് കാട്ട് ചെയ്തതിനേക്കാൾ അധിക നിരക്കിൽ തുക അനുവദിച്ചു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

**1-46 പ്രോജക്റ്റിനു വേണ്ടി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്തിട്ടില്ല**

ഫയൽ നം:H3-28262/2023

| | |
|---|---|
| പ്രോജക്ട് നം/ പ്രോജക്റ്റിന്റെ പേര് | 380/25, ട്രഞ്ചിംഗ് ഗ്രൗണ്ട് ഇൻസിനറേറ്ററിന്റെ ഓപ്പറേഷൻസ് & മെയിന്റനൻസ് |
| നിർവഹണോദ്യോഗസ്ഥൻ | ക്ലീൻ സിറ്റി മാനേജർ |
| അടങ്കൽ | 1722597 (വികസന ഫണ്ട്) |
| ചെലവ് | 1722597 |
| ബിൽ നം./തിയതി | 16,17,18/30.11.2024, 20/22.03.2025 |

2024-25 സാമ്പത്തിക വർഷത്തിൽ ക്ലീൻ സിറ്റി മാനേജർ നിർവഹിച്ച ട്രഞ്ചിംഗ് ഗ്രൗണ്ട് ഇൻസിനറേറ്ററിന്റെ ഓപ്പറേഷൻസ് & മെയിന്റനൻസ് എന്ന പ്രോജക്ട് പ്രകാരം നഗരസഭാ പരിധിയിലെ സാനിറ്ററി മാലിന്യം ഇൻസിനറേറ്റ് ചെയ്യുന്ന പ്രവൃത്തി ഏറ്റെടുത്ത ഫ്ലോററ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ ബിഡ് അംഗീകരിച്ച് 06.01.2024 ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മേൽ പ്രോജക്റ്റിന് അലോട്ട്മെന്റ് ലഭ്യമല്ലാത്തതിനാൽ തനതു ഫണ്ടിൽ നിന്നും 5,00,000/- രൂപ 793118/01.10.2024 നമ്പർ ചെക്ക് മുഖേന ഫ്ലോററ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ആയതു തനതുഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടില്ല. റീക്കൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതിന് 80/05.02.2026 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ട്രഞ്ചിംഗ് ഗ്രൗണ്ട് ഇൻസിനറേറ്ററിന്റെ ഓപ്പറേഷൻസ് & മെയിന്റനൻസ് എന്ന പ്രോജക്ട് പ്രകാരം നഗരസഭാ പരിധിയിലെ സാനിറ്ററി മാലിന്യം ഇൻസിനറേറ്റ് ചെയ്യുന്ന പ്രവൃത്തി ഏറ്റെടുത്ത ഫ്ലോററ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് തനതു ഫണ്ടിൽ നിന്നും അനുവദിച്ച 5,00,000/- രൂപ തനതു ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യേണ്ടതും വിവരം ഓഡിറ്റിൽ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

**1-47** ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കൽ- ഓർഗാനിക് കമ്പോസ്റ്റർ ബിൻ വിതരണം ചെയ്തിട്ടില്ല

ഫയൽ നം.H3-27130/2023

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ/ ക്ലീൻ സിറ്റി മാനേജർ |
| അടങ്കൽ | 648000 (90% പദ്ധതി വിഹിതം, 10% ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 572400 (പദ്ധതി വിഹിതം മാത്രം) |
| ബിൽ നം./ തിയതി | 28/24-25, 25.03.2025 |

ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഓർഗാനിക് കമ്പോസ്റ്റർ ബിൻ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പ്രോജക്ടിന്റെ ഭാഗമായി 2120 രൂപ നിരക്കിൽ 300 ബയോബിന്നുകൾ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. (ഇൻവോയ്സ് നം.SEUF/PKD/INV/24-25/37, Dtd 22.03.2025). ആകെ വിലയായ 6,36,000 രൂപയിൽ നിന്നും 10% ഗുണഭോക്തൃ വിഹിതവും ആദായ നികുതി, ജി.എസ്.ടി ടി.ഡി.എസ് എന്നിവ കുറവ് ചെയ്ത് ബയോബിന്നിന്റെ വിലയായി 5,52,996രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട് (A/C No.855010100009085).
26.09.2023 തിയതിയിലെ 31-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ 297 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. 19.12.2023, 23.01.2024 എന്നീ തിയതികളിലായി ഗുണഭോക്തൃ വിഹിതം അടവാക്കുന്നതിന് അറിയിപ്പ് നൽകിയെങ്കിലും ഗുണഭോക്തൃ വിഹിതം നഗരസഭയിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. വാങ്ങിയ ബയോബിന്നുകൾ സ്റ്റോക്ക് എൻട്രി നടത്തിയതിന്റെയും, ആയത് വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അധികം വാങ്ങിയ 3 ബയോബിന്നുകളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല(4/12.08.2025).

ഓഡിറ്റ് നിർദ്ദേശം

1) സാമ്പത്തിക വിശകലനത്തിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയ പ്രോജക്ടുകളുടെ നടത്തിപ്പിൽ അവ ഈടാക്കാതെ പദ്ധതി നടപ്പാക്കുന്നത് മാർഗരേഖ ലംഘനമായി വിലയിരുത്തുന്നു.

2)വാങ്ങിയ 300 ബയോബിന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും ഗുണഭോക്തൃ വിഹിതം നഗരസഭയിൽ ഒടുക്കിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) ഗുണഭോക്താക്കളുടെ എണ്ണത്തേക്കാൾ അധികമായി വാങ്ങിയ 3 ബയോബിന്നുകളുടെ വിലയായ 6360 രൂപ (3*2120) ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-48 DLR**വർക്കേഴ്സിനെ ഒരേ ദിവസം രണ്ടു പ്രവൃത്തികൾക്ക് നിയോഗിച്ച് ഇരട്ട വേതനം നൽകി-**9450** രൂപ നിരാകരിക്കുന്നു

ക്ലീൻ സിറ്റി മാനേജർ നിർവഹിച്ച കൊതുക് നിവാരണം (Project No.122/25), സമഗ്ര അഴുക്ക് ചാൽ ശുചീകരണം (Project No.06/25) എന്നീ പ്രോജക്ടുകളിൽ DLR തൊഴിലാളികളെ മാമ്പൽ പ്രവൃത്തികൾക്ക് നിയോഗിക്കുകയും പ്രസ്തുത ദിവസങ്ങളിൽ തന്നെ സ്ഥിരം കണ്ടിജന്റ് തൊഴിലാളികൾ അവധി എടുക്കുന്ന മുറയ്ക്ക് പകരം തൊഴിലാളികളായി നിയോഗിക്കുകയും ചെയ്തതിലൂടെ ഇരട്ട വേതനം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-3 ആയി ചേർത്തിട്ടുണ്ട്.

**1-49** പാലിയേറ്റിവ് കെയർ - ഹോം കെയറിനായി വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ - രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

സ.ഉ (സാധാ) നം.553/2019/തസ്വഭവ/07.03.2019 ന്റെ ഖണ്ഡിക 2.8.3 പ്രകാരം പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾക്ക് ദിവസ/മാസവാടകയ്ക്ക് വാഹനം എടുക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സ്റ്റോർ പർച്ചേസ് മാനദണ്ഡ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രതിദിന/പ്രതിമാസ നിരക്ക് ക്വോട്ട് ചെയ്ത വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടതെന്നും ക്വട്ടേഷൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി ഒരു വർഷമായിരിക്കുമെന്നും കാലാവധി അവസാനിക്കുന്നതിനു മുൻപ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ് എന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

പാലക്കാട് നഗരസഭയിലെ പാലിയേറ്റിവ് കെയറിന്റെ ഭാഗമായി ആറ് യൂണിറ്റുകളിൽ (യൂണിറ്റ് I, II, III, IV, V, VI) ഹോം കെയർ സേവനം നടത്തുന്നതിനായി പ്രതിദിനം 1200 രൂപാ നിരക്കിൽ ആറ് വാഹനങ്ങൾ (KL09AH2238, KL09AG3400, KL09Y5486, KL09AG4488, KL09AG8023, KL08BB199) വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ ഫയൽ പരിശോധിച്ചതിൽ വാഹനങ്ങളുടെ വിവരങ്ങൾ (ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, പെർമിറ്റ്) ഫയലിൽ സൂക്ഷിച്ചിട്ടില്ല. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി ക്വട്ടേഷൻ അംഗീകരിച്ചതിന്റെയും, വാഹനം വാടകയ്ക്ക് എടുത്തവരുമായി ചമച്ച കരാർ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണ(81/11.02.2026)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-50-1 മെഡിക്കൽ ഓഫീസർ ട്രഷറി ബില്ലുകൾ പണമാക്കിയത് കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല**

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ

2024-25 സാമ്പത്തിക വർഷത്തിൽ പണമാക്കിയിട്ടുള്ള ട്രഷറി ബില്ലുകൾ (ബിൽ ക്രമ നമ്പർ 45 മുതൽ 58 വരെയുള്ളത്) കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| പ്രോജക്റ്റ് നമ്പർ | ബിൽ നം., തീയതി | തുക |
|---|---|---|
| 10/25 | 27/24-25, 09.12.24 | 38251 |
| | 44/24-25, 19.02.25 | 283615 |
| | 58/24-25, 28.03.25 | 61586 |
| 07/25 | 45/24-25, 10.03.25 | 80320 |
| | 46/24-25, 10.03.25 | 80320 |
| | 47/24-25, 10.03.25 | 80320 |
| | 48/24-25, 10.03.25 | 80320 |
| | 49/24-25, 10.03.25 | 80320 |
| | 50/24-25, 10.03.25 | 80320 |
| | 51/24-25, 10.03.25 | 94041 |
| | 52/24-25, 28.03.25 | 30400 |
| | 53/24-25, 28.03.25 | 30400 |
| | 54/24-25, 28.03.25 | 30400 |
| | 55/24-25, 28.03.25 | 30400 |
| | 56/24-25, 28.03.25 | 30400 |
| | 57/24-25, 28.03.25 | 30400 |

കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച സ.ഉ(അ) 177/2006/ധന തീ. 12.04.2006 ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ബില്ലുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-50 പാലിയേറ്റിവ് നഴ്സുമാർക്ക് ഹോണറേറിയം മുൻകൂറായി അനുവദിച്ചു**

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ സാന്ത്വന പരിചരണ പദ്ധതി – പാലിയേറ്റിവ് നഴ്സുമാർക്ക് ഹോണറേറിയം മുൻകൂറായി അനുവദിച്ചു.

പാലക്കാട് നഗരസഭയിൽ ഹോം കെയറിനായി 6 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

സ.ഉ (സാധാ)2083/23/LSGD, തീ.25.10.2023, സ.ഉ(സാധാ)നം.82/2024/LSGD, തീ.10.01.2024

എന്നിവ പ്രകാരം നിശ്ചിത യോഗ്യതയുള്ള പാലിയേറ്റിവ് നഴ്സുമാർക്കും 01.10.2023 ന് മുമ്പ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ള നിശ്ചിത യോഗ്യതയില്ലാത്ത പാലിയേറ്റിവ് നഴ്സുമാർക്കും 01.10.2023 പ്രാബല്യത്തിൽ പ്രതിമാസ വേതനം 24520/- രൂപയായി ഉയർത്തിയിട്ടുണ്ട്. എന്നാൽ 6 യൂണിറ്റുകളിലായി പ്രവർത്തിക്കുന്ന പാലിയേറ്റിവ് നഴ്സുമാർക്ക് 2025 ഫെബ്രുവരി മാസത്തിൽ 49040/- രൂപ ഹോണറേറിയവും 400/- മൊബൈൽ ഫോൺ അലവൻസും അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം. തീയതി | ബിൽ തുക | സർക്കാർ ഉത്തരവു പ്രകാരം അനുവദിക്കാവുന്ന ഹോണറേറിയം, കമ്മ്യൂണിക്കേഷൻ അലവൻസ് | ഹോണറേറിയം, കമ്മ്യൂണിക്കേഷൻ അലവൻസ് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക | അധികം അനുവദിച്ചത് |
|---|---|---|---|---|
| 45/24-25, 10.03.2025 | 80320 | 24520+200 പ്രതിമാസം | 49040+400 | 24520+200 |
| 46/24-25, 10.03.2025 | 80320 | | 49040+400 | 24520+200 |
| 47/24-25, 10.03.2025 | 80320 | | 49040+400 | 24520+200 |
| 48/24-25, 10.03.2025 | 80320 | | 49040+400 | 24520+200 |
| 49/24-25, 10.03.2025 | 80320 | | 49040+400 | 24520+200 |
| 50/24-25, 10.03.2025 | 80320 | | 49040+400 | 24520+200 |
| ആകെ | | | | 147120+1200 |

ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(66/08.01.2026)ത്തിന് മാർച്ച് മാസത്തെ ഹോണറേറിയം കൂടി കണക്കാക്കിയാണ് ഇപ്രകാരം തുക അനുവദിച്ചിട്ടുള്ളത് എന്ന മറുപടിയാണ് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിട്ടുള്ളത്. ഹോണറേറിയം മുൻകൂറായി അനുവദിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-51** പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - യാത്രാ ബത്ത അധികം അനുവദിച്ചു

നിർവ്വഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 7.16(എ) പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കൂളിൽ പോകുന്ന മാസങ്ങളിൽ പ്രതിമാസം 400 രൂപ നിരക്കിൽ യാത്രാബത്ത അനുവദിക്കുന്നതിന് നിർദ്ദേശമുണ്ട്.

ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്നതിലും അധികനിരക്കിൽ യാത്രാബത്ത അനുവദിച്ചു. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-4 കാണുക.

**1-52 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ സ്കോളർഷിപ്പ് അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പേര് | അനുവദിച്ച തുക | ബിൽ നം, തുക |
|---|---|---|---|
| 1 | സുഹൈൽ അഹമ്മദ് എ | 28500 | 20/24-25, 10.02.2025, 24,79,500/- |
| 2 | രഞ്ജിത്ത് ആർ | 28500 | |
| 3 | രേഖ വി | 28500 | |
| 4 | മുഹമ്മദ് ഫാസിൽ, ഫൗസിയ | 28500 | |
| 5 | പുഷ്പ കെ.എ | 28500 | |
| 6 | അഭിഷേക് എ | 28500 | |
| 7 | നിഖിലേഷ് | 28500 | |
| 8 | ഷാബിറ എം | 5100 | 24/24-25, 10.03.2025, 2,41,300/- |
| 9 | ശോഭന എം | 28500 | 23/24-25, 10.03.2025, 9,69,000/- |
| 10 | മുഹമ്മദ് ഇഷാൻ എസ് | 28500 | |
| 11 | ഷഹന എസ് | 28500 | |
| 12 | ഫാത്തിമ ഷഹല | 28500 | |
| 13 | ജയലക്ഷ്മി പി | 28500 | 21/24-25, 13.02.2025, 6,84,000/- |

പ്രസ്തുത അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (87/20.02.2026)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 3,47,100/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-53-1 പി.എം.എ.വൈ ഭവനപദ്ധതി - സമയബന്ധിതമായി ഭവന നിർമ്മാണം**

പൂർത്തീകരിച്ചിട്ടില്ല

| പ്രോജക്ട് | പി.എം.എ.വൈ (SCP) | പി.എം.എ.വൈ (Gen) |
|---|---|---|
| അടങ്കൽ | 9672213 | 6977987 |
| ചെലവ് | 8254162 | 2000000 |
| നിർവ്വഹണം | പ്രൊജക്ട് ഓഫീസർ | |

വികസന ഫണ്ടിനു പുറമെ കേന്ദ്രാവിഷ്കൃതം, സംസ്ഥാനാവിഷ്കൃതം, ഹഡ്കോ ലോൺ എന്നിവയും പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

വിവിധ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് | ഡി പി ആർ | ഓഡിറ്റ് വർഷത്തിൽ കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ, തിയ്യതി |
|---|---|---|---|---|---|
| 1 | മനോജ്. എസ് | വാർഡ്-31 | 4 | 80000, രണ്ടാം ഗഡു | 606/2/24 |
| 2 | ചിന്ന | വാർഡ്-5 | 3 | 80000, മൂന്നാം ഗഡു | 89/5/24 |
| 3 | ഷാർമ്മിള | വാർഡ്-11 | 3 | 160000, മൂന്നാം ഗഡു | 137/6/24 |
| 4 | റസിയ | വാർഡ്-30 | 3 | 160000, മൂന്നാം ഗഡു | 138/6/24 |
| 5 | മുഹമ്മദ് ഷമ്മീർ | വാർഡ്-30 | 1 | 40000, നാലാം ഗഡു | 150/6/24 |
| 6 | രാധിക.എം | വാർഡ്-35 | 1 | 160000, രണ്ടാം ഗഡു | 241/8/24 |
| 7 | മുബീന | വാർഡ്-37 | 2 | 160000, രണ്ടാം ഗഡു | 407/1/25 |
| 8 | സുധ ചന്ദ്രൻ | വാർഡ്-24 | 4 | 80000, മൂന്നാം ഗഡു | 435/1/25 |
| 9 | ഷക്കീല.എം | വാർഡ്-34 | 2 | 40000, നാലാം ഗഡു | 458/1/25 |
| 10 | ബൽക്കീസ്, ഒ. കെ | വാർഡ്-37 | 2 | 80000, രണ്ടാം ഗഡു | 292/9/24 |

വിവിധ ഗഡുകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ(46/28-10-2025)ത്തിന് ലഭ്യമാക്കിയ മറുപടിയിൽ മനോജ് എസ്, രാധിക എം

എന്നീ ഗുണഭോക്താക്കൾ സാമ്പത്തിക ബുദ്ധിമുട്ട് കാരണം വീടുപണി പൂർത്തിയാക്കിയിട്ടില്ലെന്നും, ശേഷിക്കുന്നവരോട് നിർമ്മാണം പൂർത്തിയാക്കുന്നതിനു നിർദ്ദേശം നൽകിക്കൊണ്ട് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചുചേർത്ത് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ ആരായുകയും ആയത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെ സഹകരണത്തോടെ ഗുണഭോക്താക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-53-2 DPR 2016-17 മുതൽ ഓഡിറ്റ് വർഷം വരെയുള്ള പി.എം.എ.വൈ. ലൈഫ് ഭവനപദ്ധതി-സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.**

| പ്രോജക്ട് | പി.എം.എ.വൈ (SCP) 20/24 | പി.എം.എ.വൈ (Gen) 17/24 |
|---|---|---|
| അടങ്കൽ | 9672213 | 6977987 |
| ചെലവ് | 8254162 | 2000000 |
| നിർവ്വഹണം | പ്രൊജക്ട് ഓഫീസർ | |

2024-25 വർഷത്തിൽ പ്രൊജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ PMAY ഭവനനിർമ്മാണത്തിനു നൽകിയ തുകയുടെ വിവരം സംബന്ധിച്ച് വാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ DPR 2016-17 മുതൽ ഒന്നോ രണ്ടോ ഗഡുക്കൾ മാത്രം കൈപ്പറ്റി നാളിതുവരെയായിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുള്ളതായി കാണുന്നു.

വികസനഫണ്ടിനു പുറമെ കേന്ദ്രാവിഷ്കൃതഫണ്ട്, സംസ്ഥാനാവിഷ്കൃതഫണ്ട്, ഹഡ്കോ ലോൺ എന്നിവയിൽനിന്നും പണം ചെലവഴിച്ചിട്ടുണ്ട്.

DPR 2016-17 മുതൽ ഓഡിറ്റ് വർഷം വരെയുള്ള പി.എം.എ.വൈ. ലൈഫ് ഭവനപദ്ധതിയുടെ താഴെ കൊടുക്കുന്നു.

| ക്രമനം | ഡി.പി.ആർ നമ്പർ | അംഗീകരിച്ച വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | നഗരസഭയുമായി കരാറിലേർപ്പെട്ട ഗുണഭോക്താ | ഭവന നിർമ്മാണം പൂർത്തീകരിച്ചവർ | ഭവന നിർമ്മാണം ഉപേക്ഷിച്ച് തുക തിരികെ അടവാക്കി | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർ |
|---|---|---|---|---|---|---|---|

| | | | | ക്കളുടെ എണ്ണം | | യവർ | |
|---|---|---|---|---|---|---|---|
| 1 | D.P.R -1 | 2016-17 | 402 | 400 | 366 | 7 | 34 |
| 2 | D.P.R -2 | 2017-18 | 230 | 230 | 211 | 2 | 19 |
| 3 | D.P.R -3 | 2017-18 | 225 | 225 | 206 | 6 | 19 |
| 4 | D.P.R -4 | 2017-18 | 151 | 151 | 136 | 3 | 15 |
| 5 | D.P.R -5 | 2017-18 | 112 | 112 | 102 | 2 | 10 |
| 6 | D.P.R -6 | 2017-18 | 82 | 82 | 76 | 1 | 6 |
| 7 | D.P.R -7 | 2018-19 | 471 | 455 | 407 | 6 | 48 |
| 8 | D.P.R -8 | 2021-22 | 392 | 388 | 311 | 5 | 77 |
| 9 | D.P.R -9 | 2021-22 | 113 | 101 | 77 | 2 | 24 |
| 10 | D.P.R -10 | 2021-22 | 136 | 121 | 66 | - | 55 |
| 11 | D.P.R -11 | 2022-23 | 137 | 119 | 61 | 2 | 58 |
| 12 | D.P.R -12 | 2023-24 | 167 | 130 | 28 | - | 102 |
| 13 | D.P.R -13 | 2023-23 | 131 | 93 | 4 | - | 89 |
| | ആകെ | | 2749 | 2607 | 2051 | 36 | 556 |

'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകളുടേയും നഗരസഭകളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന-ലൈഫ് ഭവന പദ്ധതി.

സംസ്ഥാന കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12-08-2025 ലെ 9534/N/2023/KSHO നമ്പർ കത്തിന്മേൽ നഗരസഭ കൗൺസിലിന്റെ 22-09-2025 ലെ 55/1 നമ്പർ തീരുമാന പ്രകാരം 13 DPR കളിലായാണ് 2749 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരിക്കുന്നത്. ഭവന നിർമ്മാണത്തിനു എഗ്രിമെന്റിൽ ഏർപ്പെടാത്ത 117 ഗുണഭോക്താക്കളെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതിൽ 2051 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയവരാണ്. എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളിൽ 556 പേർ നിലവിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

**1-53-3 പി.എം.എ.വൈ ഭവനപദ്ധതി - ആദ്യ ഗഡു കൈപ്പറ്റി ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.**

PMAY ഭവനനിർമ്മാണത്തിനു നൽകിയ തുകയുടെ വിവരം സംബന്ധിച്ച് വാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് | ഡി പി ആർ | ഓഡിറ്റ് വർഷത്തിൽ കൈപ്പറ്റിയ തുക (ആദ്യ ഗഡു) | തുക കൈപ്പറ്റിയ തിയ്യതി | Sy Code |
|---|---|---|---|---|---|---|
| 1 | ഗണേഷൻ . സി | 49 | 11 | 40000 | 30.08.2024 | 6187428 |
| 2 | മീനപ്പൻ | 9 | 13 | 40000 | 24.02.2025 | 619954 |
| 3 | ഫരീദ. എം എ | 34 | 10 | 40000 | 10.10.2024 | 6186264 |
| 4 | നദീറ.എം | 52 | 11 | 40000 | 27.05.2024 | 6187651 |
| 5 | ശാന്തി | 47 | 12 | 40000 | 28.03.2025 | 6197766 |
| 6 | ശ്യാമള | 43 | 12 | 40000 | 24.07.2024 | 6197584 |
| 7 | കൃഷ്ണവേണി | 34 | 12 | 40000 | 30.08.24 | 6197631 |
| 8 | ജി .എസ് ദീപ | 5 | 13 | 40000 | 28.03.2025 | 621830 |
| 9 | വേലായുധൻ | 10 | 11 | 40000 | 27.05.2024 | 5517993 |
| 10 | ശിവദാസ്.എൻ | 13 | 12 | 40000 | 27.06.24 | 6196743 |
| 11 | സെയ്ത് അലാവുദ്ദീൻ | 17 | 11 | 40000 | 2.12.24 | 6186964 |
| 12 | പ്രദീപ് .പി | 21 | 13 | 40000 | 28.03.25 | 6200087 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ പുരോഗതി വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ(47/28-10-2025)ത്തിനു ലഭ്യമാക്കിയ മറുപടി താഴെകൊടുക്കുന്നു.

സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഒന്നാം ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് നിശ്ചിത കാലയളവിൽ നിർമ്മാണം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

എല്ലാ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ സത്വര

നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-53 പി എം എ വൈ ഭവന പദ്ധതി - അപാകതകൾ**

2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി PMAY ഭവനനിർമ്മാണത്തിന് നൽകിയ തുകയുടെ വിവരം സംബന്ധിച്ച വാച്ച് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം വിവിധ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

**1-54 കാലിത്തീറ്റ വാങ്ങൽ - അധിക ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്**

| പ്രോജക്ട് നമ്പർ | | അടങ്കൽ | ചെലവ് |
|---|---|---|---|
| 22/25 (New) | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം | 525000(വികസന ഫണ്ട് - ജനറൽ)<br>525000(ഗു.ഭോ. വിഹിതം) | 83750 |
| 292/25 (SO) | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം | 312500<br>287160 | 282500 |

നിർവ്വഹണം - വെറ്ററിനറി സർജ്ജൻ

മേൽ പ്രൊജക്ടുകൾ പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും താഴെ പറയുന്ന വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇൻവോയിസ് നമ്പർ/ തീയതി | കാലിത്തീറ്റ ചാക്കുകളുടെ എണ്ണം | ഇൻവോയിസ് തുക | ട്രഷറി ബിൽ നം/ തീയതി | തുക (പ്ലാൻ വിഹിതം) |
|---|---|---|---|---|---|
| 1 | 023996/ 23.10.2024 | 100 | 151500 | 01/24-25 /12.11.2024 | 62500 |
| 2 | 031396/ 21.12.2024 | 92 | 139380 | 02/24-25 /17.01.2025 | 56250 |
| 3 | 027309/ 21.11.2024 | 90 | 136350 | | 57500 |
| 4 | 037961/ 30.01.2025 | 78 | 118170 | 04/24-25 /17.01.2025 | 48750 |

| | | | | | |
|---|---|---|---|---|---|
| 5 | 040310/ 17.02.2025 | 92 | 139380 | | 57500 |
| 6 | 044525/ 14.03.2025 | 134 | 203010 | 05/24-25 /20.03.2025 | 83750 |
| ആകെ | | 586 ചാക്കുകൾ | | | |

കേരള ഫീഡ്സ് ലിമിറ്റഡ് മാർക്കറ്റിംഗ് ഓഫീസറുടെ 10.01.2023ലെ കെ.എഫ്.എൽ/430/99(3)/180/23 നമ്പർ കത്തിലെ 7(i),(Ii) എന്നീ നിബന്ധനകൾ പ്രകാരം കാലിത്തീറ്റയുടെ ഇറക്കുകൂലിയും അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് 30/- രൂപ (മുപ്പത് രൂപ മാത്രം) നിരക്കിൽ കൈകാര്യചെലവ് നൽകുന്നതാണെന്ന് അറിയിച്ചിരുന്നു. ഈ തുക കാലിത്തീറ്റ വിതരണ പദ്ധതി പൂർത്തീകരിച്ച് മേൽ സൂചിപ്പിച്ച നിരക്ക് പ്രകാരം കാലിത്തീറ്റയുടെ വില പൂർണമായും കമ്പനിയിൽ അടവാക്കിയതിനു ശേഷം പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നൽകുക. മേൽ നിബന്ധനകൾക്കു വിധേയമായി തൻവർഷം വാങ്ങിയ 586 കാലിത്തീറ്റ ചാക്കുകളുടെ കൈകാര്യചെലവിനു ലഭിക്കേണ്ടതായ 17,580/- രൂപ ലഭിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (56/14.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. 2024-25 വർഷം വാങ്ങിയ 586 ചാക്ക് കാലിത്തീറ്റയ്ക്ക് അർഹമായ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകൾക്കുമുള്ള 17,580/- രൂപ കേരള ഫീഡ്സിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

## 1-55 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | 72/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടിക ജാതി വികസന ഓഫീസർ |
| അടങ്കൽ | 2000000 |
| ചെലവ് | 300000 |
| ഫണ്ടിനം | വികസനഫണ്ട്- എസ് സി പി |

ഗുണഭോക്താക്കൾക്ക് താഴെപറയും പ്രകാരം പദ്ധതി തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വാർഡ് | പേരും വിലാസവും | ബിൽ നമ്പർ / തീയ്യതി | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | 28 | അഖിൽ എൻ | 53/25, | 30000 |

| | | | | |
|---|---|---|---|---|
| | | 28/931, | 24.02.2025<br>70/25, 18.03.2025 | 60000 |
| 2 | 10 | അരവിന്ദ്.ജി<br>10/424 | 62/12.03.2025 | 30000 |
| 3 | 28 | ജയശ്രീ . ആർ<br>D/O രാമചന്ദ്രൻ. എം | 62/12.03.2025 | 30000 |
| 4 | 27 | അമൽ കൃഷ്ണ,<br>S/Oജയകൃഷ്ണൻ | 69/17.03.2025 | 30000 |
| 5 | 38 | ഇഷ, എസ്<br>D/O സ്വാമിനാഥൻ | 77/22.03.2025 | 30000 |
| 6 | 48 | ശ്രീജിത<br>D/O രഞ്ജിത്ത്.എം | 77/22.03.2025 | 30000 |
| 7 | 27 | ദിയ.കെ<br>D/O കൃഷ്ണകുമാർ | 77/22.03.2025 | 30000 |
| 8 | 31 | അശ്വനി .വി<br>D/O വിനോദ്. സി | 82/25.03.2025 | 30000 |

പദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-56 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം./ പേര് | 16/25, തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി ജില്ലാ പഞ്ചായത്തിലേക്കുള്ള വിഹിതം |
| അടങ്കൽ | 500000 (വികസനഫണ്ട് - ജനറൽ) |
| ചെലവ് | 500000 |
| ബിൽ നമ്പർ / | 03/30.01.2025 |

| | തീയതി | |
|---|---|---|

തെരുവുനായ ശല്യം പരിഹരിക്കുന്നതിന്റെ ഭാഗമായി തെരുവുനായകളുടെ പ്രജനനനിയന്ത്രണത്തിനായി എ.ബി.സി പദ്ധതി നടത്തിപ്പിലേക്ക് ജില്ലാപഞ്ചായത്തിലേക്ക് വിഹിതമായി 500000 രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 799011400002200) കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നമ്പർ 58/20.11.2025ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ള 5,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

**1-57 കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വാട്ടർ ബിൽ - പിഴ അടവാക്കിയത് അംഗീകരിക്കുന്നില്ല**

നഗരസഭയ്ക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ഓഡിറ്റ് വർഷത്തിലെ വെള്ളക്കരം യഥാസമയം കേരള വാട്ടർ അതോറിറ്റിക്കു അടവാക്കുന്നതിൽ വീഴ്ച്ച വരുത്തിയതിനാൽ പിഴയിനത്തിൽ അടവാക്കിയ 5660/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-6 ൽ ചേർക്കുന്നു.

**1-58 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് -Unmetered സ്ട്രീറ്റ് ലൈറ്റുകൾക്ക് ഉയർന്ന വൈദ്യുത ചാർജ് അടവാക്കിവരുന്നു**

ഇ8-19727/16 Vol II നമ്പർ ഫയൽ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ് അടവാക്കുന്നതുമായി ബന്ധപ്പെട്ട്, മേലാമുറി ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയറിൽ നിന്നും 13.07.2023 ലെ ഡിബി/സ്ട്രീറ്റ് ലൈറ്റ് 23-24/107 നമ്പർ കത്ത് ലഭ്യമായതായി കാണുന്നു. നഗരസഭാ പരിധിയിൽ 1165191023695 എന്ന കൺസ്യൂമർ നമ്പറിൽ താഴെപ്പറയും പ്രകാരം 665 Unmetered തെരുവുവിളക്കുകൾ ഉള്ളതായും ആയതിന് Composite Tariff ഈടാക്കി വരുന്നതായും പ്രസ്തുത കത്തിൽ പറയുന്നു. 2014 കേരള വൈദ്യുതി വിതരണകോഡിലെ റഗുലേഷൻ 102(8)(9)(10) പ്രകാരം ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ Unmetered തെരുവുവിളക്കുകളെല്ലാം Metered ആക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് “The Existing Supply Of Electricity To Street Lighting System Which Is Not Metered, Shall Be Brought Under Metered Supply In A Phased Manner Within A Period Of Twenty Four Months From The Date Of Coming Into Effect Of The Code, For Which The Licensees Shall Prepare A Time Bound Programme And Obtain The Approval Of The Commission Within A Period Of Six Months”. ആയത് ചർച്ച ചെയ്യുന്നതിനായി നഗരസഭയിലെ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുവാനും മേലാമുറി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുള്ളതായിക്കാണുന്നു. 18.08.2023 ലെ സെക്രട്ടറിയുടെ നിർദേശാനുസരണം ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ.ഷെരീഫ് എന്നവരെ ഇതിനായി ചുമതലപ്പെടുത്തിയതായി കാണുന്നുണ്ടെങ്കിലും Unmetered Street Lights നെ Metered ആക്കുന്നതിനുള്ള നടപടികൾ നാളിതുവരെയും സ്വീകരിച്ചതായി കാണുന്നില്ല. ഇപ്പോഴും

Unmetered സ്ലീറ്റ് ലൈറ്റുകൾക്ക് ഉയർന്ന വൈദ്യുത ചാർജ് നൽകി വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Unmetered Street Lights Under Melamuri Section | |
|---|---|
| Flourescent Bulbs | 487 Nos.(80Watts) |
| Sodium Vapour Lamp | 178Nos.(250Watts) |

| മാസം/ വർഷം | Unmetered Street Lights ന്റെ പ്രതിമാസ വൈദ്യുത ചാർജ് | ആകെ പ്രതിമാസ വൈദ്യുത ചാർജ് (Unmetered & Metered@മേലാമുറി സെക്ഷൻ) |
|---|---|---|
| 04/24 | 184761രൂപ | 272313 രൂപ |
| 05/24 | 184381 | 271430 |
| 06/24 | 184381 | 265128 |
| 07/24 | 184623 | 274772 |
| 08/24 | 184442 | 266660 |
| 09/24 | 185290 | 265933 |
| 10/24 | 185229 | 270208 |
| 11/24 | 184684 | 267878 |
| 12/24 | 184320 | 264231 |
| 01/25 | 187739 | 277309 |
| 02/25 | 188701 | 281080 |
| 03/25 | 183894 | 274523 |

Unmetered സ്ലീറ്റ് ലൈറ്റുകൾ Metered ആക്കുന്നതിനുള്ള നടപടി സ്വീകരിക്കാതിരുന്നതിനും, ഉയർന്ന നിരക്കിൽ വൈദ്യുത ചാർജ് അടവാക്കിവരുന്നതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 02/24.06.2025 നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2014 കേരള വൈദ്യുതി വിതരണകോഡിലെ റഗുലേഷൻ 102(8)(9)(10) പ്രകാരം ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ Unmetered തെരുവുവിളക്കുകളെല്ലാം Metered ആക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്, ആയതു പ്രകാരം നടപടി സ്വീകരിക്കേണ്ടതും തുടർന്നും ഉയർന്ന നിരക്കിൽ വൈദ്യുത ചാർജ് അടവാക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

**1-59 പൊതുടാപ്പുകളുടെ വെള്ളക്കരം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്**

ഫയൽ നമ്പർ ഇ8-40076/2009

സ.ഉ(കൈ)നം.11/2023/ജവിവ തീ.03.02.2023, കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 07.02.2023 ലെ KW/H/HO/RMC/941/2011 നടപടിക്രമം എന്നിവ പ്രകാരം നഗരസഭകളിലെ പൊതു ടാപ്പുകളുടെ പ്രതിവർഷ വെള്ളക്കരം 03.02.2023 പ്രാബല്യത്തിൽ

ടാപ്പൊന്നിന് 21838.68 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ലഭ്യമായ കണക്ക പ്രകാരം 1331 ടാപ്പുകൾക്ക് 2,90,67,283.08 രൂപ പ്രതിവർഷം നഗരസഭ അടവാക്കേണ്ടി വരുന്നുണ്ട്.

26.06.2024 തിയതിയിലെ 19-ാം നമ്പർ കൌൺസിൽ തീരുമാനപ്രകാരം ഉപയോഗമില്ലാത്ത 560എണ്ണം പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിനും ശേഷിക്കുന്നവ കൌൺസിലർമാരുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത പരിശോധനയിലൂടെ കണ്ടെത്തുന്നതിനും തീരുമാനിച്ചിരുന്നു. ഉപയോഗമില്ലാത്ത 560എണ്ണം പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനായികേരള വാട്ടർ അതോറിറ്റിയിൽ നിന്നും നൽകിയ 26.10.2023 ലെ D1-Deposit/PKD/MUN/Public Tap/23 നമ്പർ കത്ത് പ്രകാരം 8,31,000 രൂപ (08.01.2025ലെ 082188 നമ്പർ ചെക്ക്) നഗരസഭ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുമുണ്ട്. ആകെയുള്ള 1331 ടാപ്പുകളിൽ 560 എണ്ണം കുറവു ചെയ്ത് അവശേഷിക്കുന്നവയ്ക്ക് ഡിമാന്റ് നോട്ടീസ് ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയിലേക്ക് കത്തുകൾ (27.09.2025, 22.01.2026 എന്നീ തിയതികളിൽ) നൽകിയെങ്കിലും നിലവിലും വാട്ടർ അതോറിറ്റിയിൽ നിന്നും 1331 ടാപ്പുകൾക്ക് ഡിമാന്റ് നോട്ടീസ് നൽകി വരുന്നതായി കാണുന്നു.

സ.ഉ(സാധാ) 3217/202/ധന തിയതി 27.03.2025 ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള നഗരസഭകളിലെ പൊതുടാപ്പുകളുടെ 30.09.2024 വരെയുള്ള വെള്ളക്കരം കുടിശ്ശിക 13,05,67,257 രൂപ, പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽ നിന്നും സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിട്ടുണ്ട്. 10/2024 മുതലുള്ള ഡിമാന്റ് നോട്ടീസ് നൽകിയതിലും 31.03.2025 വരെയുള്ള കുടിശ്ശികയായി കാണിച്ചിട്ടുള്ളത് (1331 ടാപ്പുകൾ കണക്കിലെടുത്ത്) 14533854 രൂപയാണ്.

08.01.2025ലെ 082188 നമ്പർ ചെക്ക് മുഖേന ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്നും എത്ര രൂപ വിനിയോഗിച്ചു എന്നും, വിച്ഛേദിച്ച ടാപ്പുകളുടെ എണ്ണം സംബന്ധിച്ചും ഉള്ള വിവരം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. വിച്ഛേദിച്ച ടാപ്പുകളുടെ എണ്ണം കുറവു ചെയ്ത ഡിമാന്റ് നോട്ടീസ് ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി അധികൃതർക്ക് കത്ത് നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-60 വാർ മെമ്മോറിയൽ നിർമാണം-നടപടിക്രമത്തിലെ അപാകതകൾ**

അമൃത് 1.0 കോർ കമ്മിറ്റിയുടെ 31.07.2023 ലെ തീരുമാന പ്രകാരം വാർ മെമ്മോറിയൽ എന്ന പ്രവൃത്തിക്ക വേണ്ടി തനത് ഫണ്ടിൽ നിന്നും തുക ചെലവു നടത്തുന്നതിന് തീരുമാനിക്കുകയും 12.03.2025 ലെ ഡിപിസി അംഗീകാരത്തോടെ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ് . ടി പ്രവൃത്തിക്ക വേണ്ടി ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് (8,47,210രൂപ) ക്വാട്ട് ചെയ്ത ശ്രീ.നിഷിൽ നിയാസ് എന്നവർക്ക് കരാർ നൽകി പ്രവൃത്തി പൂർത്തീകരിച്ചതിലെ അപാകതകൾ ഖണ്ഡിക 3-2ആയി ചേർത്തിട്ടുണ്ട്.

**1-61 ഫ്രണ്ട് ഓഫീസ് ടോക്കൺ സിസ്റ്റം കരാർ ചമച്ചതിൽ കാലതാമസം - പിഴ**

ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | **149/25, 204/25-** ഫ്രണ്ട് ഓഫീസ് ടോക്കൺ എ.എം.സി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം. | E8-24871/22 |
| അടങ്കൽ | 75,000<br>50,000 |
| ചെലവ് | 42500,<br>42500 |
| ബിൽ നം./ തിയതി | 146/24-25, 05.03.2025<br>60/24-25,05.03.2025 |

നഗരസഭാ ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടോക്കൺ മെഷീൻ പ്രവർത്തന രഹിതമായതിനാൽ മത്സരാധിഷ്ഠിത ദർഘാസ് ക്ഷണിക്കുകയും Cybertech System Integration എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് ടി സ്ഥാപനത്തിന് 16.12.2023 ന വർക്ക് സെലക്ഷൻ ഓർഡർ നൽകി സ്ഥാപനവുമായി കരാർ ചമച്ചത് 27.02.2024 നം ആണ്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതും , 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ(Quoted PAC 85,000 രൂപ) 1% പിഴ ഈടാക്കേണ്ടതും (മിനിമം 1000) അപ്രകാരം കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതാണെന്നും, കൂടാതെ കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടേണ്ടതും ടെൻഡർ നിബന്ധനകളിലെ മറ്റു വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഫ്രണ്ട് ഓഫീസ് ടോക്കൺ സിസ്റ്റം എ.എം.സി എന്ന പ്രവൃത്തിയ്ക്കായി Cybertech System Integration എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടുള്ളത് മേൽ പരാമർശിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമായാണ്. കരാർ ചമയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കേണ്ടതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കുറവ് ചെയ്യാതെ ബിൽ തുക പൂർണമായും അനുവദിച്ചു.മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (55/12.11.2025) മറുപടി ലഭ്യമാക്കിയില്ല.

കരാർ തുകയുടെ(Quoted PAC 85,000 രൂപ) 1% പിഴ (മിനിമം 1000രൂപ)ഈടാക്കി വിവരം ഓഡിറ്റിൽ രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-62 വാർഷിക അറ്റകുറ്റപണി: പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

2024-25 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹിച്ച AMC പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.മത്സരാധിഷ്ഠിത ടെണ്ടറിനു പകരം ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 08.11.2010 ലെ സ.ഉ(അ)നം.259/2010/തസ്വഭവ മാർഗരേഖ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മതിപ്പ് വിലയുള്ള സാധനങ്ങളുടെ വാങ്ങൽ നിർവഹിക്കേണ്ടത് ഓപ്പൺ ടെണ്ടർ മുഖേനയാണ്. എന്നാൽ താഴെപ്പറയുന്ന എ.എം.സി പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കുന്നതിനു പകരം ക്വട്ടേഷൻ സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

എ)

| | |
|---|---|
| പ്രോജക്ട് നം. | 237/25 |
| പ്രോജക്ടിന്റെ പേര് | ഓഫീസ് എസി എ.എം.സി |
| അടങ്കൽ | 1,33,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 98,454 |
| ബിൽ നം./തിയതി | 10/21.10.2024, 53/03.02.2025 |

ബി)

| | |
|---|---|
| പ്രോജക്ട് നം. | 213/25 |
| പ്രോജക്ടിന്റെ പേര് | യു.പി.എസ് എ.എം.സി |
| അടങ്കൽ | 200000(വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 178780 |
| ബിൽ നം./ തിയതി | 3/04.10.2024, 34/13.01.2025 |

സി)

| | |
|---|---|
| പ്രോജക്ട് നം. | 194/25 |
| പ്രോജക്ടിന്റെ പേര് | യു.പി.എസ് ബാറ്ററി വാങ്ങൽ |
| അടങ്കൽ | 350000(വികസന ഫണ്ട് ധനകാര്യ |

| | |
|---|---|
| | കമ്മീഷൻ അവാർഡ്) |
| ചെലവ് | 61800 |
| ബിൽ നം./ തിയതി | 116/16.01.2025, 148/05.03.2025 |

I)നഗരസഭയിലെ എസി എ.എം.സി എന്ന പദ്ധതിയ്ക്കായി 21.12.2023 ലെ ഇ8-43677/23 നമ്പർ ക്വട്ടേഷൻ ക്ഷണിച്ചതിൽ , ലഭ്യമായ 3 ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Cybertech System Integration എന്ന സ്ഥാപനത്തിന് 17.01.2024 ന് വർക്ക് സെലക്ഷൻ ഓർഡർ നൽകി.

Ii)യുപിഎസ് എ.എം.സി എന്ന പദ്ധതിയ്ക്കായി 21.12.2023 ലെ ഇ8-43679/23 നമ്പർ ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ 4 ക്വട്ടേഷനിൽ എല്ലാ ഇനങ്ങളും ക്വാട്ട് ചെയ്തിട്ടുള്ള Universal Transformer എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് 03.02.2024 ന് വർക്ക് സെലക്ഷൻ ഓർഡർ നൽകി.

Iii)കൂടാതെ യുപിഎസ് ബാറ്ററി വാങ്ങൽ പദ്ധതിയ്ക്കായി 03.07.2024ലെ ഇ8-43679/23 നമ്പർ ആയി ക്വട്ടേഷൻ ക്ഷണിച്ചതിലും ലഭ്യമായ 3 ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള Universal Transformer എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് 07.02.2025ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു.

മേൽ പരാമർശിച്ച പ്രോജക്ടുകളുടെ അടങ്കൽ തുക 1,00,000 രൂപയ്ക്ക് കൂടുതൽ ആയിരിക്കെ മാർഗരേഖയ്ക്ക് വിരുദ്ധമായി മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്ക പകരം ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ 63/15.12.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മതിപ്പ വിലയുള്ള സാധനങ്ങളുടെ വാങ്ങൽ നിർവഹിക്കേണ്ടത് ഓപ്പൺ ടെണ്ടർ മുഖേനയാണ്, മാർഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി നിർവഹണ ഉദ്യോഗസ്ഥർ പാലിക്കേണ്ടതാണ്.

**2.** <u>കരാർ ചമയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കുന്നില്ല</u>

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതും , 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ (Quoted PAC ) 1% പിഴ ഈടാക്കേണ്ടതും (മിനിമം 1000) അപ്രകാരം കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതാണെന്നും, കൂടാതെ കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടേണ്ടതും ടെൻഡർ നിബന്ധനകളിലെ മറ്റു വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ കരാറിലേർപ്പെടാൻ കാലതാമസം ഉണ്ടായതിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രോജക്റ്റ് നം. | 237/25 |
| പ്രോജക്ടിന്റെ പേര് | എസി എ.എം.സി |
| Quoted PAC | 131275 |
| ഈടാക്കേണ്ട പിഴത്തുക | 1313 |

നഗരസഭാ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള എയർ കണ്ടീഷനുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി Cybertech System Integration എന്ന സ്ഥാപനത്തിന് കരാർ നൽകിയതിൽ ടി സ്ഥാപനത്തിന് വർക്ക് സെലക്ഷൻ ഓർഡർ നൽകിയത് 17.01.2024 നും സ്ഥാപനവുമായി കരാർ ചമച്ചത് 19.02.2024 നും ആണ്.

ബി)

| | |
|---|---|
| പ്രോജക്റ്റ് നം. | 134/25 |
| പ്രോജക്ടിന്റെ പേര് | ഓഫീസ് കമ്പ്യൂട്ടർ പ്രിന്റർ മെയിന്റനൻസ് |
| അടങ്കൽ | 239887 |
| ചെലവ് | 158976 |
| ബിൽ നം./തിയതി | 41/30.01.25 ,108/23.03.25 |
| Quoted PAC | 158976 |
| ഈടാക്കേണ്ട പിഴത്തുക | 1590 |

നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടർ പ്രിന്ററുകളുടെ മെയിന്റനൻസ് ചെയ്യുന്നതിനായി Nisdon Infowayഎന്ന സ്ഥാപനത്തിന് കരാർ നൽകിയതിൽ ടി സ്ഥാപനത്തിന് വർക്ക് സെലക്ഷൻ ഓർഡർ നൽകിയത് 29.12.2023 നും സ്ഥാപനവുമായി കരാർ ചമച്ചത് 16.03.2024 നും ആണ്.

സി)

| | |
|---|---|
| പ്രോജക്റ്റ് നം. | 213/25 |
| പ്രോജക്ടിന്റെ പേര് | യു.പി.എസ് എ.എം.സി |
| Quoted PAC | 189990 |
| ഈടാക്കേണ്ട പിഴത്തുക | 1900 |

നഗരസഭാ ഓഫീസിലെ UPS മെയിന്റനൻസ് ചെയ്യുന്നതിനായി Universal Transformer എന്ന സ്ഥാപനത്തിന് കരാർ നൽകിയതിൽ ടി സ്ഥാപനത്തിന് വർക്ക് സെലക്ഷൻ ഓർഡർ നൽകിയത് 03.02.2024 നും സ്ഥാപനവുമായി കരാർ ചമച്ചത് 14.03.2024 നും ആണ്. ഇത് നിയമാനുസൃത കാലാവധിക്കു ശേഷമാണ്.

മേൽ പറഞ്ഞ (എ,ബി,സി) മൂന്നു പ്രവൃത്തികളുടെയും കരാറുകാരും സ്ഥാപനവുമായി കരാർ

ചമച്ചിട്ടുള്ളത് നിയമാനുസൃത കാലാവധിക്കു ശേഷമാണ്. കരാർ ചമയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കേണ്ടതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കുറവ് ചെയ്യാതെ ബിൽ തുക അനുവദിച്ചു.

മേൽ പരാമർശിച്ച പ്രവൃത്തികൾക്ക് യഥാസമയം കരാർ ചമയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനു വിശദീകരണം നൽകേണ്ടതും കരാർ ചമച്ചതിലെ കാലതാമസത്തിന് പിഴ ആകെ 4803 (1313+1590+1900) രൂപ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-63 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം മൂൻകൂറായി തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കെ.എസ്.ഇ.ബി സെക്ഷൻ | ബിൽ നമ്പർ/ തിയതി | ഡെപ്പോസിറ്റ് തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| 372\25 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- (അടങ്കൽ 2900000, ചെലവ്- 896675) | കെ.എസ്.ഇ.ബി സുൽത്താൻപേട്ട് | 26/03.12.2024 | 63186 | - | 63186 |
| | കെ.എസ്.ഇ.ബി കൽപ്പാത്തി | 26/03.12.2024 | 59814 | - | 59814 |
| | കെ.എസ്.ഇ.ബി മേലാമുറി | 26/03.12.2024 | 136032 | - | 136032 |
| | കെ.എസ്.ഇ.ബി ബിഗ് ബസാർ | 26/03.12.2024 | 20777 | 20777 (U.C ലഭ്യമായി) | - |
| | കെ.എസ്.ഇ.ബി മരുതറോഡ് | 26/03.12.2024 | 49264 | | 49264 |
| | കെ.എസ്.ഇ.ബി മേലാമുറി | 31/01.01.2025 | 50198 | - | 50198 |
| | കെ.എസ്.ഇ.ബി സുൽത്താൻപേട്ട് | 31/01.01.2025 | 2419 | - | 2419 |
| | കെ.എസ്.ഇ.ബി കൽപ്പാത്തി | 31/01.01.2025 | 23046 | - | 23046 |
| | കെ.എസ്.ഇ.ബി സുൽത്താൻപേട്ട് | 43/06.02.2025 | 4236 | - | 4236 |
| | കെ.എസ്.ഇ.ബി | 43/06.02.2025 | 49997 | - | 49997 |

| | | | | | |
|---|---|---|---|---|---|
| | കൽപ്പാത്തി | | | | |
| | കെ.എസ്.ഇ.ബി ബിഗ് ബസാർ | 43/06.02.2025 | 57298 | 50000 (U.C ലഭ്യമായി) | 7298 |
| | കെ.എസ്.ഇ.ബി കൽപ്പാത്തി | 57/ 18.02.2025 | 73396 | - | 73396 |
| | കെ.എസ്.ഇ.ബി ബിഗ് ബസാർ | 61/ 05.03.2025 | 100000 | - | 100000 |
| | കെ.എസ്.ഇ.ബി മേലാമുറി | 61/ 05.03.2025 | 59456 | - | 59456 |
| | കെ.എസ്.ഇ.ബി കൽപ്പാത്തി | 62/05.03.2025 | 31353 | - | 31353 |
| | കെ.എസ്.ഇ.ബി മേലാമുറി | 65/12.03.2025 | 43781 | - | 43781 |
| | കെ.എസ്.ഇ.ബി മരുതറോഡ് | 67/15.03.2025 | 61308 | - | 61308 |
| | കെ.എസ്.ഇ.ബി ബിഗ് ബസാർ | 106/19.03.2025 | 8200 | - | 8200 |
| | കെ.എസ്.ഇ.ബി കൽപ്പാത്തി | 49/10.02.2025 | 2914 | - | 2914 |
| ആകെ | | | 896675 | 70777 | 825898 |

മേൽ പരാമർശിച്ച ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 60/24.11.2025 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല, ധനവിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 8,25,898/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-64-1 വാർഡ് 19 ലെ എസ്.സി.കോളനി റോഡ്,ഡ്രൈനേജ്- പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി**

| | |
|---|---|
| പ്രോജക്റ്റ് | Construction And Reconstruction Of Road And Drain At New SC Colony Ward – 19.<br>SO-280/22-23 , SO-452/24(എസ്.സി.പി) |
| നിർവ്വഹണ | അസി.എക്സിക്യൂട്ടിവ് |

| | |
|---|---|
| ഉദ്യോഗസ്ഥൻ | എഞ്ചിനീയർ |
| അടങ്കൽ | 700000/- പ്ലാൻ എസ്.സി.പി |
| ചെലവ് | 673899/- പ്ലാൻ എസ്.സി.പി. ബിൽ നം.18/13.06.24 |
| എസ്റ്റിമേറ്റ് പി.എ.സി. | 592566/- |
| ക്വാട്ടഡ് പി.എ.സി. | 644026/- |
| എഗ്രിമെന്റ് നം. | 77(a)/280/AEE/ LSGD/2022-23/18.03.23 |
| LOA | 14.03.2023 |
| സൈറ്റ് കൈമാറിയ തീയതി | 28.03.2023 |
| ആകെ പ്രവൃത്തി മൂല്യം | 571101/- |
| ചെക്ക് മെഷർ തീയതി | 28.02.24 |
| കോൺട്രാക്ടർ | ശ്രീ.നിഷിൽ നിയാസ് |

വാർഡ് 19 ലെ എസ്.സി.കോളനി റോഡ് , അഴുക്ക്ചാൽ നിർമ്മാണം/പുനർനിർമ്മാണം എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി കഴിഞ്ഞിട്ടും പിഴ ഈടക്കാതെ പൂർത്തീകരണ സമയപരിധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പദ്ധതിയുടെ ചെലവു വിവരങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ഇല്ല.

2.കാലാവധി ദീർഘിപ്പിക്കുന്നതിന് സമയബന്ധിതമായി അപേക്ഷ നൽകിയില്ല.

1)ആദ്യ ദീർഘീകരണം പിഴയില്ലാതെ അനുവദിച്ചു

പ്രവൃത്തിയുടെ വർക്ക് സെലക്ഷൻ ഓർഡർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 27.09.23 തീയതിയിലാണ്. എന്നാൽ "വാട്ടർ അതോറിറ്റിയുടെ പൈപ്പ് വർക്ക്സൈറ്റിൽ നിന്ന് മാറ്റി സ്ഥാപിക്കേണ്ടതിനാൽ നാളിതുവരെയായിട്ടും പ്രവൃത്തി തുടങ്ങിയിട്ടില്ല, പൈപ്പ് മാറ്റിയാൽ മാത്രമെ പണി തുടങ്ങാൻ കഴിയൂ, ആയതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.12.2023 വരെ നീട്ടികിട്ടുന്നതിനു" കോൺട്രാക്ടറുടെ 9.10.23 ലെ അപേക്ഷ പ്രകാരം പിഴയില്ലാതെ ആദ്യ ദീർഘീകരണം 30.11.23 വരെ അനുവദിച്ചു.

യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതിയായ 27.09.23 നു ശേഷമാണ് "വർക്ക് സൈറ്റിൽ നിന്ന് വാട്ടർ അതോറിറ്റിയുടെ പൈപ്പ് മാറ്റിയാൽ മാത്രമെ പ്രവൃത്തി തുടങ്ങുവാൻ കഴിയൂ എന്നു പറഞ്ഞ്" പൂർത്തീകരണ കാലാവധി നീട്ടി കിട്ടുന്നതിന് കോൺട്രാക്ടർ അപേക്ഷ

നൽകിയിരിക്കുന്നത്.

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്താൻ സർക്കാർ നിർദ്ദേശമുണ്ടായിരിക്കെ സൈറ്റ് കൈമാറിയതിനുശേഷം തടസ്സവാദം ഉന്നയിക്കുന്നതും ദീർഘീകരണത്തിന് അപേക്ഷ വച്ച് അതു അംഗീകരിക്കുന്നതും നിർവ്വഹണാദ്യോഗസ്ഥന്റെ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

<u>2)ദീർഘീകരണം 50% ൽ അധികരിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല</u>

സാധന സാമഗ്രികളുടെ ദൌർലഭ്യം സൂചിപ്പിച്ചു കൊണ്ട് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി (രണ്ടാമത്തെ Extension) ദീർഘിപ്പിച്ചു നൽകുന്നതിന് കോൺട്രാക്ടർ വീണ്ടും 29.11.23 ന് അപേക്ഷിക്കുകയും ആയതു പ്രകാരം പിഴ ഇല്ലാതെ 29.02.24 വരെ അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ അംഗികരിച്ചു നൽകിയിട്ടുണ്ട്.

കേരള പൊതുമരാമത്ത് മാനുവൽ 2012 (ജി.ഒ(പി)നം.13/2012/PWD/01.02.2012)ലെ സെക്ഷൻ 2112 പ്രകാരം പൊതുമരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി PACയുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതും തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50%-ൽ അധികരിക്കാവുന്നതല്ല. എന്നാൽ മേൽ പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയതിൽ മേൽ നിബന്ധനകൾ പാലിച്ചിട്ടില്ല.

<u>3)നിയമാനുസൃതം പിഴ ഈടാക്കേണ്ടതാണ്</u>

പിഴ APAC യുടെ 644026/- രൂപയുടെ 3%(1%+2%) 6440+12880=19320/- രൂപ ഈടാക്കേണ്ടതാണ്.

2012 ലെ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112.1 പ്രകാരം നിശ്ചിത സമയത്തിനകം കരാർ പൂർത്തീകരണത്തിനുള്ള സമയപരിധി ദീർഘിപ്പിക്കാൻ അപേക്ഷിക്കാതിരുന്നാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിക്കാവുന്നതും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മറ്റ് നടപടികൾ സ്വീകരിക്കാവുന്നതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിബന്ധനകൾ പാലിക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയതിനും പിഴ ഈടാക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(62/29.11.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദേശം</u>

1.2012 ലെ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112.1 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.നിയമാനുസൃത പിഴ 19320/- രൂപ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-64-2 കാടാംക്കോട്-പണ്ടാരക്കാവ് റോഡ് ഡ്രൈനേജ്-പിഴ ഇല്ലാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി**

കേരള പൊതുമരാമത്ത് മാനവൽ 2012 (ജി.ഒ(പി)നം.13/2012/PWD/01.02.2012)ലെ സെക്ഷൻ 2112 പ്രകാരം പൊതുമരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി PAC-1642312-യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതും തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50%-ൽ അധികരിക്കാവുന്നതല്ല.

നിബന്ധനകൾ പാലിക്കാതെ താഴെപറയുന്ന മരാമത്തുപ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 50% അധികം ദീർഘിപ്പിച്ചു നൽകിയതായി കാണുന്നു. വിശദവിവരം താഴെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കാടാംക്കോട്-പണ്ടാരക്കാവ് എന്നിവടങ്ങളിൽ റോഡ് ഡ്രൈനേജ് പുനരുദ്ധാരണം(വാർഡ് 27) SO-234/22-23 , SO-282/24(ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| അടങ്കൽ | 1333617/- |
| ചെലവ് | 1023123/- |
| ബിൽ നം | 81/25-10-2024 |
| എഗ്രിമെന്റ് നം. | 35/234/AEE/LSGD/23-24 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി | 21.02.2023 മുതൽ 20.08.2023 വരെ |
| LOA | 07.01.2023 |
| സൈറ്റ് കൈമാറിയ തീയതി | 21.02.2023 |
| ആകെ പ്രവൃത്തി മൂല്യം | 1023123- |

| | |
|---|---|
| ചെക്ക് മെഷർ തീയതി | 01-02-2024 |
| കോൺട്രാക്ടർ | ശ്രീ. സുരജ്. യൂ |

മേൽ പ്രവൃത്തിയുടെ വർക്ക് സെലക്ഷൻ ഓർഡർ 21.02.2023 തീയതിയിലാണ് കരാറുകാരന് കൈമാറിയത്. പ്രവൃത്തി പൂർത്തീകരിക്കേണ്ട 6 മാസ കാലവധിക്കകം പണി പൂർത്തിയാക്കാൻ കരാറുകാരന് കഴിഞ്ഞില്ല. എന്നാൽ ക്വാറി സമരം കാരണം മെറ്റീരിയലുകൾ കിട്ടുന്നതിനുള്ള കാലതാമസം കാരണം കാണിച്ച് കോൺട്രാക്ടർ നൽകിയ 12-10-2023 ലെ അപേക്ഷ പരിഗണിച്ച് 19.11.2023 വരെ പിഴ കൂടാതെ ആദ്യ തവണ പ്രവൃത്തി ദീർഘിപ്പിച്ചു നൽകി. രണ്ടാംതവണ 19-11-23 മുതൽ 31-12-23 വരെ കാലവർഷം പ്രതികൂലമായതിനാൽ ടാറിംഗ് പ്രവൃത്തികൾ നടത്തുവാൻ കഴിയുകയില്ല എന്ന തിയ്യതി വെക്കാത്ത കോൺട്രാക്ടറുടെ അപേക്ഷ പ്രകാരം ദീർഘിപ്പിച്ചു നൽകി. വാട്ടർ അതോറിറ്റിയുടെ പൈപ്പ് വർക്ക്സൈറ്റിൽ നിന്ന് മാറ്റി സ്ഥാപിക്കേണ്ടതിനാൽ വീണ്ടും 15-02-2024വരെ പ്രവൃത്തി ദീർഘിപ്പിച്ചു നൽകി. യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട 20.08.2023 തീയതിയിലാണ്. കരാർപ്രകാരമുള്ള കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കതിനും, പൂർത്തീകരണ കാലാവധി പിഴ ഈടാക്കാതെ 3 തവണ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്താൻ സർക്കാർ നിർദ്ദേശമുണ്ടായിരിക്കെ സൈറ്റ് കൈമാറിയതിനുശേഷം തടസ്സവാദം ഉന്നയിക്കുന്നതും ദീർഘീകരണത്തിന് അപേക്ഷനൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. എന്നാൽ മേൽ നിബന്ധനകൾ പാലിക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയതിനും പിഴ ഈടാക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(91/24-02-2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദേശം</u>

1. 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112.1 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. APAC- 1642312/- രൂപയുടെ 3%(1%+2%) പിഴ ആകെ 16423+32846=49269/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**<u>1-64-3 ശേഖരീപുരം കുളം അരികുഭിത്തി നിർമ്മാണം - പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി 9 മാസം നീട്ടി നൽകി</u>**

| | |
|---|---|
| പ്രോജക്റ്റ് | 313/24, 361/25, ശേഖരീപുരം കുളം അരികുഭിത്തി നിർമ്മാണം |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| അടങ്കൽ | 15 ലക്ഷം (CFC Tied Grant) |
| എസ്റ്റിമേറ്റ് PAC | 1270920 |
| എൽ ഒ എ | 15/02/2024 |
| എഗ്രിമെന്റ് | 124/313/AEE/LID&EW/ PKD/23-24 Dt 01.03.2024 |
| പൂർത്തീകരിക്കേണ്ട തീയതി | 10.09.2024 |
| സൈറ്റ് കൈമാറിയത് തീയതി | 11.03.2024 |
| പൂർത്തീകരണ കാലാവധി | 6 മാസം |

പദ്ധതി പ്രവൃത്തി ശ്രീ വി.കെ ചാമി എന്നവർ 1281699/- രൂപക്ക് ടെൻഡർ എടുത്തിട്ടുള്ളതാണ്. വർക്ക് സെലക്ഷൻ ഓർഡർ,എഗ്രിമെന്റ് എന്നിവ പ്രകാരം സൈറ്റ് കൈമാറിയ തീയതി (11.03.2024)മുതൽ 6 മാസത്തിനകം, അതായത് 10.09.2024നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നിശ്ചിത തീയതിക്കകം പൂർത്തീകരിച്ചിട്ടില്ല, മാത്രമല്ല പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കോൺട്രാക്ടർ സമർപ്പിച്ചിട്ടില്ല. അപേക്ഷയും വ്യക്തമായ കാരണങ്ങളുമില്ലാതെയാണ് ഫൈൻ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത്. ഫയൽ പരിശോധിച്ചതിൽ 13.08.2024 മുതൽ 12.11.2024 വരെ, 12.11.2024 മുതൽ 11.02.2025വരെ, 11.02.2025 മുതൽ 10.05.2025വരെ എന്നിങ്ങനെ മൂന്ന് തവണയായി 9 മാസം എക്സ്റ്റൻഷൻ അനുവദിച്ചിട്ടുണ്ട്. മേൽ പ്രകാരം ദീർഘീകരണത്തിന് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ളതിന്റെ സ്റ്റാമ്പ് പേപ്പർ വാങ്ങിച്ചിരിക്കുന്നത് തന്നെ 19.03.2025 തീയതിയിലാണ്. 2012 ലെ കേരള PWD മാനുവലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയിൽ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നത് പരമാവധി 3 മാസം മാത്രമാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു ലഭിക്കുന്നതിന് അപേക്ഷിക്കാതിരുന്നതും, അനുവദനീയമായതിലും അധികം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയതും ഫൈൻ ഈടാക്കാതിരുന്നതും ചട്ടലംഘനമാണ്.

ഈ പ്രവൃത്തിയുടെ ഫസ്റ്റ് ആൻഡ് പാർട്ട് ബിൽ ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 28.02.2025 മുതൽ 14.03.2025 വരെയുള്ള തീയതിയിലാണ്. ബിൽ തുക 587719/- CFC ബിൽ നം. 111/23.03.2025.
കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തത് കരാറുകാരന്റെ വീഴ്ചയാണ്. ഇത്തരം സംഗതിയിൽ നിയമാനുസൃത പിഴ ഈടാക്കാതെ 9 മാസത്തിലധികം ദീർഘീകരണം അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ പിഴ 1281699/-രൂപയുടെ (APACരൂപയുടെ) 3% (1%+2%)12817+25634 = 38450/-രൂപ ഈടാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം (നം.73/30.01.26) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-64 നിബന്ധനകൾ പാലിക്കാതെ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി**

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112.1 പ്രകാരം നിശ്ചിത സമയത്തിനകം കരാർ പൂർത്തീകരണത്തിനുള്ള സമയപരിധി ദീർഘിപ്പിക്കാൻ അപേക്ഷിക്കാതിരുന്നാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിക്കാവുന്നതും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മറ്റ് നടപടികൾ സ്വീകരിക്കാവുന്നതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിബന്ധനകൾ പാലിക്കാതെ പൊതുമരാമത്തിലെ വിവിധ പ്രവർത്തികൾക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഉപഖണ്ഡികളായി ചേർത്തിട്ടുണ്ട്.

**1-65 മിനിമാസ്റ്റ് ഹൈമാസ്റ്റ് എ.എം.സി. (മെയിന്റനൻസ്)പദ്ധതി - അപാകതകൾ**

| | |
|---|---|
| ഫയൽ നം. | ഇ8/34889/2023 |
| പ്രോജക്ട് നം. | So/83/24, So/299/25 മിനിമാസ്റ്റ് ഹൈമാസ്റ്റ് എ.എം.സി. (മെയിന്റനൻസ്) |
| നിർവ്വഹണദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | 9,99,700(ധനകാര്യകമ്മിഷൻ അവാർഡ്) |
| ചെലവ് | 9,21,832 |
| കോൺട്രാക്ടർ | ശ്രീ.കെ.എസ്.പ്രസാദ്, എസ്.കെ.ഇലക്ട്രിക്കൽസ് |
| എസ്റ്റിമേറ്റ് പി.എ.സി | 829671/- |
| ക്വാട്ടട് തുക | 800604/- |
| നെഗോഷിയേറ്റഡ് തുക | 734528/- |

| | |
|---|---|
| LOA | 13.03.2024 |
| എഗ്രിമെന്റ് | No.142/83/AEE/LID/EW/ PKD/16.03.2024. |
| സൈറ്റ് കൈമാറിയ തീയതി | 25.03.2024 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹിച്ച മിനിമാസ്റ്റ് ഹൈമാസ്റ്റ് എ.എം.സി പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഫയൽ പരിശോധിച്ചതിൽ പദ്ധതിയ്ക്കായി 17.11.2023ന് ആദ്യ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത L1കോൺട്രാക്ടർക്ക് PWD Elelctrical B License ഇല്ല, L2, L3 ആയി ക്വാട്ട് ചെയ്തവർ EMD ഹാജരാക്കിയിട്ടില്ല എന്നീ കാരണങ്ങളാൽ ടെണ്ടർ വാലിഡ് അല്ല എന്ന് കാണിച്ച് റീടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

04.12.2023 ന് റീടെണ്ടർ നടത്തിയതിൽ L1-പ്രിൻസ്.ജെ-7,68,242.46/- രൂപയും, L2-കെ.എസ്.പ്രസാദ് എസ്.കെ.ഇലക്ട്രിക്കൽസ്- 8,00,604.43 രൂപയും ക്വാട്ട് ചെയ്തിട്ടുണ്ട് . ആയതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത L1-പ്രിൻസ്.ജെ, അക്ഷര ഇലക്ട്രിക്കൽസ് എന്നയാൾക്ക് PWD Electrical-C ലൈസൻസാണ് ഉള്ളതെന്നും 5 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് PWD Electrical-B ലൈസൻസ് ആവശ്യമാണ് എന്നുള്ളതിനാൽ ടെണ്ടർ അംഗീകരിച്ചില്ല. നിലവിൽ ശേഷിക്കുന്ന ടെണ്ടർ സിംഗിൾ ടെണ്ടർ ആയി പരിഗണിച്ച് (റീ ടെണ്ടർ ആയതിനാലും, Single ടെണ്ടർ ആയതിനാലും) നെഗോസിയേഷൻ ആവശ്യപ്പെട്ട് നെഗോഷിയേറ്റഡ് തുക – 734528/- രൂപയായി ജില്ലാ പഞ്ചായത്ത് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി L2 കരാറുകാരന്റെ (ശ്രീ. കെ.എസ്.പ്രസാദ്, എസ്.കെ.ഇലക്ട്രിക്കൽസ്) ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.

എന്നാൽ പ്രോജക്റ്റ് നം.So-82/23-24 സ്ട്രീറ്റ് ലൈറ്റ് എ.എംസി പദ്ധതി പ്രകാരം 21.06.23 ന് നടന്ന ടെണ്ടറിൽ ശ്രീ. പ്രിൻസ്. ജെ, അക്ഷര ഇലക്ട്രിക്കൽസിന് B Class രജിസ്ട്രേഷൻ ഉണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.
എന്നാൽ ഈ പദ്ധതിക്കുവേണ്ടി 4.12.2023 ന് റീടെണ്ടർ നടത്തിയതിൽ L1- ശ്രീ. പ്രിൻസ്.ജെ - 7,68,242.46/- രൂപ ക്വാട്ട് ചെയ്തിട്ടും ബി ക്ലാസ് രജിസ്ട്രേഷൻ ഇല്ല എന്ന കാരണം പറഞ്ഞ് ടെണ്ടർ അംഗീകരിച്ചിട്ടില്ല. ഒരു പദ്ധതിപ്രകാരം Electrical-B ലൈസൻസ് ഉണ്ടെന്നതിനാൽ ടെണ്ടർ അംഗീകാരം നൽകിയ കോൺട്രാക്ടർക്ക് അതിനുശേഷം നടന്ന ടെണ്ടറിൽ ബി ക്ലാസ് രജിസ്ട്രേഷൻ ഇല്ല എന്ന കാരണം പറഞ്ഞ് ടെണ്ടർ അംഗീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2) മിനിമാസ്റ്റ് ഹൈമാസ്റ്റ് എ.എം.സി. (മെയിന്റനൻസ്) എന്ന ഈ പദ്ധതി എഗ്രിമെന്റ് തീയതി മുതൽ ഒരു വർഷത്തേക്കുള്ള മെയിന്റനൻസ് പ്രവൃത്തികൾക്കുള്ളതാണെങ്കിലും 16.03.2024 ന് എഗ്രിമെന്റ് വെച്ച് 25.03.2024 ന് സൈറ്റ് കൈമാറി, 26.03.24 ൽ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് സാക്ഷ്യപത്രത്തോടെ ഫൈനൽ ബിൽ (CC 1st & Final Bill) സമർപ്പിച്ചിട്ടുണ്ട്. Certificate Of Completion Of Work - പദ്ധതി എഗ്രിമെന്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും 26.03.24ൽ

പൂർത്തീകരിച്ചിട്ടുണ്ട് എന്ന് അസി.എഞ്ചിനീയർ , എൽ.എസ്.ജി.ഡി, ജില്ലാപഞ്ചായത്ത്, ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 829624.30+GST = 9,99,696/- രൂപയാണ്. ആയത് ക്വാട്ടഡ് തുകയായ 734528/- രൂപയിൽ ലിമിറ്റ് ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം വർക്ക് ഓർഡർ തീയതി (13.03.2024) മുതൽ 365 ദിവസമാണ് പൂർത്തീകരണ കാലാവധി (12.03.2025 വരെ). എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയതും ചെക്ക് മെഷർ ചെയ്ത തീയതിയും 26.03.2024 ആണ്. അതായത് സൈറ്റ് കൈമാറി തൊട്ടടുത്ത ദിവസം തന്നെ പ്രവൃത്തിയുടെ CC 1st & Final Bill സമർപ്പിച്ചിട്ടുണ്ട്. 26.03.2024 ന ശേഷം കരാർ ഏറ്റെടുത്ത സ്ഥാപനം വാർഷിക അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല എന്ന കാര്യം വ്യക്തമാണ്. കരാർ പ്രകാരം ഒരു വർഷത്തേക്കാണ് അറ്റകുറ്റ പണികൾ ചെയ്യേണ്ടത്.

Bill No.21/27.11.24 പ്രകാരം 3,98,298 രൂപയും, Bill No.105/19.03.25 – 5,23,534 അനുവദിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും പൂർത്തീകരിക്കാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഫീസ് നോട്ട് പ്രകാരം - ബിൽ പരിശോധിച്ചതിൽ 25.3.24 നാണ് സൈറ്റ് കൈമാറിയിരിക്കുന്നത് പൂർത്തീകരണ തീയതി 26.3.24 നാണ് , 10% റിട്ടെൻഷൻ പിടിച്ച്കൊണ്ട് ബിൽ തുക അനുവദിക്കുക എന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ -27.03.2024 ൽ-നോട്ട് എഴുതിയിട്ടുണ്ട്. എന്നാൽ പിന്നീട് ജില്ലാ പഞ്ചായത്തിൽ നിന്നും സമർപ്പിച്ച ബിൽ Cc First And Final Bill എന്നാണ്, എന്നാൽ പ്രസ്തുത ബിൽ AMC ഉള്ളതാണ്. AMC യുടെ കരാർ ഉടമ്പടി പ്രകാരം ഒരു വർഷത്തേക്കാണ് മെയിന്റനൻസ് ചെയ്യേണ്ടത്. 16.03.24 ന് കരാർ ഉടമ്പടി വെച്ചതിൽ 15.03.25 വരെ AMC നിലനിൽക്കുന്നുണ്ട്. Final Bill സമർപ്പിച്ചിട്ടുണ്ടെങ്കിലും AMC വ്യവസ്ഥപ്രകാരം രണ്ട് Quater ലെ ബിൽ തുക മാത്രമെ കൊടുക്കുവാൻ സാധിക്കുകയുള്ളൂ എന്ന് 10.09.2024 ൽ AEE കുറിപ്പ് എഴുതിയിട്ടുണ്ട്.
ആയതിനാൽ രണ്ട് Quarter Bill തുക അതായത് ക്വാട്ട് ചെയ്ത തുകയുടെ 50% അനുവദിക്കാവുന്നതാണ് എന്ന് AEE 14.11.2024 ന് നോട്ട് എഴുതിയിട്ടുണ്ട്. ) ആയതു പ്രകാരം 50% വീതം രണ്ട് തവണയായി ബിൽ തുക അനുവദിച്ചിട്ടുണ്ട്.
3) എഗ്രിമെന്റ് സ്റ്റാമ്പ് പേപ്പറിൽ M/S. Prince.J Akshara Electricals, Melekuzhinjanvila Karode PO, Pincode 695506 എന്ന മേൽവിലാസത്തിൽ Prince.J എന്നത് പേന കൊണ്ട് വെട്ടി പ്രസാദ്.കെ.എസ്. എന്ന് തിരുത്തിയിട്ടുണ്ട്. കെ.എസ് .പ്രസാദും, പ്രിൻസ്.ജെ യും എഗ്രിമെന്റിൽ ഒപ്പ് വച്ചിട്ടുണ്ട്.

4) LOA ക്രമ നം.6 പ്രകാരം പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനകം 2,00,000/- രൂപയുടെ ഇൻഷൂറൻസ് സമർപ്പിക്കേണ്ടതാണ് എന്നാൽ ആയതിന്റെ പകർപ്പ് ഫയിൽ ഇല്ല. ആയതിനാൽ കോൺട്രാക്ട് തുക 734528/- രൂപയുടെ 0.2% 1470/-രൂപ ഫൈൻ ഈടാക്കേണ്ടതാണ് .

ഓഡിറ്റ് അന്വേഷണത്തിന് (83/10.02.2026)മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-66 എഗ്രിമെന്റ് വെയ്ക്കുന്നതിൽ കാലതാമസം പിഴ ഈടാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്റ്റ് | വാർഡ് - 15 സ്കൂൾ മെയിന്റനൻസ് (നം. 444/24 & 192/25) |
| കോൺട്രാക്ടർ | ശ്രീ. സുരേഷ്.എ |
| അടങ്കൽ | 1000000/- |
| ചെലവ് | Ist &2nd Part Bill - 837647+162353<br>ബിൽ നം.17/11.6.24 & 146/20.01.25 |
| എസ്റ്റിമേറ്റ് പി.എ.സി. | 847282/- |
| ക്വാട്ടഡ് പി.എ.സി. | 927427/- |
| എഗ്രിമെന്റ് നം. | 13/444/AEE/LID&EW/ PKD/23-24, Dated 27.10.23 |
| LOA | E2-12034/23 Dtd. 06.07.2023 |

2024-25 സാമ്പത്തിക വർഷം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം ചെയ്ത മേൽ പദ്ധതിയുടെ വർക്ക് സെലക്ഷൻ ഓർഡർ 06.07.2023 തീയതിയിൽ നൽകിയിട്ടുണ്ട്. എന്നാൽ കരാർ ചമച്ചിട്ടുള്ളത് 27.10.2023 തീയതിയിൽ ആണ്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതും , 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതും (മിനിമം 1000) അപ്രകാരം കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതാണെന്നും, കൂടാതെ കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടേണ്ടതും ടെൻഡർ നിബന്ധനകളിലെ മറ്റു വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പ്രവൃത്തിയ്ക്കായി കരാർ ചമച്ചിട്ടുള്ളത് മേൽ പരാമർശിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമായാണ്. കരാർ തുകയുടെ 927427/- രൂപയുടെ 1% 9274/-രൂപ കരാർ ചമയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കേണ്ടതാണ്. 9274/- രൂപ പിഴ ഈടാക്കേണ്ടതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കുറവ് ചെയ്യാതെ24-25 വർഷം 2ബിൽ തുകയും പൂർണമായി അനുവദിച്ചു. ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് അല്ലാത്ത പക്ഷം പിഴ 9274/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷത്തിന് (84/18.2.26) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-67 ആസ്തി ഡിജിറ്റലൈസിംഗ് പദ്ധതി പൂർത്തീകരിച്ചിട്ടില്ല**

2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ ആസ്തി ഡിജിറ്റൈസേഷൻ പദ്ധതിയുടെ ഫയൽ (ഫയൽ നം.ഇ 6-42673/2022) പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

Kerala State Remote Sensing And Environment Centre (KSREC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിന്റെയും, R Track Mobile Application-ന്റേയും സേവനം പ്രയോജനപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 10.03.2021 ലെ PAN/3173/2021-J1(DP) നമ്പർ കത്ത്, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.01.2021 തീയതിയിലെ DB3 5525/2027/LSGD (SRG 170/21) നമ്പർ കത്ത് എന്നിവയിൽ നിർദ്ദേശം നൽകിയിരുന്നു. വികേന്ദ്രീകതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിൽ റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കുന്നതിനും ആയതിന് തനതു ഫണ്ട്/ വികസന ഫണ്ടിൽ(ജനറൽ) നിന്നും വാർഡിന് 5000/- രൂപ നിരക്കിൽ വിനിയോഗിക്കാമെന്നും തീരുമാനം ഉണ്ട്.

1.തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച 1,30,000/-രൂപ വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല.

പാലക്കാട് നഗരസഭയുടെ 52 വാർഡുകളിലും റോഡ് കണക്ടിവിറ്റി മാപ്പിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ വാർഡിലും 2 പേരെ വീതം നിർദ്ദേശിക്കുന്നതിന് വാർഡ് കൗൺസിലർമാർക്ക് കത്ത് തയ്യാറാക്കിയിട്ടുണ്ടെങ്കിലും കൗൺസിലർമാർ ആളുകളെ നിർദ്ദേശിച്ചതിന്റെ വിശദാംശങ്ങളോ, ഓരോ വാർഡിലും നിയോഗിച്ച ആളുകളുടെ വിശദാംശങ്ങളോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. R ട്രാക്ക് ഫീൽഡ് സർവ്വെ പൂർത്തിയാക്കിയതായും വെരിഫിക്കേഷൻ മാത്രമാണ് ബാക്കിയുള്ളതെന്നും 50% തുക അനുവദിക്കാവുന്നതാണെന്നും 13.02.2023 ലെ ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം 1,30,000/-രൂപ(ചെക്ക് നമ്പർ 115669/16.03.2023) തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. തനതു ഫണ്ടിൽ നിന്നും ചെലവു ചെയ്ത 1,30,000/- രൂപ വിതരണം ചെയ്തതിന്റെയും തുക കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി മാപ്പിംഗ് പൂർത്തീകരിച്ചതിന്റെ വെരിഫിക്കേഷൻ റിപ്പോർട്ട്, വാർഡ് കൗൺസിലർമാർ ആയത് പരിശോധിച്ചതിന്റെ സാക്ഷ്യപത്രം, തനത് ഫണ്ടിലേക്ക് തുക റീക്കപ്പ് ചെയ്യുന്നതിന് പ്രോജക്റ്റ് വെച്ചതിന്റെയും, റീക്കപ്പ് ചെയ്തതിന്റെയും വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**2. 472/25,** ആസ്തി ഡിജിറ്റലൈസിംഗ് പ്രോജക്റ്റ് – പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 472/25,<br>ആസ്തി ഡിജിറ്റലൈസിംഗ് പ്രോജക്റ്റ് |
| നിർവ്വഹണ | മുനിസിപ്പൽ എഞ്ചിനീയർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| ആകെ അടങ്കൽ | 9811473<br>(2024-25 – 30 ലക്ഷം-CFC,<br>2025-26 – 10711473 -CFC) |
| തൻവർഷ അടങ്കൽ | 30 ലക്ഷം CFC |
| ചെലവ് | 30 ലക്ഷം |
| First And Part Bill | 23/24-25, 30.11.2024<br>10,00,000/- |
| Second And Part Bill | 64/24-25, 12.03.2025<br>20,00,000/- |
| Third And Part Bill | 1/25-26 17.07.2025<br>14,05,737/- |
| Own Fund | Cheque No. 509441/ 19.11.2025<br>20,00,000/- |

പ്രിൻസിപ്പൽ ഡയറക്ടറുടെ 10.06.2024ലെ LSGD/PD/21455/2024-DPLA1 നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ റോഡ് ആസ്തി വിവരങ്ങൾ R Track അപ്ലിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രക്രിയ ജൂൺ 15 നകം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആസ്തി വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് താത്പര്യപത്രം ക്ഷണിക്കുകയും, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഗ്രാമീണ പഠന കേന്ദ്രം, തിരുവനന്തപുരം (സർക്കാർ അക്രഡിറ്റഡ് ഏജൻസി) എന്ന സ്ഥാപനം ജി.എസ്.ടി ഇല്ലാതെ 79,22,350/- രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതിന് താത്പര്യം പ്രകടിപ്പിച്ചതിനാൽ 15.10.2024 ന് കരാർ ചമച്ച് പ്രവൃത്തി ഏറ്റെടുത്തു. കരാർ പ്രകാരം പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങൾ താഴെ പറയും പ്രകാരമാണ്.

1. ധാരണാപത്രം ഒപ്പു വെയ്ക്കൽ, അടിസ്ഥാന മാപ്പുകൾ ശേഖരിക്കലും ഡിജിറ്റൈസേഷനും പൂർത്തിയാക്കുന്ന മുറയ്ക്ക് ഒന്നാം ഗഡുവും (20%), ഡ്രോൺ മാപ്പിംഗ്, ആസ്തി വിവരശേഖരണവും ഡിജിറ്റൈസേഷനും, റോഡുകളുടെയും തെരുവ് വിളക്കുകളുടെയും സർവ്വേ എന്നിവ പൂർത്തിയാകുന്നമുറയ്ക്ക് രണ്ടാം ഗഡുവും (30%), വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സാമൂഹിക – സാമ്പത്തിക സർവ്വേയും സ്ഥലപരമായി മാപ്പിംഗ് അവലോകനം ചെയ്യലും പൂർത്തീകരിക്കുമ്പോൾ മൂന്നാംഗഡുവും (40%), പദ്ധതി പൂർത്തീകരിച്ച് സോഫ്റ്റ്‌വെയർ അപ്‌ലോഡ് ചെയ്ത് പ്രവർത്തിച്ച് തുടങ്ങി പരിശീലനത്തിനു ശേഷം അവസാനഗഡുവും (10%) നഗരസഭ അനുവദിക്കുന്നതിനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. കരാറിലെ XI-ാം നമ്പർ വ്യവസ്ഥ പ്രകാരം കരാർ ഒപ്പിട്ട് 6 മാസത്തിനുള്ളിൽ (14.04.2025) പദ്ധതി പ്രവർത്തനം പൂർത്തീകരിച്ച് ഡാറ്റാ വെബ്പോർട്ടൽ പ്രവർത്തന

സജ്ജമാക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ കരാർ കാലയളവിനുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് സ്ഥാപനം അപേക്ഷ സമർപ്പിച്ചിട്ടില്ല. നഗരസഭ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 200 രൂപ വിലയുള്ള മുദ്രപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

3. ജിഐഎസ് മാപ്പിംഗ് സംവിധാനം കെ.സ്മാർട്ട് ആപ്ലിക്കേഷനുമായി ലിങ്ക് ചെയ്തതിന്റെ വിവരം.

4.ജി.ഐ.എസ് മാപ്പിംഗ് പരിശോധിക്കുന്നതിന് നഗരസഭയുടെയും ഘടക സ്ഥാപനങ്ങളുടെയും സ്ഥാവരജംഗമ ആസ്തികളുടെ വിശദാംശങ്ങൾ.

5. നഗരസഭയുടെ 52 വാർഡുകളിലെയും മുഴുവൻ സ്വകാര്യ കെട്ടിടങ്ങളും നമ്പരടിസ്ഥാനത്തിൽ ഫോട്ടോ ഉൾപ്പെടെ ജിയോ ടാഗിംഗ് നടത്തിയിട്ടുള്ളതിനാൽ ആകെ കെട്ടിടങ്ങളുടെ എണ്ണം, ഗാർഹീക കെട്ടിടങ്ങളുടെ എണ്ണം, വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം, നഗരസഭയിലെ മുഴുവൻ ജലസ്രോതസ്സുകളുടെ വിവരങ്ങൾ, നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആകെ റോഡുകളുടെ എണ്ണം, നടപ്പാതകളുടെ എണ്ണം, പാലങ്ങളുടെ എണ്ണം, നഗരസഭയിലെ മുഴുവൻ തെരുവ് വിളക്കുകളും ജിയോടാഗിംഗ് നടത്തിയിട്ടുള്ള സാഹചര്യത്തിൽ ആകെ പോസ്റ്റുകളുടെ എണ്ണം (ഹൈമാസ്റ്റ്/സെമി ഹൈമാസ്റ്റ്/പോൾ എന്നിവ തരംതിരിച്ച്), ബൾബിന്റെ എണ്ണം, ഡ്രോൺ മാപ്പിംഗ് മുഖേന ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ എന്നിവയുടെ വാർഡ് തിരിച്ചുള്ള വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതിന്റെയും ആയത് നഗരസഭ പരിശോധിച്ച് ഉറപ്പാക്കിയതിന്റെയും വിവരങ്ങൾ.

6. അസറ്റ് ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് ഡാറ്റയിൽ വ്യത്യാസങ്ങൾ ഉള്ളതായി ഗ്രാമീണ പഠനകേന്ദ്രത്തിന്റെ റിപ്പോർട്ടിൽ കാണുന്നു. നഗരസഭ അസസ്സ് ചെയ്തിട്ടുള്ളതിനേക്കാളും അധികം കെട്ടിടങ്ങൾ ഡിജിറ്റൈസ് ചെയ്തതായാണ് റിപ്പോർട്ടിൽ കാണുന്നത്. ആയത് നഗരസഭ പരിശോധിച്ച് ഉറപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ.

7. അസസ്സ്മെന്റിൽ വ്യതിയാനമുള്ള കെട്ടിടങ്ങളെ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം.

8. നഗരസഭയിലെ ജീവനക്കാർക്ക് GIS മാപ്പിംഗ് സംവിധാനം പരിശോധിക്കുവാൻ പരിശീലനം നൽകിയിട്ടുള്ളതിന്റെ വിവരം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ(88/21.02.2026)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആസ്തി ഡിജിറ്റൈസേഷൻ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-68** പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നിർവഹണം - ചെലവ് തുക **232000**രൂപ നിരാകരിക്കുന്നു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹിച്ച Construction Of Urinals At Fort Maidan (209/25) എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ചെറിയ കോട്ടമൈതാനത്തിനകത്ത് Urinals

ഇല്ലാത്തതിനാൽ പൊതുജനങ്ങൾക്കും ടൂറിസ്റ്റുകൾക്കും സൌകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ ഫയലിൽ ഉള്ളടക്കം ചെയ്ത ലൊക്കേഷൻ സ്കെച്ച് പ്രകാരം Urinals നിർമിക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലം ചെറിയ കോട്ടമൈതാനത്തിലെ സ്റ്റേജിന്റെ സമീപത്താണ്, എന്നാൽ പ്രവൃത്തി നേരിൽ കണ്ടു ബോദ്ധ്യപ്പെടുന്നതിന് 18.02.2026 ന് നഗരസഭയിലെ ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ മേൽ പരാമർശിച്ച സ്ഥലത്ത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്തതായി ഓഡിറ്റിന് ബോദ്ധ്യപ്പെടുത്തുന്നതിന് ഓവർസിയർക്ക് കഴിഞ്ഞില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-5 ആയി ചേർത്തിട്ടുണ്ട്.

**1-69 മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു**

2024-25 സാമ്പത്തിക വർഷം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫയലുകൾ നാളിതുവരെ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| Sl. No. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ട് | ചെലവ് തുക |
|---|---|---|---|---|
| 1 | 242(SO) | മോയൻസ് ഹയർ സെക്കന്ററി സ്കൂൾ റിപ്പയർ & പെയിന്റിംഗ് | MGNR | 549990 |
| 2 | 192 (SO) | വാർഡ് 15 സ്കൂൾ മെയിന്റനൻസ് | MGNR | 1000000 |
| 3 | 364 (New) | വിജയപുരം തോട് ബാലൻസ് Portion | MGNR | 264883 |
| 4 | 294 (New) | വാർഡ് 39 നൂറണി ഗ്രാമം മൈത്രി നഗർ ശതപംക്തിപുരം എന്നിവിടങ്ങളിൽ റോഡ് ഡ്രൈയിൻ പുനരുദ്ധാരണം | MGR | 1143398 |
| 5 | 309 (New) | വാർഡ് 10 നെയ്തരമ്പുള്ളി സി.ആർ.ഡി കോളനി, ഇന്ദിരാനഗർ കോളനി മുരുകണി പ്രിയദർശിനി നഗർ റോസ് ഗാർഡൻ | MGR | 1185657 |

| | | | | |
|---|---|---|---|---|
| | | എന്നിവിടങ്ങളിൽ റോഡ് ഡ്രെയിൻ പുനരുദ്ധാരണം | | |
| 6 | 376 (New) | വാർഡ് 27 പാണ്ടാരകാവ് തങ്കപ്പൻ ഗാർഡൻ മണപ്പുള്ളിക്കാവ് അമ്പലം കാടങ്കോട് കൊല്ലത്തറ ഭഗവതി നഗർ പാണ്ടാരകാവ് മൂച്ചിക്കൽ റോഡ് എന്നിവിടങ്ങളിൽ റോഡും മഴവെള്ളച്ചാൽ | MGR | 1204059 |
| 7 | 341 (New) | വാർഡ് 33മുത്തുകുളം സ്ട്രീറ്റ് നമ്പർ 8 4 6 ഐശ്വര്യ നഗർ എന്നിവിടങ്ങളിൽ റോഡ് ഡ്രെയിൻ പുനരുദ്ധാരണം | MGR | 1390123 |
| 8 | 256 (SO) | കല്ലേപ്പുള്ളി ക്ലബ് 6 മുതൽ കല്ലേപ്പുള്ളി ജംഗ്ഷൻ റോഡ് മെയിന്റനൻസ് | MGR | 1640561 |
| 9 | 280 (SO) | വാർഡ് 15 കമലാലയം കോമ്പൗണ്ട് ഈശ്വർ ഗാർഡൻ ഗണേഷ് നഗർ വേട്ടക്കൊരു മകൻ റോഡ് ഡ്രൈനേജ് നിർമ്മാണവും പുനരുദ്ധാരണവും | MGR | 1859995 |
| 10 | 311 (New) | വാർഡ് 12 രാമനാഥപുരം ബൈപാസ് റോഡ് കോളനി പറമ്പിത്തറ ചേരി എന്നിവിടങ്ങളിൽ റോഡ് ഡ്രെയിൻ പുനരുദ്ധാരണം | MGR | 2110184 |
| 11 | 46 (New) | ബിഒസി റോഡ് ബാലൻസ് പോർഷൻ ബിഎംബിസി. | MGR | 3800000 |
| 12 | 43 | റോബിൻസൺ റോഡ് | Plan Gen | 3618941 |

| | | | | |
|---|---|---|---|---|
| | (New) | ബിഎംബിസി. | 2000000+ CFC-1618941 | |
| 13 | 48 (New) | മാർക്കറ്റ് റോഡ് മുതൽ ബിഒസി റോഡ് ബിഎംബിസി. | Plan Gen | 2258060 |
| 14 | 428 (New) | വാർഡ് 35 പാറക്കുളം എസ്സി കോളനി റോഡ് കൺസ്ട്രക്ഷൻ. | CFC | 843222 |
| 15 | 163 (SO) | അമൃത 20 കുളത്തിനുള്ള നഗരസഭ വിഹിതം | CFC | 5000000 |
| 16 | 433 (New) | വാർഡ് 34 പാറക്കുളം സൈഡ് പ്രൊട്ടക്ഷൻ | CFC | 224279 |
| 17 | 47 (New) | ഗോൾഡൻ പാലസ് റോഡ് മുതൽ ബിഗ് ബസാർ സ്കൂൾ വരെ റോഡ് ബിഎംബിസി | CFC | 2400000 |
| 18 | 177 (SO) | പൊതുടോയ്‌ലറ്റുകളും ടെയ്ക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും | CFC | 1252700 |
| 19 | 551 (New) | ഗണേഷ് നഗർ തോട് അരികുഭിത്തി നിർമ്മാണം | CFC | 826856 |
| 20 | 302 (New) | വാർഡ് 3 കുന്നുംപുറം സുന്ദരം കോളനി കുമാരസ്വാമി കോളനി വട്ടമല ക്ഷേത്രം റോഡ് എന്നിവിടങ്ങളിൽ റോഡ് ഡ്രെയിൻപുനർനിർമ്മാണ പ്രവൃത്തികൾ | CFC-608619 MGNR-1223380 | 1831999 |
| 21 | 324 (New) | വാർഡ് 25 ചിറക്കാട് ശ്രീനഗർ കോളനി ഗോപാൽ കോളനി ചൈതന്യനഗർ ചിറക്കാട് കനാൽ പാലം കാവേരി റോഡ് എന്നിവിടങ്ങളിൽ റോഡ് ഡ്രെയിനേജ് | CFC-662749 MGNR-1390123 | 2052872 |

| | | | | |
|---|---|---|---|---|
| | | പുനരുദ്ധാരണം | | |
| ആകെ | | | | 36457779 |

ഓഡിറ്റ് എൻക്വയറി നമ്പർ 1/04.06.2025, 61/28.11.2025 & 86/21.02.2026 പ്രകാരം രേഖകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയവ പരിശോധനയ്ക്ക് ഹാജരാക്കുകയോ, പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് കാരണം ബോധ്യപ്പെടുത്തുകയോ ചെയ്തില്ല. കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ 12 (1) പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും, രജിസ്റ്ററുകളും കണക്കുകളും നിർവഹണോദ്യോഗസ്ഥൻ നൽകേണ്ടതാണ്. ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 36457779രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-70 ഹെൽത്ത് ഗ്രാന്റ് അവലോകനം**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

2021-22 മുതൽ 2025-26 വരെയുള്ള 5 വർഷങ്ങളിലായാണ് തുക അനുവദിക്കുന്നത്. ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(സാധാ) നം.2132/2022/തസ്വഭവ / തീയതി 31.08.2022, സ.ഉ.(സാധാ)നം. 3157/2022/തസ്വഭവ/തീയതി 21.12.2022 ,സ.ഉ.(സാധാ)നം.1078/2023/തസ്വഭവ/തീയതി 20.05.2023, സ.ഉ.(സാധാ)നം.1625/2023/തസ്വഭവ/ തീയതി 09.08.2023. എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. സ്കീം 5, സ്കീം 6 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് നഗരസഭകൾ നടത്തേണ്ടത്.

സ്കീം 5 – നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

സ്കീം 6 ൽ രണ്ടു ഘടകങ്ങളാണുള്ളത്. I) അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളുടെ നടത്തിപ്പ് Ii) അർബൻ പോളി ക്ലിനിക്കുകൾ സ്ഥാപിക്കൽ.

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി ഓരോ സ്കീമിനും പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഓപ്പൺ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കും പ്രകാരം അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ക്രമ നം | അക്കൗണ്ടിന്റെ പേര് | ബാങ്ക് / അക്കൗണ്ട് നം. |
|---|---|---|

| | | |
|---|---|---|
| 1 | Support For Diagnostic Infra Structure To The Primary Health Care Facilities In Urban PHCs - Scheme 5 (Scheme Code 276) | കനറ ബാങ്ക്/ 110050623519 |
| 2 | Health Grants Towards Urban Health And Wellness Centre-Scheme 6 (Scheme Code 283) | കനറ ബാങ്ക്/ 110050623692 |

നഗരസഭക്ക് ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു (നഗരസഭയിൽ നിന്നും 15.02.2026 ന ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്).

| സ്കീം | വർഷം | വരവ് | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| Scheme For Urban Diagnostic Infrastructure | 2021-22 | 0 | 0 | 2024-25, 2025-26 വർഷങ്ങളിലായി ആകെ 68,25,709 രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| | 2022-23 | 0 | 0 | |
| | 2023-24 | 66,48,000 | 0 | |
| | 2024-25 | 0 | 31,06,877 | |
| | 2025-26 | 3,60,000 | 37,18,832 | |
| Urban Health And Wellness Centre | 2021-22 | 0 | 0 | 2023-24, 2024-25, 2025-26 വർഷങ്ങളിലായി ആകെ 4,99,12,701 രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| | 2022-23 | 3,99,00,000 | 0 | |
| | 2023-24 | 2,65,94,500 | 3,65,74,055 | |
| | 2024-25 | 1,03,34,000 | 1,13,50,682 | |
| | 2025-26 | 48,50,000 | 19,87,964 | |

2024-25 സാമ്പത്തിക വർഷം ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (സുലേഖ ചെലവു പത്രികയുടെ അടിസ്ഥാനത്തിൽ )

| ക്രമ നം. | പദ്ധതി/പ്രോജക്ട് നം. | നിർവഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ഹെൽത്ത് ആന്റ് വെൽനസ്സ് ഫീൽഡ് തല പ്രവർത്തനങ്ങൾ 591/25 | സെക്രട്ടറി | 12,84,000 | 0 |
| 2 | യുപിഎച്ച്സി , യുഎച്ച്ഡബ്ല്യുസി സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവുകൾ 592/25 | ,, | 87,00,000 | 0 |
| 3 | ഓറൽ ബ്രസ്റ്റ് സെർവിക്കൽ കാൻസർ | ,, | 2,05,000 | 2,05,000 |

| | | | | | |
|---|---|---|---|---|---|
| | തടയുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും കൈകാര്യം ചെയ്യുന്നതിനുള്ള സമഗ്ര പദ്ധതി 515/25 | | | | |
| 4 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും ആവർത്തന ചെലവുകൾ 516/25 | ,, | 2,89,000 | 2,89,000 | |
| 5 | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ആവർത്തന ചെലവുകൾ 584/25 | ,, | 8,67,000 | 8,67,000 | |
| 6 | നഗരപ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ 514/25 | ,, | 66,48,000 | 42,00,000 | |
| 7 | അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളിലെ ആവർത്തന ചെലവുകളും അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കലും 513/25 | ,, | 1,72,37,378 | 52,62,097 | |
| 8 | നഗരമേഖലയിൽ പബ്ലിക് ഹെൽത്ത് യൂണിറ്റുകൾ സ്ഥാപിക്കൽ 517/25 | ,, | 80,95,000 | 80,95,000 | |
| 9 | വയോജനങ്ങൾക്ക് വേണ്ടിയുള്ള സമഗ്ര പരിചരണ സംവിധാനം ആരംഭിക്കൽ 518/25 | ,, | 1,02,38,500 | 1,02,38,500 | |
| 10 | നഗര ആരോഗ്യ വെൽനസ്സ് സെന്ററുകൾ | ,, | 2,12,41,297 | 1,03,68,079 | |

| | | | | |
|---|---|---|---|---|
| | 512/25 | | | |
| 11 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 16,96,770 | 0 |

<u>സാമ്പത്തിക നില</u>

Scheme 5- Scheme For Urban Diagnostic Infrastructure

ബാങ്ക് അക്കൌണ്ട് പ്രകാരം 110050623519

| വർഷം | മുൻ ബാക്കി | വരവ് | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 | 0 | 0 |
| 2022-23 | 0 | 0 | 0 | 0 | 0 | 0 |
| 2023-24 | 0 | 66,48,000 | 45,425 | 66,93,425 | 0 | 66,93,425 |
| 2024-25 | 6693425 | 0 | 1,48,142 | 68,41,567 | 31,06,877 | 37,34,690 |

Scheme 6-Urban Health And Wellness Centre

ബാങ്ക് അക്കൌണ്ട് പ്രകാരം 110050623692

| വർഷം | മുൻ ബാക്കി | വരവ് | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 | 0 | 0 |
| 2022-23 | 0 | 3,99,00,000 | 6,14,752 | 4,05,14,752 | 0 | 4,05,14,752 |
| 2023-24 | 4,05,14,752 | 2,65,94,500 | 17,83,624 | 6,88,92,876 | 3,27,07,055 | 3,61,85,821 |
| 2024-25 | 3,61,85,821 | 1,03,34,000 | 10,86,605 | 4,76,06,426 | 1,46,30,284 | 3,29,76,142 |

പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 31.08.2022 ലെ സ.ഉ. (സാധാ) നം 2132/2022/ LSGD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ആരോഗ്യമേഖല ഗ്രാന്റ് ഉപയോഗപ്പെടുത്തി പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾ ഒരു അർബൻ കുടുംബാരോഗ്യ കേന്ദ്രത്തിന് മൂന്ന് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾ എന്ന നിരക്കിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വെൽനസ്സ് സെന്ററുകൾ നടത്തുവാൻ സ്വന്തമായി കെട്ടിടം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ വാടകയ്ക്ക് എടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

23.12.2023ലെ സ.ഉ(സാധാ)2558/2023/LSGD പ്രകാരം അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾക്ക് ന്യായയുക്തമായ വാടക നിശ്ചയിക്കുന്നതിനായി പ്രാദേശികമായി ഒരു

മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.

നഗരസഭയിൽ 8 വെൽനസ്സ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 4 വെൽനസ്സ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നതായി ഫയലിൽ (H3-1440/22, 396630/24) രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| UHWC Koppam | Own Building | വാർഡ് 18/366(1) |
| UHWC Chirakkad | ” | വാർഡ് 24/528 |
| UHWC Kallepully | Rent (19500/-) 03/24 മുതൽ വാടക നൽകി വരുന്നു | 9/387(2) |
| UHWC Kalpathy | ,, (33000/-)03/24 മുതൽ വാടക നൽകി വരുന്നു | 6/33 |

പുതുതായി ആരംഭിക്കുന്ന എല്ലാ വെൽനസ്സ് സെന്ററുകളിലും ആരോഗ്യ സ്ഥാപനങ്ങൾ വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ നിശ്ചിത ഘടനയിൽ രൂപീകരിക്കേണ്ടതാണ്. ആയതു പ്രകാരം 4 UHWC കളിലും HMC കൾ രൂപീകരിച്ചിട്ടുണ്ട്.

Koppam UHWC ലെ HMC മിനിട്സ് ലഭ്യമാക്കിയത് പരിശോധിച്ചതിൽ 04/2024 മുതൽ HMC യോഗങ്ങൾ ചേർന്നിട്ടുണ്ട്. ചെലവുകൾ HMC മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ട്. കൂടാതെ ചെക്ക് ഇഷ്യൂ രജിസ്റ്റർ, ക്യാഷ് ബുക്ക്, സ്റ്റേഷനറി രജിസ്റ്റർ, ചെലവു രേഖകൾ എന്നിവ പരിപാലിക്കുന്നുണ്ട്.

<u>പ്രോജക്ടുകളുടെ നിർവഹണം</u>

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പിഎഫ്.എം.എസു.മായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൌണ്ടുകൾ മുഖേന നിർവഹിക്കേണ്ടതാണെന്നും പേയ്മെന്റ് സംബന്ധമായ കാര്യങ്ങൾക്ക് 02.01.2022 ലെ സ.ഉ(സാധാ)7/2022/LSGD പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാ തലത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും എന്ന് ഉത്തരവായിട്ടുണ്ട്.

1.പ്രോജക്ടുകളുടെ പരിശോധന, അംഗീകാരം എന്നിവ നിലവിൽ സുലേഖ സോഫ്റ്റ് വെയറിൽ ചെയ്തു വരുന്നതു പോലെ തന്നെ പൂർത്തിയാക്കേണ്ടതാണ്.

2.പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും അതത് നിർവഹണ ഉദ്യോഗസ്ഥർ തന്നെ നിർവഹിക്കേണ്ടതാണ്.

3.പേയ്മെന്റ് നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ തുക അനുവദിക്കേണ്ട ഗുണഭോക്താക്കളെ വെബ് സാംഖ്യയിൽ പ്രോജക്ടായി മാപ്പ് ചെയ്യുക, റികിസിഷൻ തയ്യാറാക്കൽ, ബിൽ തയ്യാറാക്കൽ തുടങ്ങിയവ നിലവിൽ വെബ് സാംഖ്യയിൽ ചെയ്തു വരുന്ന നടപടിക്രമങ്ങൾ എല്ലാം അതു പോലെ നിർവഹണ ഉദ്യോഗസ്ഥർ തുടർന്നും എഫ്.എഫ്.സി പ്രോജക്ടുകൾക്കും അനുവർത്തിക്കേണ്ടതാണ്. ബിൽ ട്രഷറിയിലേക്ക് ഓൺലൈനായി അയയ്ക്കുന്നതിനു പകരം Bill To LB For Payment എന്ന മെനു ഉപയോഗിച്ച് തദ്ദേശ

സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് ഓൺലൈനായി അയക്കേണ്ടതും ഒപ്പം നിർവഹണ ഉദ്യോഗസ്ഥർ ഒരു സെറ്റ് ബില്ലും അനുബന്ധ രേഖകളും സാക്ഷ്യപ്പെടുത്തി ഗുണഭോക്താക്കളുടെ അക്കൌണ്ട് നം.സഹിതം തദ്ദേശ സ്ഥാപനത്തിന് നൽകുകയും വേണം.

പ്രോജക്ടുകളുടെ ധനപരമായ ഉത്തരവാദിത്തം നിർവഹണ ഉദ്യോഗസ്ഥർക്ക് തന്നെയായിരിക്കും എന്നും ബില്ലുകളും ബന്ധപ്പെട്ട ഫയലുകളും വൗച്ചറുകളും ചെലവ് അനുവദിക്കുമ്പോൾ ലഭിക്കുന്ന UTR നമ്പർ അടക്കമുള്ള വിവരങ്ങളും ചലാനുകളും സൂക്ഷിക്കുക, ഓഡിറ്റിനും മറ്റു പരിശോധനകൾക്കും ഹാജരാക്കുക എന്നിങ്ങനെയുള്ള ഉത്തരവാദിത്തവും നിർവഹണഉദ്യോഗസ്ഥന് തന്നെയായിരിക്കും കൂടാതെ സെക്രട്ടറി നിർവഹിക്കുന്ന പ്രോജക്ടുകളുടെ ധനപരമായ ഉത്തരവാദിത്തം സെക്രട്ടറിക്ക് ആയിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് നഗരസഭയിൽ നിന്നും ലഭ്യമാക്കിയ വരവു ചെലവു കണക്കു പ്രകാരം PFMS മുഖേന നടത്തിയ പേയ്മെന്റുകളും ബാങ്ക് മുഖേന നടത്തിയ പേയ്മെന്റുകളും പൊരുത്തപ്പെടുന്നില്ല.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് സെക്രട്ടറി നിർവഹിച്ച പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഹെൽത്ത് ഗ്രാന്റ് വിനിയോഗം-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഫണ്ടിനം:ഹെൽത്ത് ഗ്രാന്റ്

ഫയൽ നം.-H3-1440/2022

<u>I-വിനിയോഗ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്</u>

ഹെൽത്ത് ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട് H3-1440/2022 ഫയൽ പരിശോധിച്ചതിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടറുടെ 14-03-2024 ലെ LSGD/PD/5562/024-DPLD4 കത്തിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് ഗ്രാന്റിൽനിന്നും അനുവദിച്ച തുക ചെലവഴിക്കാത്തതിനാൽ 72.55 ലക്ഷം രൂപ തിരിച്ചടവാക്കിയിട്ടുണ്ട് എന്നും എന്നാൽ സുലേഖ ചെലവുപത്രികയിൽ പ്രോജക്ട്എൻട്രി ചെയ്തിരുന്നില്ലെന്നും/ ചെലവു രേഖപ്പെടുത്തിയിട്ടില്ലെന്നും ഫയലിൽ കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക നൽകിയത് | തുക |
|---|---|---|---|
| 1 | വയോജനങ്ങൾക്ക് വേണ്ടിയുള്ള സമഗ്രപരിചരണ സംവിധാനം ആരംഭിക്കുന്നതിനായി (518/25) | District Hospital Palakkad ലെ HMC അക്കൗണ്ടിലേയ്ക്ക് | 102.385 ലക്ഷം |
| 2 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും ആവർത്തന | PHC/CHCയുടെ HMC അക്കൌണ്ട് | 2.89 ലക്ഷം |

| | | | |
|---|---|---|---|
| | ചെലവുകൾ (516/25) | | |
| 3 | നഗരമേഖലയിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കൽ (Establishment Of Urban Public Health Units) (517/25) | NHM ഡയറക്ടറുടെ 110047344710 എന്ന അക്കൗണ്ടിലേയ്ക്ക് | 80.95 ലക്ഷം |
| 4 | ക്യാൻസർ കെയർ പ്രൊജക്ട് (Comprehensive Project For The Prevention, Early Detection And Management Of Oral, Breast And Cervical Cancer) (515/25) | NHM ഡയറക്ടറുടെ 110047344710 എന്ന അക്കൗണ്ടിലേയ്ക്ക് | 2.05 ലക്ഷം |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ആവർത്തന ചെലവുകൾ (584/25) | അർബൻ PHCയുടെ HMC അക്കൌണ്ട് | 8.67ലക്ഷം |
| 6 | അർബർ ഹെൽത്ത് വെൽനെസ് സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് (2021-22 ലെ ഗ്രാന്റ് വിഹിതത്തിൽനിന്നും നാളിതുവരെയും പ്രവർത്തനം ആരംഭിക്കാത്ത UHWC -കളുടെ എണ്ണത്തിന് അനുസരിച്ച് - 14.51 ലക്ഷം/UHWC) | NHM ഡയറക്ടറുടെ 110047344710 എന്ന അക്കൗണ്ടിലേയ്ക്ക് തിരിച്ചടവാക്കി | 72.55 ലക്ഷം |
| ആകെ | | | 269.495 ലക്ഷം |

സ.ഉ(സാധാ)1078/2023/തസ്വഭവ തിയതി 20.05.2023 ഉത്തരവിലെ ഖ.4.8 പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ജൂൺ 10 നകം പൂർത്തിയാക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. മുകളിൽ സൂചിപ്പിച്ച പട്ടികയിലെ ക്രമ നം. 1 മുതൽ 5 വരെയുള്ളവയ്ക്ക്, 2024-25 സാമ്പത്തിക വർഷത്തിലാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതും സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതും ആയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ക്രമ നം.1 മുതൽ 5 വരെയുള്ള പ്രോജക്ടുകൾക്കായി തുക ട്രാൻസ്ഫർ ചെയ്തു നൽകിയതു പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

<u>II-വെൽനെസ് സെന്ററുകൾക്ക് അനുവദിച്ച തുക ചെലവഴിക്കാതെ തിരിച്ചടവാക്കി</u>

ക്രമ നം.6 ൽ പറഞ്ഞ, അർബർ ഹെൽത്ത് വെൽനെസ് സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന്- (2021-22ലെ ഗ്രാന്റ് വിഹിതത്തിൽനിന്നും നാളിതുവരെയും പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ 5 UHWC കൾക്ക് അനുവദിച്ച (14.51 ലക്ഷം*5)) 72.55 ലക്ഷം രൂപ NHM ഡയറക്ടറുടെ 110047344710 എന്ന അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്., വ്യക്തമായ പ്രോജക്ട് തയ്യാറാക്കാതെ വെൽനസ്സ് സെന്ററുകൾ ആരംഭിക്കുന്നതിന് അനുവദിച്ച തുക തിരിച്ചടവാക്കിയത് പദ്ധതി ആസൂത്രണം നടപ്പാക്കുന്നതിലെ വീഴ്ചയാണ്.

നിലവിൽ നഗരസഭയുടെ അധീനതയിൽ പുതുതായി എത്ര വെൽനസ്സ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും, അർബർ ഹെൽത്ത് വെൽനെസ് സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് (നാളിതുവരെയും പ്രവർത്തനം ആരംഭിക്കാത്ത UHWC-കളുടെ എണ്ണത്തിന് അനുസരിച്ച് - 14.51 ലക്ഷം/UHWC) NHM ഡയറക്ടർക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയ തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

III-ഹെൽത്ത് ഗ്രാന്റ് വിനിയോഗം- പ്രോജക്ട് ഇല്ലാതെ തുക ചെലവഴിച്ചു

കെ സ്മാർട്ട് ഫയൽ നം.1000678/24

ഹെൽത്ത് ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട് 1000678/24 കെ-സ്മാർട്ട് ഫയൽ പരിശോധിച്ചതിൽ നഗരസഭ ഹെൽത്ത് ഗ്രാന്റ് അക്കൌണ്ടിൽ നിന്നും (കനറാ ബാങ്ക്-അക്കൌണ്ട് നം.692) 200000 രൂപ 25.06.2024 ന് ബാങ്ക് ട്രാൻസ്ഫർ നടത്തിയതായി കാണുന്നു. ഏത് അക്കൌണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ ഒന്നും തന്നെ കെസ്മാർട്ട് ഫയലിൽ അറ്റാച്ച് ചെയ്തിട്ടില്ല. ഏത് പ്രോജക്ടിൽ നിന്നാണ് തുക ചെലവഴിച്ചത് എന്ന് വ്യക്തമാക്കേണ്ടതും ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (75/02.02.2026).

2.പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ-ഹെൽത്ത് ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുക-സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല

ഫയൽ നം. H3-472710/24

സ.ഉ(സാധാ)നം 1625/2023/തസ്വഭവ തിയതി 09.08.2023 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്ന പ്രവർത്തനങ്ങളും പ്രോജക്ടുകളുടെ വെറ്റിംഗ് പ്രക്രിയയും ജില്ലാ ആസൂത്രണ സമിതിയും മോണിറ്റർ ചെയ്യേണ്ടതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ മേലാമുറി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ നിർവഹണോദ്യോഗസ്ഥൻ എന്ന നിലയിൽ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ 2023-24, 2024-25 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. കൂടാതെ സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

മേലാമുറി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ

നിർവഹണോദ്യോഗസ്ഥനായി പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ എന്ന പ്രോജക്റ്റ് നം. 498/23-24 പ്രകാരം 24 ലക്ഷം രൂപ തൻവർഷം വകയിരുത്തിയിരുന്നു. ആയതിൽ നിന്ന് ബിൽ നം.3/23-24, 11.03.2024 പ്രകാരം 3,88,110 രൂപയും, ബിൽ നം.9/23-24, 27.03.2024 പ്രകാരം 3,15,120 രൂപയും അടക്കം ആകെ 7,03,230 രൂപ ചെലവഴിച്ചതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

<u>പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കൽ - പ്രോജക്റ്റ് നമ്പർ 595/25</u>

അടങ്കൽ-16,96,770

ചെലവ്-16,94,886(ക്യാഷ് ബുക്ക്, ഫയൽ എന്നിവ പ്രകാരം)

പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് താഴെ പറയും പ്രകാരം തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

| കത്ത് നം./ തിയതി | ഇനം | തുക | ഇൻവോയ്സ് നം. / തിയതി | ബിൽ നം/ തിയതി |
|---|---|---|---|---|
| 13.05.2024 ലെ 120/2024 കത്ത് | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങിയതിന്റെ ബിൽ തുക | 49,636/- | 6707/ 30.04.2024 | 8/24-25, 18.05.2024 |
| 02.05.2024 ലെ 120/2024 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ | 3,12,552/- | അനുബന്ധ വൌച്ചറുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് | 6/24-25, 07.05.2024 |
| 03.06.2024 ലെ 120/2024കത്ത് | ,, | 3,46,109/- | ,, | 10/24-25, 05.06.2024 |
| 12.06.2024, 01.07.2024 ലെ120/2024 കത്ത് | ,, | 3,16,485/- | ,, | (13/24-25, 08.07.2024) |
| 09.07.2024 ലെ 120/24 കത്ത് | മരുന്ന് വാങ്ങൽ Supplyco Medical Store & Neethi Medical Store | 4,15,224/- | ഇൻവോയ്സ് നം 1)NMS 12902, 12903/30.05.2024, 21905/06.07.2024, 11675/24.05.2024 2)0901301/2477dtd 09.05.2024, | (16/24-25, 17.07.2024) |

| | | | | |
|---|---|---|---|---|
| | | | 3)0901301/2481 Dtd 01.06.2024<br>4)24- 00192/ 20.05.2024<br>24-00207/22.05.2024<br>24-00255/03.06.2024<br>24-00305/18.06.2024<br>24-00304/18.06.2024<br>24-00384/28.06.2024 | |
| 02.08.2024 ലെ 120/2024 കത്ത് | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് | 2,54,880/- | അനുബന്ധ വൗച്ചറുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് | 20/24-25, 06.08.2024 |
| ആകെ | | 16,94,886 | | |

മേൽപറഞ്ഞ പ്രോജക്ടിന്റെ ചെലവു തുക 16,94,886/-രൂപ നഗരസഭയുടെ സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി കാണുന്നില്ല. പ്രോജക്ട് വർഷത്തിൽ ചെലവുതുക സുലേഖ സോഫ്റ്റ്‌വെയറിൽ പ്രതിഫലിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 74/31.01.2026 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

സ.ഉ(സാധാ)നം.1625/2023/തസ്വഭവ തിയതി 09.08.2023 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്ന പ്രവർത്തനങ്ങളും പ്രോജക്ടുകളുടെ വെറ്റിംഗ് പ്രക്രിയയും ജില്ലാ ആസൂത്രണ സമിതിയും മോണിറ്റർ ചെയ്യേണ്ടതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്. ആയതു പ്രകാരം നടപടി സ്വീകരിക്കേണ്ടതും, പ്രോജക്ട് വർഷത്തിൽ ചെലവുതുക സുലേഖ സോഫ്റ്റ്‌വെയറിൽ എൻട്രി വരുത്താതിരുന്നതിനു വിശദീകരണം ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം ചെലവ് നടന്നിട്ടില്ല എന്ന് കണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>3.ഹെൽത്ത് ഗ്രാന്റിൽ നിന്നും നഗര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്</u>

| | |
|---|---|
| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | 514/25, നഗര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 6648000(ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 42,00,000 |

സ.ഉ(സാധാ)നം.1625/2023/LSGD ,തിയതി 09.08.2023ലെ ഉത്തരവ് പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 2022-23 ലെ ഹെൽത്ത്ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്കീം 5, ഖ.4.5 പ്രകാരം നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായി ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റ് ആരോഗ്യ കേന്ദ്രങ്ങളിലും 64 തരം ടെസ്റ്റുകളും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണെന്നും ഉത്തരവായിട്ടുള്ളതാണ്.

1.ഉപകരണങ്ങൾ വാങ്ങൽ

2.പരിശോധനയ്ക്ക് റീയേജന്റ്, പരിശോധന കിറ്റ് മുതലായവ വാങ്ങൽ തുടങ്ങി 9 ഇനങ്ങൾ ഏതെല്ലാമാണ് വ്യക്തമാക്കിയിട്ടുണ്ട്.

UPHCകളുടെ കാര്യത്തിൽ സ്കീം5 പ്രകാരമുള്ള പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള പ്രോജക്ടുകളുടെ നിർവഹണോദ്യോഗസ്ഥൻ സെക്രട്ടറി ആയിരിക്കണമെന്നും, പ്രോജക്ട് തയ്യാറാക്കിയാൽ UPHC കളുടെ കാര്യത്തിൽ 4 മാസത്തേക്ക് ആവശ്യമായ തുക സെക്രട്ടറി മുൻകൂറായി പിൻവലിച്ച് ആരോഗ്യസ്ഥാപനത്തിന്റെ എച്ച്.എം.സി അക്കൌണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണെന്നും, നിശ്ചിത മാതൃകയിൽ ചെലവു സ്റ്റേറ്റ്മെന്റുകളും വൗച്ചറുകളും കൃത്യമായി സൂക്ഷിക്കേണ്ട ഉത്തരവാദിത്തം പുതുതായി ആരംഭിച്ചിട്ടുള്ള UHWCയിലെ കോർഡിനേറ്റർക്ക് നൽകേണ്ടതാണ് എന്നും ഓരോ മാസത്തെയും ചെലവ് എച്ച്.എം.സി അംഗീകരിക്കേണ്ടതുമാണ്. ചെലവ് സ്റ്റേറ്റ്മെന്റ് എച്ച്.എം.സി അംഗീകരിച്ചാൽ ആരോഗ്യ സ്ഥാപനത്തിന്റെ മെഡിക്കൽ ഓഫീസർ, സെക്രട്ടറിക്ക് വിനിയോഗ സാക്ഷ്യപത്രം നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ, നാഷണൽ ഹെൽത്ത് മിഷന്റെ 07.04.2024 ലെ PLKD/571/A4/2024/DPMSU(1) നമ്പർ കത്ത് പ്രകാരം രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 3 UPHC (ആലങ്ങോട്, വെണ്ണക്കര, ഡയാറ സ്ട്രീറ്റ്) കൾക്ക് 10 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ 7/07.05.2024 ബിൽ നമ്പറായി HMC അക്കൌണ്ടിലേക്ക്

അനുവദിച്ചിട്ടുണ്ട്. കൂടാതെ 28.12.2024ലെ ഡിസ്ട്രിക്റ്റ് പ്രോഗ്രാം മാനേജർ, നാഷണൽ ഹെൽത്ത് മിഷന്റെ PLKD/848/A4/2024/DPMSU നമ്പർ കത്ത് പ്രകാരം 4 UHWC (ചിറക്കാട്, കല്ലേപ്പുള്ളി, മണപ്പുള്ളിക്കാവ്, കൽപ്പാത്തി)കൾക്ക് 14 തരം കാർഡ് ടെസ്റ്റ് ഏർപ്പെടുത്തുന്നതിന് 3 ലക്ഷം രൂപ വീതം 12 ലക്ഷം രൂപ 35/15.02.2025 ബിൽ മുഖേനയും 4 UHWC HMC അക്കൌണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്.

മേൽ പ്രകാരം തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. 72/31.01.2026 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1.പ്രോജക്ടുകളുടെ പരിശോധന, അംഗീകാരം എന്നിവ നിലവിൽ സുലേഖ സോഫ്റ്റ് വെയറിൽ ചെയ്തു വരുന്നതു പോലെ തന്നെ പൂർത്തിയാക്കേണ്ടതാണ്.

2.പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും അതത് നിർവഹണ ഉദ്യോഗസ്ഥർ തന്നെ നിർവഹിക്കേണ്ടതാണ്.

3.പ്രോജക്ടുകളുടെ ധനപരമായ ഉത്തരവാദിത്തം നിർവഹണ ഉദ്യോഗസ്ഥർക്ക് തന്നെയായിരിക്കും എന്നതിനാൽ ബില്ലുകളും ബന്ധപ്പെട്ട ഫയലുകളും വൗച്ചറുകളും ചെലവ് അനുവദിക്കുമ്പോൾ ലഭിക്കുന്ന UTR നമ്പർ അടക്കമുള്ള വിവരങ്ങളും ചലാനുകളും സൂക്ഷിക്കുക, ഓഡിറ്റിനും മറ്റു പരിശോധനകൾക്കും ഹാജരാക്കുക എന്നിങ്ങനെയുള്ള ഉത്തരവാദിത്തവും നിർവഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായതിനാൽ പദ്ധതി ചെലവുകളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കൃത്യമായി പരിപാലിക്കേണ്ടതാണ്.

4.വിനിയോഗ സാക്ഷ്യപത്രം, ചെലവു രേഖകൾ, HMC മിനിട്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-71 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി**

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക്, ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം.

പാലക്കാട് നഗരസഭ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലൂടെ മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഭവനവികസനം, കാർഷിക സംബന്ധമായ ജോലികൾ, ഖരമാലിന്യ പരിപാലനം, നഗര വനവൽക്കരണം മറ്റു തൊഴിൽ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നുണ്ട്. ഓടകളും തെരുവുകളും പതിവായി വൃത്തിയാക്കുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പരമാവധി തൊഴിൽദിനങ്ങളും പദ്ധതിയുടെ നിർവ്വഹണവും അനായാസമാക്കുന്നതിന് ചെറിയ മെഷീനുകളും അത്യാവശ്യമായ പണി ആയുധങ്ങളും ഈ പദ്ധതിയിൽപ്പെടുത്തി നൽകുന്നുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന, ലൈഫ്മിഷൻ എന്നിവയുടെ ഈ പദ്ധതിയുമായുള്ള ഒത്തുചേരൽ ഉറപ്പുവരുത്തുന്നുണ്ട്.

എ) സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 38842 |
| വരവ് | 25301189 |
| ആകെ | 25340031 |
| ചെലവ് | 25337288 |
| നീക്കിയിരിപ്പ് | 2743 |

ബി)ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| അവിദഗ്ധ തൊഴിലാളികൾ-Unskilled-കൂലി | 24418915/- |
| അർദ്ധ വിദഗ്ധ തൊഴിലാളികൾ-Semi Skilled-കൂലി | -- |
| വിദഗ്ധ തൊഴിലാളികൾ-Skilled-കൂലി | -- |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 921116/- |
| സാധന സാമഗ്രികൾ വാങ്ങുന്നതിനായുള്ള ചെലവ് | -- |
| ബോർഡ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ടചെലവ് | -- |
| ആകെ | 25340031/- |

2)ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവ്യത്തികളുടെയും നടപ്പാക്കിയ പ്രവ്യത്തികളുടെയും വിശദാംശങ്ങൾ

| വർഷം | ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവ്യത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവ്യത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവ്യത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) |
|---|---|---|---|
| 2024-25 | 1074 | 141 | 141 |

**3)**തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം **2024-2025**

| ഇനം | |
|---|---|
| തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 780 ( 2024-2025 മുതൽ പുതിയ MIS |

| | |
|---|---|
| | മുഖാന്തിരമാണ് രജിസ്ട്രേഷൻ പുതുക്കി നൽകിയത്) |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 780 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 731 |
| തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 731 |
| 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 78 |
| തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 77457 |
| തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | Nil |

**4)**എസ്. സി / എസ്. ടി പങ്കാളിത്തം

| വർഷം | നഗരസഭയിലെ ആകെ എസ് സി / എസ് ടി കുടുംബങ്ങൾ | | രജിസ്റ്റർ ചെയ്ത എസ് സി/ എസ് ടി കുടുംബങ്ങൾ | |
|---|---|---|---|---|
| | എസ് സി | എസ് ടി | എസ് സി | എസ് ടി |
| 2024-2025 | -- | -- | 283 | |

തൻവർഷം തൊഴിലുറപ്പ് പദ്ധതിയിലൂടെ മെറ്റീരിയൽ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

ആസ്തി സൃഷ്ടിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

## **1-72** മരാമത്ത് പ്രവൃത്തികൾ- പൊതു അവലോകനം

2024-25 സാമ്പത്തിക വർഷം ആകെ വകയിരുത്തിയ 37,57,30,065 രൂപയിൽ 23,07,39,343 രൂപയാണ് ചെലവഴിച്ചത്. വകയിരുത്തിയ തുകയുടെ 61 ശതമാനമാണ് ചെലവഴിച്ചത്.

370 പദ്ധതികൾക്കുവേണ്ടി തുക വകയിരുത്തിയതിൽ 224 പദ്ധതികൾക്കുവേണ്ടി മാത്രമാണ് ചെലവുള്ളത്.

തൻവർഷം 152 സ്പിൽഓവർ പ്രോജക്ടുകൾക്ക് തുക വകയിരുത്തിയതിൽ 112 എണ്ണത്തിനു മാത്രമാണ് ചെലവുള്ളത്.

ഫയലുകൾ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ-

1.സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022, 14-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലെ 3.8.3-ലെ 8(v) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഭേദഗതി പ്രതീക്ഷിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയായതിനു ശേഷമോ, നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് അംഗീകാരം ലഭിച്ചശേഷം എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാഹചര്യം പൊതുവെ കാണുന്നു. ഇത്തരം പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

2.പ്രവർത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ തീയതി രേഖപ്പെടുത്തുന്നില്ല. സപ്ലിമെന്ററി എഗ്രിമെന്റിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

3.കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ നിർവ്വഹണ കലണ്ടർ PWD മാന്വൽ എന്നിവ അനുസരിച്ചുള്ള സമയക്രമം പാലിക്കുന്നില്ല.

4.പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി നൽകുന്നില്ല.

5.പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷമുള്ള മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഫയലിലില്ല.

6.നിർവ്വഹണോദ്യോഗസ്ഥൻ പ്രവൃത്തിയുടെ അളവെടുത്ത് ബില്ല് തയ്യാറാക്കുന്നതിനു മുൻപായി കരാറുകാരൻ അളവുകൾ ശരിയാണെന്ന് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

7.പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി ലഭ്യമാകുന്ന ഉപയോഗയോഗ്യമായ മെറ്റീരിയൽസ് അതാതു പദ്ധതികളിൽ പ്രയോജനപ്പെടുത്തുന്നതായി അളവ് പുസ്തക പ്രകാരം സാക്ഷ്യപ്പെടുത്തലുകളില്ല. ഉപയോഗയോഗ്യമല്ലാത്തവ കൈയ്യൊഴിയാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല.

8. ടെണ്ടർ അംഗീകരിച്ചശേഷം Letter Of Acceptance അയച്ച് എഗ്രിമെന്റ് വയ്ക്കുന്നതിന് കൌൺസിൽ അംഗീകാരം ആയത് വൈകുന്ന പക്ഷം ചെയർപേഴ്സൺന്റെ മുൻകൂർ അനുമതി ലഭ്യമാവേണ്ടതാണ്. എന്നാൽ ചില പ്രവർത്തികളിൽ അനുമതി ലഭ്യമാവുന്നതിനു മുൻപ് തന്നെ Letter Of Acceptance അയച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. നോട്ട് ഫയലിൽ Letter Of Acceptance അയക്കുക എന്ന് AE എഴുതി ഇനീഷ്യൽ ചെയ്തതിനു ശേഷമാണ് താഴെ ചെയർപേഴ്സൺ മുൻകൂർ അനുമതി നൽകുന്നു എന്ന് എഴുതി തീയതി രേഖപ്പെടുത്താതെ ഒപ്പ് വെച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം :

1. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ

പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

3.മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടെന്നും എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. പ്രവൃത്തി പൂർത്തീകരണത്തിനുശേഷം മോണിറ്ററിംഗ് സമിതി പദ്ധതി നിർവ്വഹണം പരിശോധിച്ചതിന്റെ റിപ്പോർട്ട് പ്രവൃത്തിയുടെ ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

5. നിർവ്വഹണോദ്യോഗസ്ഥൻ പ്രവൃത്തിയുടെ അളവെടുത്ത് ബില്ല് തയ്യാറാക്കുന്നതിനു മുൻപായി കരാറുകാരൻ അളവുകൾ ശരിയാണെന്ന് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം അളവുപുസ്തകത്തിൽ ലഭ്യമാക്കേണ്ടതാണ്.

6. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

7. ടെണ്ടർ അംഗീകരിച്ചശേഷം Letter Of Acceptance അയച്ച് എഗ്രിമെന്റ് വയ്ക്കുന്നതിന് കൌൺസിൽ അംഗീകാരം ആയത് വൈകുന്ന പക്ഷം ചെയർപേഴ്സൺന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

8. പല പദ്ധതികളുടെയും പൂർത്തീകരണത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യകത കൃത്യമായി പരിശോധിച്ച് അതിനനുസൃതമായി ഏകവർഷ ബഹുവർഷ പ്രോജക്ടുകൾ തയ്യാറാക്കി പ്രവർത്തി ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

9. റോഡ് നിർമ്മാണ പ്രവൃത്തികളിൽ ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്തൃസമിതി രൂപകരിക്കേണ്ടതാണ്. നിലവിൽ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല.

10. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ആരംഭഘട്ടം മുതൽ അവസാനഘട്ടം വരെ കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

11. പ്രോജക്ട് അംഗീകാരം ലഭിച്ചശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കി പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

12. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ അടങ്ങിയ വർക്ക് ബിൽ രജിസ്റ്റർ/പ്രോജക്റ്റ് രജിസ്റ്റർ നിലവിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല, ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-73 ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി- അവലോകനം

NULM വഴി നഗരസഭയിൽ നഗരദാരിദ്ര്യ നിർമാർജനത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ ചെലവ് രേഖകളിൽ നിന്നുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്, തെരുവോര കച്ചവടക്കാർക്ക് ലോൺ, സ്വയം തൊഴിൽ സംരംഭകർക്ക് വായ്പ ലഭിക്കുന്നതിനുള്ള നടപടികളെടുക്കുക, കുടുംബശ്രീ യൂണിറ്റുകളെ റിസോഴ്സ് ഓർഗനൈസേഷൻ ആക്കി മാറ്റുന്നതിന് ധനസഹായം അനുവദിക്കുക, ലിങ്കേജ് ലോൺ അനുവദിക്കുക എന്നീ പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്. കുടുംബശ്രീയുടെ കീഴിൽ ആകെ 964 അയൽക്കൂട്ടങ്ങൾ നിലവിലുണ്ട്. കുടുംബശ്രീ യൂണിറ്റുകളെ റിസോഴ്സ് ഓർഗനൈസേഷൻ ആക്കി മാറ്റുന്നതിനുള്ള നടപടിയുടെ ഭാഗമായി 210 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പദ്ധതി നടത്തിപ്പിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**(NHG)** റിവോൾവിംഗ് ഫണ്ട്

| ക്രമ നം. | അർബൻ ലോക്കൽ ബോഡിയുടെ പേര് | (NHG) റിവോൾവിംഗ് ഫണ്ട് എണ്ണം | (NHG) റിവോൾവിംഗ് ഫണ്ട് തുക | ADS റിവോൾവിംഗ് ഫണ്ട് എണ്ണം | ADS റിവോൾവിംഗ് ഫണ്ട് എണ്ണം തുക | NHG ബാങ്ക് ലിങ്കേജ് സബ്സിഡി | ബാങ്കിന് കൈമാറിയ സബ്സിഡി തുക |
|---|---|---|---|---|---|---|---|
| 1 | പാലക്കാട് | 837 | 8370000 | 52 | 2600000 | 526 | 13817436 |

സ്വയംതൊഴിൽ പദ്ധതി

| ക്രമ നം. | അർബൻ ലോക്കൽ ബോഡിയുടെ പേര് | സ്വയം തൊഴിൽ വ്യക്തിഗത യൂണിറ്റ് രൂപീകരിച്ചത് | സബ്സിഡി തുക അനുവദിച്ചത് | സ്വയംതൊഴിൽ ഗ്രൂപ്പുകളുടെ യൂണിറ്റ് രൂപീകരിച്ചത് | സബ്സിഡി തുക അനുവദിച്ചത് |
|---|---|---|---|---|---|
| 1 | പാലക്കാട് | 146 | 212665.56 | 42 | 6843.72 |

നഗര തെരുവ് വ്യാപാരികൾക്ക് പിന്തുണാ പദ്ധതി

| ക്രമ നം. | അർബൻ ലോക്കൽ ബോഡിയുടെ പേര് | കണ്ടെത്തിയ തെരുവോര കച്ചവടക്കാരുടെ എണ്ണം | ലൈസൻസുള്ള വരുടെ എണ്ണം | TVC Election Conducted | Vending Zone | ബൈലോ |
|---|---|---|---|---|---|---|
| 1 | പാലക്കാട് | 726 | 250 | ഉണ്ട് | ഉണ്ട് | ഇല്ല |

പി.എം സ്വാനിധി

| ക്രമ നം. | അർബൻ ലോക്കൽ ബോഡിയുടെ പേര് | 10000/ 15000 | തുക | 20000/ 25000 | തുക | 50000 | തുക |
|---|---|---|---|---|---|---|---|
| 1 | പാലക്കാട് | 3774 | 39055000 | 1854 | 39485000 | 493 | 24650000 |

ഓഡിറ്റ് നിർദ്ദേശം

സ്വയംതൊഴിൽ സംരംഭം ആരംഭിച്ച യൂണിറ്റുകളിന്മേൽ കൃത്യമായ മോണിറ്ററിംഗ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മുഴവൻ നഗര തെരുവ് വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**1-74 പെൻഷൻ ഫണ്ട്- അവലോകനം**

ഫയൽ നമ്പർ - ജി 2-19436/14

എ)മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി മുനിസിപ്പൽ ഭരണ ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും സർക്കാർ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സെൻട്രൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് കൈകാര്യം ചെയ്യേണ്ടതും, ജീവനക്കാരുടെ പെൻഷൻ വിഹിതം ലഭിക്കുന്ന തുക വരവു വെക്കേണ്ടതും, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ തുക ഈ ഫണ്ടിൽ നിന്നും സമയാസമയം മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതുമാണ് എന്ന് 1996 ലെ കേരള മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ അനുശാസിക്കുന്നു. ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതമായി മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 25-ാം തിയതിക്ക് മുൻപ് ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതും, വീഴ്ച വരുത്തുന്നപക്ഷം ടി കാലയളവിലേക്ക് സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയം പ്രാബല്യമുള്ള നിരക്കിൽ പലിശകൂടി നൽകേണ്ടതുമാണ്. പെൻഷൻ വിഹിതവും പലിശയും നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കുവാൻ വീഴ്ച വരുത്തുന്നപക്ഷം കേരള മുനിസിപ്പാലിറ്റി ആക്ടിലെ 309-ാം വകുപ്പ് പ്രകാരം തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ജീവനക്കാരന് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഡയറക്ടർ പാസാക്കി കഴിയുമ്പോൾ ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, പെൻഷൻ കുടിശ്ശിക ഉൾപ്പെടെ ഒരു വർഷം പ്രതിമാസ പെൻഷൻ നൽകുന്നതിനാവശ്യമായ തുക എന്നീ ഇനങ്ങളിലായി വേണ്ടി വരുന്ന മൊത്തം തുക ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് മുനിസിപ്പൽ സെക്രട്ടറിക്ക് ഡിമാന്റ് ഡ്രാഫ്റ്റ് ആയി അയച്ചു കൊടുക്കേണ്ടതും ടി തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ വരവു വെക്കേണ്ടതുമാണ്. പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിച്ചവരിൽ നിന്നും പ്രതിമാസം കുറവു ചെയ്യുന്ന തുകയുടെ വിവരം ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അടവു ചെയ്യുന്ന തുകയുടെ വിവരം ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, പെൻഷനിൽ കുറവു വരുത്തിയ തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നിലനിർത്താവുന്നതും, തുടർവർഷത്തേക്കുള്ള അലോട്ട്മെന്റ് ആവശ്യപ്പെടുമ്പോൾ തട്ടികിഴിക്കാവുന്നതുമാണ്.

നഗരസഭയിൽ പരിപാലിക്കുന്ന കാഷ് ബുക്ക്/പാസ്ബുക്ക് പ്രകാരമുള്ള വരവു ചെലവ് വിശദാംശങ്ങൾ (അക്കൗണ്ട് നമ്പർ. 799011400007538, ജില്ലാ ട്രഷറി, പാലക്കാട്) ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2024-25 | 39925 | 3816369 | - | 3856294 | 3816369 | 39925 |

നിലവിൽ റെഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 2024 ജൂൺ മുതൽ കാലികമായി അടവാക്കി വരുന്നുണ്ട്. മുൻ വർഷങ്ങളിലെ അടവാക്കാനുണ്ടായിരുന്ന തുകകളിൽ നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം 2021-22, 2022-23, 2023-24 വർഷങ്ങളിലെ 1,85,81,378/- രൂപ അടവാക്കിയിട്ടുണ്ട്. നഗരകാര്യ ഡയറക്ടറിൽ നിന്നും 2025-26 സാമ്പത്തിക

വർഷത്തിൽ 12.06.2025, 18.10.2025 എന്നീ തീയതികളിലായി 1,68,58,715/- രൂപ അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

| കാലയളവ് | നഗരസഭ കുടിശ്ശിക തുക അടവാക്കിയതിന്റെ വിവരങ്ങൾ |
|---|---|
| 2021-22 | 67,27,577 /-, ചെക്ക് നമ്പർ MB01301684/26.05.2025 |
| 2022-23 | 61,16,538/- ചെക്ക് നമ്പർ MB01301697/26.08.2025 |
| 2023-24 | 57,37,263/- ചെക്ക് നമ്പർ 509445/27.11.2025 |

ബി) 1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി ഓരോ മുനിസിപ്പാലിറ്റിയും തൊട്ടടുത്തുള്ള സർക്കാർ ട്രഷറി സേവിംഗ്സ് ബാങ്കിൽ "മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്" എന്ന പേരിൽ ഒരു പെൻഷൻ ഫണ്ട് ആരംഭിച്ച് കൈകാര്യം ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടിനായി ICICI ബാങ്കിലാണ് (അക്കൗണ്ട് നം. 023205005053) കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്.

സി)നഗരസഭയുടെ പെൻഷൻ ഫണ്ട് പരിശോധന സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 19.05.2024ൽ ഡി.കെ.എസ്.എ.2078/എം.എൽ.3/2024 പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നഗരസഭക്ക് നൽകിയ ഓഡിറ്റ് അന്വേഷണ(5/16.07.2025)ത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല.

1.ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ വകയിരുത്തിയ തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയത് നിലവിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

2.പെൻഷൻ അലോട്ട്മെന്റ് ലഭിച്ചതിന്റെ വരവ് ചെലവ് കണക്കുകൾ പെൻഷൻ കാഷ്ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

3.നാളിതുവരെ പെൻഷൻ(റെഗുലർ/കണ്ടിജന്റ്) ഇനത്തിൽ നൽകിയ തുകയുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4.നാളിതുവരെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിന് വിനിയോഗിച്ച തുകയുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5.റെഗുലർ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കണ്ടിജന്റ് സർവ്വീസ് പെൻഷൻ എന്നിവ കൈപ്പറ്റുന്നവരുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.

6.അനുവദിക്കപ്പെട്ട പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച വിശദാംശം പരിശോധനക്ക് ലഭ്യമാക്കുന്നില്ല.

7.പെൻഷൻ റീസ്റ്റോറേഷൻ, ഫാമിലി പെൻഷൻ ഉയർന്ന നിരക്കിൽ നിന്നും സാധാരണ നിരക്കിലേക്ക് മാറ്റുന്നത്, സമയബന്ധിതമായി പെൻഷൻ പരിഷ്കരിക്കുന്ന വിവരം എന്നിവ

യഥാസമയം ഓഡിറ്റിൽ ലഭ്യമാക്കുന്നില്ല.

8.സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള നഗരസഭയിൽ നിന്നല്ലാതെ മറ്റ നഗരസഭകളിൽ നിന്നും പെൻഷൻ വാങ്ങുന്നതിന് ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ ചട്ടം11(4) പ്രകാരം പെൻഷൻ ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ ട്രഷറികളിൽ അതാത് സമയങ്ങളിൽ പ്രാബല്യത്തിലുള്ള രജിസ്റ്ററുകളും ഫോറങ്ങളും (പെൻഷൻ രജിസ്റ്റർ, പെൻഷൻ പേയ്മെന്റ് ഓർഡർ രജിസ്റ്റർ, പെൻഷൻ വിതരണ രജിസ്റ്റർ, ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ, അലോട്ട്മെന്റ് രജിസ്റ്റർ തുടങ്ങിയവ) തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരം രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

**1-75 അമൃത് ഒന്നും രണ്ടും ഘട്ടങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം**

അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ അഥവാ അമൃത് പദ്ധതി പാലക്കാട് നഗരസഭയിൽ ഒന്നാം ഘട്ടം പൂർത്തിയാക്കി അമൃത് 2.0 (രണ്ടാം ഘട്ടം) 2024-25 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

കുടിവെള്ള വിതരണം, മലിന ജലം നിർമ്മാർജ്ജനം, നഗരഗതാഗതം അടക്കമുള്ള അടിസ്ഥാന സേവനങ്ങൾ നൽകി അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ദേശീയ പദ്ധതിയാണ് അമൃത് പദ്ധതി. രാജ്യത്തെ നഗരപ്രദേശങ്ങളുടെ സമൂലമായ മാറ്റമാണ് പദ്ധതിയുടെ ലക്ഷ്യം.

നഗരത്തിലെ എല്ലാ കുടുംബങ്ങളിലും പൈപ്പ്ലൈൻ കുടിവെള്ളം വിതരണം ചെയ്യുക, അഴുക്കുചാലുകൾ നിർമ്മിക്കുക, പാർക്കുകൾ അടക്കമുള്ള തുറസ്സായ പ്രദേശങ്ങളിൽ പച്ചപ്പും മറ്റും പരിപാലിച്ച് നഗരങ്ങളിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, നടപാതകൾ നിർമ്മിക്കുക, കുളങ്ങൾ നവീകരിക്കുക എന്നി പദ്ധതികൾ വഴി നഗരസഭ പ്രദേശങ്ങളെ ഹൈടെക്ക് ആയി മാറ്റുക എന്നതാണ് ഒന്നാം ഘട്ടം പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

രണ്ടാംഘട്ട അമൃത് പദ്ധതിയിൽ നഗരപ്രദ്ദേശങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം പദ്ധതി നടപ്പാക്കുക, ഉറവിടത്തിൽ മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ശക്തിപ്പെടുത്തുക, നഗരപ്രദേശങ്ങളേ പൂന്തോട്ടമാക്കുക, കൃത്യമായ മോണിറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തുക എന്നിവയാണ്.

പാലക്കാട് നഗരസഭയിൽ അമൃത് ഒന്നും രണ്ടും ഘട്ടങ്ങളിൽ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**1.പാർക്കുകൾ**

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം/ വർഷം | അടങ്കൽ കോടി | ചെലവ് കോടി | പദ്ധതി പൂർത്തീകരണം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 21 പാർക്കകൾ | 2018-20 | 6.55 | 5.43 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |

പാലക്കാട് നഗരസഭയിൽ 21 പാർക്ക് നവീകരിച്ചതിൽ 5.43കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എല്ലാ പാർക്കുകളും നിർമ്മാണത്തിനുശേഷം ശരിയായി പരിപാലിക്കപ്പെട്ടിട്ടില്ലായെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**2) കുടിവെള്ളം**

ഗാർഹിക ടാപ്പ് കണക്ഷനിലൂടെ ശുദ്ധജലം ലഭ്യമാക്കുന്നതിനും മലിന ജലസംസ്കരണത്തിന് സൗകര്യമൊരുക്കുന്നതിനും, ലക്ഷ്യം വച്ചുകൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത് 2.0. പദ്ധതിയുടെ 33.33% കേന്ദ്ര വിഹിതവും 50% സംസ്ഥാനവിഹിതവും 16.67% നഗരസഭാ വിഹിതവുമാണ് വിനിയോഗിക്കുന്നത്.

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം/ വർഷം | അടങ്കൽ കോടി | ചെലവ് കോടി | പദ്ധതി പൂർത്തീകരണം |
|---|---|---|---|---|
| ഗാർഹിക പൈപ്പ് ലൈൻ | 2018-20 മുതൽ 2023-26 | 164.39 | 153.94 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |

**3) ജലാശയങ്ങളുടെ പുനരുദ്ധാരണം/കുളം നവീകരണം**

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം/വർഷം | അടങ്കൽ കോടി | ചെലവ് കോടി | പദ്ധതി പൂർത്തീകരണം |
|---|---|---|---|---|
| 10 കുളങ്ങൾ നവീകരണം | 2023-24 | 3.3 | 1.50 | പ്രവൃത്തികൾ നടക്കുന്നു. |

10 കുളങ്ങൾ നവീകരിക്കുവാൻ 3.3 കോടി ചെലവഴിച്ചിട്ടുണ്ട്. 4 എണ്ണം മുഴുവനായും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ശേഷിക്കുന്നവ പല കാരണങ്ങളാൽ പൂർത്തീകരിച്ചിട്ടില്ല

**4) ബസ് സ്റ്റാന്റ് യാർഡ് നിർമ്മാണം**

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം/ വർഷം | അടങ്കൽ കോടി | ചെലവ് കോടി | പദ്ധതി പൂർത്തീകരണം |
|---|---|---|---|---|
| ബസ് സ്റ്റാന്റ് യാർഡ് നിർമ്മാണം | 2019-26 | 1.42 | 1.42 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |

**5) മാലിന്യ സംസ്കരണം പദ്ധതികൾ/ പ്ലാന്റുകൾ/വിലയിരുത്തൽ /ജൈവം/അജൈവം**

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം/വർഷം | അടങ്കൽ കോടി | ചെലവ് കോടി | പദ്ധതി പൂർത്തീകരണം |
|---|---|---|---|---|
| 100KLD FSTP PLANT | 2018-19 മുതൽ 2021-24 | 7.95 | 7.95 | പദ്ധതി പ്രവൃത്തികൾ നടക്കുന്നു. |

**6) കാൽനടപാത & ബൈസൈക്കിൾ ട്രാക്ക്**

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം/ വർഷം | അടങ്കൽ കോടി | ചെലവ് കോടി | പദ്ധതി പൂർത്തീകരണം |
|---|---|---|---|---|
| 100 Ft നടപാത & ബൈസൈക്കിൾ ട്രാക്ക് | 2018-19 മുതൽ 2021-24 | 31.2 കോടി | 25.57 കോടി | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |

**7) ഡ്രെയിനേജ്**

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം/ വർഷം | അടങ്കൽ കോടി | ചെലവ് കോടി | പദ്ധതി പൂർത്തീകരണം |
|---|---|---|---|---|
| വിവിധ ഡ്രെയിനേജ് വർക്ക് | 2019-20 മുതൽ 2021-24 | 25.26 | 23.11 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |

**8) കോട്ടമൈതാനം/ചെറിയ കോട്ടമൈതാനം നവീകരണം**

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം/ വർഷം | അടങ്കൽ കോടി | ചെലവ് കോടി | പദ്ധതി പൂർത്തീകരണം |
|---|---|---|---|---|
| കോട്ടമൈതാനം/ ചെറിയ കോട്ടമൈതാനം നവീകരണം-1 | 2016 | 1.04 | 0.7662138 | നവീകരണത്തിനു ശേഷം ശരിയായി പരിപാലിക്കപ്പെട്ടിട്ടില്ലായെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| കോട്ടമൈതാനം/ ചെറിയ കോട്ടമൈതാനം | 2020 | 1.62 | 1.04 | നവീകരണത്തിനുശേഷം ശരിയായി പരിപാലിക്കപ്പെട്ടിട്ടില്ലായെന്ന് |

| | | | | |
|---|---|---|---|---|
| നവീകരണം-2 | | | | മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. |

**9) എസ്കലേറ്റർ**

| പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം/ വർഷം | അടങ്കൽ കോടി | ചെലവ് കോടി | പദ്ധതി പൂർത്തീകരണം |
|---|---|---|---|---|
| എസ്കലേറ്റർ- ജി ബി റോഡ് | 2019 | 1.54 | 1.52 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |

അമൃത് പദ്ധതികൾ കൃത്യമായ മോണിറ്ററിംഗ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. അമൃത് പദ്ധതിയുടെ കീഴിൽ നവീകരിച്ച മുഴുവൻ പാർക്കുകളും ശരിയായി പരിപാലിച്ച് ആസ്തി സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്. അമൃത് ഒന്നും രണ്ടും പദ്ധതികളുടെ വരവ്-ചെലവ് ഉൾപ്പെടുന്ന വാർഷിക റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം (76/03.02.2026)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ക്രമവൽക്കരണം നടത്തിയതിൽ കോമ്പൗണ്ടിംഗ് ഫീസ് കുറവായി ഈടാക്കി - 30,087 രൂപയുടെ നഷ്ടം

ഫയൽ :- 1482188-2024

ഉടമസ്ഥൻ :- Shri. P.K.Chacko, Oceanus Dwellings

ശ്രീ.പി.കെ.ചാക്കോയുടെ ഉടമസ്ഥതതയിലുള്ള 1831.3 $M^2$ തറവിസ്തീർണ്ണമുള്ള BASEMENT FLOOR+GF+4 FLOOR കളുള്ള കെട്ടിട നിർമാണത്തിന് EJBR/1037/07-08/PW5 Dt 29/8/2009 പ്രകാരം നഗരസഭ അനുമതി നൽകിയിട്ടുള്ളതും 300.87 $M^2$ തറവിസ്തീർണ്ണമുള്ള ബേസ്മെന്റ് ഫ്ലോറിന് Partial Occupancy നൽകി കെട്ടിട നമ്പർ നൽകിയിട്ടുള്ളതുമാണ് (കെട്ടിട നമ്പർ 10/89).

ബാക്കിയുള്ള 1530.42 $M^2$ തറവിസ്തീർണ്ണമുള്ള കെട്ടിടനിർമ്മാണം നഗരസഭ സെക്രട്ടറിയുടെ RO/170/2025 Dt 07-01-2025 ഉത്തരവ് പ്രകാരം ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ക്രമവൽക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെകൊടുക്കുന്നു.

| Floor Description | Area In $M^2$ | Occupancy |
|---|---|---|
| Ground Floor | 272.3 | Mercantile/Commercial (F) |
| First Floor | 300.87 | Mercantile/Commercial (F) |

| | | |
|---|---|---|
| Second Floor | 300.87 | Mercantile/Commercial (F) |
| Third Floor | 300.87 | Mercantile/Commercial (F) |
| Fourth Floor | 300.87 | Office/Buisness (E) |
| Fifth Floor | 54.64 | Mercantile/Commercial (F) |

ഈ കെട്ടിടത്തിന്റെ Fourth Floorനെ ഓഫീസ്/ബിസിനസ് എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 29/8/2009ന് അനുവദിച്ച പെർമിറ്റ്, കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ, നഗരസഭ സെക്രട്ടറി 07/01/2025 ന് അംഗീകരിച്ച ഒക്യുപെൻസി പ്ലാൻ എന്നിവയിൽ Fourth Floor ൽ നിർമ്മിച്ച കെട്ടിടം Mercantile/Commercial(F) വിഭാഗത്തിലുള്ളതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മാത്രവുമല്ല ഈ കെട്ടിടത്തെ പൂർണ്ണമായും കമേഴ്സ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് (കെട്ടിട നമ്പറുകൾ 10/89/1 To 11).

കമേഴ്സ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തെ ഓഫീസ് വിഭാഗത്തിൽ ഉൾപ്പെടുത്തി ക്രമവൽക്കരണം നടത്തിയതിലൂടെ കോമ്പൗണ്ടിംഗ് ഫീസ് കുറവായാണ് ഈടാക്കിയിരിക്കുന്നത്. 300 $M^2$ ന് മുകളിൽ തറവിസ്തീർണ്ണമുള്ള കമേഴ്സ്യൽ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് Rs.150/$M^2$ ഉം, ഓഫീസ് വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് Rs.100/$M^2$ ഉം ആണ് പെർമിറ്റ് ഫീസ് നിരക്ക്. 1401701- Regularization Fees എന്ന ശീർഷകത്തിൽ 06/01/2025 തിയതിയിൽ രസീതി നം.R-M090400-24053807 പ്രകാരം 4,29,039/- രൂപ ഈടാക്കിയിട്ടുണ്ട്.

കോമ്പൗണ്ടിംഗ് ഫീസ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| **Floor** | **Area (In $M^2$)** | കണക്കാക്കിയ കോമ്പൗണ്ടിംഗ് ഫീസ് (തറവിസ്തീർണ്ണം **X** ഫീസ് നിരക്ക് **X 2)** | കണക്കാക്കേണ്ട കോമ്പൗണ്ടിംഗ് ഫീസ് (തറവിസ്തീർണ്ണം **X** ഫീസ് നിരക്ക് **X 2)** | കുറവ് |
|---|---|---|---|---|
| Ground Floor | 272.3 | 81,690 | 81,690 | 0 |
| First Floor | 300.87 | 90,261 | 90,261 | 0 |
| Second Floor | 300.87 | 90,261 | 90,261 | 0 |
| Third Floor | 300.87 | 90,261 | 90,261 | 0 |
| Fourth Floor | 300.87 | 60,174 (Office-100/$M^2$) | 90,261 (Commercial - 150/$M^2$) | 30,087 |
| Fifth Floor | 54.64 | 16,392 | 16,392 | 0 |
| ആകെ | | **4,29,039** | **4,59,126** | **30,087** |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/29-07-2025) ന് മറുപടി

ലഭ്യമാക്കിയിട്ടില്ല. ക്രമവൽക്കരണ ഫീസ് ഇനത്തിൽ നഗരസഭ ഫണ്ടിനുണ്ടായ 30,087 രൂപയുടെ നഷ്ടം കെട്ടിട ഉടമയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

**2-2 പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നടത്തിയ നിർമ്മാണം ക്രമവൽക്കരിക്കാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു - 1,26,018 രൂപയുടെ വരവുനഷ്ടം**

ഫയൽ നം: BA/682/20-21/E5

ശ്രീ.ബെന്നി ജോൺ എന്ന വ്യക്തിക്ക് 850.61 M2 ബിൽറ്റ് അപ് ഏരിയ ഉള്ള "Shop Cum Professional Office" എന്ന ഒക്യുപെൻസിയിലുള്ള കെട്ടിടനിർമ്മാണത്തിന് 15-01-2021 ന് അനുമതി നൽകിയിരുന്നു.

30-01-2025 ന് കെട്ടിട ഉടമ KMBR 2019- Appendix E1 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. ഈ അപേക്ഷയിൽ ബിൽഡിംഗ് ഇൻസ്പെക്ടറുടെ 03-02-2025 ലെ റിപ്പോർട്ട് പ്രകാരം സ്ഥല പരിശോധന നടത്തിയിട്ടുണ്ടെന്നും, BA/682/20-21/E5 Dtd 15-01-2021 അനുസരിച്ച് 850.61 Sq.M Builtup Area യിൽ Commercial/Professional Office Building നിർമ്മിക്കുന്നതിനായിരുന്നു അനുമതി എന്നും, നിലവിൽ KMBR 2019 ന് വിധേയമായി 410.06 Sq.M Builtup Area യിൽ നിർമ്മിതി പൂർത്തീകരിച്ചിട്ടുണ്ട് എന്നും, നിർമ്മിതി മുഴുവനായും Commercial Catagory യിൽ ഉൾപ്പെടുന്നതിനാൽ Occupancy Certificate അനുവദിക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സ.ഉ (കൈ) നം.167/2014/തസ്വഭവ തിയതി 27-09-2014 പ്രകാരം Occupancy അനുവദിക്കാവുന്നതാണെന്നും റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കാൻ 04-02-2025 ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദേശം നൽകിയിട്ടുണ്ട്. തുടർന്ന് 06-02-2025 ന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് അംഗീകരിച്ചിട്ടുണ്ട്.

എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പരിശോധിച്ചതിൽ പെർമിറ്റ് നൽകിയതിൽ നിന്നും വ്യത്യസ്തമായ കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളതെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പെർമിറ്റ് പ്രകാരമുള്ളത് | | നിർമ്മാണം പൂർത്തീകരിച്ചത് | |
|---|---|---|---|---|
| | Use | Area In $M^2$ | Use | Area In $M^2$ |
| Ground Floor | Parking | 52.76 | Commercial Shop/ Restaureant | 161.00 |
| | Shop (2 Numbers) | 99.50 | Stair Room And Toilet | 44.03 |
| | Professional Office (2 Numbers) | 79.19 | | |
| | Stair And Toilet | 23.12 | | |
| | **Total Ground Floor** | **254.57** | **Total Ground Floor** | **205.03** |

| | | | | |
|---|---|---|---|---|
| First Floor | Professional Office | 119.65 | Commercial Shop/ Restaureant | 171.08 |
| | Rooms | 147.09 | Stair Room And Toilet | 33.95 |
| | Stair | 23.12 | | |
| | **Total First Floor** | **289.86** | **Total First Floor** | **205.03** |
| Second Floor | Rooms | **291.58** | Nil | |
| Terrace Floor | Stair | **14.60** | Nil | |
| **Total Built-Up Area** | | **850.61** | | **410.06** |
| FSI | | **1.10** | | **0.52** |
| Coverage | | **33.10%** | | **26.70%** |

15-01-2021 ന് നൽകിയ ബിൽഡിംഗ് പെർമിറ്റിൽ പ്രൊഫഷണൽ ഓഫീസ് ഉൾപ്പെടെയുള്ള കമേഴ്സ്യൽ കെട്ടിടത്തിനാണ് അനുമതി നൽകിയിട്ടുള്ളതെങ്കിലും പൂർണ്ണമായും കമേഴ്സ്യൽ കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത്. അനുമതി നൽകിയ പ്ലാനിൽ “Proposed Construction Of A Shop Cum Professional Office & Rooming House” എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒക്യുപെൻസി നൽകിയ പ്ലാനിൽ "Revised Plan And Site Plan Of Commercial Restaurant Building” ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൻ തന്നെ റിവൈസ്ഡ് പ്ലാൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കൂടാതെ 6 ഷോപ്പ് റൂമുകളും, 3 ഓഫീസ് റൂമുകളുമാണ് ഗ്രൗണ്ട്, ഫസ്റ്റ് ഫ്ലോറുകളിലായി നിർമ്മിക്കാൻ അനുമതി നൽകിയിട്ടുള്ളതെങ്കിലും റൂമുകളെല്ലാം ഒഴിവാക്കി വരാന്ത, സ്റ്റോർ റൂമുകൾ, ഡെലിവറി ഏരിയ, ജ്യൂസ് ഏരിയ, വാഷ് റൂമുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ടോയ്‌ലെറ്റുകൾ, സ്റ്റെയർ എന്നിവയിലും മാറ്റം വന്നിട്ടുണ്ട്.

പെർമിറ്റ് നൽകിയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ Builtup Area 254.57 $M^2$ ആണ്. എന്നാൽ നിർമ്മിച്ച കെട്ടിടത്തിന്റേത് 205.03 $M^2$ ആണ്. അനുമതി നൽകിയ കെട്ടിടത്തിന്റെ കവറേജ് **33.10 %** വും നിർമ്മിച്ച കെട്ടിടത്തിന്റെ കവറേജ് **26.70 %** വും ആണ്. പെർമിറ്റ് നൽകിയ കെട്ടിടത്തിന്റെയും നിർമ്മിച്ച കെട്ടിടത്തിന്റെയും ഗ്രൗണ്ട് ഫ്ലോർ പ്ലാൻ താഴെ ചേർക്കുന്നു.

എ) പെർമിറ്റ് നൽകിയത്

ബി) നിർമ്മിച്ചത്

പെർമിറ്റിൽ നിന്നും പൂർണ്ണമായും വ്യത്യസ്തമായ കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത് എന്നതിനാൽ 2019 ലെ KMBR ചട്ടങ്ങൾ 92-96 പ്രകാരം ക്രമവൽക്കരണം നടത്താതെ, ചട്ടം 20 പ്രകാരം ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയത് ക്രമപ്രകാരമല്ല.

കൂടാതെ ബിൽഡിംഗ് ഇൻസ്പെക്ടർ ഫയലിൽ രേഖപ്പെടുത്തിയ സ.ഉ (കൈ) നം.167/2014/ തസ്വഭവ തിയതി 27-09-2014 സർക്കാർ ഉത്തരവ് എന്നത് ക്രമവിരുദ്ധമായോ ചട്ടം ലംഘിച്ചോ നൽകിയ പെർമിറ്റുകളിന്മേൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നൽകിയിട്ടുതാണ്. അനുവദിച്ച ബിൽഡിംഗ് പെർമിറ്റിൽ നിന്നും വ്യത്യസ്തമായി നിർമ്മാണം നടത്തിയ കെട്ടിടത്തിന് ഒക്യുപെൻസി നൽകാൻ ഈ ഉത്തരവിൽ നിർദേശങ്ങൾ ഇല്ല എന്നിരിക്കെ ഈ ഉത്തരവ് ഫയലിൽ രേഖപ്പെടുത്തി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയത് ചട്ടലംഘനമാണ്.

KMBR ചട്ടം 20 പ്രകാരം Annexure E3 യിൽ, പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചു എന്ന് സർട്ടിഫിക്കറ്റ് നൽകിയ Architect/Building Designer/Engineer/Supervisor -ക്ക് എതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

കെട്ടിടം ക്രമവൽക്കരിക്കാത്തതിനാൽ നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം താഴെ ചേർക്കുന്നു.

എ) അപേക്ഷ ഫീസ് : 3000

ബി) കോമ്പൗണ്ടിംഗ് ഫീസ് : 410.06 $M^2$X 150 X 2 = 1,23,018

ആകെ ഫീസ് **: 1,26,018** രൂപ

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/29-07-2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ചട്ടവിരുദ്ധമായി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും, നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സമഗ്ര അഴുക്കുചാൽ ശുചീകരണം- യന്ത്ര സാമഗ്രികൾ ഉപയോഗിച്ചതിൽ കാട്ട് ചെയ്തതിനേക്കാൾ കൂടുതൽ തുക അനുവദിച്ചു 34071.30രൂപയുടെ നഷ്ടം

| | |
|---|---|
| പ്രോജക്റ്റ് നം./ പ്രോജക്റ്റിന്റെ പേര് | 6/25- സമഗ്ര അഴുക്കുചാൽ ശുചീകരണം |
| ഫയൽ നം. | 1124359/24 |
| അടങ്കൽ | 4198034 |
| ചെലവ് | 3486764 |
| ബിൽ നം./തിയതി | 27/04.12.2024 (2935459/-)<br>35/23.01.2025 (262575/-)<br>36/23.01.2025 (146475/-)<br>63/06.03.2025 (142255/-) |

നഗരസഭയിലെ 52 വാർഡുകളിലും മനുഷ്യ വിഭവ ശേഷിയും യന്ത്ര സാമഗ്രികൾ ഉപയോഗിച്ചും അഴുക്കുചാലുകളിലെ മണ്ണും മാലിന്യവും നീക്കം ചെയ്ത് വൃത്തിയാക്കി ജലപ്രവാഹം സുഗമമാക്കുകയും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുമായി ക്ലീൻ സിറ്റി മാനേജർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സമഗ്ര അഴുക്കുചാൽ നവീകരണം എന്ന പദ്ധതി നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മേൽ പരാമർശിച്ച പ്രവൃത്തിക്ക് ഇ-ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത സഫാരി എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന് 22.05.2024 ന് വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്. വർക്ക് ഓർഡർ കൈപ്പറ്റി 3 ദിവസത്തിനകം 200 രൂപയുടെ മുദ്ര പത്രത്തിൽ കരാർ ചമയ്ക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും 15.06.2024 നാണ് സ്ഥാപനം നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. കൂടാതെ 100 രൂപയുടെ മുദ്ര പത്രം മാത്രമേ ഹാജരാക്കിയിട്ടുള്ളൂ.

2) ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവൃത്തി ചെയ്തതിന് കാട്ട് ചെയ്തതിനേക്കാൾ അധിക നിരക്കിൽ തുക അനുവദിച്ചു (ബിൽ നം. 63/06.03.2025 ), വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A)

| ഡിവിഷൻ/ വാർഡ് | ബിൽ നം/ തിയതി | യന്ത്ര സാമഗ്രി | ക്വാട്ട് ചെയ്ത നിരക്ക്(/ Hr) | അനുവദിച്ച നിരക്ക് | ആക അനുവദിച്ച തുക (Hrs* Rate) | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1/52 | 554/09.10.2024 | ഹിറ്റാച്ചി 35 | 830 (16.5*830= 13695) | 1200 | 16.5*1200= 19800 | 6105+ 1099(GST)= 7204 |
| 4/31 | 555/21.10.2024 | ,, | 830 (5.5*830= 4565) | 1200 | 5.5*1200= 6600 | 2035+ 366.3(GST)= 2401.3 |
| 4/32 | 247/21.10.2024 | ജെസിബി | 840 (6*840=5040) | 1100 | 6*1100= 6600 | 1560+ 281(GST)= 1841 |
| 4/29 | 244/09.08.2024 | ജെസിബി | 840 (8.5*840=7140) | 1100 | 8.5*1100= 9350 | 2210+ 398(GST)= 2608 |
| 4/32 | 309/29.08.2024 | ,, | 840 (14.5*840= 12180) | 1100 | 14.5*1100= 15950 | 3770+ 679(GST)= 4449 |
| 4/32 | 549/09.08.2024 | ഹിറ്റാച്ചി37 | 830 (18.05*830= 14981.50) | 1100 | 18.05*1100= 19855 | 4873.5+ 877(GST)=5751 |
| 4/41 നോട്ട് ഫയലിൽ വാർഡ് 32 | 243/09.08.2024 | ജെസിബി | 840 (8.6*840= 7224) | 1100 | 8.6*1100= 9460 | 2236+ 402(GST)= 2638 |
| 1/1 | 245/09.08.2024 | ,, | 840 (8.4*840= 7056) | 1100 | 8.4*1100= 9240 | 2184+ 393(GST)= 2577 |
| 1/52 | 246/09.08.2024 | ,, | 840 (15*840= 12600) | 1100 | 15*1100= 16500 | 3900+ 702(GST)= 4602 |
| ആകെ | | | | | | 34071.30 |

യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിച്ചതിന് ക്വാട്ട് ചെയ്തതിനേക്കാൾ കൂടിയ നിരക്കിൽ അനുവദിച്ച 34071.30 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

3) കരാറുകാരൻ സമർപ്പിച്ച ബില്ലുകളിൽ മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിച്ച

ജെസിബി യുടെ രജിസ്ട്രേഷൻ നമ്പർ നൽകിയിട്ടുള്ളത്(KL17E970, KL17E 790), മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ സൈറ്റിൽ (പരിവാഹൻ) പരിശോധിച്ചതിൽ ആയവ ബൈക്ക്, കാർ എന്നിവയുടെ രജിസ്ട്രേഷൻ നമ്പർ ആണെന്നാണ് സൂചിപ്പിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (70/28.01.2026).

ക്വാട്ട് ചെയ്തതിനേക്കാൾ അധിക നിരക്കിൽ അനുവദിച്ച 34071.30രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതും പ്രവത്തിക്ക് ഉപയോഗിച്ച മേൽ രജിസ്ട്രേഷനിലുള്ള വാഹനങ്ങൾ/ യന്ത്രങ്ങൾ എന്നിവ യഥാർത്ഥത്തിൽ പ്രസ്തുത പ്രവൃത്തിക്കുവേണ്ടി തന്നെ ഉപയോഗിച്ചു എന്നതിനു ആധികാരികമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**3-2** വാർ മെമ്മോറിയൽ നിർമാണം-നടപടിക്രമത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | 618/25- വാർ മെമ്മോറിയൽ നിർമ്മാണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം. | E2-618/24-25 |
| എഗ്രിമെന്റ് നം. | 82/AEE/LID&EW/ PKD/2024-25,19.03.2025 |
| അടങ്കൽ | 10,00,000 |
| ചെലവ് | 9,97,176 |
| ബിൽ നം./ തിയതി | 132/23.03.2025 |

അമൃത് 1.0 കോർ കമ്മിറ്റിയുടെ 31.07.2023 ലെ തീരുമാന പ്രകാരം വാർ മെമ്മോറിയൽ എന്ന പ്രവൃത്തിക്കു വേണ്ടി തനത് ഫണ്ടിൽ നിന്നും തുക ചെലവു നടത്തുന്നതിന് തീരുമാനിക്കുകയും 12.03.2025 ലെ ഡിപിസി അംഗീകാരത്തോടെ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ് (ഇ-ടെൻഡർ നം.LSGD/CELSGD/TR/22636/2025 Dated 17.03.2025).

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹിച്ച മേൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഒരു ദിവസം കൊണ്ട് പ്രവൃത്തി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു

ഫയൽ, പ്രൈസ്3 എന്നിവ പരിശോധിച്ചതിൽ ടി പ്രവൃത്തിക്കു വേണ്ടി ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് (8,47,210രൂപ) ക്വാട്ട് ചെയ്ത ശ്രീ.നിഷിൽ നിയാസ് എന്നവർക്ക് Letter Of Acceptance നൽകിയത്, കരാർ ഒപ്പു വെച്ചത് , സൈറ്റ് കൈമാറൽ എന്നിവ 19.03.2025 തിയതിയിലാണ് നടന്നിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റിൽ

18.03.2025 മുതൽ 20.03.2025 വരെ പ്രസ്തുത പ്രവൃത്തി മേൽനോട്ടം വഹിച്ചിട്ടുണ്ടെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയത് 18.02.2025 മുതൽ 20.03.2025 വരെ അസിസ്റ്റന്റ് എഞ്ചിനീയർ നേരിൽ പരിശോധിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിക്കാണുന്നു. അളവു പരിശോധന 20.03.2025 തിയതിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹിച്ചിട്ടുണ്ട്. സൈറ്റ് കൈമാറിയ തിയതിയ്ക്ക് (19.03.2025) മുൻപായി ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ എപ്രകാരമാണ് പ്രസ്തുത പ്രവൃത്തി പരിശോധനാ വിധേയമാക്കിയത് എന്നതിനു വിശദീകരണം നൽകേണ്ടതും യഥാർത്ഥത്തിൽ പ്രവൃത്തി ആരംഭിച്ചതും , പരിശോധന നടത്തിയതും , പൂർത്തീകരിച്ചതും എന്നാണെന്ന് വ്യക്തമാക്കേണ്ടതുമാണ്.

പൂർത്തീകരിച്ചതായി അളവു പുസ്തകം /റണ്ണിംഗ് അക്കൗണ്ടിൽ രേഖപ്പെടുത്തിയ പ്രവൃത്തികൾ , 2.28.1 Surface Dressing Of Ground, 4.1.5 , 4.1.4 Laying Cement Concrete , 50.6.1.5 Solid Block Masonry Work Etc. എന്നിവ 20.03.2025 ന് പൂർത്തിയാക്കി ഫൈനൽ ബില്ല് സമർപ്പിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 19.03.2025 ന് സൈറ്റ് കൈമാറിക്കഴിഞ്ഞ് ഒരു ദിവസത്തിനകം മേൽ പ്രവൃത്തി ചെയ്തു ആയതിന്റെ അളവു പരിശോധനയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനു ഏതു രീതിയിൽ കഴിഞ്ഞു എന്നു വിശദീകരിക്കേണ്ടതാണ്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരമുള്ള നടപടികൾ (ക്രമ നമ്പർ 1) സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

<u>2. യഥാർത്ഥത്തിൽ ചെലവു നടക്കാതെ സുലേഖ പത്രികയിൽ ചെലവു രേഖപ്പെടുത്തി</u>

സുലേഖ പത്രിക, ACR എന്നിവയിൽ പ്രസ്തുത പ്രോജക്ടിന്റെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പി.എഫ്.എം.എസ് മുഖേന പേയ്മെന്റ് നടത്തിയതിന്റെ സ്റ്റാറ്റസ് Failed ആയതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ (06.06.2025, 10.06.2025 ) വീണ്ടും പേയ്മെന്റ് നൽകിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിക്കാണുന്നു. തൻവർഷം പ്രോജക്ടിനു വേണ്ടി യഥാർത്ഥത്തിൽ ചെലവു നടക്കാതെ ചെലവു പത്രികയിൽ രേഖപ്പെടുത്തിയതിനു വിശദീകരണം നൽകേണ്ടതാണ്.

<u>3.Flag Pole സ്ഥാപിക്കാതെ ചെലവഴിച്ച 15590.6 രൂപ നിരാകരിക്കുന്നു</u>

പാലക്കാട് നഗരസഭയുടെ അധീനതയിലുള്ള കോട്ടമൈതാനത്ത് വാർമെമ്മോറിയൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതിൽ, ഐറ്റം നം.11 എന്നത് എം.ബുക്കിൽ 10-28 എന്ന സ്പെസിഫിക്കേഷൻ പ്രകാരം 50.4888കിലോ ഗ്രാം സ്റ്റെയിൻലെസ് സ്റ്റീൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. Item Description പരിശോധിച്ചതിൽ Flag Pole 5 M നീളവും 23.16 കിലോ ഗ്രാം സ്റ്റെയിൻലെസ് സ്റ്റീൽ ഉപയോഗപ്പെടുത്തി പ്രസ്തുത ഇനത്തിന് വേണ്ടി 15590.60 രൂപ ചെലവു ചെയ്തിട്ടുണ്ട്. 18.12.2025ലെ പ്രാദേശിക പരിശോധനയിൽ അപ്രകാരമുള്ള Flag Pole എന്ന ഇനം പ്രസ്തുത സ്ഥലത്ത് നേരിൽ കാണാൻ കഴിഞ്ഞില്ല ആയത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.രമേഷ്.എം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. Flag Pole സ്ഥാപിക്കാതെ ചെലവഴിച്ച 15590.60 രൂപ നിരാകരിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല(ഓഡിറ്റ് അന്വേഷണം 52/06.11.2025).

**3-3 DLRവർക്കേഴ്സിനെ ഒരേ ദിവസം രണ്ടു പ്രവൃത്തികൾക്ക് നിയോഗിച്ച് ഇരട്ട വേതനം നൽകി-9450 രൂപയുടെ ചെലവ് നിരാകരിക്കുന്നു**

ക്ലീൻ സിറ്റി മാനേജർ നിർവഹിച്ച കൊതുക് നിവാരണം (Project No.122/25), സമഗ്ര അഴുക്ക് ചാൽ ശുചീകരണം (Project No.06/25) എന്നീ പ്രോജക്ടുകളിൽ DLR തൊഴിലാളികളെ മാനുവൽ പ്രവൃത്തികൾക്ക് നിയോഗിച്ചിട്ടുണ്ട്. എന്നാൽ സ്ഥിരം കണ്ടിജന്റ് തൊഴിലാളികൾ അവധി എടുക്കുന്ന ദിവസങ്ങളിൽ തന്നെ മേൽ പറഞ്ഞ DLR തൊഴിലാളികളെ പകരം തൊഴിലാളികളായി നിയോഗിക്കുകയും അപ്രകാരം നിയോഗിക്കപ്പെട്ട തൊഴിലാളികൾക്ക് ഇരട്ട വേതനം നൽകിയതായും കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | 122/25- കൊതുക് നിവാരണം(SO) |
| ഫയൽ നം. | H3-23390/2023 |
| അടങ്കൽ | 272400 |
| ചെലവ് | 272400 |
| ബിൽ നം./ തിയതി | 11/29.08.2024<br>12/ 29.08.2024 |

| | |
|---|---|
| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | 6/25- സമഗ്ര അഴുക്കുചാൽ ശുചീകരണം |
| ഫയൽ നം. | 1124359/24 |
| അടങ്കൽ | 4198034 |
| ചെലവ് | 3486764 |
| ബിൽ നം./ തിയതി | 27/04.12.2024<br>35/23.01.2025<br>36/23.01.2025<br>63/06.03.2025 |

1. നഗരസഭയിലെ 52 വാർഡുകളിലും കൊതുക് നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി, 2024-25 സാമ്പത്തിക വർഷത്തിൽ ക്ലീൻ സിറ്റി മാനേജർ നിർവഹണോദ്യഗസ്ഥനായിട്ടുള്ള കൊതുക് നിവാരണം (SO) എന്ന പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഹെൽത്ത് ഡിവിഷനുകളിലെ DLR തൊഴിലാളികളെ നിയോഗിച്ച് സ്പ്രേയിംഗ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1, 2, 3, 4, 5, 6 എന്നീ ഹെൽത്ത് ഡിവിഷനുകളിൽ നിന്നുള്ള ഹെൽത്ത്

ഇൻസ്പെക്ടർമാരുടെ റിപ്പോർട്ട് പ്രകാരം ആകെ 388 തൊഴിൽദിനങ്ങൾക്കായി 2,61,900 രൂപ ബിൽ നം 12/29.08.2024 താഴെപ്പറയുംപ്രകാരം അനുവദിച്ചിട്ടുണ്ട്.

| ഡിവിഷൻ | തൊഴിൽ ദിനങ്ങൾ | അനുവദിച്ച തുക |
|---|---|---|
| ഡിവിഷൻ1 | 98 | 66150 |
| ഡിവിഷൻ2 | 41 | 27675 |
| ഡിവിഷൻ3 | 98 | 66150 |
| ഡിവിഷൻ4 | 46 | 31050 |
| ഡിവിഷൻ5 | 46 | 31050 |
| ഡിവിഷൻ6 | 59 | 39825 |
| ആകെ | | 261900 |

2. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി, 2024-25 സാമ്പത്തിക വർഷത്തിൽ ക്ലീൻ സിറ്റി മാനേജർ നിർവഹണോദ്യഗസ്ഥനായിട്ടുള്ള സമഗ്ര അഴുക്കുചാൽ ശുചീകരണം എന്ന പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഹെൽത്ത് ഡിവിഷനുകളിലെ DLR തൊഴിലാളികളെ നിയോഗിച്ച് മാനുവൽ വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1, 2, 3 എന്നീ ഹെൽത്ത് ഡിവിഷനുകളിൽ നിന്നുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റിപ്പോർട്ട് പ്രകാരം ആകെ 606 തൊഴിൽദിനങ്ങൾക്കായി 4,09,050 രൂപ ബിൽ നം. 35,36/23.01.2025 പ്രകാരം പി.എഫ്.എം.എസ് മുഖേന താഴെപ്പറയുംപ്രകാരം അനുവദിച്ചിട്ടുണ്ട്.

| ഡിവിഷൻ | തൊഴിൽ ദിനങ്ങൾ | അനുവദിച്ച തുക/ ബിൽ നം./ തിയതി |
|---|---|---|
| ഡിവിഷൻ1 | 195 | 131625/- 35/23.01.2025 |
| ഡിവിഷൻ2 | 194 | 130950/- 35/23.01.2025 |
| ഡിവിഷൻ3 | 217 | 146475/- 36/23.01.2025 ആകെ-409050 |

മേൽ പരാമർശിച്ച രണ്ടു പ്രവൃത്തികൾ ചെയ്തതുമായി ബന്ധപ്പെട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ള DLR തൊഴിലാളികളുടെ മസ്റ്റർറോൾ, പകരം തൊഴിലാളികൾക്ക് വേതനം അനുവദിക്കുന്ന H2-23903/2023നമ്പർ ഫയൽ എന്നിവ പരിശോധിച്ചതിൽ, രണ്ടു പ്രവൃത്തികൾക്ക് നിയോഗിച്ചിട്ടുള്ള DLR തൊഴിലാളികളെ തന്നെയാണ് സ്ഥിരം കണ്ടിജന്റ് തൊഴിലാളികൾ അവധി എടുക്കുന്ന ഒഴിവിലേക്ക് പകരം തൊഴിലാളികളായി നിയോഗിച്ചിട്ടുള്ളത്. കൊതുക് നിവാരണത്തിനും മഴക്കാല പൂർവ്വ ശുചീകരണത്തിനും വന്ന

ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഡിവിഷൻ | DLR വർക്കറുടെ പേര് | മേൽ പ്രവൃത്തിക്ക് നിയോഗിച്ച ദിവസം | മേൽ പ്രവൃത്തിക്ക് അനുവദിച്ച വേതനം |
|---|---|---|---|---|
| 1 | 3 | കൗസല്യ | 17.02.2024 | 675 |
| 2 | 3 | കാർത്തിക | 17.02.2024 | 675 |
| 3 | 5 | രാജശേഖർ | 12.02.2024 | 675 |
| 4 | 6 | ഉമ്മർ ഫറൂഖ് | 14.02.2024 | 675 |
| 5 | 6 | ശ്രീനിവാസൻ | 18.03.2024 | 675 |
| 6 | 6 | അനന്തൻ | 02.03.2024 | 675 |
| 7 | 1 | പഴനിയമ്മ | 16.05.2024 | 675 |
| 8 | 1 | വെള്ളിയങ്കിരി | 16.05.2024 | 675 |
| 9 | 1 | പ്യാരിജാൻ | 16.05.2024 | 675 |
| 10 | 1 | പഴനിയമ്മ | 22.05.2024 | 675 |
| 11 | 1 | വസന്ത.കെ | 03.06.2024 | 675 |
| 12 | 1 | കണ്ണമ്മ | 05.06.2024 | 675 |
| 13 | 1 | കാർത്തുൻ.എ | 24.06.2024 | 675 |
| 14 | 1 | കാർത്തുൻ.എ | 25.06.2024 | 675 |
| 15 | 2 | സന്തോഷ് | 27.03.2024 | 675 |
| 16 | 2 | ഹരിദാസ് | 08.04.2024 | 675 |
| 17 | 2 | നടരാജൻ.ജെ | 18.05.2024 | 675 |
| 18 | 2 | ഉദയകുമാർ | 23.05.2024 | 675 |
| 19 | 2 | വിജയ | 28.05.2024 | 675 |
| 20 | 3 | രാധാകൃഷ്ണൻ | 08.04.2024 | 675 |
| 21 | 3 | പഞ്ചവർണം | 12.04.2024 | 675 |
| 22 | 3 | വത്സല | 15.04.2024 | 675 |
| 23 | 3 | ശാന്തി | 18.04.2024 | 675 |
| ആകെ | | | | 15525 |

പ്രവൃത്തിയുടെ ഭാഗമായി മുകളിൽ ചേർത്തിട്ടുള്ള തൊഴിലാളികൾക്ക് പ്രതിദിനം 675രൂപാ നിരക്കിലും, സ്ഥിരം കണ്ടിജന്റ് ജീവനക്കാർ അവധി എടുക്കുന്ന മുറയ്ക്ക് പകരം തൊഴിലാളികളായി അതേ ദിവസം നിയോഗിച്ചതിലൂടെ 765 രൂപ+DA+HRA (@Admissible Rate) അനുവദിച്ചതു

വഴി ഇരട്ട വേതനം നൽകിയതായി കണ്ട് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (09/21.07.2025, 39/23.10.2025) 07.03.2026 ന് ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ പരാമർശിച്ച ഡിവിഷൻ 2 ലെ സന്തോഷ്, ഹരിദാസ്, നടരാജൻ, ഉദയകുമാർ, വിജയ എന്നിവരും ഡിവിഷൻ 3 ലെ രാധാകൃഷ്ണൻ, പഞ്ചവർണം, വൽസല, ശാന്തി എന്നിവരും രാവിലെ 7 മണി മുതൽ ഉച്ചക്ക് 1 മണി വരെ ലീവ് എടുത്ത കണ്ടിജന്റ് ജീവനക്കാർക്ക് പകരം ജോലിചെയ്യുവെന്നും ഉച്ചതിരിഞ്ഞ് പദ്ധതിയുടെ ഭാഗമായ ജോലികൾ ചെയ്യുവെന്നും ആയതിനാലാണ് ഒരേ ദിവസം രണ്ട് ബില്ലുകളിൽ ജീവനക്കാരുടെ പേര് ഉൾപ്പെട്ടതെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഒരാൾക്ക് ഒരു ദിവസം രണ്ടു വേതനം നൽകിയെന്നത് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശത്തെ തുടർന്ന് 2-ാം ഡിവിഷനിലെ 5 പേരുടെ 675/- രൂപ നിരക്കിൽ ആകെ 3375/-രൂപ 04.032026ലെ 25068214 നമ്പർ രസീത് പ്രകാരവും , 3-ാം ഡിവിഷനിലെ 4 പകരം തൊഴിലാളികൾക്ക് 675/- രൂപ നിരക്കിൽ അനുവദിച്ച ആകെ 2700/- രൂപ 16.02.2026 ലെ 25061134 നമ്പർ രസീത് പ്രകാരവും അടവാക്കിയതായി രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട്.

ക്ലീൻ സിറ്റി മാനേജരുടെ 28.04.2023ലെ എച്ച്-2-52809/18 നമ്പർ നടപടിക്രമം പ്രകാരം ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് നഗരസഭയുടെ 2017ലെ DLR കണ്ടിജന്റ് വർക്കർ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും DLR തൊഴിലാളികളെ നഗരസഭയിലെ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ശുചീകരണ തൊഴിലാളികളായി നിയമിച്ചിട്ടുള്ളതും ലിസ്റ്റിൽ അവശേഷിക്കുന്നവരെ സ്ഥിരം കണ്ടിജന്റ് തൊഴിലാളികൾ അവധി എടുക്കുന്ന മുറയ്ക്ക് പകരം തൊഴിലാളികളായി നിയോഗിക്കാവുന്നതാണെന്നും, ടിയാളുകളെ 6 ഹെൽത്ത് ഡിവിഷനുകളിലേക്ക് അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. അപ്രകാരം നിയോഗിച്ചതിലൂടെ തനതു ഫണ്ടിൽ നിന്നും പ്രസ്തുത ആവശ്യത്തിലേയ്ക്കായി ചെലവഴിച്ച തുക അംഗീകരിച്ചു കൊണ്ട്, പ്രോജക്റ്റിന്റെ ഭാഗമായി DLR തൊഴിലാളികളെ ഇതേ തിയതിയിൽ മാനുവൽ പ്രവൃത്തികൾക്ക് നിയോഗിച്ച് ചെലവഴിച്ച 15525 രൂപയിൽ തിരിച്ചടവാക്കിയ 6,075 രൂപ കിഴിച്ച് ബാക്കി 9450 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവഴിച്ച തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3-4 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - യാത്രാ _ ബത്ത അധികം അനുവദിച്ചു**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 63/25 |
| പ്രൊജക്റ്റിന്റെ പേര് | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ തുക | 50,00,000/- രൂപ<br>(പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് തുക | 44,85,500/- രൂപ. |
| ബിൽ നം. | 24/24-25 10.03.2025<br>2,41,300/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 7.16(എ) പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കൂളിൽ പോകുന്ന മാസങ്ങളിൽ പ്രതിമാസം 400 രൂപ നിരക്കിൽ യാത്രാബത്ത അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്നതിലും അധികനിരക്കിൽ യാത്രാബത്ത അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പഠിക്കുന്ന ക്ലാസ്സ് | അനുവദിക്കാവുന്ന യാത്രാബത്ത (പ്രതിമാസം) | അനുവദിച്ചത് | അധികമായി അനുവദിച്ചത് |
|---|---|---|---|---|---|
| 1 | അസ്മ ഷിറിൻ എ | 8 | 400x10=4000 | 2200x10=22000 | 18000 |
| 2 | ഫാദിൽ അബൂബക്കർ എ | 6 | 400x10=4000 | 2500x10=25000 | 21000 |
| 3 | ആയിഷ സന എം | 6 | 400x10=4000 | 1000x10=10000 | 6000 |
| 4 | ആദിദേവ് പി | LKG | 400x10=4000 | 2400x10=24000 | 20000 |
| 5 | ഇഷ ഫാത്തിമ | 2 | 400x10=4000 | 500x10=5000 | 1000 |
| 6 | ഇംന കെ.എസ് | UKG | 400x10=4000 | 500x10=5000 | 1000 |
| ആകെ | | | | | 67000 |

അനുവദനീയമായതിലും അധികം യാത്രാബത്ത അനുവദിച്ചത് ക്രമപ്രകാരമല്ല. അധികം യാത്രാബത്ത അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (85/18.02.2026)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അനുവദിച്ച തുക 67000/- രൂപ തിരികെ ഈടാക്കി പ്ലാൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

**3-5 പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നിർവഹണം - ചെലവ് തുക 232000രൂപ നിരാകരിക്കുന്നു**

| | |
|---|---|
| പ്രോജക്ട് നം./ പ്രോജക്റ്റിന്റെ പേര് | 209/25, Construction Of Urinals At Fort Maidan |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം. | ഇ2-37004/23 |

| | |
|---|---|
| അടങ്കൽ | 320000 (ധനകാര്യ കമ്മീഷൻ അവാർഡ്, കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 232000 |
| എഗ്രിമെന്റ് | 05/520/AEE/LID&EW/ PKD/24-25, 10.07.2024 |
| ബിൽ നം./തിയതി | 232000, (234/22.03.2025, 185423/-<br>250/25.03.2025, 46577/-) |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹിച്ച Construction Of Urinals At Fort Maidan എന്ന മേൽ പറഞ്ഞ പ്രോജക്ടിന്റെ ഫയൽ, പ്രാദേശിക പരിശോധന എന്നിവയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ലൊക്കേഷൻ സ്കെച്ചിൽ Urinals നിർമിക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലം ചെറിയ കോട്ടമൈതാനത്തിലെ സ്റ്റേജിനു സമീപത്താണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ചെറിയ കോട്ടമൈതാനത്തിനകത്ത് Urinals ഇല്ലാത്തതിനാൽ പൊതുജനങ്ങൾക്കും ടൂറിസ്റ്റുകൾക്കും സൌകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.
18.02.2026 ന നഗരസഭയിലെ ഓവർസിയർ ശ്രീ.ദിലീപ്.എം.ന്റെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ മേൽ പരാമർശിച്ച ചെറിയ കോട്ടമൈതാനത്തെ സ്റ്റേജിന് സമീപമുള്ള സ്ഥലത്ത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്തതായി ഓഡിറ്റിന് ബോദ്ധ്യപ്പെടുത്തുന്നതിന് ഓവർസിയർക്ക് കഴിഞ്ഞില്ല. ടി പ്രവൃത്തി Construction Of Aspiration Toilet (209/25) എന്ന പ്രോജക്ടിന്റെ ഭാഗമായുള്ള പ്രവൃത്തിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തത് എന്ന് ഓവർസിയർ അറിയിച്ചിട്ടുണ്ട്.

Construction Of Urinals At Fort Maidan എന്ന പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ രണ്ടു പാർട്ടുകളായി റണ്ണിംഗ് അക്കൌണ്ട് ബിൽ കരാറുകാരൻ സമർപ്പിച്ചതായും, പ്രവൃത്തി 21.03.2025ന പൂർത്തീകരിച്ചതായും രേഖപ്പെടുത്തിക്കാണുന്നു (Check Measured On/MB No. 16.10.2024-21.03.2025/ 135511/2023) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 09.09.2025 ലെ പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം 239/26 നമ്പർ സ്പിൽ ഓവർ പ്രവൃത്തിയിൽ ഉൾപ്പെട്ട യൂറിനൽസ് എന്ന പ്രവൃത്തി കോട്ടമൈതാനത്ത് നിർമ്മാണം പൂർത്തീകരിച്ചതായും പ്രസ്തുത ടോയ്‌ലറ്റിൽ 5 യൂറിനൽസ് നിർമ്മിച്ചിട്ടുണ്ടെന്നും ആയതിന് 284090 രൂപയുടെ (2024-25 ലെ 232000 രൂപ, 2025-26 ലെ 52090) ചെലവു വന്നിട്ടുള്ളതായും സാക്ഷ്യപ്പെടുത്തിക്കാണുന്നു.

18.02.2026 ന നടത്തിയ പ്രാദേശിക പരിശോധനയിൽ Construction Of Aspiration Toilet എന്ന പ്രവൃത്തി പുരോഗമിക്കുന്നതായി കാണാൻ കഴിഞ്ഞു. 2024-25 ലെ സുലേഖ ചെലവു പത്രികയിൽ ഈ പ്രവൃത്തിക്കായി CFC ഫണ്ടിനത്തിൽ 112500 ചെലവഴിച്ചിട്ടുണ്ട് (SO-225/25).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.89/21.02.2026) അസി. എക്സി.

എഞ്ചിനീയർ 23.02.2026 ൽ നൽകിയ മറുപടിയിൽ Construction Of Urinals At Fort Maidan എന്ന പദ്ധതിയ്ക്കായി 320000 രൂപ വകയിരുത്തിയിട്ടുള്ളതാണെന്നും, ടി പ്രവൃത്തി ലൊക്കേഷൻ സ്കെച്ച് പ്രകാരമുള്ള സ്ഥലത്ത് നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തിരുന്നതുമാണെന്നും, എന്നാൽ നഗരസഭയിലെ ചെയർപേഴ്സൺ, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ നിർദ്ദേശ പ്രകാരം വലിയ കോട്ടമൈതാനത്തുള്ള ഡ്രസ്സിംഗ് റൂമിനു അനുബന്ധമായി ചെയ്യുന്ന Construction Of Aspiration Toilet (SO-225/25) എന്ന പ്രവൃത്തിയുടെ ഭാഗമാക്കി പൂർത്തീകരിച്ചു എന്നും അറിയിച്ചിട്ടുണ്ട്.

രണ്ടു പ്രോജക്ടുകളും ഒരുമിച്ചു ഒരു സ്ഥലത്ത് നിർവഹിച്ചു എന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകളോ ചെയർ പേഴ്സണോ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണോ നിർദേശം നൽകിയതിന്റെ വിവരങ്ങളോ ഫയലിൽ ഇല്ല. പദ്ധതി വിഭാവനം ചെയ്തത് പ്രകാരമുള്ള ലൊക്കേഷൻ സ്കെച്ചിൽ നിന്നും വ്യതിചലിച്ച് മറ്റൊരു സ്ഥലത്തെ പ്രവൃത്തിയുടെ ഭാഗമായി നിർവഹിച്ചു എന്നത് പദ്ധതി നിർവഹണത്തിലെ ഗൗരവതരമായ വീഴ്ചയായി വിലയിരുത്തുന്നു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2111 പ്രകാരം അനുവദനീയമായ ഡിസൈനുകളിലെ മാറ്റങ്ങൾ TS അതോറിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ നിർവഹിക്കാവൂ എന്നും പ്രധാന ഘടനാപരമായ മാറ്റങ്ങൾ ഉൾപ്പെടുന്ന എല്ലാ വ്യതിയാനങ്ങളും അധിക ചെലവ് ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന് TS അതോറിറ്റിയെ അറിയിക്കുകയും വ്യതിയാനം നടപ്പിലാക്കുന്നതിന് മുൻപ് അംഗീകരാം ലഭ്യമാക്കേണ്ടതുമാണ് എന്നിരിക്കെ അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാതെയും, നഗരസഭാ കൌൺസിലിന്റെ അംഗീകാരം ലഭ്യമാക്കാതെയും പൂർത്തീകരിച്ച പ്രവൃത്തിയുടെ ചെലവ് 232000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## <u>**3-6** കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വാട്ടർ ബിൽ - പിഴ അടവാക്കിയത് അംഗീകരിക്കുന്നില്ല</u>

നഗരസഭയ്ക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ 2024-25 വർഷത്തിലെ വെള്ളക്കരം കേരള വാട്ടർ അതോറിറ്റിക്കു അടവാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 2/2025, കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ഇലക്ട്രിക് ബിൽ,<br>വാട്ടർ ബിൽ, ടെലിഫോൺ ബിൽ അടവാക്കൽ | 2000000- | 1834113- |
| ഫണ്ടിനം | നോൺ റോഡ് | |
| നിർവ്വഹണം | സെക്രട്ടറി | |

വാട്ടർ അതോറിറ്റിയുടെ ബിൽ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | കൺസ്യൂമർ നമ്പർ | ബിൽ തിയ്യതി | റീഡിംങ്ങ് | റീഡിംങ്ങ് പ്രകാരമുള്ള ദ്വൈമാസം അടവാക്കേണ്ട | കുടിശ്ശിക | ഇൻസ്പെക്ഷൻ ചാർജ്ജ് | പിഴ | ആകെ |
|---|---|---|---|---|---|---|---|---|

| | | | | തുക | | | | |
|---|---|---|---|---|---|---|---|---|
| ജി യു പി എസ്, പുത്തൂർ, വാർഡ്-5 | 4313123375 | 27-08-2024 (Try Bill No/ Dt-33/06-09-2024-224210) | 506 | 25500 | 41321 | 4 | 1620 | 68445 |
| ജി മോയൻസ് എൽ പി സ്കൂൾ | 4313116690 | 11-06-2024 (Try Bill No/ Dt-35/24-09-2024-61379) | 7942 | 17903 | 42950 | 4 | 1718 | 62575 (ഇതിൽ 20000/- ഒന്നാം ഗഡു അടവാക്കിയിട്ടുണ്ട്) |
| ജി മോയൻസ് എൽ പി സ്കൂൾ | 4313116690 | 15-10-24 (Try Bill No/ Dt-60/24-09-2024 172594) | 8532 | 12733 | 59744 | 4 | 2322 | 74803 |
| | | | | ആകെ | **144015** | | **5660** | |

യഥാസമയം വെള്ളക്കരം അടവാക്കുന്നതിൽ വീഴ്ച്ച വരുത്തിയതിനാൽ പിഴയിനത്തിൽ അടവാക്കിയ 5660/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 54/14-11-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പദ്ധതി ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**3-7 ഇൻക്രിമെന്റ് അരിയർ -അനുവദനീയമായതിൽ കൂടുതലായി (8% നു പകരം 9% നിരക്കിൽ) വീട്ടു വാടക ബത്ത അനുവദിച്ചു**

2113097/2024 നമ്പർ കെ-സ്മാർട്ട് ഫയൽ പരിശോധിച്ചതിൽ ശ്രീ. ദിനേഷ്.സി. ക്ലാർക്കിന് ഇൻക്രിമെന്റ് അരിയർ ഇനത്തിൽ 54,201 രൂപ (എൻ.പി.എസ് വിഹിതം കുറവ് ചെയ്തതിനു ശേഷം) 28.09.2024 ലെ 339745 നമ്പർ ചെക്ക് പ്രകാരം അനുവദിച്ചിട്ടുണ്ട്. ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിൽ 08/2022 മുതൽ 07/2023 വരെ ടിയാന്റെ അടിസ്ഥാന ശമ്പളം 28700 എന്നെടുത്തിട്ടുള്ളതും, ആനുപാതികമായി വീട്ടുവാടക ബത്ത 8% (അനുവദനീയമായത്) ആയ 2296 രൂപ എന്ന് കണക്കാക്കുന്നതിനു പകരം 2583രൂപ (9% ) നിരക്കിൽ കണക്കാക്കി ആകെ 3444 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

| മാസം/വർഷം | അടിസ്ഥാന ശമ്പളം | അനുവദിക്കേണ്ട വീട്ടുവാടക ബത്ത(8%) | അനുവദിച്ച വീട്ടുവാടക ബത്ത (9%) | അധികം നൽകിയത് |
|---|---|---|---|---|
| 08/2022-07/2023 | 28700 | 2296 | 2583 | 3444 ((2583-2296)*12) |

മേൽ പ്രകാരം അധികം അനുവദിച്ച തുക ടിയാനിൽ നിന്നും ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണെന്നും ആയതിന് വിശദീകരണം ലഭ്യമാക്കുവാനും നൽകിയ 03/24.06.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ഇൻക്രിമെന്റ് അരിയർ അനുവദിച്ചതിൽ വീട്ടുവാടക ബത്ത ഇനത്തിൽ അധികം നൽകിയ തുക 3444രൂപ തിരികെ ഈടാക്കി വിവരം രസീത് സഹിതം ഓഡിറ്റിൽ പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതാണ്.

**3-8 ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയ ജീവനക്കാരൻ ലീവ് എടുത്തതായി കണക്കാക്കി പകരം ജീവനക്കാരെ നിയോഗിച്ച് വേതനം അനുവദിച്ചു .**

ഫയൽ നമ്പർ -എച്ച്2-23903/2023

നഗരസഭയിലെ സ്ഥിരം കണ്ടിജന്റ് ജീവനക്കാർ അവധി എടുക്കുന്ന മുറയ്ക്ക് നിയോഗിക്കപ്പെടുന്ന പകരം തൊഴിലാളികൾക്ക് വേതനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ, കണ്ടിജന്റ് ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്റർ, സേവനപുസ്തകം, ലീവ്/ Absenteese Statement എന്നിവ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചതിൽ താഴെ പേര് ചേർത്ത കണ്ടിജന്റ് ജീവനക്കാർ ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ പ്രസ്തുത ജീവനക്കാർ അവധിയിൽ ആണെന്ന് രേഖപ്പെടുത്തി പകരം ജീവനക്കാരെ ടി ദിവസങ്ങളിൽ ജോലിയ്ക്ക് നിയോഗിച്ച് വേതനം അനുവദിച്ചിട്ടുണ്ട് (ചെക്ക് നം./തിയിതി: 552630/11.04.2024, 632721/09.05.2024, 226562/11.06.2024, 632807/09.07.2024, 793078/09.08.2024, 339736/11.09.2024, 060358/09.10.2024, 356656/12.11.2024, 082149/10.12.2024, 082190/09.01.2025, 345241/11.02.2025, 257597/14.03.2025). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിവിഷൻ | തിയതി | കണ്ടിജന്റ് ജീവനക്കാരന്റെ പേര് | പകരം ജീവനക്കാരന്റെ പേര് | അനുവദിച്ച വേതനം |
|---|---|---|---|---|---|
| 1 | 1 | 13.03.2024 | വേലമ്മ .കെ | സുബ്രമണ്യൻ | 883 |
| 2 | 1 | 20.04.2024 | റിയാസ്.ഒ.എം | ലക്ഷ്മണൻ | 901 |
| 3 | 1 | 30.04.2024 | വേലമ്മ.കെ | വെള്ളിയങ്കിരി | 901 |
| 4 | 1 | 12.06.2024 | മാരിമുത്തു.കെ | കാളിയമ്മ | 901 |
| 5 | 1 | 18.06.2024 | അഞ്ചല.ജി | ജയന്തി.ആർ | 901 |
| 6 | 1 | 09.08.2024 | വീരൻ.പി | ദേവി | 899 |
| 7 | 1 | 30.08.2024 | അയ്യപ്പൻ.പി | സരസു.എ | 899 |
| 8 | 1 | 12.09.2024 | വീരൻ.പി | സരസു.എ | 901 |
| 9 | 1 | 13.09.2024 | റിയാസ്.ഒ.എം | കണ്ണയ്യൻ.എ | 901 |
| 10 | 1 | 23.09.2024 | നാച്ചമ്മ | കാളിയമ്മ | 901 |
| 11 | 1 | 30.11.2024 | മണി.സി | സുബ്രമണ്യൻ | 924 |
| 12 | 1 | 05.12.2024 | അഞ്ചല.ജി | അമ്മാസ് | 922 |
| 13 | 1 | 24.01.2025 | നാഗരാജ്.പി | പഴനിയമ്മ | 921 |
| 14 | 1 | 11.02.2025 | മണികണ്ഠൻ.എസ് | ബേബി | 956 |
| 15 | 1 | 24.02.2025 | ശ്രീകൃഷ്ണൻ.സി | സുനിൽകുമാർ | 956 |

| | | | | | |
|---|---|---|---|---|---|
| 16 | 2 | 24.08.2024 | രവികുമാർ | രാജേഷ് | 899 |
| 17 | 2 | 24.08.2024 | അയ്യപ്പൻ.എ | വിജയ | 899 |
| 18 | 2 | 01.09.2024 | സുബ്രമണ്യൻ | അർജ്ജുനൻ | 901 |
| 19 | 2 | 02.09.2024 | സത്യാനന്ദൻ (ഹാജർ പുസ്തക പ്രകാരം സത്യാനന്ദൻ എന്ന പേരിൽ റഗുലർ കണ്ടിജന്റ് ജീവനക്കാരൻ ഇല്ല) | ഉദയകുമാർ | 901 |
| 20 | 2 | 09.09.2024 | കുമാരൻ | സത്യാനന്ദൻ | 901 |
| 21 | 2 | 23.09.2024 | അയൂബ് | ഉദയകുമാർ | 901 |
| 22 | 2 | 23.09.2024 | അയ്യപ്പൻ | വിജയൻ | 901 |
| 23 | 2 | 24.10.2024 | മണികണ്ഠൻ.എസ് | അർജ്ജുനൻ | 922 |
| 24 | 2 | 16.11.2024 | രാധ.പി.എ | മനോജ് | 924 |
| 25 | 2 | 21.11.2024 | മുരുകേശൻ.കെ | അർജ്ജുനൻ | 924 |
| 26 | 2 | 26.11.2024 | സന്തോഷ് കുമാർ | അർജ്ജുനൻ | 924 |
| 27 | 2 | 30.11.2024 | രാജേന്ദ്രൻ | നടരാജൻ.ജെ | 924 |
| 28 | 2 | 03.12.2024 | അയൂബ് | രാജേഷ് | 922 |
| 29 | 2 | 17.12.2024 | അയൂബ് | ബാബു | 922 |
| 30 | 6 | 29.05.2024 | കുമാർ.ബി | സൗമ്യ | 899 |
| 31 | 5 | 01.03.2024 | വീരൻ | രാജകുമാരി | 883 |
| 32 | 5 | 16.03.2024 | രമേഷ്/കേശവൻ | രാധാകൃഷ്ണൻ | 883 |
| 33 | 5 | 21.03.2024 | ബാബുദാസ് | കിഷോർ | 883 |
| ആകെ | | | | | 29980 |

ഹാജർ പുസ്തക പ്രകാരം അവധിയിലല്ലാതിരുന്ന കണ്ടിജന്റ് ജീവനക്കാർക്ക് പകരം Substitute Workers നെ നിയോഗിച്ചതു മൂലം 29980 രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പകരം തൊഴിലാളികളുടെ മസ്റ്റർ റോൾ അതാത് ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധിച്ചതിന്റെ റിപ്പോർട്ട് സഹിതമാണ് ഹെൽത്ത് എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ നിന്നു വേതനം അനുവദിക്കുന്നത്. ഹെൽത്ത് ഇൻസ്പെക്ടർ, ക്ലീൻ സിറ്റി മാനേജർ എന്നിവരുടെ പരിശോധന/ സൂപ്പർവിഷൻ ഇല്ലാതെ ഹാജർ രേഖപ്പെടുത്തിയ ജീവനക്കാർക്കു

പകരം Substitute Workersനെ നിയോഗിച്ച് വേതനം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (59/21.11.2025) മറുപടി ലഭ്യമാക്കിയില്ല.

കണ്ടിജന്റ് ജീവനക്കാരൻ/ജീവനക്കാരി ജോലിക്ക് ഹാജരായിരുന്ന ദിവസം ലീവ് ആയി കണക്കാക്കി പകരം ജീവനക്കാർക്ക് വേതനം അനുവദിച്ച തുക 29980/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കി തനതു ഫണ്ടിൽ വരവു വെക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ജീവനക്കാരുടെ മെഡിസെപ്പ് വിഹിതം സംബന്ധിച്ച വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ജീവനക്കാർ | ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| റഗുലർ | 1564 | 782000 | 782000 | 0 | |
| കണ്ടിജന്റ് | 2447 | 1223500 | 1223500 | 0 | |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് **(01.04.2024** മുതൽ **30.06.2024** നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | - | - | - | - | |

മെഡിസെപ് പ്രീമിയം ഒടുക്ക് **(01.07.2024** ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| ഇല്ല | - | - | - | - |

മെഡിസെപ് പ്രീമിയം ഒടുക്ക് **(01.08.2024** മുതൽ **31.03.2025** നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | - | - | - | - | |

മെഡിസെപ് പ്രീമിയം ഒടുക്ക് (നഗരസഭയിലെ റഗുലർ പെൻഷൻ ഗുണഭോക്താക്കൾ)

(നഗരസഭയിലെ കണ്ടിജന്റ് പെൻഷൻ ഗുണഭോക്താക്കൾ)

| ഓഡിറ്റ് വർഷത്തിലെ റഗുലർ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 1938 റഗുലർ<br>3310കണ്ടിജന്റ് | 761500 | 761500 | 0 | റഗുലർ സർവീസ്/ കുടുംബപെൻഷണർ, |

| | | | | |
|---|---|---|---|---|
| | | | | കണ്ടിജന്റ് സർവീസ്/ കുടുംബപെൻഷണർ എന്നിവരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്കുന്നത് ഒരുമിച്ചായതിനാൽ എണ്ണം വേർതിരിച്ച് ലഭ്യമല്ലാത്തതാണ്. ആകെ പെൻഷൻ ഗുണഭോക്താക്കളുടെയും മെഡിസെപ്പ് ഒടുക്കുന്നവരുടെയും എണ്ണം വ്യത്യാസം ഉള്ളതിനാൽ ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയിട്ടുള്ളതും പരാമർശം ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾ ഇല്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രൊജക്ട് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 372/25 | 896675 | 70777 | 825898 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷത്തെ വായ്പ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. (വാർഷികക്കണക്ക് പ്രകാരമുള്ളത്)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| PMAY-LIFE HUDCO | 19,50,74,432 | 0 | 2,14,61,101 | 0 | 173613331 |

**4-6 സ്ഥിരനിക്ഷേപം**

1) ബാലൻസ് ഷീറ്റിലെ B-12 ഷെഡ്യൂൾ പ്രകാരം 31-03-2025 ന് 309999999 രൂപയുടെ സ്ഥിര നിക്ഷേപം ഉണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) പഞ്ചാബ് നാഷണൽ ബാങ്കിൽ 7,25,400/-രൂപയുടെ സ്ഥിരനിക്ഷേപം (നം:426000PU00006401, Maturity Date: 28/04/2020) ഉണ്ടെന്ന് 13.02.2020 ൽ ബാങ്ക് നൽകിയ Interest Certificate ൽ കാണുന്നു. ഇത്തരത്തിലൊരു സ്ഥിരനിക്ഷേപത്തിന്റെ വിവരം വാർഷികക്കണക്കിൽ കാണുന്നില്ല. കഴിഞ്ഞ 3 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയം പരാമർശിച്ചിട്ടും ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുകളില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളുടെ സ്ഥിതി വിവരം**

നഗരസഭ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | LFAC നിർദേശങ്ങൾ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1997-98<br>ഖ . 54(f) | 1999<br>IV 5(a) | സെൻട്രൽ ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പായി പുസ്തകങ്ങൾ വാങ്ങി | ഡി.പി.സി അംഗീകരിച്ച പദ്ധതി നടപ്പാക്കാനാവാതെ ഉപേക്ഷിക്കേണ്ടി വന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. | വകുപ്പുതല നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 1998-99<br>ഖ . 30 | 1999-00<br>V(11) B | ജനകീയാസൂത്രണം-പൊതുഅപാകതകൾ-വിനിയോഗ രേഖകൾ | മൈനർ ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത 20 ലക്ഷം രൂപയിൽ | തുക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | ഹാജരാക്കിയില്ല | ചെലവ് 19,82,243 രൂപ കിഴിച്ച് അവശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സമിതി നിർദേശിച്ചിട്ടുണ്ട്. | |
| 1999-00<br>ഖ . 36 | 1999-00<br>V(11) C | പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മാണത്തിനുള്ള ധനസഹായം | പദ്ധതിക്കായി നഗരസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ്, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി വീട് നൽകിയിട്ടുണ്ടെങ്കിൽ സ്കീം ഉൾപ്പെടെ വിശദവിവരങ്ങൾ, പദ്ധതി വിഭാവനം ചെയ്ത പ്രകാരം 188 ഗുണഭോക്താക്കൾക്ക് വീട് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട് 30 ദിവസത്തിനുള്ളിൽ സമിതി മുമ്പാകെ ലഭ്യമാക്കാൻ നിർദേശിച്ചിട്ടുണ്ട്. നഗരസഭ ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ച തുക നഗരസഭക്ക് തന്നെ തിരികെ ലഭ്യമാക്കുന്നതിന് സമിതി നിർദേശിച്ചിട്ടുണ്ട്. | - |
| 1996-97<br>ഖ.18 | 2000-01<br>V (9) | ജനനമരണ രജിസ്ട്രേഷൻ ഫീസ് നിരക്ക് വർദ്ധനവ് നടപ്പാക്കുന്നതിലെ കാലതാമസം | 12,531 രൂപ ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്നും, 29,195 രൂപ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിനും, ഇതു സംബന്ധിച്ച് കോടതിയിലുള്ള കേസ് തീർപ്പാക്കാനും കൂടാതെ ശ്രീ.ശിവദാസൻ, ജെ.എച്ച്.ഐ യുടെ പേരിലുള്ള നടപടി അവസാനിപ്പിക്കാനും സമിതി നിർദേശം നൽകിയിട്ടുണ്ട്. | - |
| 1999-00<br>ഖ . 53 | 2001-02<br>VI (2) 9 (Iii) | റോഡ്, പാലം നിർമ്മാണം- രേഖകൾ ഹാജരാക്കാതിരിക്കൽ- സിമന്റ് അധികമായി നൽകിയത് | - | ഈ ഓഫീസിൽ നിന്നുള്ള 21.05.2015 ലെ എൽ. എഫ് (പി.എം) എ3-119/2015 നമ്പർ കത്തിന് "വിഷയം പരിശോധിച്ചു വരുന്നു, മറുപടി/ ഫയലുകൾ ഉടൻ |

| | | | | |
|---|---|---|---|---|
| | | | | നൽകുന്നതാണ്" എന്ന മറുപടി സെക്രട്ടറി നൽകിയിട്ടുണ്ട്. |
| 2000-01<br>ഖ. 25 | 2002-03<br>VII (II) 3 | വാർഷിക ധനകാര്യ പത്രികയും ഡിസിബി പത്രികയും തയ്യാറാക്കിയത് - സ്വകാര്യ ഏജൻസിക്ക് പ്രതിഫലം നൽകി | | ആകെ 23,148 രൂപ മാത്രമാണ് തിരികെ അടവാക്കിയിട്ടുള്ളത്. |
| 1999-00<br>ഖ. 15 | 2003-04<br>6-8-4 | അറവ് ശാല നവീകരണം ലക്ഷ്യം കണ്ടില്ല – 1 കോടി പാഴ്ചെലവ് | പാലക്കാട് നഗരസഭയുടെ അറവ് ശാല പ്രവർത്തിച്ചു വരുന്ന 1 ഏക്കറോളം വരുന്ന സ്ഥലം പാലക്കാട് നഗരസഭയ്ക്ക് പതിച്ചു ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. | സിൽക്കിന് നൽകിയ 88,94,486 രൂപയിൽ 20,62,413 രൂപയുടെ പ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളത് എന്നതിനാൽ ബാക്കി 68,32,773/- രൂപ തിരികെ കിട്ടുന്നതിന് റവന്യൂ റിക്കവറി സ്വീകരിച്ചിട്ടുള്ളതാണ്. 25,00,000/- രൂപ സിൽക്ക് നഗരസഭയിൽ ഒടുക്കിയിട്ടുണ്ട് (നം. 01/117400500647 തി. 31.10.2017). ആർ.ആർ നടപടിയിക്കെതിരെ ബഹു.ഹൈക്കോടതിയിൽ WP(C) No. 1720/23 പ്രകാരം സിൽക്ക് കേസ് നൽകിയിട്ടുണ്ട്. ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ആധുനിക അറവുശാല KIIFB സഹായത്തോടെ സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുനൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. |
| 2000-01<br>ഖ. 7 | 2004-05<br>2-4 | പാടശേഖര സമിതിക്ക് വാങ്ങിയ പവർ ടില്ലറുകൾ ശുചീകരണ ത്തിന് ഉപയോഗിക്കു ന്നു. | റിപ്പോർട്ട് ലഭ്യമായില്ല | - |
| 2001-02<br>ഖ. 3-24 | 2005-06<br>3-19(2) | വൈദ്യുതി ചാർജ് ഉപഭോഗം തിട്ടപ്പെടുത്തുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശം | വൈദ്യുത ബോർഡിൽ ഒടുക്കിയ കൃത്യമായ ഉപഭോഗ രേഖകളുടെ അഭാവത്തിൽ കത്താത്ത തെരുവ് വിളക്കുകൾക്ക് പോലും പണം അടവാക്കിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. കത്താത്ത | - |

| | | | | |
|---|---|---|---|---|
| | | | ലൈറ്റുകൾ പ്രകാശിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ നിർദേശിച്ചിട്ടുണ്ട്. | |
| 2001-02<br>3-36(3) | 2005-06<br>3-19(3) | വിൽപ്പന നികുതി 1.70 ലക്ഷം രൂപ നഷ്ടം | കരാറുകാരിൽ നിന്നും വിൽപ്പന നികുതി ഈടാക്കി സമയത്ത് സർക്കാരിൽ അടവാക്കാത്ത നഗരസഭയുടെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ആയത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ അനാസ്ഥയായും സമിതി വിലയിരുത്തി. ജീവനക്കാർ, കരാറുകാർ എന്നിവരിൽ നിന്നും നഷ്ടതുക മുഴവൻ ഈടാക്കി അടിയന്തിരമായി റിപ്പോർട്ട് ചെയ്യാൻ സമിതി നിർദേശിച്ചിട്ടുണ്ട്. | - |
| 2002-03<br>ഖണ്ഡികകൾ 2(16, 18, 31, 46, 29, 43, 42, 44, 28A, 41, 39, 40, 47, 49, 53, 62, 63) | 2006-07<br>4-19(1) | വൌച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല | LFAC (2021-23) – 06-12-2021 ലെ യോഗത്തിൽ പരിഗണിച്ചു. | |
| 2003-04<br>ഖ. 2.42 | 2007-08<br>4.9.1 | ക്രിക്കറ്റ് അസോസി യേഷന് കൈമാറിയ വലിയ കോട്ടമൈതാനത്തിന്റെ വൈദ്യുതി ചാർജ് നഗരസഭ ഒടുക്കി | ക്രിക്കറ്റ് അസോസിയേഷൻ അടവാക്കാനുള്ള ബാക്കി തുക 1,34,064 രൂപ ഈടാക്കുന്നതിനായുള്ള ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. | തുക ഈടാക്കിയതിന്റെയോ, ആർ.ആർ നടപടികളുടെ വിവരങ്ങളോ നഗരസഭ ലഭ്യമാക്കിയിട്ടില്ല. |
| 2005-06<br>ഖ. 2-23 | 2007-08<br>4.9.2 | KUDFC യിൽ നിന്നുള്ള ഭവനനിർമ്മാണ വായ്പ വ്യക്തിഗത ഗുണഭോക്താക്കൾ വീഴ്ച വരുത്തിയ തുകകൾ നഗരസഭ അടച്ചു | പലിശ സഹിതം തുക തിരിച്ചടച്ചതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. | എല്ലാ ഗുണഭോക്താക്കളും പലിശ സഹിതം തുക തിരിച്ചടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 2006-07<br>ഖ. 2-13 | 2008-09<br>3.1.4 | തൊഴിൽകരം വൻ കുടിശ്ശിക, മറ്റ് ക്രമക്കേടുകൾ | തൊഴിൽ നികുതി കുടിശ്ശികയുടെ കൃത്യമായ വിവരങ്ങൾ ഇല്ലെന്നും, | നഗരസഭ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | | പിരിച്ചെടുത്ത തുക കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും, കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊള്ളണമെന്നും, ഈ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദേശിച്ചിട്ടുണ്ട്. | ലഭ്യമാക്കിയിട്ടില്ല. |
| 2006-07<br>ഖ. 2(2) | 2008-09<br>3.4.3 | കല്യാണ മണ്ഡപ നിർമ്മാണം- കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനം | കെട്ടിടം പൊളിച്ചു മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതിനെ തുടർന്ന് കെട്ടിട ഉടമ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയിലുള്ള കേസിലെ സ്റ്റേ ഒഴിവാക്കുന്നതിനും, കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദേശിച്ചിട്ടുണ്ട്. | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | 2011-12<br>3-1 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട്- കർഷക പദ്ധതികളും കൃഷി ഭവനുകളും | പാലക്കാട് നഗരസഭയിൽ വയൽ നികത്തൽ വ്യാപകമായി നടക്കുന്നുണ്ടെന്നും ഡാറ്റബാങ്ക് ഉണ്ടാക്കുന്നതിൽ പല തിരിമറികൾ നടക്കുന്നതായും നല്ല രീതിയിൽ കൃഷി നടക്കുന്ന പല സ്ഥലങ്ങളും കൃഷി ചെയ്യാത്ത ഭൂമി എന്ന രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും തെളിവെടുപ്പുവേളയിൽ സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ആയത് സംബന്ധിച്ച സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദേശിച്ചിട്ടുണ്ട്. | |

| | | | | |
|---|---|---|---|---|
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | 2011-12 3-2 | പ്രവർത്തനാവലോകനം - തദ്ദേശ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ | പാലക്കാട് നഗരസഭ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചതായി ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. | - |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | 2011-12 3-3 | പ്രവർത്തനാ വലോകന റിപ്പോർട്ട് - ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും | പൊതു ശുപാർശകൾ | |
| -- | 2012-13 അധ്യായം2 | തദ്ദേശ സ്ഥാപനങ്ങളും ചുമതലകളും | പൊതു ശുപാർശകൾ നൽകിയിട്ടുണ്ട്. | |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2012-13 3.1 | പ്രവർത്തനക്ഷമതാ റിപ്പോർട്ട്- തദ്ദേശസ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം | പൊതു ശുപാർശകൾ നൽകിയിട്ടുണ്ട്. | |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2012-13 3.3 | പ്രവർത്തനക്ഷമതാ റിപ്പോർട്ട്- തദ്ദേശസ്ഥാപനങ്ങളും ആരോഗ്യ മേഖലയും | പൊതു ശുപാർശകൾ നൽകിയിട്ടുണ്ട്. | |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14 5.2.4 (2, 15, 18) | പ്രവർത്തനക്ഷമതാ റിപ്പോർട്ട്- തദ്ദേശസ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും | റിപ്പോർട്ട് ലഭ്യമായിട്ടില്ല. | സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ച കൽമണ്ഡപം എ.യു.പി. സ്കൂൾ (എയിഡഡ്) നഗരസഭയുടെ കീഴിലല്ല. |
